to a matter of urgent public importance, namely the closing down of the cashew-nut factories in Central Travancore resulting in the unemployment of about 50,000 workers in the State and the consequent misery and starvation in their households.

Has the Chief Minister anything to say?

SHRI PANAMPILLI GOVINDA MENON: I have not received notice of that matter. If I should make a statement, I want some time and so I shall do it to-morrow.

MR. SPEAKER: That question will come up to-morrow.

MOTION UNDER RULE 137.

State Second Five Year Plan.

SHRI PANAMPILLI GOVINDA MENON: Sir, I move that the State Second Five Year Plan be discussed.

സർ, കഴിഞ്ഞ നിയമസഭ കൂടുന്നതിനുമുമ്പ് സഭയുടെ പല ഭാഗങ്ങളിൽനിന്നും രണ്ടാംപഞ്ചവത്സരപദ്ധതിയെപ്പറ്റി വാദപ്രതിവാദം ചെയ്യാൻ ഒരവസരം നിയമസഭയ്ക്കു നൽകണമെന്നു ആവശ്യപ്പെടുകയും അങ്ങനെചെയ്യാമെന്നു ഞാനും സമ്മതിച്ചിട്ടുള്ളതുമാണ്. ഈ നിയമസഭ വിളിച്ചുകൂട്ടിയതു് പ്രധാനമായി എസ്സ്. ആർ. സി. റിപ്പോർട്ടിനെപ്പറ്റി വാദപ്രതിവാദം ചെയ്യാനാണു്. എന്നാലും ഈ അവസരം രണ്ടാം പഞ്ചവത്സരപദ്ധതി സംബന്ധിച്ചുകൂടി ഡിസ്ക്കസ് ചെയ്യുന്നതിനു വിനിയോഗിക്കണമെന്നു ഗവണ്മെൻറിനും ഈ സഭയിലെ അംഗങ്ങളെപ്പോലെ ഉൽക്കണ്ഠ ഉള്ളതുകൊണ്ടു് ഇതുസംബന്ധിച്ചുള്ള വാദപ്രതിവാദം നടത്താമെന്നു ഗവണ്മെൻറ് വിചാരിക്കയാണു്. ഈ കാര്യത്തിൽ ഉണ്ടായിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നു ഈ സഭയിലെ അംഗങ്ങൾക്കു അറിയാമെന്നാണു ഞാൻ കരുതുന്നതു്. കൂടാതെ അനുസരിച്ചു് ഗവണ്മെൻറ് ഈ കാര്യത്തെപ്പറ്റി ഡിസ്ട്രിക്ട് ഡവലപ്പുമെൻറ് കമ്മിറ്റിയുമായി ആലോചിക്കുകയും അവരുടെ പ്രൊപ്പോസൽ അനുസരിച്ചു പ്ലാനിംഗിനുവേണ്ടി ഒരു ഡ്രാഫ്റ്റ് തയാറാക്കുകയും ചെയ്തു. അതിനെ സംബന്ധിച്ചു് പ്ലാനിംഗ് അഡ്വൈസറിബോർഡുമായി ചർച്ച നടത്തുകയും ബോർഡിലെ അംഗങ്ങൾ നൽകിയ നിർദ്ദേശങ്ങൾ അനുസരിച്ചു ഗവണ്മെൻറ് ഡ്രാഫ്റ്റ് പ്ലാനിൽ ചില ഭേദഗതികൾ വരുത്തുകയും, അതോടുകൂടി സെൻട്രൽ ഗവണ്മെൻറിൻറെ പര്യാലോചനയ്ക്കായി അയച്ചുകൊടുക്കുകയും ചെയ്തു. ഇതിനുമുമ്പായിത്തന്നെ പ്ലാനിംഗ് കമ്മിഷൻറെ ചില നിർദ്ദേശങ്ങളും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടു്. ഇപ്പോൾ കേന്ദ്രത്തിനു് അയച്ചുകൊടുത്തിട്ടുള്ള പ്ലാൻ ഈ ഗവണ്മെൻറ് നടത്തേണ്ടതായ കാര്യങ്ങളെക്കുറിച്ചാണു്.

ഇൻഡ്യയിലുള്ള എല്ലാസ്റ്റേറ്റുഗവണ്മെൻറുകൾക്കും കൂടി നീക്കിവച്ചിട്ടുള്ള തുക 2250 കോടി രൂപയാണെന്നു് ഈ സഭയിലുള്ള എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും അറിയാമെന്നു വിശ്വസിക്കുന്നു. ഈ രണ്ടായിരത്തിഇരുനൂറ്റിഅൻപതുകോടി രൂപയുടെ പ്ലാനിംഗ് സ്റ്റേറ്റുഗവണ്മെൻറുകളുടെ വകയായി നടത്താനുള്ള ജോലികൾക്കു വേണ്ടിയാണു്. എന്നാൽ മേൽപ്പറഞ്ഞ സംഖ്യയ്ക്കു പുറമേ അതുയും വരുന്ന സംഖ്യകൂടി സ്റ്റേറ്റുഗവ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ] :

ണ്മെൻറുകൾക്ക് കേന്ദ്രത്തിൽനിന്നും ലഭിക്കുന്നതാണ്. ഈ കാര്യം പ്ലാനിംഗ് കമ്മിഷൻ പറഞ്ഞിട്ടില്ല. ഈ സംഖ്യയെക്കാൾ കൂടുതൽ സംഖ്യ രണ്ടാംപഞ്ചവത്സരപദ്ധതിക്കാലത്തു ഈ സംസ്ഥാനങ്ങളിൽ ചെലവാക്കാൻ ഉണ്ടാകയില്ലെന്നാണ് പ്ലാനിംഗ് കമ്മിഷൻറെയും ഇൻഡ്യാഗവണ്മെൻറിൻറെ ധനകാര്യമന്ത്രിയുടെയും അഭിപ്രായം. അങ്ങനെ സ്റ്റേറ്റുഗവണ്മെൻറുകളിലും കേന്ദ്രഗവണ്മെൻറിലും നിന്ന് 5000 കോടി രൂപയാണ് രണ്ടാം പഞ്ചവത്സരപദ്ധതിക്കുവേണ്ടി ചെലവാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. ഇതുക ഉണ്ടാക്കുന്നതു്, സംസ്ഥാനഗവണ്മെൻറുകളുടേയും കേന്ദ്രഗവണ്മെൻറിൻറെയും റവന്യൂ സർപ്ലസിൽനിന്നും, രാജ്യത്തെ ജനങ്ങളിൽനിന്നും കിട്ടുന്ന കടംവാങ്ങുകളിൽനിന്നും, ഇതു കൂടാതെ വിദേശരാജ്യങ്ങളിൽനിന്നുള്ള കടമായോ, അല്ലെങ്കിൽ മറ്റു വ്യവസ്ഥയിലുള്ള സഹായധനമായോ ആണ്. ഇതെല്ലാംകൂടി കണക്കാക്കി നോക്കിയാൽ 4000-ത്തിനും 5000-ത്തിനും മദ്ധ്യേയുള്ള ഒരു തുകയല്ലാതെ ഇക്കാലത്തു് ഉണ്ടാക്കാൻ സാധിക്കുകയില്ലെന്നാണ് പ്ലാനിംഗ് കമ്മിഷനിലെ വിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതു്. ആദ്യത്തെ പഞ്ചവത്സരപദ്ധതിക്കുവേണ്ടി ചെലവാക്കിയ സംഖ്യയെക്കാൾ മൂന്നിരട്ടി സംഖ്യയാണ് രണ്ടാമത്തെ പഞ്ചവത്സരപദ്ധതിക്കുവേണ്ടി ചെലവാക്കാൻ നിശ്ചയിച്ചിട്ടുള്ളതു്. കേന്ദ്രഗവണ്മെൻറിൽനിന്നും ഈ രാജ്യത്തിനു നൽകാമെന്നു പറഞ്ഞിട്ടുള്ള തുകയെ സംബന്ധിച്ചിടത്തോളവും ഗവണ്മെൻറിൻറെ അഭിപ്രായത്തെ പ്രകടിപ്പിക്കയും അപേക്ഷകൾ അയയ്ക്കുകയും ചെയ്യാമെന്നല്ലാതെ അതുത്തോളം കിട്ടുമെന്നുള്ളതു് ലേയ്ക്കു നിശ്ചിതമായ ഒരു തീരുമാനം ചെയ്യാൻ സാദ്ധ്യമല്ല. എന്നാൽ 2250 കോടി രൂപ സംസ്ഥാനങ്ങൾക്കു് അലോക്കേറ്റ് ചെയ്യേണ്ട ചുമതല പ്ലാനിംഗ് കമ്മിഷനുണ്ടു്. അങ്ങനെ നോക്കുകയാണെങ്കിൽ ഇത്രയും സംഖ്യ അവർ ചെലവാക്കുന്നതു് ജനസംഖ്യയുടെ മാനദണ്ഡം അനുസരിച്ചാണെങ്കിൽ നമ്മുടെ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളവും ഏറ്റവും അനുകൂലമായിട്ടുള്ള ഒരു സമ്പ്രദായമാണെന്നു നമുക്കു വിശ്വസിക്കാം. ജനസംഖ്യയുടെ മാനദണ്ഡം വച്ചു നോക്കുകയാണെങ്കിൽ നമ്മുടെ രാജ്യത്തെ ജനസംഖ്യ ഇൻഡ്യയിലെ ആകെ ജനസംഖ്യയുടെ നാല്പത്തിൽ ഒന്നാണ്. അതായതു്, 2.54 ശതമാനമാണ്. അങ്ങനെയാണെങ്കിൽ കേന്ദ്രത്തിൽനിന്നുമുള്ള 2250 കോടി രൂപയിൽനിന്നു നമ്മുടെ അവകാശവിഹിതം 55 കോടി രൂപയായിരിക്കും. മാത്രമല്ല ആദ്യത്തെ പഞ്ചവത്സരപദ്ധതിക്കു ചെലവാക്കിയ സംഖ്യയുടെ 40 ശതമാനം കൂടുതൽഎന്നുള്ള മറ്റൊരു മാനദണ്ഡവും പ്ലാനിംഗ് കമ്മിഷൻ സ്വീകരിച്ചതായി കാണുന്നു. ആ സ്ഥിതിക്കു് ആദ്യത്തെ പഞ്ചവത്സരപദ്ധതിക്കു വേണ്ടി കേന്ദ്രത്തിൽനിന്നും കിട്ടിയ സഹായം ഉൾപ്പടെ ഏകദേശം 35 കോടിരൂപയുടെ താഴെ മാത്രമേ വന്നിട്ടുള്ളൂ. ആ തുകയോടുകൂടി 40 ശതമാനം കൂടി കൂട്ടുകയാണെങ്കിൽ ഏകദേശം 50 കോടി രൂപയോളം ആകുന്നതാണ്. ഈ വകയിൽ പരിഗണനക്രമം അനുസരിച്ചുള്ള ഒരു പ്ലാൻ തയാറാക്കി അയയ്ക്കണമെന്നാണ് പ്ലാനിംഗ് കമ്മിഷനിൽ നിന്നും നിർദ്ദേശം കിട്ടിയിട്ടുള്ളതു്. നമ്മുടെ രാജ്യത്തിൻറെ ഇപ്പോഴത്തെ നില അനുസരിച്ചു നാനാപ്രദേശങ്ങളുടെയുള്ള വൈഷമ്യങ്ങളെ പരിഗണിച്ചു് പ്ലാനിംഗ് അഡ്വൈസറി ബോർഡുമായി പരിചിന്തിച്ചതിനുശേഷം 132 കോടി രൂപ ചെലവു വരുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

പ്ലാനാണ അയച്ചുകൊടുത്തിട്ടുള്ളതു്. അതിൻപ്രകാരം രണ്ടാം പഞ്ചവത്സര പദ്ധതിയ്ക്കുവേണ്ടി ഇപ്പോൾ അനുവദിച്ചിട്ടുള്ളതു് 75-ൽ ചിലപ്രാ നംകോടി രൂപയാണു്. പക്ഷേ ഇതു പൂർണ്ണമായ ഒരു അലോക്കേഷൻ അല്ല. ഈ തുകതന്നെ അനുവദിച്ചിട്ടുള്ളതു് നമ്മുടെ പ്രത്യേകപരിതഃ സ്ഥിതികളേയും വൈഷമ്യങ്ങളേയും പരിഗണിച്ചുകൊണ്ടാണു്. എന്നാൽ ഇനിയും ചില സംഗതികൾക്കുവേണ്ടി അലോക്കേഷൻ ഉണ്ടാകേണ്ടതായിട്ടുണ്ടു്. അതായതു്, അർബൻ വാട്ടർസപ്ലൈയും, ഡ്രെയിനേജും. അതുപോലെതന്നെ ഇൻലാൻഡു് നാവിഗേഷൻ, ഫുഡ്കൺട്രോൾ, മൈനർ പോർട്ട്സു് ആൻഡു് ഹാർബർ, ടൂറിസം, പഞ്ചായത്തു ലോക്കൽ ഡെവലപ്പു മെൻറ വർക്സു് ഇത്രയും ഇനങ്ങളിൽ ഇനിയും അലോക്കേഷൻ ഉണ്ടാ കേണ്ടതായിട്ടാണിരിക്കുന്നതു്. ഇതിനും പുറമേ അഭ്യസ്തവിദ്യരുടെ തൊഴി ലില്ലായ്മ പരിഹരിക്കുന്നതിനു വേറെ ഒരു സ്കീം തന്നെയുണ്ടു്. ഈ കാര്യ ങ്ങളിൽ നമ്മുടെ ഗവണ്മെൻറിന്റെ അഭിപ്രായവും പ്ലാനിംഗു് കമ്മിഷൻ അറിഞ്ഞിട്ടുണ്ടു്. ഈ പ്ലാനിംഗിനെപ്പറ്റി ഇനിയും നടത്തേണ്ട പരി പാടികളെക്കുറിച്ചു് ഗവണ്മെൻറു് ചിന്തിച്ചുകൊണ്ടിരിക്കയാണു്. ഗവ ണ്മെൻറിനെ സഹായിക്കുന്നതിനുവേണ്ടി ഈ സഭയിലെ എത്രാനും അംഗ ങ്ങളും ഉൾപ്പെട്ട ഒരു കമ്മിറ്റിയും ഉണ്ടാക്കിയിട്ടുണ്ടു്. ഞാൻ മുമ്പു പറ ഞ്ഞ ഇനങ്ങൾക്കുവേണ്ടി ഇനിയും അലോക്കേഷൻ ഉണ്ടാകുമെന്നാണു് അറിവു കിട്ടിയിരിക്കുന്നതു്.

ഇതിനും പുറമെ ഈ സഭയിൽ അച്ചടിച്ചു വിതരണം ചെയ്തിട്ടുള്ള സ്റ്റേറ്റുമെൻറിൽ ചേർത്തിട്ടുള്ള ചില ഇനങ്ങൾ ടെൻഡേറ്റീവാണു്. ഇനിയും അതിനുവേണ്ടി അലോട്ടുമെൻറു് ഉണ്ടാകുമെന്നു പ്ലാനിംഗു് കമ്മിഷൻ അറിവു തന്നിട്ടുണ്ടു്. നമുക്കു് ഇപ്പോൾ തന്നിട്ടുള്ള അലോട്ടു മെൻറു് പുനഃപരിശോധന ചെയ്തു് ഇനിയും കൂടുതൽ കിട്ടുമെന്നാണു പ്രതീക്ഷിക്കുന്നതു്. കമ്മ്യൂണിറ്റി പ്രോജക്റ്റിനും എൻ. ഇ. എസ്സു്. ബ്ലോക്കിനും വില്ലേജു് ആൻഡു് സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസു്, ഹൌ സിംഗു്, ബാക്കവേർഡു് ക്ലാസ്സസു് ഇവയ്ക്കും ഇനിയും അലോട്ടുമെൻറു് ഉണ്ടാ കുന്നതാണു്. അങ്ങനെ ഈ 75 കോടിയിൽ നിൽക്കുന്നതിനെക്കാളും കുറേക്കൂടി വലുതാകാൻ ഇടയുണ്ടെന്നു എനിക്കു പറയാൻ കഴിയും. ജന സംഖ്യയുടെ ആനുപാതികം അനുസരിച്ചു് 55 കോടി രൂപ കിട്ടേണ്ടതു്, അതിലും കൂടുതലായി വർദ്ധിക്കാൻ കാരണം, നമ്മുടെ രാജ്യത്തെ പ്രത്യേക പരിതഃസ്ഥിതിയെ പരിഗണിച്ചാണു്. എന്നാൽ ഈ അലോട്ടുമെൻറിൽ ചില പ്രത്യേക കാര്യങ്ങളും പറയുന്നുണ്ടു്. അതായതു്, ഞാൻ മുമ്പു പറ ഞ്ഞതുപോലെ പ്ലാനിംഗു് കമ്മിഷന്റെ അലോക്കേഷൻ കിട്ടിയശേഷം ഇടയ്ക്കിടയ്ക്കു പ്ലാനിംഗു് അഡൈസറി ബോർഡു വിളിച്ചുകൂട്ടുകയും, ഈ വക കാര്യങ്ങളും ബോർഡിനെ ധരിപ്പിക്കുകയും ചെയ്തശേഷം ബോർഡിലെ അംഗങ്ങളും പ്രകടിപ്പിച്ച അഭിപ്രായഗതികളും രേഖപ്പെടുത്തുകയും അവ യെപ്പറ്റി പ്ലാനിംഗു് കമ്മിഷനുമായി എഴുത്തുകുത്തുകളും നടത്തുകയും ചെയ്യുന്നു എന്നുള്ളതാണു്.

ഇലക്ട്രിസിറ്റി അണ്ടർടേക്കിംഗിനെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ഒരു സമാനമാണു് നമ്മുടെ പ്ലാനിംഗിൽ കൊടുത്തിട്ടു ള്ളതു്. അതിനുവേണ്ടി മാത്രം 23 കോടി രൂപയാണു് കൊള്ളിച്ചിട്ടു ള്ളതു്. ഈ 23 കോടി രൂപ താഴെ പറയുന്ന വിധത്തിലാണു ചെലവു ചെയ്യാൻ പോകുന്നതു്. പൊരിങ്ങൽക്കുത്തു് ഹൈഡ്രോ ഇലക്ട്രിസിറ്റി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

പദ്ധതിയുടെ ജോലി നടന്നുകൊണ്ടിരിക്കയാണ്. അടുത്ത മാർച്ച് 31-ാം തീയതിയോടുകൂടി ഒന്നാം പഞ്ചവത്സരപദ്ധതി അവസാനിക്കുകയാണ്. അവിടത്തേയ്ക്ക് ആവശ്യമുള്ള 4 ജനറേറ്ററിൽ മൂന്നെണ്ണം മാത്രമേ ഇതുവരെ ഇൻസ്റ്റാൾ ചെയ്തിട്ടുള്ളൂ. നാലാമത്തെ ജനറേറ്റർ ഇൻസ്റ്റാൾ ചെയ്യാനുള്ളതു് ഇതുവരെ ചെയ്യാൻ സാധിക്കാത്തതിനാൽ അതു രണ്ടാംപഞ്ചവത്സരപദ്ധതിയിൽ കൊള്ളിച്ചിരിക്കയാണ്. അതിലേയ്ക്കുവേണ്ടി ആവശ്യമുള്ളതു 20 ലക്ഷം രൂപയാണ്. രണ്ടാംപഞ്ചവത്സരപദ്ധതിയിൽ നേര്യമംഗലം പ്രോജക്ടിനുവേണ്ടി ആവശ്യമുള്ള തുക 260 ലക്ഷം രൂപയാണ്. ഇങ്ങനെ വകരണ്ടിൽ 280 ലക്ഷം രൂപ സ്റ്റിൽ ഓവർ ഇനത്തിൽ ചെലവാക്കാൻ നിശ്ചയിച്ചിരിക്കയാണ്.

രണ്ടാമത്തെ പഞ്ചവത്സരപദ്ധതിക്കാലത്തു് ചെയ്വാൻ ഉദ്ദേശിക്കുന്ന ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെൻറിന്റെ പ്രധാന പ്രവർത്തനങ്ങൾ ഇതാണ്.

ഷോളയാർ ഹൈഡ്രോ ഇലക്ട്രിക് സ്കീം—ഇതു രണ്ടാംപഞ്ചവത്സരപദ്ധതിക്കാലത്തുതന്നെ പൂർത്തിയാക്കി ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കാൻ സാധിക്കും. ഇതിന്റെ ഫിനാൻഷ്യലും ഫിസിക്കലുമായ ടാർജറ്റ് അച്ചടിച്ചു പാംഫ്ലറ്റിൽ ചേർത്തിട്ടുണ്ടു്. ഇതിനു് 391 ലക്ഷം രൂപ ചെലവാണു് പ്രതീക്ഷിക്കുന്നതു്. പന്നിയാർ ഹൈഡ്രോ ഇലക്ട്രിക് സ്കീം. ഇതു് തുടങ്ങി രണ്ടാം പദ്ധതിയുടെ കാലത്തു് പൂർത്തിയാക്കുന്നതാണ്. ഇതിനു് 295 ലക്ഷം രൂപ ചെലവു് പ്രതീക്ഷിക്കുന്നു. പമ്പാ പൗവ്വർ സ്കീം—മൾട്ടി പർപ്പസ് സ്കീം ഇതു് നമ്മുടെ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടു്. പക്ഷേ ഇപ്പോൾ ഒന്നിനു മാത്രമേ അനുവദിച്ചിട്ടുള്ളൂ. പൗവ്വർ പ്രൊഡക്ഷനും മേജർ ഇറിഗേഷനുമാണു് ഇതിൽ ചെയ്യാൻ ഉദ്ദേശിക്കുന്നതു്. അതിൽ ഇപ്പോൾ പൗവ്വർ പ്രൊഡക്ഷൻ സ്കീമിനു മാത്രമേ അനുവാദം നൽകിയിട്ടുള്ളൂ. ഇറിഗേഷൻ സ്കീം കൂടി അനുവദിക്കണമെന്നു് ഇൻഡ്യാ ഗവണ്മെൻറിന്റെ അടുക്കൽ നിവേദനം നടത്തിക്കൊണ്ടിരിക്കുകയാണു്. ഇതിനു 400 ലക്ഷം രൂപ വേണ്ടിവരുമെന്നുദ്ദേശിക്കുന്നുണ്ടു്. ഇൻവെസ്റ്റിഗേഷൻ ആഫ് ന്യൂ സ്കീംസ്—ഇതിൽ ട്രാൻസ്മിഷൻ, റൂറൽ ഇലക്ട്രിഫിക്കേഷൻ മുതലായവയ്ക്കു് തൊള്ളായിരത്തി ഒൻപതിൽചിലപാനം ലക്ഷം രൂപ, അതായതു് ഏകദേശം പത്തുകോടി രൂപ ഇതിനു് ഉൾക്കൊള്ളിച്ചിട്ടുണ്ടു്. ഞാൻ മുമ്പു പറഞ്ഞ മതിരപ്പള്ളി പൗവ്വർ സ്കീം സെൻട്രൽ സ്കീമായി നമ്മുടെ രാജ്യത്തു് നടത്തണമെന്നു് കേന്ദ്രഗവണ്മെൻറിനോടാവശ്യപ്പെട്ടിട്ടുണ്ടു്. അതു് സ്റ്റേറ്റ് സ്കീമായി രണ്ടാംപഞ്ചവത്സരപദ്ധതിയിൽപ്പെടുത്താനുള്ള കാരണങ്ങൾ താഴെ പറയുന്നവയാണു്. ഇടുക്കി സ്കീം പൂർത്തിയാകണമെങ്കിൽ ഇപ്പോൾ 30 കോടിയിൽ ചിലപാനം രൂപ ചെലവുവരും. ഇലക്ട്രിസിറ്റി സ്കീമുകൾക്കായി ആകെ 23 കോടി രൂപയാണു് കിട്ടിയിട്ടുള്ളതു്. 30 കോടിയിൽ ചിലപാനം രൂപ ചെലവുവരുന്ന ഇടുക്കി സ്കീം എടുക്കുകയാണെങ്കിൽ മറ്റൊരു സ്കീമും ഈ പദ്ധതിയുടെ കാലത്തു എടുക്കാൻ സാധിക്കുകയില്ല. അതു് ഒരു കാരണം. രണ്ടാമതു് ഇതു് അങ്ങുകൊള്ളുംകൊണ്ടു് പൂർത്തിയാക്കുകയില്ല. അങ്ങനെയാണെങ്കിൽ ഇപ്പോൾ ഈ സ്കീം എടുത്താൽ നാം രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഇലക്ട്രിസിറ്റിക്കുവേണ്ടി ചെലവാക്കാനുദ്ദേശിച്ചിട്ടുള്ള പണം മുഴുവൻ ഇതിനു നീക്കിവയ്ക്കേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

വരും; എന്നു മാത്രമല്ല രണ്ടാം പഞ്ചവത്സരപദ്ധതിയുടെ കാലഘട്ടം പൂർത്തിയാകുമ്പോൾ ഇതിൽനിന്നും ഒരു റിസർവ്വും പ്രൊഡ്യൂസ് ചെയ്യാൻ സാധിക്കുകയില്ല. അതു ശരിയല്ലെന്നു കരുതി ഇതു് സെൻട്രൽ ഗവണ്മെൻറ തന്നെ നേരിട്ടു നടത്തി നമ്മുടെ ഗവണ്മെൻറിനെ ഏൽപ്പിച്ചുതരണമെന്നു് കേന്ദ്രഗവണ്മെൻറിനോടു് അപേക്ഷിച്ചിരിക്കുകയാണു്. ഇതിനുള്ള പണം കടമായോ ഗ്രാൻറായോ കണക്കാക്കി എടുക്കണമെന്നു അപേക്ഷിച്ചിരിക്കുകയാണു്. ഇടുക്കി സ്കീം ഇൻവെസ്റ്റിഗേറ്റ ചെയ്യുന്നതിനാവശ്യമായ തുക നമ്മുടെ ഡ്രാഫ്റ്റ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. പ്ലാനിംഗ് കമ്മിഷൻറെ ഡെപ്യൂട്ടി ചെയർമാൻ ഈ ഗവണ്മെൻറിനെ അറിയിച്ചതു് അതിനുള്ള ചെലവെല്ലാം ഡ്രാഫ്റ്റ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണു്. പ്ലാനിംഗ് കമ്മിഷൻതന്നെ ഇതിനൊരു ഇൻവെസ്റ്റിഗേഷൻ നടത്താമെന്നു് പറഞ്ഞിട്ടുണ്ടു്. അതിനുള്ള നടപടികൾ ഇപ്പോൾ തുടങ്ങിയിരിക്കുകയാണു്. പ്ലാനിംഗ് കമ്മിഷൻറെ ചെലവിന്മേൽ ഇടുക്കി സ്കീമിൻറെ ഇൻവെസ്റ്റിഗേഷൻ നമ്മുടെ രാജ്യത്തെ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർ നടത്താൻ തീരുമാനിച്ചിട്ടുണ്ടു്. ഇതാണു് ഇലക്ട്രിസിറ്റി സ്കീമുകളെക്കുറിച്ചു് പറയുവാനുള്ളതു്.

മേജർ ഇറിഗേഷൻ സ്കീമുകൾ എതെല്ലാം അടുത്തെന്നു അറിയുവാൻ സഭയ്ക്കു് ആകാംക്ഷ ഉണ്ടാകുമെന്നു് വിചാരിക്കുന്നു. ആദ്യമായി സ്പീക്കർ ഓവർ ഐറ്റത്തെക്കുറിച്ചു് പറയാം. ആദ്യത്തെ പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയതിൽ ആ കാലഘട്ടംകൊണ്ടു് പൂർത്തിയാകാതെ പോകുന്നതും രണ്ടാമത്തെ പഞ്ചവത്സരപദ്ധതികൊണ്ടു് പൂർത്തിയാകുന്നതുമായ പദ്ധതികൾ ഇതൊക്കെയാണു്. പീച്ചിപദ്ധതി, ഇതിനു് 17 ലക്ഷം രൂപ. ചാലക്കുടി ആദ്യഘട്ടം സംബന്ധിച്ചുള്ള പണിക്കു് 12 ലക്ഷം രൂപ. നെയ്യാർ പദ്ധതി, ആദ്യത്തെ സ്റ്റേജു് പൂർത്തിയാക്കാൻ 32·59 ലക്ഷം രൂപ. വടക്കാഞ്ചേരി പദ്ധതി, 24·1 ലക്ഷം രൂപ. ഇങ്ങനെ ആകെ ഏകദേശം 86 ലക്ഷം രൂപ. ഇതോടുകൂടി പുതിയ സ്കീംസ് കുറെ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടു്. അവയുടെ ഇൻവെസ്റ്റിഗേഷനു് 4 ലക്ഷം രൂപ. ചാലക്കുടി രണ്ടാംസ്റ്റേജിനു് 60 ലക്ഷം രൂപ. നെയ്യാർ സെക്കൻഡു് സ്റ്റേജിനു് 105 ലക്ഷം രൂപ. ഭൂതത്താൻകെട്ടു സ്കീമിനു 250 ലക്ഷം രൂപ. പമ്പാനദിയിലെ ഇറിഗേഷൻ സ്കീം പൂർത്തിയാക്കുന്നതിനു അനുവദിച്ചിട്ടില്ല. എങ്കിലും പ്രാരംഭപ്രവർത്തനങ്ങൾക്കായി 48 ലക്ഷം രൂപ കൊള്ളിച്ചിട്ടുണ്ടു്. ചീരക്കഴി സ്കീം, അതിനു 47 ലക്ഷം രൂപ. മറ്റു സ്കീമുകളെല്ലാം പ്ലാനിംഗ് കമ്മിഷൻ തള്ളിക്കളയുകയാണുണ്ടായതു്. അതു് പണത്തിൻറെ കുറവുമൂലമാണു്. അങ്ങനെ തള്ളിയ അവസരത്തിൽ എതെല്ലാം സ്കീമുകളാണോ എക്കണോമിക്കു് ആയിട്ടുള്ളതു് അതായതു്, ചെലവാക്കുന്ന സംഖ്യ അനുസരിച്ചു് ഏതെല്ലാം സ്കീമുകൾകൊണ്ടാണു് പ്രയോജനമുണ്ടാകുന്നതു് എന്നെല്ലാം പരിഗണിച്ചാണു് സ്കീമുകൾ എടുത്തിട്ടുള്ളതെങ്കിലും രാജ്യത്തിൻറെ വിവിധഭാഗങ്ങളിലുള്ള ജനങ്ങൾക്കു ഈ ഡെവലപ്പുമെൻറ സ്കീം മൂലം ഗുണമുണ്ടാകുമെന്നു കരുതി ഈ ഗവണ്മെൻറ് കേന്ദ്രഗവണ്മെൻറിനോടു പ്രത്യേകമായി അപേക്ഷിച്ചതനുസരിച്ചു് 50 ലക്ഷം രൂപകൂടി അനുവദിച്ചിട്ടുണ്ടു്. അതു് ചിറ്റാർ, പട്ടണംകാൽ, പോത്തുണ്ടി ഈ സ്കീമുകൾക്കാണു്. ചിറ്റാറും പട്ടണംകാലും സ്കീമുകൾ തെക്കൻ തിരുവിതാംകൂറിലും പോത്തുണ്ടി സ്കീം ചിറ്റൂർ താലൂക്കിലുമുള്ളതാണു്. ഇതു് രണ്ടും പ്ലാനിംഗ് കമ്മിഷൻ അപ്രൂവ് ചെയ്തിട്ടുള്ളതാണു്. അതു് നടപ്പിൽവരുത്തുവാൻ നിർബന്ധം ചെലുത്തിക്കൊണ്ടിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

SHRI A. CHIDAMBARANATHA NADAR : Why was not the Mambazhathara scheme included ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. മാമ്പഴത്തറ സ്കീം വെട്ടിക്കുറച്ചിട്ടുണ്ടോയെന്നും അതെന്തുകൊണ്ടാണെന്നും നോട്ടീസു കൂടാതെ പറയാൻ സാധിക്കുകയില്ല.

മേജർ ഇറിഗേഷൻ സ്കീം കൊണ്ടു് നമ്മുടെ രാജ്യത്തെ എല്ലാ ഇറിഗേഷൻ പദ്ധതികളും പൂർത്തിയാക്കുന്നില്ല. മൈനർ ഇറിഗേഷൻ, മീഡിയം ഇറിഗേഷൻ എന്നിങ്ങനെ വളരെയധികം പദ്ധതികൾ ഉണ്ടു്. അതെല്ലാം പ്രത്യേകം എടുത്തുപറയണമെന്നു വിചാരിക്കുന്നില്ല.

ശ്രീ. പി. ആർ. മാധവൻ പിള്ള : കല്ലടയാറിൽ ഫ്ളഡ് കൺട്രോളിനു് എന്തെങ്കിലും ചെയ്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്. പക്ഷെ അതു് അവസാനഘട്ടത്തിൽ എത്തിയിട്ടില്ല. പ്ലാനിംഗ് കമ്മിഷന്റെ അടുത്തു് ഈ ഗവണ്മെന്റു് നിവേദനം ചെയ്തിട്ടുള്ളതു് തിരുവിതാംകൂർ-കൊച്ചിയിലെ സാമ്പത്തികസ്ഥിതി പരിശോധിക്കുകയാണെങ്കിൽ ഗവണ്മെന്റുതന്നെ ഈ വ്യവസായങ്ങൾ സംഘടിപ്പിച്ചു് നേരിട്ടു് നടത്തണമെന്നുള്ളതാണു്. സഹകരണമേഖലയിൽ വ്യവസായങ്ങൾ ഉണ്ടാകണമെങ്കിൽത്തന്നെ സ്റ്റേറ്റിന്റെ സഹായവും പ്രോത്സാഹനവും ഉണ്ടാകാതെ തരമില്ല. കഴിഞ്ഞ പഞ്ചവത്സരപദ്ധതിനടപ്പാക്കുന്നകാലത്തെ പ്രവർത്തനം പരിശോധിക്കുകയാണെങ്കിൽ ഇതു് സ്പഷ്ടമായി കാണാം. തിരുവിതാംകൂർ-കൊച്ചിയുടെ സംയോജനത്തിനു മുമ്പു് കൊച്ചിയിൽ വ്യവസായങ്ങൾ ഉണ്ടാക്കണമെന്നു് അവിടത്തെ ഗവണ്മെന്റു് ആഗ്രഹിച്ചതിന്റെ ഫലമായി ചില വ്യവസായങ്ങൾ തുടങ്ങി. അതിൽ പലതും ഇപ്പോൾ മുടങ്ങിക്കിടക്കുന്നുണ്ടു്. എങ്കിലും ഗവണ്മെന്റിന്റെ ഉത്സാഹത്തിൽ തുടങ്ങുകയുണ്ടായി. പണ്ടു് ദിവാൻ ജിമാർ ഭരിച്ചിരുന്നകാലത്തുതന്നെ ചാലക്കുടിയിൽ തുകൽ വ്യവസായവും പോട്ടറി വ്യവസായവും ഗവണ്മെന്റു് നേരിട്ടു് ആരംഭിച്ചു. അതുപോലെതന്നെ തിരുവിതാംകൂറിൽ ജനകീയഭരണം വരുന്നതിനു മുമ്പുതന്നെ വ്യവസായങ്ങൾ നേരിട്ടു് നടത്തിത്തുടങ്ങിയിട്ടുണ്ടായിരുന്നു. ബാംബെയിലും ബംഗാളിലും മറ്റു സംസ്ഥാനങ്ങളിലും ഉള്ള മാതിരി വലിയ ക്യാപിറ്റലിസ്റ്റുകളായി സഹകരണവ്യക്തികൾ മുന്നിട്ടുവന്നു് വ്യവസായങ്ങൾ തുടങ്ങുവാനുള്ള സാദ്ധ്യത ഇവിടെ കുറവാണെന്നും ഗവണ്മെന്റു് നേരിട്ടു് നടത്തിയോ ഷെയറുകൾ എടുത്തോ വായ്പകൾ കൊടുത്തോ പ്രോത്സാഹിപ്പിച്ചാലല്ലാതെ നമ്മുടെ രാജ്യത്തു് വ്യവസായങ്ങൾ കൂടുതൽ ഉണ്ടാവുകയില്ലെന്നും ആണു് തിരുവിതാംകൂറിലെയും കൊച്ചിയിലെയും, തിരുവിതാംകൂർ-കൊച്ചിയിലെയും ഗവണ്മെന്റുകൾ ഇതുവരെ കരുതിവന്നതു്. അല്ലെങ്കിൽ ഇന്നു് ഉള്ളിടത്തോളം വ്യവസായങ്ങൾ തിരുവിതാംകൂർ-കൊച്ചിയിൽ ഉണ്ടാകുമായിരുന്നോ എന്നുള്ളതു് സംശയമാണു്. ഈ ഒരു നയം നമ്മുടെ രാജ്യത്തു് എടുക്കേണ്ടിയിരുന്നതു് ഈ വ്യവസായങ്ങളുടെ അഭിവൃദ്ധിക്കു് അത്യാവശ്യമായിരുന്നു. മറ്റു ചില പ്രദേശങ്ങളിൽ ഉള്ളതുമാതിരി നമ്മുടെ രാജ്യത്തു ക്യാപിറ്റൽ ധാരാളം കൈവശമുള്ള ആളുകൾ വളരെ കുറവാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ആർ. മാധവൻ പിള്ള : ഗവണ്മെൻറിൽനിന്നും ധന സഹായം നൽകിയിട്ടുള്ള ഫാക്ടറികളിൽതന്നെ ധനസഹായം ലഭിച്ചു കഴിഞ്ഞു് രണ്ടാഴ്ചക്കകം പൂട്ടിയിട്ടിട്ടുള്ളവയുണ്ടെന്നു് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു കാര്യം പറയുമ്പോൾ മറെറാരു കാര്യം പറയരുതു്.

ശ്രീ. പി. ആർ. മാധവൻ പിള്ള : അതിൽ സങ്കടമുണ്ടു്. അതുകൊണ്ടു് പറഞ്ഞതാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശരിയാണു്. എങ്കിലും നാം ഇപ്പോൾ സംസാരിച്ചുകൊണ്ടിരിക്കുന്നതു് വേറെ കാര്യമാണു്. നമ്മുടെ രാജ്യത്തെ സാമ്പത്തിക സ്ഥിതി നോക്കുകയാണെങ്കിൽ ഇവിടത്തെ ഭൂരിപക്ഷം ജനങ്ങളും മീഡിൽക്ലാസ്സു് അല്ലെങ്കിൽ ലോവർ മിഡിൽക്ലാസ്സു് പ്രോളിറേറിയറവു് എന്ന സെക്ഷനിൽപ്പെട്ടവരാണു്. ഈ മൂന്നു് വിഭാഗങ്ങളിൽപ്പെട്ട ആളുകൾ മാത്രമുള്ള ഒരു പ്രദേശത്തു് വ്യവസായങ്ങൾ വർദ്ധിക്കണമെങ്കിൽ സ്റേറവു് മുന്നിട്ടുനിന്നു് പ്രവർത്തിക്കാതെ തരമില്ല. പ്ലാനിംഗ് കമ്മിഷൻ ഈ കാര്യത്തിൽ ആവിഷ്കരിച്ചിട്ടുള്ള നയം മറെറാന്നാണു്. പ്ലാനിംഗ് കമ്മിഷൻ വ്യക്തമായി പറയുന്നതു് സ്റേറവു് നേരിട്ടു നടത്തേണ്ടതു് ഘനവ്യവസായങ്ങളും ബേസിക് ഇൻഡസ്ട്രീസും ഒഴിച്ചുള്ള വ്യവസായങ്ങളാണെന്നാണു്. ഇതു് രണ്ടും സെൻട്രൽ ഗവണ്മെൻറു് നേരിട്ടു് നടത്താൻ പോകുന്നുണ്ടു്. സഹകാര്യമേഖലയിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങളെ പുരോഗമിപ്പിക്കുവാൻ അവക്കു് ഏതെങ്കിലും സഹായം ആവശ്യമുണ്ടെങ്കിൽ അതു് ആവശ്യമുള്ള എല്ലാ കാര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള ഉപാധിയെ ആശ്രയിച്ചാണു് സഹകാര്യമേഖലകളിൽ ഉള്ള വ്യവസായങ്ങളെ സ്ഥിതിചെയ്യുന്നതു്.

ആ ഉപാധികളെ ഇതെല്ലാമാണു്. ഇൻഡസ്ട്രിയൽ ഫൈനാൻസ് കാർപ്പറേഷൻ സെൻട്രൽ ഗവണ്മെൻറിൻെറ വകയായുണ്ടു്, സ്റേറവു് ഗവണ്മെൻറുകളുടെ വകയായുമുണ്ടു്. നമ്മുടെ സ്റേററിലും 1953-ൽ ഒരു ഇൻഡസ്ട്രിയൽ ഫൈനാൻസ് കാർപ്പറേഷൻ ഏർപ്പെടുത്തുകയുണ്ടായി. സ്റേറവു് എയിഡു് ടു ഇൻഡസ്ട്രീസിനു് ഒരു നിയമം പാസ്സാക്കിയിട്ടുണ്ടു്. അതിനുവേണ്ടി പണം ഉൾപ്പെടുത്തിക്കൊള്ളിക്കുന്നുണ്ടു്. അങ്ങനെ ഗവണ്മെൻറിൻെറ ഇൻഡസ്ട്രീസു് ഡിപ്പാർട്ടുമെൻറിൽനിന്നും സ്റേറവു് എയിഡു് ടു ഇൻഡസ്ട്രീസു് എന്നയിനത്തിൽ കൊടുക്കുന്ന സംഖ്യകളും സ്റേറവു് ഗവണ്മെൻറും സെൻട്രൽ ഗവണ്മെൻറും ഏർപ്പെടുത്തിയിട്ടുള്ള ഫൈനാൻഷ്യൽ കാർപ്പറേഷനും വ്യവസായങ്ങളേയും മറവും പ്രോത്സാഹിപ്പിക്കുന്നതിനു പ്രവർത്തിക്കുന്നതായി കണക്കാക്കേണ്ട കാര്യമേഴ്സ്യൽ ബാങ്കുകളുമാണു് സഹകാര്യമേഖലയ്ക്കു് പണം നൽകേണ്ടതെന്നു് പ്ലാനിംഗ് കമ്മിഷൻ അഭിപ്രായം പുലർത്തുന്നുണ്ടു്. ആ അഭിപ്രായം തിരുവിതാംകൂർ-കൊച്ചിയെ സംബന്ധിച്ചിടത്തോളം സ്വീകാര്യമല്ലെന്നും, നമ്മുടെ രാജ്യത്തെ പ്രത്യേക സ്ഥിതിഗതികൾക്കു് യോജിച്ചതല്ലെന്നും കേന്ദ്ര പ്ലാനിംഗ് കമ്മിഷൻെറ അടുത്തു് ഈ രാജ്യത്തിനുവേണ്ടി ഇവിടത്തെ ഗവണ്മെൻറു് വാദിച്ചിട്ടുണ്ടു്. ആ വാദം ഈ സഭയ്ക്കു് സ്വീകാര്യമായിരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

സർ, ഇങ്ങനെ പുരോഗമനപരമായ പല കാര്യങ്ങളും പ്ലാനിംഗ് അഡൈ്വസറി കൗൺസിലിലും, പ്ലാനിംഗ് കമ്മിഷന്റെ മുമ്പിലും നിവേദനം നടത്താൻ ഈ ഗവണ്മെൻറിനു കഴിഞ്ഞിട്ടുണ്ട്. രണ്ടാമത്തെ പഞ്ചവത്സരപദ്ധതിക്കു വേണ്ട ധനാഗമമാർഗ്ഗങ്ങളെപ്പറ്റി വിചിന്തനം നടന്ന സന്ദർഭത്തിൽ ഇൻഷ്വറൻസു ദേശസാൽകരിക്കേണ്ട കാര്യത്തെപ്പറ്റി ഈ ഗവണ്മെൻറിനുവേണ്ടി ഞാൻ വാദിക്കുകയുണ്ടായി. നമ്മുടെ രാജ്യത്തു് ഒരു ഇൻഷ്വറൻസു ഡിപ്പാർട്ട്മെൻറ് പ്രവർത്തിക്കുന്നുണ്ട്. ആ ഡിപ്പാർട്ടുമെൻറ പ്രവർത്തിക്കുന്നതു് വളരെ ഏറെ സാങ്കേതികവൈഷമ്യങ്ങളുടെ ഒരന്തരീക്ഷത്തിലാണു്. എന്താണതു്? ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂഷൻ അനുസരിച്ചു് ഇൻഷ്വറൻസു ഒരു കേന്ദ്രസബ്ജക്റ്റാണു്. കാൺസ്റ്റിറ്റ്യൂഷനിൽ ഇൻഷ്വറൻസിനെ കേന്ദ്രലിസ്റ്റിലാണു് ഉൾപ്പെട്ടിയിട്ടുള്ളതു്. കാൺസ്റ്റിറ്റ്യൂഷന്റെ ഒരു വകുപ്പിൽ പറയുന്നതു് ഒരു ഗവണ്മെൻറിനു നിയമനിർമ്മാണം നടത്താൻ എതെല്ലാം കാര്യത്തിൽ അധികാരമുണ്ടോ ആ കാര്യങ്ങളിൽ മാത്രമേ ആ ഗവണ്മെൻറിനു് എക്സിക്യൂട്ടീവ് പവ്വർ ഉള്ളൂ എന്നാണു്. ഇംഗ്ലീഷിൽ ഇങ്ങനെ പറയാം:

"The Executive power of a State is co-extensive with the Legislative power of the State."

ഇങ്ങനെ വരുമ്പോൾ ഇൻഷ്വറൻസ് സംബന്ധമായ നിയമനിർമ്മാണം ചെയ്യാൻ ഒരു സ്റ്റേറ്റിനു് അധികാരമില്ലാത്തതുകൊണ്ടു് അക്കാര്യത്തിൽ സ്റ്റേറ്റഗവണ്മെൻറിനു് എക്സിക്യൂട്ടീവു് പവ്വറും ഇല്ലെന്നു് ഒരു വാദം അറ്റോർണി ജനറൽ ഉന്നയിച്ചിട്ടുണ്ടു്. ആ വാദത്തിനു മറുപടിയായി ഗവണ്മെൻറ് പറഞ്ഞതു്, അങ്ങനെയാണെങ്കിൽ ആ വകുപ്പു് ഭേദഗതി ചെയ്യുകതന്നെ വേണമെന്നാണു്. ഇവിടെ ഇൻഷ്വറൻസു് ഡിപ്പാർട്ടുമെൻറ് പ്രവർത്തിക്കുതന്നെ വേണം. ആ വാദങ്ങൾ ഉന്നയിക്കയുണ്ടായതു മാത്രമല്ല, രണ്ടാം പഞ്ചവത്സരപദ്ധതിക്കു് ധനാഗമമാർഗ്ഗങ്ങൾ കാണാൻ നികുതിയിനങ്ങളെ ആശ്രയിക്കുന്നതിനേക്കാൾ നല്ലതു് നോൺ ടാക്സ് റവന്യൂ എന്നു പറയാവുള്ള ഈ വിധത്തിലുള്ള റവന്യൂ ഉണ്ടാക്കുകയാണു നാം പ്രസ്താവിച്ചിട്ടുണ്ടു്. ആ അഭിപ്രായം ഇപ്പോൾ കേന്ദ്രഗവണ്മെൻറ് സ്വീകരിച്ചതുപോലെ തോന്നുന്നു. എന്തെന്നാൽ കേന്ദ്രധനകാര്യമന്ത്രി സ്റ്റേറ്റ് ഗവണ്മെൻറുകൾ ഇൻഷ്വറൻസു് വകുപ്പു് തുടങ്ങുന്ന കാര്യത്തെപ്പറ്റി ആലോചിക്കുന്നുവെന്നു് പരസ്യമായി പ്രസ്താവിച്ചിട്ടുണ്ടു്. ഈ ഇൻഷ്വറൻസെന്ന മാതൃക എടുത്തുകാട്ടി സ്റ്റേറ്റ് ഗവണ്മെൻറ് പ്ലാനിംഗ് കമ്മിഷന്റെ അടുത്തു് വ്യവസായങ്ങളുടെ കാര്യത്തിൽ ഒരു പുതിയ നയം സ്വീകരിക്കാൻ തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറിനു സ്വാതന്ത്ര്യം കിട്ടണമെന്നാണു് വാദിച്ചിട്ടുള്ളതു്. അതൊരു ഓപ്പൺ കപ്പാസ്റ്റുനായി നിൽക്കുന്നതിനു് പ്ലാനിംഗ് കമ്മിഷൻ സമ്മതിക്കുമെങ്കിൽ അതിനെപ്പറ്റി നിവേദനം നടത്തുന്നതാണു്. അതിന്റെ ഫലമായി സ്റ്റേറ്റിനു നേരിട്ടു വ്യവസായങ്ങൾ തുടങ്ങുന്നതിനും ആളുകൾക്കു് പബ്ലിക് കാപ്പിറ്റേഷനോ, പ്രൈവറ്റ കാപ്പിറ്റേഷനോ ഉണ്ടാക്കി വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. അങ്ങിനെ വ്യവസായങ്ങൾ തുടങ്ങാൻ സാധിച്ചാലല്ലാതെ നമ്മുടെ രാജ്യത്തു് കൂടുതൽ വ്യവസായങ്ങൾ തുടങ്ങാൻ

LIBRARY ARCHIVES Kerala Legislative Assembly

സാദ്ധ്യമാകുകയില്ലെന്നും എനിക്കു തോന്നുന്നുണ്ട്. സ്റ്റാംപ്പേപ്പറിൽ ഇൻഡസ്ട്രീസിലും, കോട്ടേജ് ഇൻഡസ്ട്രീസ് ലും, ഹോം ഇൻഡസ്ട്രീസിലും വളരെയേറെ പ്രവർത്തനം ഉണ്ടായാൽ മാത്രമേ കൂടുതൽ തൊഴിൽ നൽകാൻ സാധിക്കയുള്ളൂ എന്നു് നാം ഇതിനുമുമ്പു് പല വാദപ്രതിവാദസന്ദർഭങ്ങളിലും പറഞ്ഞിട്ടുണ്ടു്. ആ വക വ്യവസായങ്ങളുടെ സ്ഥാനം എന്താണിരിക്കണമെന്നും, അവയെ സമീപിക്കേണ്ടതു് എങ്ങിനെയായിരിക്കണമെന്നുമുള്ള കാര്യങ്ങളെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടുചെയ്യാൻ കാർവേ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടായിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ടു് അടുത്തകാലത്തു് കേന്ദ്രഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടു്. ആ റിപ്പോർട്ടിൽ തീരുമാനമെടുത്തിട്ടുണ്ടോ എന്നറിയാൻ തോന്നുന്നില്ല. അതിന്മേൽ തീരുമാനമെടുക്കുന്നതോടുകൂടി ഈ ചെറുകിട വ്യവസായങ്ങൾക്കു് ധനസഹായം കിട്ടുന്നതാണു്. ഒരുകാര്യംകൂടി പ്രസ്താവിച്ചുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിക്കാം.

രണ്ടാം പഞ്ചവത്സരപദ്ധതിയിൽ നമുക്കു് സ്റ്റേറ്റ് സെക്ടറിൽ കിട്ടിയിട്ടുള്ള 76 കോടി രൂപയും ഇനി കിട്ടാനിടയുള്ള സംഖ്യയും നമ്മുടെ പ്രതീക്ഷകൾക്കു് ഒത്തതല്ലെന്നും, ഏതു രീതിയിലും അതു് കുറ്റമറ്റതായി വർദ്ധിപ്പിക്കേണ്ടതാണെന്നും ഈ സഭയിലെ നാനാഭാഗങ്ങളിലുള്ള അംഗങ്ങൾക്കും ഗവണ്മെൻറിനും ഒരുപോലെ അഭിപ്രായമുണ്ടു്. പക്ഷേ, ഈ സന്ദർഭത്തിൽ 2250 കോടി രൂപ കേന്ദ്രത്തിനു് നൽകിയിട്ടുള്ള അവസരത്തിൽ കേന്ദ്രഗവണ്മെൻറു് ചെലവാക്കാൻ നിശ്ചയിട്ടുള്ള സംഖ്യകൾ ഈ രാജ്യത്തെ ജനങ്ങളുടെ ആവശ്യമനുസരിച്ചു് ഈ രാജ്യത്തു് കൂടുതൽ ഇൻവെസ്റ്റു ചെയ്യണമെന്നു് അപേക്ഷിക്കുന്നതായിരിക്കും നല്ലതെന്നു് ഞാൻ കരുതുന്നു. ഫലപ്രദമായ മാർഗ്ഗം അതാണു്. കേന്ദ്രഗവണ്മെൻറു് ആദ്യപഞ്ചവത്സരപദ്ധതിക്കാലത്തു് വളരെയധികം സംഖ്യകൾ ചെലവാക്കിയിട്ടുണ്ടു്. റെയിൽവേ ഡെവലപ്പ്മെൻറിനും, ഹാർബർ ഡെവലപ്പ്മെൻറിനും, വ്യവസായങ്ങൾക്കും, ഇറിഗേഷൻ പ്രോജക്റ്റുകൾക്കും, മൾട്ടിപർപ്പസ് പ്രോജക്റ്റുകൾക്കും ധാരാളം സംഖ്യകൾ ചെലവാക്കിയിട്ടുണ്ടു്. അങ്ങിനെ ചെലവാക്കിയിട്ടുള്ള സംഖ്യകളിൽ വളരെയേറെ നമ്മുടെ രാജ്യത്തല്ല ചെലവാക്കിയിട്ടുള്ളതു്. എറണാകുളം–കൊല്ലം റെയിൽവേ അല്ലാതെ ഒന്നാം പഞ്ചവത്സരക്കാലത്തു് നമ്മുടെ രാജ്യത്തു് മറ്റൊന്നും ഉണ്ടാക്കിയിട്ടില്ല. നമ്മുടെ രാജ്യത്തെ ജനസംഖ്യയനുസരിച്ചു് കിട്ടേണ്ട വിഹിതം പോലും കേന്ദ്രഗവണ്മെൻറു് ഇവിടെ ചെലവാക്കിയിട്ടില്ല. ഇവിടത്തെ പ്രത്യേക പരിതഃസ്ഥിതികളും നോക്കിയാൽ വളരെയേറെ സംഖ്യ ഇവിടെ ഇൻവെസ്റ്റു ചെയ്യേണ്ടതുണ്ടു്. ഡെൻസിറ്റി ആഫ് പോപ്പുലേഷൻ ഇവിടെ വളരെ അധികമാണെന്നു് നാം പലപ്പോഴും പറയുന്നുണ്ടു്. അതിനു് എന്താണു് പരിഹാരം? അങ്ങിനെയുള്ള സ്ഥലത്തു് ഹെവി ഇൻവെസ്റ്റുമെൻറു് ഉണ്ടാക്കണം. അതിനു് കേന്ദ്രഗവണ്മെൻറിനേ സാധിക്കയുള്ളൂ. ഈ ഗവണ്മെൻറിനു സാദ്ധ്യമല്ല. അതുകൊണ്ടു് അടുത്ത അഞ്ചുകൊല്ലത്തിനിടയിൽ നമ്മുടെ രാജ്യത്തു് ബുദ്ധിപൂർവ്വമായ രീതിയിൽ വളരെയേറെ ഹെവി ഇൻവെസ്റ്റുമെൻറു് സെൻട്രൽ ഗവണ്മെൻറു് ചെയ്യണം. റെയിൽവേ, പോർട്ടു് ഡെവലപ്പ്മെൻറു്, ഏവിയേഷൻ ഡെവലപ്പ്മെൻറു്, വ്യവസായങ്ങൾ എന്നീ വിവിധ രംഗത്തും സെൻട്രൽ ഗവണ്മെൻറു് ചെലവു ചെയ്യണം. ആ ഒരു പ്രമേയം ഇന്നത്തെ വാദപ്രതിവാദത്തിന്റെ ഫല

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

മായി പാസ്സാക്കാൻ സാധിക്കുമെങ്കിൽ അതു് വളരെ സഹായകരമായിരിക്കുമെന്നു് ഗവണ്മെൻറു കരുതുന്നു. ഈ വക വിഷയങ്ങൾ പ്ലാനിംഗ് കമ്മീഷന്റെ കാൺഫറൻസിൽ ഉന്നയിച്ചതിന്റെ ഫലമായി സെൻട്രൽ ഗവണ്മെൻറു് ഇൻവെസ്റ്റ്മെൻറു ചെയ്യുന്ന സന്ദർഭത്തിൽ തിരുവിതാംകൂർ–കൊച്ചിക്കു് പ്രത്യേക പരിഗണന നൽകുമെന്നു് പ്ലാനിംഗ് കമ്മീഷന്റെ റിക്കാർഡിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. ആ കാര്യം വളരെ സന്തോഷത്തോടുകൂടി ഞാൻ സഭയെ അറിയിച്ചുകൊള്ളുന്നു. നമ്മുടെ രാജ്യത്തു് കൂടുതൽ റയിൽവേ വേണം. റയിൽവേയുടെ കാര്യത്തിൽ ഈ സമയിലെ നാനാഭാഗത്തുള്ള അംഗങ്ങൾക്കും താല്പര്യമുണ്ടു്. തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു് റയിൽവേ വളരെ കുറവാണു്. ഭരണത്തെ ആകമാനം എടുക്കുകയാണെങ്കിൽ അതും അങ്ങിനതന്നെ. ജനസംഖ്യയും വിസ്താരവും നോക്കുമ്പോൾ ഇൻഡ്യയിലെ മറ്റു ചില ഭാഗങ്ങളിൽ ഉള്ളതുപോലെ അത്രയേറെ റയിൽവേ ഇവിടെയില്ല. അതിനു് ചരിത്രപരമായ കാരണങ്ങളുമുണ്ടു്. സർ സി. പി. രാമസ്വാമിഅയ്യർ ഇവിടെ ദിവാൻജിയായിരുന്ന കാലത്തു്, തിരുവിതാംകൂറിൽ കൂടുതൽ റയിൽവേ ആവശ്യമില്ലെന്നും, റോഡു് ട്രാൻസ്പോർട്ടും, വാട്ടർ ട്രാൻസ്പോർട്ടുമാണു് ഇവിടെ ഡെവലപ്പു ചെയ്യേണ്ടതെന്നും പറഞ്ഞതുകൊണ്ടാണു് ഇവിടത്തെ റയിൽവേ ഡെവലപ്പുമെൻറു് നിറുത്തിവച്ചതു്. റയിൽവേ സെൻട്രൽ ഗവണ്മെൻറിന്റെ സബ്ജക്റ്റു് ആയ ശേഷമാണു് കൂടുതൽ റയിൽവേ വേണമെന്നു് നാം ആവശ്യപ്പെട്ടതു്. അതിന്റെ ഫലമായിട്ടാണു് കൊല്ലം–എറണാകുളം റെയിൽവേ ഇപ്പോൾ അനുവദിച്ചു് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. ഏതാനും കാലത്തിനകം അതു് പൂർത്തിയാകും. ആലപ്പുഴ പട്ടണവും മട്ടാഞ്ചേരി തുറമുഖവുമായി യോജിപ്പിക്കുന്ന ഒരു റയിൽവേ വേണമെന്നു്. ആലപ്പുഴയിലെ പൗരന്മാർ കക്ഷിഭേദമെന്യേ രാഷ്ട്രീയപരിഗണന കൂടാതെ എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങളും സംഘടിച്ചു് ഗവണ്മെൻറിനോടു് ആവശ്യപ്പെട്ടിട്ടുണ്ടു്. അതുപോലെതന്നെ കൊച്ചിൻ ഹാർബറും മധുരയുമായി ഘടിപ്പിക്കത്തക്ക വിധത്തിൽ ഒരു റയിൽവേ വേണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടു്. ആലപ്പുഴയുമായി കൊച്ചിയെ യോജിപ്പിക്കുന്ന റയിൽവേ ചേർത്തല–ആലപ്പുഴ വഴി വന്നു് കൊല്ലം–എറണാകുളം റയിൽവേയിൽ മാവേലിക്കരയിലോ, കായംകുളത്തോ ഏതെങ്കിലും ഒരു പ്രദേശത്തു് ഇഞ്ചിനീയറന്മാർ നിർദ്ദേശിക്കുന്ന സ്ഥലത്തു് ഘടിപ്പിക്കണമെന്നാണു് ഗവണ്മെൻറാവശ്യപ്പെട്ടിട്ടുള്ളതു്. എവിടെ ഘടിപ്പിക്കണമെന്നുള്ളതു് ഇഞ്ചിനീയറന്മാർ തീർച്ചയാക്കേണ്ടതാണു്. തിരുവനന്തപുരവും കന്യാകുമാരിയും തമ്മിൽ യോജിപ്പിക്കുന്ന ഒരു റയിൽവേ വേണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടു്. തൃശ്ശൂർ–കൊല്ലങ്കോടു റയിൽവേ, തൃശ്ശൂർ–കുന്നംകുളം റയിൽവേ, പുനലൂർ–തിരുവല്ലാ റയിൽവേ ഇങ്ങിനെ പല റയിൽവേകളും പുതുതായി തുടങ്ങണമെന്നു് ജനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടു്. ഈ നിവേദനങ്ങൾ എല്ലാം കേന്ദ്രഗവണ്മെൻറിന്റെയും, പ്ലാനിംഗ് കമ്മീഷന്റെയും, റയിൽവേ മിനിസ്ട്രിയുടേയും മുമ്പാകെ സമർപ്പിച്ചിട്ടുണ്ടു്. ഏതു നിലയിലും റയിൽവേയിനത്തിൽ വളരെയേറെ ഇൻവെസ്റ്റ്മെൻറു് രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു് വേണമെന്നു് നാം ആവശ്യപ്പെട്ടിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

അടുത്തതായി വ്യവസായങ്ങളുടെ കാര്യമാണ് എനിക്ക് പറയാനുള്ളത്. ഇപ്പോൾ മുന്നു പ്രധാനപ്പെട്ട സ്റ്റീൽ ഇൻഡസ്ട്രീസ് നമ്മുടെ രാജ്യത്ത് തുടങ്ങാൻ പോകുകയാണ്. അയൺ ഓർ ഉണ്ടാക്കുന്നതിനു കൽക്കരിയുള്ള സ്ഥലങ്ങളിലൊക്കെ ഫാക്ടറി ചെയ്യുന്നു. സ്റ്റീലിനോടു ബന്ധപ്പെട്ട അനേകം ഫാബ്രിക്കേറ്റിംഗ് ഇൻഡസ്ട്രീസ് ഉണ്ടാകാനിടയുണ്ട്. അവ വളരെയേറെ തൊഴിലില്ലായ്മയും തൊഴിലാളികളുമുള്ള നമ്മുടെ സ്റ്റേറ്റിൽ സ്ഥാപിക്കണം. ഷിപ്പ് ബിൽഡിംഗ് യാർഡ് തുടങ്ങിയവ ഇവിടെ സ്ഥാപിക്കണം. ചുരുക്കിപ്പറയുകയാണെങ്കിൽ ഈ രാജ്യത്തെ വിവിധ പ്രശ്നങ്ങളെ പരിഗണിച്ച് സെൻട്രൽ ഇൻവെസ്റ്റ്മെൻറ് ഇവിടെ കൂടുതൽ ഉണ്ടാകണം. ഇതു് ഏകസ്വരത്തിൽ ഈ നിയമസഭയുടെ നാനാഭാഗങ്ങളിൽനിന്നും വാദിച്ചാൽ കൊള്ളാമെന്നു് എനിക്ക് അപേക്ഷയുണ്ട്. നമ്മുടെ രാജ്യത്തെ ഡെൻസിറ്റി ആഫ് പോപ്പുലേഷൻ പ്ലാനിംഗ് കമ്മീഷന്റെ ആലോചനയ്ക്കു വിഷയമാക്കണമെന്നു് ഞാൻ ഈ നിയമസഭയിൽ രണ്ടുതവണ ഈ ക്ലോസ് അവതരിപ്പിച്ചുകൊണ്ടു് പറഞ്ഞിട്ടുണ്ട്. അതുപറഞ്ഞു് എന്നെ ഈ സഭയിലെ ചിലർ ആക്ഷേപിച്ചിട്ടുണ്ട്. ഈ പ്ലാനിംഗ് കമ്മിഷൻ ഒരു നാഷണൽ പ്ലാനിംഗ് കമ്മീഷൻ ആയതുകൊണ്ടു് ഇൻഡ്യയുടെ ഓരോ ഭാഗത്തുള്ള പിക്കുലിയർ പ്രോബ്ലംസ് സാധിവ് ചെയ്യേണ്ടതു് പ്ലാനിംഗ് കമ്മീഷന്റെ ചുമതലയായി കണക്കാക്കാം.

ഇൻഡ്യയുടെ വിവിധസംസ്ഥാനങ്ങളിലേയും കണക്കു് എടുത്തു നോക്കുകയാണെങ്കിൽ, ഈ സംസ്ഥാനത്തുള്ള പ്രധാന പ്രശ്നം, ഡെൻസിറ്റി ആഫ് പോപ്പുലേഷൻ ആണെന്നും, അതു് പ്ലാനിംഗ് കമ്മീഷന്റെയും, കേന്ദ്രഗവണ്മെൻറിന്റേയും ചിന്താവിഷയമാകണമെന്നും, അതിനു എന്തെങ്കിലും പരിഹാരം ഉണ്ടാക്കുന്ന കാര്യം നാം കേന്ദ്രഗവണ്മെൻറിന്റെ അടുത്തും, പ്ലാനിംഗ് കമ്മിഷന്റെ അടുത്തും പറയാതെയിരിക്കുവാനും നിവൃത്തിയില്ല. ഇതിനു് എന്താണു് പരിഹാരമാർഗ്ഗമെന്നു നാമും ചിന്തിക്കണം. ഒരു ചതുരശ്രമൈൽ വിസ്താരമുള്ള സ്ഥലത്തു് ആയിരത്തിലധികം ജനങ്ങൾ താമസിക്കുക എന്നതു് ഒരു വലിയ പ്രശ്നമാണു്. യൂറോപ്യൻ രാജ്യങ്ങളിൽ ഏറ്റവും ജനപ്പെരുപ്പമുള്ള ബൽജ്യം, ഹോളണ്ടു് എന്നീ സ്ഥലങ്ങളിലെക്കാൾ കൂടുതലാണു് തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിലെ ഡെൻസിറ്റി ആഫ് പോപ്പുലേഷൻ. തിരുവിതാംകൂർ–കൊച്ചി സംസ്ഥാനം കഴിഞ്ഞാൽ ഏറ്റവും അധികം ഡെൻസിറ്റി ആഫ് പോപ്പുലേഷൻ ഉള്ളതു് ബംഗാൾ ആണു്. അവിടത്തെ ജനസംഖ്യ കണക്കാക്കിയിട്ടുള്ളതു് ഒരു വലിയ വ്യവസായകേന്ദ്രവും, തുറമുഖവുംകൂടിയായ കൽക്കട്ടയിലെ ജനസംഖ്യകൂടി ചേർത്താണു്. അതുകൊണ്ടാണു് അവിടെ ഇങ്ങനെ ജനപ്പെരുപ്പം ഉണ്ടായിട്ടുള്ളതു്. ഇവിടെയാകട്ടെ ഗ്രാമങ്ങളും സിറ്റിയും തമ്മിലുള്ള വ്യത്യാസം കേവലം സാങ്കേതികമാണു്.

എതായാലും, നമ്മുടെ നാട്ടിലെ ജനപ്പെരുപ്പം ഒരു പ്രത്യേക പ്രാബ്ലമായി കണക്കാക്കി അതിലേക്കു ഒരു പരിഹാരം ഉണ്ടാക്കാൻ പ്ലാനിംഗ് കമ്മിഷൻ ശ്രമിക്കാതെയിരിക്കയില്ല. എന്നാൽ എന്താണു് ഇതിലേക്കു ഒരു പരിഹാരം എന്നതാണു് കാര്യം നോക്കേണ്ടതു്. സെൻട്രൽ ഇൻഡസ്ട്രീസ് ലൊക്കേറ്റ ചെയ്യുന്ന അവസരത്തിൽ ഈ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

മാതിരിയുള്ള സംസ്ഥാനങ്ങളുടെ കാര്യംകൂടി പരിഗണിക്കത്തക്കവിധത്തിൽ ഉള്ള ഒരു നയം സ്വീകരിക്കേണ്ടതായിട്ടുണ്ട്. അങ്ങിനെ ഒരു നയം സ്വീകരിച്ച് സെൻട്രൽ ഇൻഡസ്ട്രീസ് ലൊക്കേറ്റ ചെയ്യണം; അതിലൊരു വ്യവസായമാണ് ഇവിടത്തെ റെയർ എർത്ത്സ്. ഈ വ്യവസായത്തിൽ നമ്മുടെ ഗവണ്മെൻറിനു ഷെയർ ഉണ്ട്. അതുപോലെതന്നെ ഒരു ഡി. ഡി. റ്റി. ഫാക്ടറി ഇവിടെ തുടങ്ങണം നിശ്ചയിച്ചിട്ടുണ്ട്. അതു മിക്കവാറും ആയിക്കഴിഞ്ഞു. അങ്ങിനെ പ്രധാനപ്പെട്ട വ്യവസായങ്ങൾ നമ്മുടെ രാജ്യത്തിൽ ലൊക്കേറ്റ ചെയ്യാൽ അതിന്റെ ഫലമായിട്ട് ക്ഷേമത്തിന്റെ പ്രസരം രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ഉണ്ടാകുന്നതാണ്. ഇക്കാര്യത്തിൽ പ്ലാനിംഗ് കമ്മിഷൻ ശ്രമിച്ചിട്ടില്ലാ എന്നു പറയുവാൻ നിവൃത്തിയില്ല. അതിലേക്ക് വേണ്ടി, ഈ സഭയുടെ നാനാഭാഗത്തും ഉള്ള അഭ്യുദയം കക്ഷിഭേദംകൂടാതെ ഒരു ശ്രമം നടത്തണം. രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഇപ്പോൾ ഉൾക്കൊള്ളിച്ചിട്ടുള്ള തുകയിൽ നിന്നും കൂടുതലായി, സെൻട്രൽ ഗവണ്മെൻറിൽനിന്നും നേരിട്ട് ചെലവു ചെയ്യാനുദ്ദേശിക്കുന്നതിൽ അതിപ്രധാനമായ ഒരു വിഹിതം വളരെക്കാലമായി അവഗണിക്കപ്പെട്ടുകിടക്കുന്ന നമ്മുടെ സംസ്ഥാനത്തിനു ലഭിക്കണമെന്നുള്ള അഭിപ്രായമായിരിക്കും ഈ അവസരത്തിൽ ഏറ്റവും നല്ല അഭിപ്രായം എന്നു എനിക്കു തോന്നുന്നു.

സർ, ഞാൻ ഇതിനെപ്പറ്റി കൂടുതൽ ഒന്നും പറയുന്നില്ല. ഈ വിഷയത്തെപ്പറ്റി വാദപ്രതിവാദം നടത്തണമെന്നു ഞാൻ സഭയോടു പേക്ഷിക്കുന്നു.

SHRI P. S. NATARAJA PILLAI: Sir, on a point of information. Will the hon. Minister be kind enough to indicate the State's share in the Plan expenditure?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ സംസ്ഥാനത്തിന്റെ ഫൈനാൻഷ്യൽ റിസോഴ്സസ് എന്തായിരിക്കും എന്നുള്ളതിനെ ആസ്പദമാക്കിയാണ് രണ്ടാം പഞ്ചവത്സരപദ്ധതിയിൽ തുക കൊള്ളിച്ചിട്ടുള്ളത്. അതായത് പ്ലാനിംഗിനുള്ള 76 കോടി രൂപയിൽ എത്രകോടി രൂപനാം പ്രൊഡ്യൂസ് ചെയ്യും എന്നു കണക്കാക്കിയതിൽ ഏറെക്കുറെ മുപ്പതു കോടി രൂപ നമുക്കു പ്രൊഡ്യൂസ് ചെയ്യാമെന്നു അറിയിച്ചിട്ടുണ്ട്. ആ കണക്കു സെൻട്രൽ ഗവണ്മെൻറും പ്ലാനിംഗ് കമ്മീഷനും പരിശോധിച്ച് അപ്രൂവു ചെയ്തിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: പുതിയ നികുതികൾ ചുമത്തിയാണോ സാധാരണഗതിയിലുള്ള റവന്യൂവിൽനിന്നുമുള്ള സർപ്ലസിൽ നിന്നാണോ ഈ തുക ഉണ്ടാക്കാൻ പോകുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചില ടാക്സുകൾ ഉണ്ടാകും.

ശ്രീ. എ. അച്യുതൻ: നേരത്തെ വിതരണം ചെയ്ത ഡ്രാഫ്റ്റിൽ ഉൾക്കൊള്ളിച്ചിരുന്ന ഒന്നാമത്തെയിലെ ഒരു ജലസേചന പദ്ധതി ഇപ്പോൾ കാണുന്നില്ല. അതു എന്തുകൊണ്ടാണെന്നറിഞ്ഞാൽകൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആദ്യത്തെ ഡ്രാഫ്റ്റിൽ ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതുമാണെങ്കിൽ അതു് പ്ലാനിംഗ് കമ്മിഷൻ വെട്ടിക്കുറച്ചതു് ആയിരിക്കും.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : മുഖ്യമന്ത്രി ഇവിടെയുള്ള മുതലാളിമാരുമായി വ്യവസായങ്ങൾക്കുവേണ്ടി പണം മുടക്കാനില്ലാ എന്നു പ്രസ്താവിച്ചു. ഇവിടെയുള്ള മുതലാളിമാർ അവരുടെ ലാഭം മുഴുവനും അടുത്ത ചില കാലങ്ങളിലായിട്ടു് ഭൂമിയിൽ മുടക്കിക്കൊണ്ടിരിക്കുകയാണെന്നുള്ള വിവരം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അതുകൊണ്ടു് ഇപ്പോഴത്തെ ഭൂനിയമങ്ങളിൽ മാറ്റം വരുത്താതെ ഈ കുഴപ്പം പരിഹരിക്കാമെന്നു വിചാരിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : രണ്ടാം പഞ്ചവത്സര പദ്ധതിയുടെ വിജയത്തിനു പുരോഗമനാത്മകമായ ഒരു ഭൂനയവും ആവശ്യമാണെന്നാണു് ഗവണ്മെന്റിന്റെ അഭിപ്രായം.

ശ്രീ. ഡി. വിവേകാനന്ദൻ : സർ, ഡ്രാഫ്റ്റ് പ്ലാനിന്റെ 12-ാം പേജിൽ സ്റ്റേറ്റുമെന്റ് 3, അതായതു് എസ്റ്റിമേറ്റ് ആഫ് റിസോഴ്സസ് ലിസ്റ്റിൽ ഏഴുപത്തിഒന്നു കോടി രൂപ ടോട്ടൽ ആയി കൊള്ളിച്ചിരിക്കുന്നു. അതിൽ സെൻറ്റൽ നിന്നും ഗ്രാന്റായിട്ടും ലോണായിട്ടും കിട്ടാവുന്ന ഇരുപത്തിയഞ്ചുകോടി രൂപയും ഉൾപ്പെടുന്നു. അതു കഴിച്ചാൽ 46 കോടിയാണുള്ളതു്. അതു കഴിഞ്ഞിട്ടു അതിനടുത്ത പേജിൽ പറയുന്നുണ്ടു് 65 കോടി അഡിഷനൽ ആയിട്ടു കിട്ടുമെന്നു്.

"It is expected that a grant of Rs. 2·3 crores and a loan of Rs. 63·97 crores will be forthcoming from the Government of India to finance the plan in addition to the contributions which the State is eligible for on joint schemes ...."

ഇങ്ങിനെ പ്രതീക്ഷിക്കുന്നതു് എന്തു അടിസ്ഥാനത്തിലാണെന്നു ഈ കടലാസ്സുകൾ നോക്കിയിട്ടു മനസ്സിലാകുന്നില്ല. 131 കോടി രൂപയുടെ പ്ലാൻ ആണെന്നു പറഞ്ഞിട്ടു, എഴുപത്തിഒന്നു കോടിയുടെ പ്ലാൻ മാത്രമാണു സമർപ്പിച്ചിട്ടുള്ളതു്. അതു കൂടാതെ 65 കോടിയുടെ ഒരു ആശ്രയവും കാണിച്ചിട്ടുണ്ടു്. വാസ്തവത്തിൽ എഴുപത്തിഒന്നു കോടിയുടെ പ്ലാനേ അപ്രൂവു ചെയ്തിട്ടുള്ളൂ. അറുപത്തിയഞ്ചു കോടിയുടെ കാര്യത്തിൽ "it is expected" എന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ.

ദേശീയ വരുമാനത്തിന്റെ ഏഴുശതമാനം നികുതി ഏർപ്പെടുത്തിയിട്ടുള്ളതു് പതിനൊന്നു ശതമാനം ആക്കുമ്പോൾ അതുതന്നെ ആകെയുള്ള ടാക്സിന്റെ മുപ്പതു ശതമാനത്തിൽ അധികം വരും. സെൻട്രൽ ഗവണ്മെന്റിൽ റിസോഴ്സസ് പരിമിതമായിരിക്കെ ഏക്സ്പെൻഡ് ചെയ്യുന്നുണ്ടെന്നു പറയുന്നതു് എന്തടിസ്ഥാനത്തിലാണെന്നു മനസ്സിലാകുന്നില്ല.

പിന്നീടൊന്നു പറയുവാനുള്ളതു്, ഇതിൽ കൊള്ളിച്ചിട്ടുള്ള പല അയിറ്റങ്ങളും, ടോട്ടൽ എമൗണ്ട്സും, അലാട്ടു ചെയ്തിട്ടുള്ള തുകകളും എല്ലാംതന്നെ കുഴച്ചു മറിച്ചിട്ടിരിക്കുകയാണു്. അയിറ്റങ്ങളും നമ്പരുകളും എല്ലാം ഒന്നുതന്നെയെങ്കിലും ആകെത്തുകകളിൽ വ്യത്യാസം കാണുന്നുണ്ടു്. ഇതെല്ലാം എന്തടിസ്ഥാനത്തിലാണെന്നും ഏതു മാനദണ്ഡത്തിലാണെന്നും ഉള്ള സംശയം വ്യക്തമാക്കിയാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഓരോരോ സംഗതി കൾക്കും പ്രത്യേകം പ്രത്യേകം മറുപടി പറയാതെ ഒടുവിൽ എല്ലാ സംശയങ്ങൾക്കും മറുപടി പറയാം.

മി. സ്പീക്കർ: ഓരോന്നിനും മറുപടി പറയാൻ സമയമില്ല. രണ്ടര മണിക്കൂർ സമയമേ ഉള്ളൂ.

ശ്രീ. ടി. കെ. ദിവാകരൻ: വെള്ളിയാഴ്ചയായതുകൊണ്ട് രണ്ടര മണിക്കൂർ സമയമേ ഇതിനുവേണ്ടി ലഭിക്കുന്നുള്ളൂ. അതിപ്രധാനമായ ഒരു കാര്യമായതുകൊണ്ട് പലർക്കും സംസാരിക്കാൻ ഉണ്ടായിരിക്കും. ആവശ്യമായ സമയം ലഭിക്കത്തക്കവിധം ഡിസ്കഷൻ നടത്താൻ ഏർപ്പാട് ചെയ്താൽ കൊള്ളാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നാളെ ലജിസ്ലേറ്റീവ് ബിസിനസ് കഴിഞ്ഞതിന്റെ ഇതിനുവേണ്ടി സമയം ഉപയോഗിക്കാവുന്നതാണ്.

ശ്രീ. ടി. വി. തോമസ് : ഈ സ്റ്റേറ്റിന്റെ ഭാവിയെ സംബന്ധമായി സ്പർശിക്കുന്ന ഈ കാര്യത്തെപ്പറ്റി രണ്ട് മണിക്കൂർ സമയംകൊണ്ട് ചർച്ച ചെയ്യുന്നത് സാഹസമാണ്. മറ്റുവിധത്തിൽ ആവശ്യമുള്ള ടൈം അലോട്ടുചെയ്തു കിട്ടണം. അല്ലെങ്കിൽ ഈ രണ്ടു മണിക്കൂർ സമയത്തെ ചർച്ചയും വേണ്ടെന്നുവയ്ക്കണം.

ശ്രീ. ടി. എസ്സ്. രാമസ്വാമി : ഇതിന്റെ ചർച്ചയ്ക്കുവേണ്ടി ഒരു ദിവസം മാത്രം വച്ചിട്ടുള്ളതിൽ മാറ്റമൊരു സംസ്ഥാനവുമില്ലെന്നും, രണ്ടും നാലും ദിവസം ചർച്ച നടക്കുന്നുണ്ടെന്നും അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇതുസംബന്ധിച്ച് ഡിസ്കഷനു സമയം കൂടുതൽ വേണമെന്നുള്ളതിനെ നിഷേധിക്കുന്നില്ല. ഈ സെഷൻ നീട്ടിവയ്ക്കുന്ന കാര്യത്തിൽ വിഷമം ഉണ്ട്. ഇന്നലെ എസ്സ്. ആർ. സി. റിപ്പോർട്ടിനെപ്പറ്റി ചർച്ചചെയ്തു പാസ്സാക്കിയ വിവരങ്ങൾ വീണ്ടും ചർച്ചചെയ്യുന്നതിനു് ഡൽഹിയിൽ പോകേണ്ടി വരും. അതും വളരെ പ്രധാനമായ ഒരു കാര്യമാണ്. ഈ ഡിസ്കഷൻ പൂർത്തിയാകുന്നതിലേക്ക് എന്താണ് ചെയ്യേണ്ടതെന്നു മനസ്സിലാകുന്നില്ല.

ശ്രീ. എ. താണുപിള്ള : ഡൽഹിയിൽ എന്നുപോകണം. ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ദിവസവും ഡോക്ടർ പ്രതീക്ഷിച്ചു കഴിയുകയാണ്. ഈ ആഴ്ചതന്നെ, ശനിയാഴ്ചയോടുകൂടി ഉണ്ടാകുമെന്നു് അറിയിച്ചിരിക്കുകയാണ്. തീയതി നിശ്ചയിച്ച വിവരം കിട്ടുന്നതാണ്. മദ്രാസു മുഖ്യമന്ത്രി ശ്രീ. രാമരാജനാടാരും ഇതുതന്നെ അറിയിച്ചിട്ടുണ്ട്. അതുകൊണ്ടാണ് നാളെത്തന്നെ ഈ സെഷൻ അവസാനിപ്പിക്കണമെന്നു പറയുന്നതു്.

ശ്രീ. എ. താണുപിള്ള : അങ്ങിനെയെങ്കിൽ, ഇടവക ബില്ലിനെപ്പറ്റി ചർച്ച ഈ സെഷനിൽതന്നെ വേണമെന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് സെലക്ട്കമ്മിറ്റിയ്ക്കു് അയയ്ക്കണമെന്നാണ് നിശ്ചയിച്ചിരിക്കുന്നതു്. അതു് അൽപ സമയംകൊണ്ടു് തീരും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. തങ്കപ്പിള്ള : ഇന്നലത്തെപ്പോലെ നാളെയും രാവിലെ ചോദ്യോത്തരങ്ങൾ വേണ്ടെന്നുവച്ചു്, രാവിലെ എട്ടുമണി മുതൽ പന്ത്രണ്ടു മണിവരെയും, വീണ്ടും രണ്ടുമണി മുതൽ അഞ്ചുമണിവരെയും ഡിസ്കസ് ചെയ്താൽ സൗകര്യമായിരിക്കും. അപ്പോൾ എഴെട്ടു മണിക്കൂർ സമയം കിട്ടും.

ശ്രീ. പറമ്പിള്ളി ഗോവിന്ദമേനോൻ : ഈ സഭയുടെ ഇഷ്ടം അങ്ങനെയാണെങ്കിൽ അതാകാം.

ശ്രീ. എം. പി. മേനോൻ : ഇന്നും നാളെയും അങ്ങിനെയാകാം.

മി. സ്പീക്കർ : അങ്ങിനെയാണെങ്കിൽ ഇന്നു് പന്ത്രണ്ടര മണിക്കു പിരിഞ്ഞു് രണ്ടര മണിക്കു വീണ്ടും കൂടാം. നാളെ രാവിലെ എട്ടുമണി മുതൽ 12 മണിവരെയും, 2 മണി മുതൽ 5 വരെയും, രാവിലെ ചോദ്യോത്തരങ്ങൾ ഇല്ലാതെ ഡിസ്കഷൻ നടത്താവുന്നതാണു്.

SHRI M. P. MENON: In that case, what about the amendments to be moved ?

MR. SPEAKER: We will follow the procedure followed in respect of the other discussion taking the amendments as having been moved and discussion proceeding on that basis.

10 A M

ശ്രീ. ടി. കെ. ദിവാകരൻ: സർ, നമ്മുടെ സ്റ്റേറ്റിന്റെ അടുത്ത അഞ്ചുകൊല്ലത്തെ സാമ്പത്തികപ്രവർത്തനങ്ങളെ വളരെ പ്രധാനമായി ബാധിക്കുന്ന ഈ കരടുപ്ലാൻ, ഈ അവസരത്തിൽ മാത്രമാണു് — മിക്കവാറും ഇതിന്റെ എല്ലാ ജോലികളും പൂർത്തിയായി, അവസാന രൂപം നാഷണൽ പ്ലാനിംഗ് കമ്മിഷൻ രൂപീകരിച്ചതിനുശേഷം മാത്രമാണു് — ചർച്ചയ്ക്കു വിധേയമാക്കാനുള്ള അവസരം ലഭിച്ചിരിക്കുന്നതു്. സർ, ഒന്നാം പഞ്ചവത്സരപദ്ധതിയിലെ പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം, ഈ സ്റ്റേറ്റിനു്, ഇതിനു മുൻപുണ്ടായിരുന്ന പല ഡെവലപ്മെന്റ പ്രവർത്തനങ്ങളും പെട്ടെന്നു രണ്ടാംപഞ്ചവത്സരപദ്ധതിയിലേക്കു ഉൾപ്പെടുത്തേണ്ടി വന്നതുകൊണ്ടു് ആവശ്യമായ അവധാനതയോടുകൂടി ഈ രാജ്യത്തെ പ്രത്യേക പ്രശ്നങ്ങളെ സമീപിക്കുന്നതിനും അതിനൊരു പരിഹാരമായി കണക്കാക്കാവുന്ന പദ്ധതികളും ഒന്നാംപഞ്ചവത്സരപദ്ധതിയിൽ ഉൾക്കൊള്ളിക്കുന്നതിനും കഴിഞ്ഞതിരുന്നില്ലെന്നു് ഈ സഭയിൽ ചോദ്യോത്തരവേളയിൽ മുഖ്യമന്ത്രി സംസാരിക്കുകയുണ്ടായി. അതുപോലെതന്നെ ഒന്നാംപഞ്ചവത്സരപദ്ധതിയിൽ കാർഷികരംഗത്തു് ഈ രാജ്യത്തെ ക്ഷേമപ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയായിരുന്നു, മുഖ്യമായ ആ ലക്ഷ്യപ്രാപ്തിക്കുവേണ്ടിയായിരുന്ന പ്രവർത്തനം കേന്ദ്രീകരിച്ചിരുന്നതെന്നും, രണ്ടാംപഞ്ചവത്സരപദ്ധതിയിൽ മുഖ്യമായ ലക്ഷ്യം വ്യാവസായിക രംഗത്തു കൂടുതൽ അഭിവൃദ്ധികരമായ പ്രവർത്തനങ്ങളും നടത്തുകയും ഇന്നത്തെ തൊഴിലില്ലായ്മ പരിഹരിക്കുകയും, ചെയ്യുക ആയിരിക്കുമെന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. സർ, പ്ലാനിന്റെ രൂപത്തെപ്പറ്റി ഡിസ്കസ് ചെയ്യുന്ന ഈ അവസരത്തിൽ, നമ്മുടെ സംസ്ഥാനത്തിന്റെ രൂപം തന്നെ മാറ്റിപ്പണിയാൻ ആലോചന നടക്കുകയുണ്ടു്. മാറിയിൽ രൂപം കൊള്ളാൻപോകുന്ന കേരളസംസ്ഥാനത്തിന്റെ ബാധ്യതകളും, ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

യുള്ള ഡെവലപ്മെൻറ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഈ പ്രദേശത്തുണ്ടാവുന്ന എല്ലാ പ്രയോജനങ്ങളും നോക്കാതെ ഈ പ്ലാൻ എങ്ങിനെ നമുക്ക് വിവിധരംഗങ്ങളിൽ പ്രവർത്തിക്കാൻ സാധിക്കുമെന്നു ഉറപ്പുപറയാൻ സാദ്ധ്യമല്ല. പുതുതായി രൂപം കൊള്ളാൻപോകുന്ന കേരളസംസ്ഥാനത്തിൻറെ സാമ്പത്തികമായ കൂടുതൽ ബാദ്ധ്യതകളും നമ്മെ സംബന്ധിച്ചിടത്തോളം ഈ പ്ലാനിനെ സാരമായി ബാധിക്കുന്നതായിരിക്കും. കേരളത്തിൽ ഉൾപ്പെടുത്തുന്ന മലബാർ കൂടുതലായ സാമ്പത്തിക ബാദ്ധ്യതയുള്ള ഒരു പ്രദേശമാകയാൽ സംസ്ഥാനത്തിലെ മറ്റു പ്രദേശങ്ങളെക്കാൾ വളരെയധികം പിന്നോക്കം നിൽക്കുന്നതായി നമുക്കെല്ലാം അറിയാവുന്നതാണ്. ആ വിവരം ഇവിടെ നടന്ന ചർച്ചകളിൽനിന്നും വേണ്ടപോലെ വ്യക്തമായി കഴിഞ്ഞിട്ടുമുണ്ട്. കൂടുതൽ സാമ്പത്തിക ബാദ്ധ്യതയുള്ള ആ പ്രദേശംകൂടി ഈ സംസ്ഥാനത്തോടു കൂട്ടിച്ചേർക്കുന്ന ഈ അവസരത്തിൽ ആ അടിസ്ഥാനത്തിൽ ഈ പ്ലാനിൻറെ രൂപം എന്തായിരിക്കുമെന്നു ചർച്ച ചെയ്യേണ്ടതാണെന്നാണ് എൻറെ അഭിപ്രായം. അങ്ങിനെ നോക്കുമ്പോൾ ഇതിൽ പല പോരായ്മകളുമുണ്ടെന്നു കാണാവുന്നതാണ്.

സർ, ഇന്നു സംസ്ഥാനത്തെ പഞ്ചവത്സരപദ്ധതിയെപ്പറ്റി നോക്കുകയാണെങ്കിൽ, അഖിലേന്ത്യാ നാഷനൽ പ്ലാനിംഗ് കമ്മിഷൻറെ പൊതുവായ നയത്തിൽനിന്നു, ഇൻഡ്യാഗവൺമെൻറ രണ്ടാംപഞ്ചവത്സരപദ്ധതി രൂപീകരണകാര്യത്തിൽ സ്വീകരിച്ച മാനദണ്ഡത്തിൽനിന്നു വ്യത്യസ്തമായ ഒരു വീക്ഷണഭാവമാണു പ്രദർശിപ്പിച്ചിരിക്കുന്നതെന്നു കാണാൻ കഴിയും. പഞ്ചവത്സരപദ്ധതിയിൽ ഏറ്റവും പ്രധാനമായി കൂടിൽവ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുമെന്നും, അഞ്ചുകൊല്ലം കൊണ്ടു ദേശീയവരുമാനത്തിൽ 25 ശതമാനം ലാഭം വർദ്ധിപ്പിക്കുമെന്നും, 110 ലക്ഷത്തോളം ആളുകൾക്കു പുതുതായി തൊഴിൽ സൗകര്യമുണ്ടാക്കിക്കൊടുക്കുമെന്നും പറയുന്നുണ്ട്. അതുപോലെതന്നെ വളരെയധികം വ്യവസായങ്ങൾ ഗവൺമെൻറിൻറെ നേരിട്ടുള്ള മേൽനോട്ടത്തിൽ ആരംഭിക്കുമെന്നും, ഖനിവ്യവസായങ്ങളും ഇതിൽ ഉൾപ്പെടുമെന്നും, അതുമൂലം സാമ്പത്തികവും സാമൂഹ്യവുമായ അഭിവൃദ്ധി ഉണ്ടാകുന്നതാണെന്നും കാണുന്നു. ഈ അവസരത്തിൽ ഈവക പ്രവർത്തനങ്ങൾ എത്രത്തോളം ലക്ഷ്യത്തിലെത്താൻ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സാദ്ധ്യതയുണ്ടെന്നു പരിശോധിക്കേണ്ടതുണ്ട്. ഈ പ്ലാൻ വിചാരിക്കുന്നതുപോലെ ഫലപ്രദമാകുന്നതിനു, കേന്ദ്രത്തിൻറെ ഉദ്ദേശങ്ങൾ സാക്ഷാൽക്കരിക്കുന്നതിനു സഹായകമായ പൊതുതത്വങ്ങൾ ഈ സംസ്ഥാനത്തെ പ്ലാൻ രൂപപ്പെടുത്തിയതിൽ അംഗീകരിച്ചിട്ടില്ലെന്നാണ് എൻറെ അഭിപ്രായം. അതുപോലെതന്നെ ഒന്നാംപഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽ എത്തിയിരിക്കുന്ന ഈ അവസരത്തിൽ, അതിൻറെ പ്രവർത്തനങ്ങൾ ലക്ഷ്യത്തോടു എത്രത്തോളം സമീപിച്ചിട്ടുണ്ടെന്നു പരിശോധിക്കുന്നതു നന്നായിരിക്കുമെന്നു കരുതുന്നു. ഒന്നാംപഞ്ചവത്സരപദ്ധതിമൂലം ഇതുവരെ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ, വികസനങ്ങൾ പരിശോധിക്കേണ്ടതു ആവശ്യമാണല്ലൊ. പ്ലാനിംഗ് കമ്മിഷൻതന്നെ സമ്മതിച്ചിട്ടുണ്ട്, ഒന്നാംപഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽ വലുതായ കാഷ്ടികോല്പന്നങ്ങളുടെ വിലയിടിവു നേരിട്ടുകൊണ്ടിരിക്കുകയാണെന്നു. ക്ഷ്യപ്രശ്നം പരിഹരിക്കുന്നതിന

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയാണ് മുഖ്യമായും ഒന്നാംപഞ്ചവത്സരപദ്ധതി ആരംഭിച്ചതെങ്കിലും, ആ പ്രശ്നത്തിനു പരിഹാരം ഏതാണ്ടു കണ്ടെത്തിയെങ്കിലും, നാട്ടിൽ പരക്കെ കാർഷികവിഭവങ്ങൾക്കു വിലയിടിവു വർദ്ധിച്ചിരിക്കുന്നതായിട്ടാണു കാണുന്നതു്. വിശേഷിച്ചും നമ്മുടെ സംസ്ഥാനത്തെ സ്ഥിതി വളരെ വഷളായിരിക്കുകയാണു്. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവു മൂലം പലതരത്തിലുള്ള വൈഷമ്യങ്ങൾ നാട്ടിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണു്. കാർഷികരംഗത്തു് ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ടു്, ഭക്ഷ്യപ്രശ്നത്തിനു പരിഹാരവും ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടു്. എന്നാൽ, ഒന്നാംപഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനകാലത്തു് നാട്ടിലുണ്ടായിരുന്ന ജീവിതത്തോതിന്റെ നിലവാരം ഇന്നു കുറഞ്ഞതെന്നു ഉയർത്തുന്നതിനു സാധിച്ചിട്ടില്ലെന്നല്ല, ക്രമേണ അധഃപതിച്ചുവരികയാണു്. ഇൻഡ്യയിലെ സാധുകൃഷിക്കാരുടെയും, ഇടത്തരക്കാരുടെയും കാര്യമാണു പ്രധാനമായി പരിഗണനയർഹിക്കുന്നതു്. അവരെ സംബന്ധിച്ചിടത്തോളം ഇന്നു നേരിട്ടുകൊണ്ടിരിക്കുന്ന ദാരിദ്ര്യവും, ജീവിതവൈഷമ്യങ്ങളും മുൻപിലത്തെക്കാൾ വർദ്ധിച്ചുവരികയാണു്. സാധാരണക്കാരായ അവരുടെ ജീവിതനിലവാരം ഉയർത്താൻ സാധിക്കാതെ ഒന്നാംപഞ്ചവത്സരപദ്ധതി അവസാനിക്കാൻപോകുന്ന ഈ അവസരത്തിൽ, ആ യഥാർത്ഥ്യത്തിന്റെ അടിസ്ഥാനത്തിൽവേണം പുതിയ പദ്ധതിയുടെ നാനുവശങ്ങളെപ്പറ്റി ചർച്ച ചെയ്യുവാൻ. ഒന്നാംപഞ്ചവത്സരപദ്ധതിയുടെ അവസാനഘട്ടമായിട്ടും, സാമാന്യജനങ്ങളുടെ ജീവിതനിലവാരമുയർത്തുന്നതിനു സാധിച്ചിട്ടില്ലെന്നും, പഴയ മുതലാളിത്വതാല്പര്യങ്ങളും, മറവധ സ്ഥാപിതതാല്പര്യങ്ങളും അതേപടി തുടർന്നുവരികയാണെന്നും ഉള്ള വസ്തുത പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. ഒന്നാം പഞ്ചവത്സരപദ്ധതിയുടെ ഫിസിക്കൽ ടാർജറ്റിൽ എത്തിയിട്ടില്ലെന്നു മാത്രമല്ല, പല രംഗത്തും കാര്യമായിട്ടൊന്നും ചെയ്യാൻ സാധിച്ചിട്ടില്ലെന്നു പ്ലാനിംഗ് കമ്മിഷൻ തന്നെ സമ്മതിച്ചിട്ടുണ്ടു്.

സർ, ഒന്നാംപഞ്ചവത്സരപദ്ധതിയുടെ പല പോരായ്മകളും ചൂണ്ടിക്കാണിക്കുന്ന അവസരത്തിൽ ഭരണപരമായ സ്വഭാവത്തിന്റെ തകരാറുകൾകൂടി, അഡ്മിനിസ്ട്രേഷൻ സംബന്ധിച്ചു ചില ദൃഷ്ടാന്തങ്ങളെ സംബന്ധിച്ചുകൂടി, പറയാതിരിക്കാൻ സാദ്ധ്യമല്ല. പദ്ധതികൾ തികച്ചും വിജയപ്രദമാകുന്നതിനു് ഏറ്റവും ആവശ്യമായിരുന്ന പൊതുജനപിൻതുണ സർക്കാരിനു ആർജ്ജിക്കാൻ സാധിച്ചിട്ടില്ലെന്നുള്ളതു വലിയ ഒരു പരാജയമായിരുന്നുവെന്ന അനുഭവത്തിൽനിന്നും മനസ്സിലാക്കാവുന്നതാണു്. പലരംഗത്തും ഭരണകൂടത്തിനു് പൊതുജനങ്ങളുടെ സഹകരണം വേണ്ടപോലെ ആകർഷിക്കുന്നതിനും, അവരുടെ സഹായത്തോടുകൂടി പദ്ധതികൾ വിജയിപ്പിക്കുന്നതിനും സാധിച്ചിട്ടില്ലെന്നുള്ള വസ്തുത രണ്ടാംപഞ്ചവത്സരപദ്ധതിയുടെ പ്ലാൻ ചർച്ചചെയ്യുന്ന ഈ അവസരത്തിൽ പ്രത്യേകിച്ചും എടുത്തുപറയേണ്ടതാണു്. രണ്ടാംപഞ്ചവത്സരപദ്ധതിയുടെ വിജയത്തിനു് ഒന്നാംപഞ്ചവത്സരപദ്ധതിയിൽ വന്നുപോയിട്ടുള്ള തകരാറുകൾ അശാസ്ത്രീയമായ കുഴപ്പങ്ങൾ അനുഭവപാഠങ്ങളായിരിക്കണമെന്നാണു് എനിക്കു നിർദ്ദേശിക്കാനുള്ളതു്. പദ്ധതി വിജയിക്കണമെങ്കിൽ പൊതുജനങ്ങളുടെ സഹകരണം ഏറ്റവും അത്യാവശ്യമാണു്. ഈ രാജ്യത്തെ പ്രത്യേകമായ പ്രശ്നങ്ങളും നമ്മുടെ സ്റ്റേറ്റിന്റെ പ്രത്യേക പരിതഃസ്ഥിതികളും മുഖ്യമന്ത്രി വിശദമാക്കുകയുണ്ടായി.

2/3953/V.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

ഇത്രമാത്രം ജനസാന്ദ്രതയുള്ള പ്രദേശം മറ്റില്ലെന്നും അതിനു പരിഹാരമായിട്ട്, കേന്ദ്രത്തിൽനിന്നും മൂലധനമുടക്കുകയും വർദ്ധിച്ച വ്യവസായങ്ങളും മറ്റും തുടങ്ങുന്നതിനും തൊഴിലില്ലായ്മയും മറ്റു വിഷമപ്രശ്നങ്ങളും നേരിടുന്നതിനും ഈ സഭയിലെ അംഗങ്ങളുടെ ഏകകണ്ഠമായ അഭിപ്രായം ഉണ്ടാകണമെന്നും മുഖ്യമന്ത്രി സൂചിപ്പിച്ചു. കൂടുതൽ മൂലധനം മുടക്കുന്നതുകൊണ്ടു ജനസാന്ദ്രതാ പ്രശ്നത്തിനു പരിഹാരമാകുമോ എന്നു സംശയമാണ്. ഏതായിരുന്നാലും ജനസാന്ദ്രതമൂലമുള്ള കഴപ്പുണ്ടും, തൊഴിലില്ലായ്മയും, അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയും മറ്റും പരിഹരിക്കുന്നതിന് കൂടുതൽ മൂലധനംമുടക്കി കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തു വ്യവസായങ്ങളും മറ്റും ആരംഭിക്കണമെന്നുള്ള അഭിപ്രായത്തോടു ഞാനും യോജിക്കുകയാണ്. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ഈ പദ്ധതികൊണ്ടെന്നും നമ്മുടെ സംസ്ഥാനത്തെ പ്രശ്നങ്ങളും ഒന്നും പരിഹരിക്കപ്പെടാൻ പോകുന്നില്ല. പൊതുവെ നമ്മുടെ സംസ്ഥാനത്തെ വ്യവസായങ്ങൾക്കുവേണ്ടി എത്രത്തോളം പ്രാധാന്യം ഇതിൽ കല്പിച്ചിരിക്കുന്നുവെന്നു പരിശോധിക്കാം. രണ്ടാംപഞ്ചവത്സരപദ്ധതിയിൽ മദ്രാസു സംസ്ഥാനത്തു 25 ശതമാനം വ്യാവസായികർംഗത്തേയ്ക്കു ചെലവഴിക്കുന്നുണ്ട്. അതുമായി തട്ടിച്ചുനോക്കിയാൽ നമ്മുടെ സംസ്ഥാനത്തു വളരെ കുറഞ്ഞ ഒരു തുകയാണു പൊള്ളിച്ചിട്ടുള്ളതെന്നു കാണാൻ കഴിയും. നമ്മുടെ അസംസ്കൃതസാധനങ്ങളുടെ പ്രയോജനം പരമാവധി പൂഷണം ചെയ്യുന്നതിനു വ്യാവസായികമായി ഗവണ്മെൻറു വളരെയധികം പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. സഹകാരമേഖലയിലുള്ള വ്യവസായങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്. ഒരു പ്ലാനിനെ സംബന്ധിച്ചിടത്തോളം അതിന്റെ വിജയത്തിനു, സാമ്പത്തികവും, സാമൂഹ്യവുമായ കാര്യത്തിൽ ശരിയായ ഒരു പ്ലാൻ മുൻകൂട്ടി തയ്യാറാക്കിയിട്ടുവേണം പ്രവർത്തനം തുടരാൻ. അങ്ങനെയല്ലെങ്കിൽ അതു വിജയപ്രദമാകുകയില്ലെന്നുള്ളതു സത്യമാണ്. ഇൻഡ്യയുടെ സാമ്പത്തിക സാമൂഹ്യഘടന നോക്കുകയാണെങ്കിൽ, പഴയ കുത്തക മുതലാളിത്വം ഇന്നും ഇവിടെനിന്നു വിട്ടുപോയിട്ടില്ല. വിദേശമൂലധനത്തിനു പ്രാധാന്യം നൽകി, മുതലാളിത്വത്തിന്റെ അന്യായമായ കൊള്ളലാഭത്തിനു വിധേയമായി വ്യവസായങ്ങളും ഇന്നും ആ പഴയ രീതിയിൽത്തന്നെ തുടരുകയാണ്. ആ സമ്പ്രദായത്തിൽനിന്നും വിമുക്തമായി പുതുതായ ഒരു സാമൂഹ്യസാമ്പത്തികഘടന സംജാതമായാൽ മാത്രമേ പുതിയ പദ്ധതികളും വിചാരിക്കുന്നതുപോലെ വിജയിക്കുകയുള്ളൂ.

സർ, ഈ രാജ്യത്തെ സാമൂഹ്യസാമ്പത്തികഘടനയെ സംബന്ധിച്ചിടത്തോളം കാൺഗ്രസ്സിന്റെ ഒരു ലക്ഷ്യപ്രഖ്യാപനം എന്നു പറയുന്നതു ഈ രണ്ടാംപഞ്ചവത്സരപദ്ധതിയേയും കേന്ദ്രമാക്കിക്കൊണ്ടുതന്നെയാണ്. ഇൻഡ്യയുടെ വ്യാവസായിക പ്രവർത്തനങ്ങളും ഈ പ്ലാനിനെ അടിസ്ഥാനമാക്കി നീങ്ങിക്കൊണ്ടിരിക്കുന്നു എന്നു കാണുവുന്നതാണ്. ആവടിയിൽ വച്ചു രൂപീകരിച്ച സോഷ്യലിസ്റ്റ് പാറ്റേൺ അനുസരിച്ചു ഇന്നത്തെ പ്ലാൻ നോക്കുകയാണെങ്കിൽ പ്രത്യേകിച്ചു ഇവിടെ കൊണ്ടുവന്നിട്ടുള്ള പ്ലാൻ നോക്കുകയാണെങ്കിൽ, ഇൻഡ്യയുടെ സോഷ്യലിസ്റ്റ് പാറ്റേൺ എന്നു പറയുന്നതു വിദേശമൂലധനത്തെ നിയന്ത്രിക്കുന്നതിനു വേണ്ടിയോ,

LIBRARY ARCHIVES Kerala Legislative Assembly

വിദേശീയ കുത്തക മുതലാളിത്വത്തെ ഇല്ലായ്മ ചെയ്യുന്നതിനോ ഒരു നേരിയ ശ്രമംപോലും നടത്തിയിട്ടുണ്ടോ എന്നു നാം പരിശോധിക്കേണ്ടതാണ്. സർ, അതുപോലെതന്നെ ഇൻഡ്യയുടെ പൊതുവായ സാമൂഹ്യ സാമ്പത്തികരംഗവും ഏറ്റവും പ്രാധാന്യമർഹിക്കുന്നതായ കാർഷികരംഗത്തെയും ഈ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഗവണ്മെന്റ് എങ്ങിനെ നിയന്ത്രിക്കുന്നു എന്നു നോക്കേണ്ടതാണ്. കാർഷികരംഗത്തെ സംബന്ധിച്ചിടത്തോളം പ്ലാനിംഗ് കമ്മിഷൻ ചെയ്തിട്ടുള്ളതു ഈ രണ്ടാംപഞ്ചവത്സര പദ്ധതിയിൽ പ്രധാനമായി ഒരു സീലിംഗ് ഏർപ്പെടുത്തുക എന്നുള്ളതാണ്. അതായതു്, ഭൂവുടമസമ്പ്രദായത്തിനു ഒരു സീലിംഗ് വേണം എന്ന സൂചന നൽകിയിട്ടുണ്ടു്. അതുപോലെതന്നെ വരുമാനത്തിലും സീലിംഗിന്റെ ഒരു സൂചന നൽകിയിരിക്കുന്നു. അതായതു് ഭൂമിയുടെയും വരുമാനത്തിന്റെയും കാര്യത്തിൽ ഒരു സീലിംഗ് കൂടിയേ കഴിയൂ എന്നുള്ളതുകൊണ്ടു് അതു ഉടൻതന്നെകൊണ്ടുപോകേണ്ടതു പ്ലാനിന്റെ വിജയത്തിനു ആവശ്യമാണെന്നു കരുതി ഈ പ്ലാനിൽ അതുംകൂടി ശുപാർശ ചെയ്തിട്ടുള്ളതാണു് എന്നു് അതിന്റെ വിശദാംശങ്ങളിലേയ്ക്കു നോക്കിയാൽ കാണാവുന്നതാണ്.

സർ, ഇൻഡ്യയിൽ ഇന്നു് ദേശീയവരുമാനത്തിൽ 50 ശതമാനം കാർഷികരംഗത്തുനിന്നാണു് ഉണ്ടാകുന്നതു്. വ്യവസായത്തിൽനിന്നും അതുപോലെ മൈനിംഗിൽനിന്നും പതിനൊന്നു ശതമാനം വരുമാനം മാത്രമേ ലഭിക്കുന്നുള്ളു. നമ്മുടെ കാർഷികരംഗം ഇനിയും പുരോഗമിക്കേണ്ടിയിരിക്കുന്ന സന്ദർഭത്തിൽ വിശേഷിച്ചും ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ഒരു കാർഷികരാജ്യമായിരിക്കുന്ന സ്ഥിതിക്കു ഇന്നു് അതു വളരെ പിന്നോക്കം നിൽക്കുന്നു എന്നുള്ള സംഗതി ഈ സോഷ്യലിസ്റ്റ് പാറ്റേൺ എന്ന നയം പ്രഖ്യാപിച്ചിരിക്കുന്നവർ ഓർമ്മിക്കേണ്ടതായിരുന്നു. ഇന്നു വ്യാവസായികരംഗത്തിലും നാം വളരെ പ്രാധാന്യം കല്പിക്കേണ്ടതായിരുന്നു. ഇൻഡ്യ ഇന്നു മറ്റു രാജ്യങ്ങളെ അപേക്ഷിച്ചു വ്യാവസായികരംഗത്തു വളരെ പിന്നിൽനിൽക്കുന്നതുകൊണ്ടു് ഇൻഡ്യയും ഒരു വ്യാവസായിക പ്രാധാന്യമുള്ള ഒരു രംഗമായി ഉയർത്തേണ്ടതാണു്. അതിലേയ്ക്കു ഈ പദ്ധതി എത്രമാത്രം സഹായകരമായിരിക്കുന്നു എന്നു നോക്കുകയാണെങ്കിൽ അതു ഒട്ടും സഹായകമല്ലെന്നു കാണാം. അതുപോലെതന്നെ കാർഷികരംഗത്തിലുള്ള പ്രാധാന്യം മനസ്സിലാക്കി അതിനെയും ഉയർത്തുന്നതിനു ഈ പദ്ധതി സഹായകമാകുമോ എന്നു നോക്കേണ്ടതുണ്ടു്. ആ അടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ ഇൻഡ്യയിൽ ഉള്ള ഘനവ്യവസായങ്ങളിൽ ഗവണ്മെന്റ് അല്ലെങ്കിൽ പബ്ലിക്ക് സെക്ടറിനു മുൻകൈ ഉണ്ടായിരിക്കണം എന്നു പറയുന്നില്ല. അതു മാത്രമല്ല, ഇൻഡ്യയുടെ ദേശീയവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഈ വ്യവസായങ്ങളുടെ കുത്തകയെല്ലാം പ്രൈവറ്റ് സെക്ടറിലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കുകയുമാണു്. ബാങ്കിംഗും ഇൻഷുറൻസ് വ്യവസായങ്ങളും എല്ലാം ഇന്നു വിദേശമൂലധനത്തിന്റെയും വിദേശനിയന്ത്രണത്തിന്റേയും കീഴിലാണു് അമർന്നുകൊണ്ടിരിക്കുന്നതു്. അതുപോലെതന്നെ മറ്റു ദേശീയ പ്രാധാന്യമുള്ള വ്യവസായങ്ങളും ഇൻഡ്യയിൽ ദേശീയരിക്കുന്നതിനുള്ള സദ്ദുദ്ദേശ്യവും ഈ പഞ്ചവത്സര പദ്ധതിയിൽ വ്യവസായങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിക്കേണ്ടതായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ ടി. കെ. ദിവാകരൻ]

ഇൻഡ്യയിലെ പ്രധാന വ്യവസായമായ ടെക്സ്റ്റയിൽ വ്യവസായത്തെ സംബന്ധിച്ചിടത്തോളം ഒന്നാംപഞ്ചവത്സരപദ്ധതി നടപ്പിൽ വന്നതുമുതൽ അന്നത്തേക്കാൾ ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ടെന്നു പറയുന്നുണ്ടെങ്കിലും നമ്മുടെ നാട്ടിലെ സ്ഥിതി എന്താണെന്നു നാം നോക്കണം. നാട്ടുകാർക്ക് കുറഞ്ഞവിലയ്ക്ക് വസ്ത്രങ്ങൾ ഇതുവരെ ലഭിച്ചിട്ടില്ല. ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ടെങ്കിലും അതെല്ലാം വിദേശങ്ങളിലേയ്ക്കു കയറ്റി അയയ്ക്കുന്ന ഒരു നയമാണ് ഇന്നു് ഇൻഡ്യ സ്വീകരിച്ചിട്ടുള്ളതു്. തന്മൂലം ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന വൻകിട മുതലാളിമാർക്ക് കൊള്ളലാഭം ഉണ്ടാക്കാൻ സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയാണ് ഇൻഡ്യാഗവണ്മെൻറ് ചെയ്യുന്നതു്. ജനങ്ങളുടെ അടിയന്തിരാവശ്യങ്ങളിൽ ഒന്നായിട്ടുള്ള വസ്ത്രത്തിൻറെ കാര്യത്തിലും, ഇന്നു് അമിതമായ വില കൊടുത്തു് വാങ്ങേണ്ടതായിട്ടാണിരിക്കുന്നതു്. നേരെമറിച്ചു് ഉൽപ്പാദനം കുറഞ്ഞു് ക്ഷാമമുണ്ടായിട്ടുണ്ടെങ്കിലും അതു സംബന്ധിച്ചു് ഇൻഡ്യാഗവണ്മെൻറിൻറെ ഇമ്പോർട്ടുപാളിസിയും എക്സ്പോർട്ടുപാളിസിയും അനുസരിച്ചു് ഉൽപ്പാദിപ്പിക്കപ്പെടുന്ന തുണി വിദേശങ്ങളിലേയ്ക്കു കയറ്റി അയച്ചു കുത്തകമുതലാളിമാർക്കു് കൂടുതൽ വരുമാനമുണ്ടാക്കി അങ്ങനെ കൊള്ളലാഭം എടുക്കുന്നതിനു സഹായകമായ രീതിയിലാണു് ഇന്നു് ആ വ്യവസായം നടത്തിക്കൊണ്ടിരിക്കുന്നതു്. ജനങ്ങൾക്കു് ആവശ്യമായ സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കാര്യത്തിൽ ഗവണ്മെൻറ് ശ്രദ്ധിക്കുന്നതിനുള്ള യാതൊരു ശ്രമങ്ങളും ഈ പഞ്ചവത്സരപദ്ധതിയിൽ ആരംഭിച്ചിട്ടില്ല. ദേശീയവ്യവസായങ്ങളും ഘന വ്യവസായങ്ങളും പബ്ലിക്ക് സെക്ടറിൽ കൊണ്ടുവരുന്നതിനെപ്പറ്റി ഇന്നും ഗവണ്മെൻറ് അറച്ചു നിൽക്കുകയാണു്. ഇന്നും ഗവണ്മെൻറ് സ്വകാര്യമൂലധനത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുകയാണു്.

അതുപോലെതന്നെ ഈ നാട്ടിലെ വരുമാനം വികസിപ്പിക്കുന്നതിനുവേണ്ടി ആരംഭിച്ച ഒന്നാംപഞ്ചവത്സരപദ്ധതിയുടെ ഫൈനാൻഷ്യൽ റിസോഴ്സസ്സിനുവേണ്ടി ഇൻഡ്യയുടെ വരുമാനത്തിൽനിന്നുതന്നെയാണു് വിനിയോഗിക്കുന്നതു്. ഇൻഡ്യയിലാകെക്കൂടി കർഷകൻ ഭൂനികുതിഭാരംകൊണ്ടു് വിഷമിച്ചുകൊണ്ടിരിക്കുകയാണു്. അധികമായ നികുതികളും ഇന്നു കർഷകൻറെ പുറത്തു് ഏൽപ്പിച്ചുകൊണ്ടിരിക്കുകയാണു്. ഇങ്ങനെ കാർഷിക പ്രാധാന്യമുള്ള ഈ സാമൂഹ്യസാമ്പത്തികഘടനയിൽ രണ്ടാംപഞ്ചവത്സരപദ്ധതി സോഷ്യലിസ്റ്റ് പാറ്റേണിലാണെന്നു പറയുന്നുവെങ്കിലും ഈ ഭൂനികുതിഭാരംകൊണ്ടും നികുതികൊണ്ടും വിഷമിക്കുന്ന ജനങ്ങൾക്കു് എന്തെങ്കിലും നികുതി ഇളവു ചെയ്യുന്നതിനുവേണ്ടി ശ്രമങ്ങൾ നടത്തിയിട്ടുണ്ടോ? രണ്ടാംപഞ്ചവത്സരപദ്ധതിക്കുവേണ്ടിയുള്ള പ്രധാനമായ വരുമാനം റവന്യൂ ആണു്. അങ്ങനെ അതിലേയ്ക്കു റവന്യൂ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിപാടികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുകയാണു്. രണ്ടാംപഞ്ചവത്സരപദ്ധതിയുടെ പൂർത്തീകരണത്തിനുവേണ്ടി അതിൻറെ സംവിധായകന്മാരിൽ ഒരാളായ ഫൈനാൻസ് മന്ത്രി സ്റ്റർ പറഞ്ഞുകൊണ്ടിരിക്കുന്നതു ഇനിയും നികുതികൾ കൂട്ടിച്ചേർക്കാനിടയുണ്ടെന്നാണു്. അതു മറ്റു രംഗങ്ങളിൽനിന്നും ഏതെങ്കിലും വർദ്ധിച്ച വരുമാനം ഉണ്ടാക്കുവാൻ ശ്രമിച്ചിട്ടുണ്ടോ എന്നും നാം നോക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

താണ്. ഈ നാട്ടിലെ വൻകിട സ്ഥാപിത താല്പര്യക്കാരായവരുടെ കൈയിൽ നിന്നും കൂടുതൽ നികുതി ചുമത്തുന്നുണ്ടോ, അതുപോലെതന്നെ ഈ രാജ്യത്തെ പൊതുഖജനാവിൽനിന്നും വളരെ അധികം പണം വ്യയം ചെയ്യുന്ന പ്രിവിപേഴ്സുകളും രാജപ്രമുഖന്മാർക്കു കൊടുക്കുന്ന കോടിക്കണക്കിനുള്ള തുകയിലും കുറവുവരുത്തി പഞ്ചവത്സരപദ്ധതിക്ക് വേണ്ട വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഇൻഡ്യയുടെ ഈ പ്ലാനിംഗിൽ ഇല്ല.

സർ, ഈ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ദേശീയവരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പറഞ്ഞിട്ടുള്ള ഭാഗത്തു 25 ശതമാനം ദേശീയ വരുമാനം വർദ്ധിപ്പിക്കുക എന്നുള്ളതാണ പഞ്ചവത്സരപദ്ധതിയുടെ മുഖ്യ ലക്ഷ്യം എന്നു പറഞ്ഞിരിക്കുന്നു. ഒന്നാംപഞ്ചവത്സരപദ്ധതിയിൽ ഏക ദേശം ആണ്ടൊന്നിനു മൂന്നുശതമാനം ദേശീയവരുമാനം വർദ്ധിച്ചിട്ടുണ്ടെന്നാണ് അവകാശപ്പെടുന്നതു്. ഇങ്ങനെ ദേശീയവരുമാനം ഒരോ ആണ്ടിലും മൂന്നുശതമാനം വർദ്ധിച്ചിട്ടുണ്ടെന്നു പറയുന്ന അവസരത്തിൽ ഇൻഡ്യയിലെ സാധാരണ ജനങ്ങളുടെ ജീവിതനിലവാരം ഉയരുന്നതിനു പകരം വളരെ താഴ്ന്നുപോകുകയും തൊഴിലില്ലായ്മ ഉണ്ടാകുകയുമാണ ചെയ്തിട്ടുള്ളതു്. അതുകൊണ്ടു് വരുമാനം വർദ്ധിക്കുമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഈ പ്ലാൻ നല്ലതാണെന്നു പറയാൻ നിവൃത്തിയില്ല. ദേശീയവരുമാനം വർദ്ധിക്കാതെ ഒരു പ്ലാൻ വിജയകരമായി കാണാൻ നിവൃത്തിയില്ല. ദേശീയവരുമാനം പുരോഗമിക്കുകയും സാധാരണക്കാരുടെ ജീവിതനിലവാരം ഉയരുകയും ചെയ്യുന്നതായി ഈ പ്ലാനുകൾ കൊണ്ടു് നാം പല രാജ്യങ്ങളിലും കാണുന്നുണ്ടു്. ഇങ്ങിനെ ഈ ദേശീയവരുമാനം വർദ്ധിപ്പിക്കുന്നതോടൊപ്പം അതു ജനങ്ങളിലേയ്ക്കു് വിതരണം ചെയ്യുന്നതിനുള്ള ഒരു മനോഭാവവും ഗവണ്മെന്റിനു് ഉണ്ടാകേണ്ടതാണു്. ഒന്നാംപഞ്ചവത്സരപദ്ധതിയുടെ ഫലമായി മുതലാളിമാർക്കു് ലാഭമുണ്ടാക്കിക്കൊടുക്കുകയും അതു് അവരുടെ പക്കൽ കൂടികിടക്കുകയുമാണു് എന്നു് ഇതുവരെ പ്രസിദ്ധപ്പെടുത്തീട്ടുള്ള കണക്കുകളിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നു. ഒന്നാംപഞ്ചവത്സരപദ്ധതി മൂലം ഇൻഡ്യയിലെ വൻകിട മുതലാളിമാർക്കല്ലാതെ തൊഴിലാളികൾക്കു വരുമാനം വർദ്ധിച്ചിട്ടില്ലെന്നും തൊഴിലാളികളുടെ വരവു് പൊതുവെ കുറവായി തീരുകയുമാണുണ്ടായിട്ടുള്ളതു്. അങ്ങനെ ഒന്നാം പഞ്ചവത്സരപദ്ധതികൊണ്ടു് ദേശീയവരുമാനം വർദ്ധിച്ചു എന്നു ഗവണ്മെന്റു് അവകാശപ്പെടുന്ന അവസരത്തിൽ ആ വർദ്ധനവു് ഇൻഡ്യയിലെ ഒരുപിടി ആളുകളുടെ കൈയിലേയ്ക്കു് പോകുകയാണു ചെയ്തിട്ടുള്ളതു് ദേശീയവരുമാനം വർദ്ധിച്ചിട്ടുണ്ടെങ്കിൽ അതു ജനങ്ങളിലേയ്ക്കു വിതരണം ചെയ്യപ്പെടുക എന്നുള്ള ഒരു നയം ഗവണ്മെന്റു് സ്വീകരിക്കേണ്ടിയിരുന്നു. ആ അടിസ്ഥാനത്തിലായിരിക്കണം നാം ഈ പ്ലാനിംഗ് കണക്കാക്കേണ്ടതു്. ആ അടിസ്ഥാനത്തിൽ പ്രവർത്തിക്കാതിടത്തോളംകാലം ഇൻഡ്യയിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയരുമെന്നോ യാതൊന്നും വിജയിക്കുമെന്നോ തോന്നുന്നില്ല. അങ്ങനെ വിജയിക്കുന്നതിനു് ഏറ്റവും ആവശ്യമായിട്ടുള്ളതു് നീതിപൂർവ്വകമായ ഒരു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

ടാക്സേഷൻ സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്. സാധാരണക്കാരിൽ നിന്നും, ധനികവർഗ്ഗത്തിൽനിന്നും ഒരുപോലെയാണോ നികുതി ഈടാക്കി വരുന്നത്. ധനികവർഗ്ഗത്തിൽനിന്നും കൂടുതൽ നികുതി ഈടാക്കേണ്ടതു് ഏറ്റവും അത്യാവശ്യമാണ്.

[MR. DEPUTY SPEAKER in the Chair]

സർ, ഇവിടെ ദേശീയവരുമാനം വർദ്ധിപ്പിക്കാതെ ഈ പദ്ധതിക്കാവശ്യമായ ഫൈനാൻഷ്യൽ റിസോഴ്സസ് എവിടെ നിന്നാണ് ഉണ്ടാകുന്നതു് എന്നു മുഖ്യമന്ത്രിയോടു ഇന്നു ചോദിച്ചു അവസരത്തിൽ അദ്ദേഹം അതു എങ്ങനെ ശ്രദ്ധിക്കുമെന്നു പറഞ്ഞിട്ടില്ല. കൂടുതൽ നികുതികൾ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളതിന്റെ സൂചന അല്ലാതെ ഏതെല്ലാം വിഭാഗത്തെയാണ് അതു് ലക്ഷീകരിക്കുന്നതു് എന്നു പറയുന്നില്ല. സർ, ഒരു പ്ലാൻ രൂപീകരിച്ചു മുന്നോട്ടു പോകണമെന്നുണ്ടെങ്കിൽ അതിന്റെ ലക്ഷ്യം മുൻകൂട്ടി തീരുമാനിക്കപ്പെടണം. അല്ലാതെ അതു വിജയിക്കുകയില്ല. അതില്ലെങ്കിൽ അതുമൂലം ഇൻഫ്ലേഷൻ മുതലായ മറ്റു പരിതഃസ്ഥിതികൾ ഉണ്ടാകുന്നതിനിടയാകും. ആവക കാര്യങ്ങളെപ്പറ്റി ആലോചിക്കാതെ ഒരു പ്ലാൻ പൂർണ്ണമാണെന്നു പറയാൻ സാധിക്കുകയില്ല. ആ പ്ലാനുവേണ്ടിയുള്ള ധനാഗമമാർഗ്ഗങ്ങൾ ഇന്നയിന്നതെല്ലാമാണെന്നു കൂടി മുൻകൂട്ടി തീരുമാനിക്കേണ്ടതും ഏറ്റവും ആവശ്യമാണ്. നമ്മുടെ പ്ലാനിംഗിനുള്ള ധനാഗമമാർഗ്ഗങ്ങളെ സംബന്ധിച്ചിടത്തോളം കേന്ദ്ര ഗവണ്മെന്റിനും വ്യക്തമായ രൂപമൊന്നുമില്ല. മാറിമാറിക്കൊണ്ടിരിക്കുന്ന ഒരു ഇലാസ്റ്റിക്ക് പ്ലാനായിട്ടാണ് ഇതു നിൽക്കുന്നതു്. അങ്ങനെ ഈ പ്ലാനിനെ സംബന്ധിച്ചിടത്തോളം ഈ നികുതി ഏതേതു റവന്യൂവിൽനിന്നും ഈടാക്കാൻ ഉദ്ദേശിക്കുന്നു എന്നുള്ളതു പ്രഖ്യാപിക്കേണ്ടതാണ്. ഈ കുത്തകമുതലാളിമാരുടെയും, സ്ഥാപിതതാല്പര്യക്കാരുടെയും, വിദേശമൂലധനക്കാരുടെയും മേൽ വലുതായ നികുതിചുമത്തി ഈ നാട്ടിലെ റവന്യൂ വർദ്ധിപ്പിക്കണം. അല്ലാതെ സാധാരണക്കാരായ കർഷകരുടെ മേൽ കൂടുതൽ നികുതി ഈടാക്കാതെയിരിക്കണം. ഭാരംകൊണ്ടു് വിഷമിക്കുന്ന കർഷകരുടെ മേൽ കൂടുതൽ നികുതി ഈടാക്കാനുള്ള ശ്രമത്തെയും നാം എതിർക്കേണ്ടതായിട്ടുണ്ടു്.

സംസ്ഥാനത്തെ റവന്യൂ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഇനിയും നികുതിഭാരം ചുമത്തുമെന്നാണെങ്കിൽ ആ ക്രമത്തെയും നാം എതിർക്കേണ്ടതായിട്ടുണ്ടു്. സ്വകാര്യവ്യവസായങ്ങളെ സംബന്ധിച്ചാണെങ്കിൽ പുതിയായി യാതൊരു വ്യവസായശാലയും ആരംഭിക്കുന്നതായിട്ടു കാണുന്നില്ല. ഇന്നു അങ്ങുമിങ്ങുമായി ആരംഭിച്ചിട്ടുള്ള നമ്മുടെ ഗവണ്മെന്റുവക വ്യവസായശാലകളിൽ കൂടുതൽ മുതൽമുടക്കുന്നതല്ലാതെ മറ്റു തരത്തിലുള്ള വ്യവസായങ്ങളും തുടങ്ങുന്നതിനുള്ള യാതൊരു നടപടിയും പ്ലാനർ കാണാത്തതു ഖേദകരമാണ്. സംസ്ഥാനത്തെ ഇൻഡസ്ട്രീസിനുവേണ്ടി ഒരു വലിയ തുക കൊള്ളിച്ചിട്ടുണ്ടു്. അതായതു് സിമന്റിക്ക് ക്ലോറൈഡും ഫാക്ടറിക്കു 5 ലക്ഷം രൂപ, ട്രാവൻകൂർ സിമന്റ് ഫാക്ടറ

LIBRARY ARCHIVES Kerala Legislative Assembly

റിക്ക 15ലക്ഷം രൂപ, ഇങ്ങനെ പ്രൈവറ്റ് സെക്ടറിലിരിക്കുന്ന ഫാക്ടറികൾക്ക് ഏകദേശം 25 ലക്ഷം രൂപയോളം മുടക്കാൻ പോവുകയാണ്. ഇത്രയും ഒരു വലിയ തുക മുടക്കി നടത്തുന്ന ഈ സ്ഥാപനങ്ങളിൽ ഇപ്പോൾ ഉള്ളതിനേക്കാൾ ഒരു 100 പേർക്കെങ്കിലും കൂടുതലായി ജോലി കൊടുക്കാൻ സാധിക്കുമോ എന്നാണെങ്കിൽ അതിനുള്ള സാദ്ധ്യത ഞാൻ കാണുന്നില്ല. 5 ലക്ഷം രൂപ മുടക്കുന്ന ക്ലോത്തിംഗ് ഫാക്ടറിയിൽ ഒരുവിധത്തിലും കൂടുതൽ ആളുകൾക്ക തൊഴിലുകൊടുക്കാൻ സാധിക്കയില്ല. തൊഴിലില്ലായ്മ പ്രശ്നത്തിനു ഒരു പ്പമെങ്കിലും പരിഹാരം ഈ മുതൽമുടക്കുകൊണ്ട് ഉണ്ടാകുമായിരുന്നെങ്കിൽ എനിക്കതിൽ പരാതിയില്ലായിരുന്നു. സർ, അതുപോലെ തന്നെ കടിൽ വ്യവസായങ്ങൾക്കുവേണ്ടി ധാരാളംപണം ഈ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്. നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ ഭൂരിപക്ഷം ജനങ്ങളും കുടിൽവ്യവസായംകൊണ്ട് ഉപജീവനം കഴിക്കുന്നവരാണെന്നു നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. തൊഴിലുള്ള കാലത്തുതന്നെ അവർക്കു ന്യായമായ വരുമാനം ഉണ്ടാക്കാൻ സാധിക്കുന്നില്ല. വെറും നിസ്സാരമായ കൂലിക്കുവേണ്ടിയാണ് അവർ അദ്ധ്വാനിക്കുന്നതെന്നും കൂടി നാം ഓർക്കേണ്ടതാണ്. അതേസമയത്തു ഒരാണ്ടിൽ അവർക്കു കിട്ടുന്ന തൊഴിൽദിവസം വളരെ കുറവുമാണ്. പഞ്ചവത്സരപദ്ധതിമൂലം തൊഴിലില്ലായ്മ പരിഹരിക്കുകയാണ് പ്രധാന ലക്ഷ്യമെങ്കിൽ ഈ കയർഡെവലപ്പ്മെൻറ്സ്കീം കൊണ്ടോ കൈത്തറിസ്കീം കൊണ്ടോ ആളുകളെ കൂടുതലായി ജോലിയിൽ പ്രവേശിപ്പിക്കാൻ സാധിക്കാതെയാണു വരുന്നത്. അങ്ങനെ നോക്കുകയാണെങ്കിൽ ഇന്നുള്ളതായിരിക്കുന്ന അണ്ഏംപ്ലായ്മെൻറിനെ കുറയ്ക്കുന്നതിനു പകരം അവ കുറെക്കൂടി വികസിപ്പിക്കാനാണ് സാദ്ധ്യതയുള്ളത്. ഹാൻഡ്ലൂം ഇൻഡസ്ട്രീസിനുവേണ്ടി ഒരു വലിയ തുക കൊള്ളിച്ചിട്ടുണ്ട്. ഈ ഏർപ്പാടുമൂലവും വളരെയധികം ആളുകളെ തൊഴിലില്ലായ്മയിലേയ്ക്കു തള്ളിവിടുകയാണു ചെയ്യുന്നത്. കാരണം, അവയെല്ലാം സെമി ആട്ടോമാറ്റിക്ലൂമായിട്ടു മാറാൻ പോകയാണ്. ആ സ്ഥിതിക്ക് ഇന്നുള്ള തൊഴിലിനുതന്നെ സാരമായ കുറവു തട്ടുന്നതാണ്. ഇവിടെ, ഒരു സെമി ആട്ടോമാറ്റിക്ലൂമിനു 500 രൂപ വീതം 3000 എണ്ണം വരുത്താൻ പോകുന്നു. ആ നിലയിൽ തൊഴിലില്ലായ്മ കുറയാൻ പോകുന്നില്ലെന്നു മനസ്സിലാക്കാം. നമ്മുടെ നാട്ടിൽ തൊഴിൽ എന്നു പറഞ്ഞാൽ പ്രധാനമായി പരിഗണിക്കുന്നതു കയറും കൈത്തറിയുമാണ്. കയർ ഡെവലപ്പ്മെൻറ് സ്കീമിനു 45 ലക്ഷം രൂപകൊള്ളിച്ചിട്ടുണ്ട്. എന്നിരുന്നാലും ഇന്നും ധാരാളം ആളുകൾ തൊഴിൽ കിട്ടാതെ വലയുകയാണ്. കയർതൊഴിൽ ചെയ്തു ഉപജീവനം കഴിക്കുന്നവർ ഇവിടെ ഏകദേശം 5 ലക്ഷത്തോളം ആളുകളുണ്ട്. ഇവർക്കു കുടിൽവ്യവസായം എന്നുള്ള നിലയിൽ നിത്യവും ജോലി കിട്ടുന്നതിനുള്ള സാദ്ധ്യതയില്ലാതെ കഴിയുകയാണ്. ഇന്നു ഒരാൾക്കു 12 അണയോ അല്ലെങ്കിൽ 14 അണയോ ആണ് തൊഴിലുണ്ടെങ്കിൽ കിട്ടുന്നത്. അങ്ങിനെയുള്ളവർക്കു നിത്യവും ഈ തൊഴിൽ കിട്ടുന്നതിനായിട്ടു എന്തെങ്കിലും പോംവഴി പഞ്ചവത്സരപദ്ധതിയിൽ ആസൂത്രണം ചെയ്തിട്ടുണ്ടായിരുന്നെങ്കിൽ അതു അവർക്ക് ഒരനുഗ്രഹമായിരുന്നു. ഇന്നുതന്നെ പല ഗ്രൂപ്പുകളിലും കയർവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ പുറംതള്ളിക്കൊണ്ടിരിക്കുന്നതുമൂലം തൊഴിലില്ലായ്മ വളരെയധികം രൂക്ഷമായിക്കൊ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

ണ്ടിരിക്കയാണ്. ഒന്നാമതുതന്നെ കയറ്റിനും കയറ്റുൽപ്പന്നത്തിനും ശരിയായ മാർക്കെറ്റില്ല. രണ്ടാമതു ഉള്ള സാമാനത്തിനുതന്നെ വിലയിടിവും, ഇങ്ങനെയുള്ള ഒരവസ്ഥയിൽ നിന്നും തൊഴിലാളികളെ രക്ഷിക്കുന്നതിനുവേണ്ടി കയറ്റുൽപ്പന്നങ്ങളും ഇവിടെത്തന്നെ കൂടുതൽ ഉണ്ടാക്കുന്നതിനും അവ പുറരാജ്യങ്ങളിൽ വിറ്റഴിക്കുന്നതിനുള്ള സാദ്ധ്യതകളും ഉണ്ടാക്കുകയും ചെയ്യുന്നതുകൊണ്ടുമാത്രമെ ഈ പ്രശ്നത്തിനു ഒരു പരിഹാരമുണ്ടാകയുള്ളൂ. യാതൊരു നിയന്ത്രണവുമില്ലാത്ത കയറ്റുമതിയെ നിരോധിക്കയും തൊഴിൽരംഗത്തു ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന അസ്വസ്ഥതകളും ഇല്ലാതാക്കുന്നതിനും തൊഴിൽ സംബന്ധമായി കൂടുതൽ സാദ്ധ്യതകളും ഉണ്ടാക്കുന്നതിനും മറ്റുമായി കയർ ബോർഡു അംഗീകരിച്ചിരിക്കുന്ന പദ്ധതിയിൽത്തന്നെ യാതൊരു പരിപാടിയും ഉൾക്കൊള്ളിച്ചിട്ടില്ല. ഇപ്പോൾത്തന്നെ ഒന്നാം പഞ്ചവൽസരപദ്ധതിയുടെ കാലഘട്ടം മിക്കവാറും അവസാനിച്ചു. രണ്ടാം പഞ്ചവത്സരപദ്ധതി തുടങ്ങാൻ പോകുകയാണ്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഇതുവരെ പറയത്തക്ക യാതൊരു നന്മയും ചെയ്യാൻ സാധിച്ചിട്ടില്ലെങ്കിൽ ഈ പഞ്ചവത്സരപദ്ധതികൾകൊണ്ടു് എന്തുപ്രയോജനമാണുള്ളതെന്നു എനിക്കു മനസ്സിലാകുന്നില്ല. അതുപോലെ തന്നെ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഒരു ഖാദി വീവേഴ്സ് പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി 70 ലക്ഷം രൂപ കൊള്ളിച്ചിരിക്കുകയാണ്. സർ, ഈ ഖാദി വ്യവസായം വികസിപ്പിക്കുന്നതുകൊണ്ടു്, അതിലെ ഒരു തൊഴിലാളിക്കു ഒരു വിധമെങ്കിലും ജീവിക്കാനുള്ള ഒരുമാനമെങ്കിലും ഉണ്ടാക്കാനുള്ള സാധ്യതയുണ്ടായെന്നാണ് ഞാൻ ചോദിക്കുന്നതു്. ഒരു ദിവസം ഒരു തൊഴിലാളിക്കു കിട്ടുന്നതു് ഏറ്റവും കൂടുതലായി ആറോ അല്ലെങ്കിൽ ഏഴോ അണ മാത്രമാണ്. ഈ കൂലി കൊണ്ടു് ഒരാൾക്കു എങ്ങിനെ ജീവിക്കണമെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഈ പദ്ധതിക്കുവേണ്ടി ഇത്രയും വമ്പിച്ച ഒരു തുക കൊള്ളിച്ചിരിക്കുന്നതു് ഒരു പക്ഷെ കേന്ദ്രത്തിൽ നിന്നും ഒരു വലിയ തുക കൂടി കിട്ടുമെന്നുള്ളതുകൊണ്ടാണ്. ഖാദിപ്രസ്ഥാനത്തിനുവേണ്ടി കൊള്ളിച്ചിട്ടുള്ള 70 ലക്ഷം രൂപ കൂടുതൽ തൊഴിലാളികൾക്കു് തൊഴിലുണ്ടാക്കിക്കൊടുക്കാനാണെങ്കിൽ അതുകൊണ്ടു് പ്രയോജനമുണ്ടായിരുന്നു. എന്നാൽ അങ്ങനെയുള്ള വല്ല പരിപാടിയും ഇതിൽ ഉണ്ടോയെന്നു നോക്കേണ്ടതാണ്.

അടുത്തതായി എനിക്കു പറയുവാനുള്ളതു് ഈ സ്കീമിലുള്ള, അതായതു് പ്ലാനിംഗിലുള്ള മറ്റു ചില വികസനപദ്ധതികളെ സംബന്ധിച്ചാണ്. അതായതു്, തേനീച്ചവളർത്തൽ, സോപ്പു മേക്കിംഗ്, വില്ലേജ് പോട്ടറി, കാളേജ് മാച്ചു് ഇൻഡസ്ട്രി, ഹാൻഡ് പേപ്പർ മേക്കിംഗ് ആന്റ് പ്രൈസ്, ഹാൻഡ്മെയ്ഡ് പേപ്പർ, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആൻഡ് മാർക്കെറ്റിംഗ് സ്കീം ഇവയെ സംബന്ധിച്ചിടത്തോളം മാർക്കറ്റിംഗ് സ്കീം വളരെ പ്രാധാന്യമുള്ളതാണ്. വളരെ പ്രധാനമായ ഈ സ്കീമിനെ എത്രയും വേഗത്തിൽ പ്രവർത്തിച്ചു വികസിപ്പിക്കേണ്ട ആവശ്യകതയുണ്ടു്. ആ നിലയിൽ നോക്കിയാൽ ഇതിനു വേണ്ടി രണ്ടു സൊസൈറ്റികൾ രൂപീകരിക്കുന്നതിനു വേണ്ടി 4 ലക്ഷം രൂപ കൊള്ളിച്ചിരിക്കയാണ്. സർ, ഇങ്ങനെയുള്ള മാർക്കറ്റിംഗ് സൊസൈറ്റികൾ ഉണ്ടാക്കുന്നതു സംസ്ഥാനത്തെ ഉൽപ്പാദനങ്ങൾ വിറ്റ

LIBRARY ARCHIVES Kerala Legislative Assembly

ഴിക്കുന്ന കാര്യത്തിൽ കൂടുതൽ താത്പര്യവും ശ്രദ്ധയും ഉണ്ടാകുന്നതിനു വേണ്ടിയാണ്. അങ്ങിനെയാണെങ്കിൽ നമ്മുടെ സംസ്ഥാനത്തു് ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ സംസ്ഥാനത്തു് വിറ്റഴിക്കുന്നതിനു പുറമെ പുറരാജ്യങ്ങളിൽ കയറ്റുമതി ചെയ്യുകയും ആ സാധനങ്ങൾക്കു് മാർക്കറ്റ് ലഭിക്കുകയും ചെയ്യേണ്ടതാണു് എന്നുണ്ടെങ്കിൽ രണ്ടു സൈസൈറികൾ കൊണ്ടുമാത്രം മതിയാകുമോ എന്നു് എനിക്കു സംശയമാണു്. അതു കൊണ്ടു് കൂടുതൽ തുക ഈ ഇനത്തിൽ കൊള്ളിച്ചു് സൈസൈറികളുടെ എണ്ണം കൂട്ടുകയും വ്യവസായം സംബന്ധിച്ചു പരിജ്ഞാനമുള്ള വിദഗ്ദ്ധന്മാരെ ചുമതലപ്പെടുത്തുകയും വേണ്ടതാണു്. സർ, രണ്ടാം പഞ്ചവത്സര പദ്ധതി തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു വേണ്ടി നമ്മുടെ സംസ്ഥാനത്തു എത്രത്തോളം ഉപകരിക്കും എന്നുള്ള ഒരു ചോദ്യത്തിനു് ഉത്തരമായി; കാർഷികമായി 62,133 പേർക്കും, വ്യവസായം സംബന്ധിച്ചു 4,71,000 പേർക്കും, വിദ്യാഭ്യാസം സംബന്ധിച്ചു് ഏകദേശം 10,00,000 ജനങ്ങൾക്കും തൊഴിലുണ്ടാകുമെന്നാണു് മുഖ്യമന്ത്രി പറഞ്ഞതു്. സർ, ഈ കണക്കിൽ നിന്നും ഒരു 50 ശതമാനം കുറയ്ക്കാൻ ഞാൻ തയ്യാറാണു്. എന്നിരുന്നാലും ബാക്കിയുള്ള 50 ശതമാനത്തിനെങ്കിലും തൊഴിൽ നിത്യവും കിട്ടുമോ എന്നതു് എനിക്കു സംശയമാണു്. വിശേഷിച്ചും വ്യവസായ ഇനത്തിൽ മുഖ്യമന്ത്രി പറഞ്ഞതായ സംഖ്യയുടെ പകുതി വരുന്ന 2 ലക്ഷം ആളുകൾക്കെങ്കിലും തൊഴിൽ ഉണ്ടാക്കിക്കൊടുക്കാനുള്ള പരിപാടിയെങ്കിലും പ്ലാനിംഗിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു എന്നാണു് എന്റെ അഭിപ്രായം. അഭ്യസ്തവിദ്യരായ ഒരു പതിനായിരം ആളുകൾക്കെങ്കിലും ഈ പദ്ധതിമൂലം തൊഴിലുണ്ടാക്കി കൊടുക്കേണ്ടതാണു്. പദ്ധതിപ്രകാരം ഇത്രയും വലിയ ഒരു ജനസഞ്ചയത്തിനു് തൊഴിലുണ്ടാക്കിക്കൊടുക്കുന്നതു് താത്കാലികമായിട്ടാണോ അതോ സ്ഥിരമായിട്ടാണോ എന്നു ചോദിച്ചപ്പോൾ മുഖ്യമന്ത്രി പറഞ്ഞതു് താത്കാലികമായിട്ടല്ല എന്നാണു്. അടുത്ത പഞ്ചവത്സരപദ്ധതിയുടെ കാലത്തിനുള്ളിൽ അതായതു് അടുത്ത അഞ്ചു വർഷക്കാലത്തിനുള്ളിൽ കൂടിൽ വ്യവസായമായിരുന്നാലും സംഘടിതവ്യവസായങ്ങളായിരുന്നാലും അവയിലെ പ്രവർത്തനങ്ങൾക്കു വേണ്ടി 4 ലക്ഷം പേരെ പ്രവേശിപ്പിക്കാൻ സാധിക്കുമെന്നു പറഞ്ഞതു് ഏതടിസ്ഥാനത്തിൽ ആണെന്നു മുഖ്യമന്ത്രി തന്നെ ആലോചിക്കേണ്ടതാണു്. കാർഷികരംഗത്തും വ്യവസായരംഗത്തും ഉള്ള തൊഴിലാളികൾക്കു് തൊഴിൽ കൊടുക്കുവാൻ സാധിച്ചില്ലെങ്കിൽ അവർക്കു് മറ്റു തരത്തിലുള്ള തൊഴിൽ രംഗത്തേക്കു് പ്രവേശിക്കാനുള്ള സന്ദർഭവും സഹകര്യവും ഉണ്ടാക്കിക്കൊടുക്കേണ്ടതു് ഗവണ്മെന്റിന്റെ കർത്തവ്യമാണു്. നമ്മുടെ സംസ്ഥാനം വളരെയധികം ജനസാന്ദ്രത ഉള്ളതായതുകൊണ്ടു് കാർഷികരംഗങ്ങളിലും വ്യവസായരംഗങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനു് എന്തെങ്കിലും പ്രത്യേകതരത്തിലുള്ള ഒരു പരിപാടി ഈ പ്ലാനിംഗിൽ കൊള്ളിക്കേണ്ടതായിരുന്നു. അങ്ങിനെ നോക്കുകയാണെങ്കിൽ ഞാൻ മുൻപു പറഞ്ഞ കാര്യങ്ങൾക്കായി പ്ലാനിംഗിൽതന്നെ പല ഭേദഗതികളും വരുത്തേണ്ടതായിട്ടുണ്ടു്. കാർഷികരംഗങ്ങളിൽ നിന്നും തൊഴിലാളികളെ മറ്റു വ്യാവസായിക തൊഴിലുകളിലേയ്ക്കു മാറ്റാൻ സാധിക്കാത്തിടത്തോളംകാലം നിലവിലിരിക്കുന്ന തൊഴിലില്ലായ്മ പരിഹരിക്കപ്പെടുമെന്നു് വിശ്വസിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ.]

ന്യായം കാണുന്നില്ല. ഗവണ്മെൻറ സംസ്ഥാനത്തിൽ വഛിച്ചുകൊണ്ടിരി ക്കുന്ന ജനസഞ്ചയത്തിനനുസരണമായി ജീവിക്കാനുള്ള തൊഴിലും കൂടി ഉണ്ടാക്കി കൊടുക്കുന്നതുകൊണ്ടുമാത്രമേ പഞ്ചവത്സരപദ്ധതികളും മറ്റും വിജയിക്കാൻ പോകുന്നുള്ളൂ. കാർഷികരംഗത്തു് കൂടുതൽ ആളുകളെ ആകർഷിക്കാൻ സാധിക്കുമെന്നു് ഇതിൽനിന്നും തോന്നുന്നില്ല. നമ്മുടെ നാട്ടിൽ ആണ്ടിൽ നാലോ അഞ്ചോ മാസം മാത്രം വരുന്ന തൊഴി ലിൽനിന്നു് ഉച്ചമായ വരുമാനം ലഭിക്കുന്ന കാർഷികതൊഴിലാളി കളാണു് അധികമുള്ളതു്. അങ്ങനെയുള്ള തൊഴിലാളികളെ വ്യാവ സായിക രംഗത്തേക്കു ആകർഷിക്കാനുള്ള എന്തെങ്കിലും ശ്രമം ചെയ്യു കയോ ആ വിധത്തിൽ പ്രവർത്തിക്കയോ ഒന്നും ചെയ്യാതെ ഇവി ടത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻ സാധിക്കുമെന്നു് തോന്നുന്നില്ല. രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയെ സംബന്ധിച്ചു് പറയുകയാ ണെങ്കിൽ തൊഴിലില്ലായ്മ പരിഹരിക്കാതെ ഈ നാട്ടിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താൻ സാധിക്കുകയില്ല. ദേശീയവരുമാനം വർദ്ധിപ്പിക്കണമെങ്കിൽതന്നെയും അതിനു് തക്കവണ്ണം രാജ്യത്തിൽ തൊഴിൽ ഉണ്ടാകണം. ഈ പദ്ധതികൊണ്ടു് ഇവിടത്തെ തൊഴിലില്ലാ യ്മ എത്രമാത്രം പരിഹരിക്കാൻ സാധിക്കുമെന്നു് കണ്ടുതന്നെ അറിയേ ണ്ടിയിരിക്കുന്നു. തൊഴിൽ ചെയ്യേണ്ടുന്നവർക്കുതന്നെ ധാരാളം സഹകര്യങ്ങൾ നൽകുന്നതിനു് ഗവണ്മെൻറിനു് സാധിക്കും. അങ്ങിനെയായാൽ മാത്രമേ തൊഴിലാളികളുടെ ജീവിതനിലവാരം ഉയരുകയുള്ളൂ. വ്യവ സായരംഗത്തു് തൊഴിലാളികൾക്കു് ഫെയർവേജസു് കൊടുക്കുകയെന്ന താണു് തൊഴിലാളികളെ സംബന്ധിച്ചിടത്തോളം നമ്മുടെ ലക്ഷ്യം. രണ്ടാ മത്തെ പദ്ധതി പൂർത്തിയാകുമ്പോഴേക്കും ഫെയർവേജസു് ലഭിക്കുമെ ന്നാണു് തൊഴിലാളികൾ ആഗ്രഹിക്കുന്നതു്. എന്നാൽ ഒന്നാമത്തെ പദ്ധതി പൂർത്തിയാകാറായിട്ടും മിനിമം വേജസുപോലും തൊഴിലാളി കൾക്കു് ലഭിക്കാതെ ആണു് ഇരിക്കുന്നതു്. അങ്ങനെയുള്ള പരാതികൾ ധാരാളം ഈ സഭയിൽതന്നെ ഉയർന്നിട്ടുള്ളതാണു്. മിനിമം വേജസു് കൊടുത്തിട്ടില്ലാത്ത അനേകം വ്യവസായങ്ങൾ ഇനിയും ഈ രാജ്യത്തു് അവശേഷിക്കുന്നുണ്ടു്. മിനിമം വേജസു് എങ്കിലും ഉറപ്പാക്കുവാൻ കഴിയുന്ന ഏതെങ്കിലും പരിപാടികൾ ഈ പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നു് സംശയമാണു്. ഒരു ദേശീയകൂലി എന്നുള്ള നിലയിൽ വ്യാവസാ യികരംഗത്തായാലും കാർഷികരംഗത്തായാലും ഇൻഡ്യൻ ലാകമാനം പൊതുവെ ഒരു നിശ്ചിത കൂലി ഉണ്ടായിരിക്കണമെന്നുള്ള തത്വം പ്ലാ നിംഗു് കമ്മിഷൻ അംഗീകരിച്ചിട്ടില്ല. ചില സംസ്ഥാനങ്ങളിൽ ഇതി നുള്ള പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ടെന്നല്ലാതെ അങ്ങിനെ ഒരു കൂലി നിശ്ചയിച്ചിട്ടുള്ളതായി തോന്നുന്നില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇതുവരെ ഈ സംസ്ഥാനത്തു് കർഷകതൊഴിലാളികൾക്കു മിനിമം വേജസു് നിശ്ചയിച്ചിട്ടില്ലേ?

ശ്രീ. ടി. കെ. ദിവാകരൻ: ഇല്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: അങ്ങും ആ കമ്മറിയിൽ ഒരംഗ മല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദിവാകരൻ : അല്ല. അങ്ങിനെ മിനിമം വേജസ് നിശ്ചയിച്ചിട്ടില്ലാത്ത ഈ ഘട്ടത്തിൽ, ഒരു കുറഞ്ഞ കൂലി ഇന്നതു് നൽകണമെന്നു് നിർബന്ധിക്കുവാൻ സാധിച്ചിട്ടില്ലാത്ത ഈ ഘട്ടത്തിൽ ഒരു മെയർ വേജസ് അടുത്തകാലത്തു് നിശ്ചയിക്കാൻ സാധിക്കുമെന്നു് തോന്നുന്നില്ല. കാർഷികതൊഴിലാളികൾക്കു് ഇവിടെ 1 ശ്രപ എഴാ അണ കുറഞ്ഞ കൂലിയായി നൽകണമെന്നു് ധാരണയുള്ളപ്പോൾ മദ്രാസു് ഗവണ്മെൻറിന്റെ കീഴിലുള്ള ആളുകൾക്കു് ഒരു ശ്രപ പന്ത്രണ്ടു് അണയാണു് നൽകുന്നതു്. ഓരോ പ്രദേശത്തും ഉള്ള പ്രത്യേകമായ പരിതഃസ്ഥിതികൾ വച്ചുകൊണ്ടു് ജീവിക്കുന്നതിനു മതിയായ മിനിമം വേജസ് അല്ലെങ്കിൽ ഒരു ദേശീയ കൂലി നിർബന്ധമായി നിശ്ചയിക്കേണ്ട എന്തെങ്കിലും പ്രായോഗിക പ്രശ്നങ്ങൾ ഉണ്ടാകേണ്ടതാണു്. അങ്ങിനെ ഒന്നും ചെയ്യാതെ ഉൽപ്പാദനരംഗത്തു് അഭിവൃദ്ധിയുണ്ടായി എന്നു പറഞ്ഞതുകൊണ്ടു് വലിയ പ്രയോജനമൊന്നും ഇല്ല. ഈ ഉൽപ്പാദനത്തെ വാങ്ങാനുള്ള കഴിവും ആഭ്യന്തരകമ്പോളത്തിലും വികസിപ്പിച്ചില്ലെങ്കിൽ ഇവിടത്തെ തൊഴിലില്ലായ്മക്കു പരിഹാരമൊന്നും ഉണ്ടാവുന്നതല്ല. അങ്ങിനെ പൊതുവായി നോക്കുകയാണെങ്കിൽ ഉൽപ്പാദന രംഗത്തായാലും വ്യാവസായികരംഗത്തായാലും ദേശീയ വരുമാനം വർദ്ധിപ്പിക്കുന്നതിനു് വേണ്ട സ്കീമുകൾ ഉൾപ്പെടുത്തേണ്ടതാണു്. സോഷ്യലിസ്റ്റു് അടിസ്ഥാനത്തിൽ, സോഷ്യലിസ്റ്റു് പാറ്റേൺ അഥവാ സൊസൈറ്റി ലക്ഷീകരിച്ചുകൊണ്ടുള്ള യാതൊരു പദ്ധതിയും കേന്ദ്രഗവണ്മെൻറോ സ്റ്റേറ്റു ഗവണ്മെൻറോ ഉൾപ്പെടുത്തിയിട്ടില്ല. പഴയപോലെ ഗവണ്മെൻറിന്റെ പ്രവർത്തനം എന്നു പറയുന്നതു് റോഡുകൾ കലുങ്കുകൾ ആശുപത്രികൾ മുതലായവയ്ക്കു് കുറെ തുക ബഡ്ജറ്റിൽ കൊള്ളിക്കുക എന്ന തത്വം മാത്രമേ ഈ പദ്ധതിയിലും അംഗീകരിച്ചിട്ടുള്ളൂ. എന്നാൽ ഡവലപ്പ്മെൻറ് അക്റ്റിവിറ്റിസിനു് അത്യാവശ്യമായിട്ടുള്ളതും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും രാജ്യത്തെ സാമ്പത്തികമായി പൊതുവെ നന്നാക്കുന്നതിനും സഹായകരമായ പദ്ധതികൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നു് സംശയമാണു്. ചിലതിനൊക്കെ കുറെ തുക കൊള്ളിച്ചിട്ടുണ്ടു്. അതു വളരെ അപര്യാപ്തവുമാണു്. രാജ്യത്തെ പ്രധാനപ്രശ്നം തൊഴിലില്ലായ്മയാണു്. ആണ്ടുതോറും വർദ്ധിച്ചുവരുന്ന ജനപ്പെരുപ്പത്തിന്റെ അനുപാതത്തിനു് തൊഴിലില്ലായ്മയും വർദ്ധിച്ചുവരുന്നതുകൊണ്ടു് ആ വർദ്ധിച്ചുവരുന്ന ജനപ്പെരുപ്പത്തിനു് തക്കവിധം ആ അനുപാതത്തിൽ തൊഴിലില്ലായ്മയും പരിഹരിക്കേണ്ടതാണു്. ഈ കാര്യങ്ങൾ പറയുന്ന സമയത്തു് ഒരു കാര്യം ഊന്നിപ്പറയുവാൻ ആഗ്രഹിക്കുന്നു. കേന്ദ്രത്തിൽനിന്നു് അടിസ്ഥാന വ്യവസായങ്ങൾ ആരംഭിക്കേണ്ടതു് അത്യാവശ്യം തന്നെയാണു്. തെക്കേ ഇൻഡ്യയിൽ പറയത്തക്കവിധം വലിയ വ്യവസായങ്ങൾ ഒന്നും കേന്ദ്രഗവണ്മെൻറു് ആരംഭിക്കുന്നില്ലെന്നും അങ്ങിനെ വ്യവസായങ്ങളുടെ കാര്യത്തിൽ കേന്ദ്രഗവണ്മെൻറു് തെക്കേ ഇൻഡ്യയെ അവഗണിക്കുകയാണെന്നും ഒരു പരാതിയുണ്ടു്. ഉത്തരേൻഡ്യയിലെ കുത്തക മുതലാളിമാർ കേന്ദ്രഗവണ്മെൻറിൽ പ്രേരണ ചെലുത്തി വ്യവസായങ്ങളെല്ലാം ഉത്തരേൻഡ്യയിൽത്തന്നെ സ്ഥാപിക്കുവാൻ ശ്രമിക്കുന്നുണ്ടു്. ഇപ്പോൾത്തന്നെ ചേർത്തലയിൽ ഒരു ഗ്ലാസു് ഫാക്റ്ററിയും ഒരു റബ്ബർ ഫാക്റ്ററിയും തുടങ്ങുവാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ അതെല്ലാം ഇപ്പോൾ പൊതുരംഗത്തുനിന്നു് സ്വകാര്യമേഖലകളിലേയ്ക്കു മാറിയിരിക്കുകയാണു്. ഗ്ലാസു് ഫാ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

ക്ററി ഇപ്പോൾ ഉത്തരേൻഡ്യയിലേക്ക മാററിയിരിക്കുന്നതായിട്ടാണ് അറിയുന്നത്. വളരെ പിന്നാക്കം നിൽക്കുന്ന പ്രത്യേകിച്ച് തൊഴിൽ കാര്യത്തിൽ വളരെ പിന്നാക്കം നിൽക്കുന്ന ഒരു താലൂക്കായ ചേത്തലയിൽ കൂടുതൽ വ്യവസായങ്ങൾ ഉണ്ടാകേണ്ടതു അത്യാവശ്യമാണെന്നുള്ള അടിസ്ഥാനത്തിൽ തുടങ്ങിയിട്ടുള്ള ഒന്നാണ് ഗ്രോസ്ഫാക്ററി. എന്നാൽ അതു് ഇപ്പോൾ അവിടെ തുടങ്ങുവാൻ പോകുന്നില്ല. ആ അടിസ്ഥാനത്തിൽ കൊണ്ടുവന്നിട്ടുള്ള പ്ലാനിൽ ഇതു കാണുന്നില്ല. ഇതു് ഉത്തരേൻഡ്യക്കാരുടെ പ്രേരണമൂലമാണെന്നുള്ളതിനു പ്രത്യേകം തെളിവൊന്നും ആവശ്യമില്ല. ഈ സംസ്ഥാനത്തു ഒരു സൈക്കിൾ ഫാക്ററി തുടങ്ങുന്നതിനു ആവശ്യമായ പ്രോത്സാഹനം നൽകുന്നതാണെന്നും അതിനു ആവശ്യമുള്ള തുക നൽകുന്നതാണെന്നും കേന്ദ്രമന്ത്രി പറഞ്ഞതായി ഞാൻ പത്രങ്ങളിൽ വായിക്കുകയുണ്ടായി. എന്നാൽ ഇപ്പോൾ അതിൽ ഒരു അലസമനോഭാവം എടുത്തിട്ടുള്ളതായികാണുന്നു. ഇവിടെനിന്നും കേന്ദ്രഗവണ്മെൻറിൽ സമ്മർദ്ദം ചെലുത്തുകയാണെങ്കിൽ ഇവിടെ സൈക്കിൾ ഫാക്ററി സ്ഥാപിക്കാനുള്ള സകലവിധ പ്രോത്സാഹനങ്ങളും നൽകാമെന്നും പ്രൈവറ്റ് മേഖലയിൽനിന്നും അതിനു ആളുകൾ മുമ്പോട്ടു വരണമെന്നും കേന്ദ്രമന്ത്രി പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ കൃത്രിമക്കല്ലുകളും മറ്റും ഇവിടെ ഉണ്ടാക്കുന്നതിനും ആവശ്യമുള്ള നടപടികൾ സ്വീകരിക്കണമെന്നും ഒരു നിർദ്ദേശം എനിക്കു ഗവണ്മെൻറിന്റെ മുമ്പിൽ വയ്ക്കേണ്ടതായിട്ടുണ്ട്.

ഷിപ്പ്യാർഡിനെക്കുറിച്ചു ഒരു വാക്കു പറയുവാനുണ്ട്. കൊല്ലം വളരെ പുരാതനമായ ഒരു തുറമുഖമാണ്. അതു് ഒരു ഷിപ്പ് ബിൽഡിംഗ്യാർഡാക്കുന്നതിനു വേണ്ട സൗകര്യങ്ങളും ഉണ്ട്. അഷ്ടമുടിക്കായൽ പ്രകൃത്യാതന്നെയുള്ള തുറമുഖമായതുകൊണ്ട് അവിടെ ഒരു നാചുറൽ ഹാർബർ വികസിപ്പിക്കുന്നതിനുള്ള സാദ്ധ്യത ഉണ്ടെന്നു ഇതിനുമുമ്പു് അതിനെ സംബന്ധിച്ചു് ഗവേഷണം നടത്തിയ ആളുകൾ പറഞ്ഞിട്ടുണ്ട്. ഈ ഹാർബർ വികസിപ്പിക്കുന്നതായാൽ മദ്ധ്യതിരുവ് താംക്കുറിലേക്കു ആവശ്യമുള്ള സാധനങ്ങൾ എത്തിച്ചുകൊടുക്കുവാൻ സാധിക്കുന്നതാണ്. അവിടെ നീണ്ടകരപ്പാലം പണിയിച്ചിരിക്കുന്നതുതന്നെ കപ്പലുകൾക്കു പോകാനുള്ള വിടവുകളോടുകൂടിയാണ്. വളരെ തൊഴിലാളികളുള്ള ജനനിബിഡമായ ഒരു പ്രദേശമായതുകൊണ്ടും അവിടെ സകല സൗകര്യങ്ങളും ഉള്ളതുകൊണ്ടും ആ ഷിപ്പ് ബിൽഡിംഗ് യാർഡ് സ്ഥാപിക്കുന്നതിനു വേണ്ട സമ്മർദ്ദം ചെലുത്തണമെന്നു ഈ സഭയിലെ എല്ലാ ഭാഗത്തും ശബ്ദം ഉയരണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇങ്ങിനെയുള്ള കാര്യങ്ങളൊന്നും ചെയ്യാതെ കേരളാസ്റ്റേറ്റ് ഒരു പ്രോബ്ലം സ്റ്റേറ്റ് ആണെന്നു പറഞ്ഞതുകൊണ്ടോ ചില പദ്ധതികൾ എഴുതിവയ്ക്കുന്നതുകൊണ്ടോ യാതൊരു പ്രയോജനവുമില്ല. രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയിൽ കേരളാസ്റ്റേറ്റിന്റെ കാര്യത്തെപ്പറ്റി മുഖ്യമന്ത്രി ഡൽഹിയിൽചെന്നു വളരെ ശക്തിയായി വാദിച്ചിട്ടുണ്ടെന്നും മറ്റും പറയുകയുണ്ടായി. പക്ഷെ ഇതുവരെ അദ്ദേഹത്തിന്റെ വാദഗതിക്കനുസരണമായ പ്രായോഗിക നടപടികളൊന്നും ഉണ്ടായിട്ടില്ലെന്നു വ്യസനപൂർവ്വം പറയേണ്ടിയിരിക്കുന്നു. ഈവക കാര്യങ്ങളിൽ കേന്ദ്രഗവണ്മെൻറ് കൂടുതൽ ശ്രദ്ധിക്കണമെന്നും മറ്റുമുള്ള മുഖ്യമന്ത്രിയുടെ അഭിപ്രായത്തോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ യോജിക്കുന്നു. ഈ രാജ്യത്തു് കൂടുതൽ വ്യവസായ സ്ഥാപനങ്ങൾ ഉണ്ടാകണം. മറ്റു സ്റ്റേറുകളിലേക്കു കുറഞ്ഞ റേറിൽ ഇലക്ട്രിസിറ്റി കൊടുക്കുവാൻ ഇവിടെ സാദ്ധ്യമാണു്. അതുപോലെതന്നെ നമ്മുടെ രാജ്യത്തിലെ തടി, കാരമായ തോതിൽ സമ്പത്തികസ്ഥിതി ഉയത്തുകൊണ്ടുവരുന്നതിനുള്ള വിഭവമാണു്. അതിനുള്ള പദ്ധതി ഉണ്ടാകണം.

സർ, ലോഹമണൽ വ്യവസായത്തിൽ ഗവണ്മെൻറു് താൽപ്പര്യത്തോടുകൂടി ശ്രമിക്കുകയും, കൂടുതൽ ശ്രദ്ധ ചെലുത്തുകയും ചെയ്തിരുന്നെങ്കിൽ, നമ്മുടെ ലോഹമണൽ വിദേശങ്ങളിലേക്കു് കയറ്റുമതി ചെയ്തുകൊണ്ടിരിക്കുന്നതിനെ നിയന്ത്രിക്കുന്നതിനും, കൂടുതൽ ലോഹമണൽ ഉണ്ടാക്കുന്നതിനും ഉദ്ധരിക്കുന്നതിനും അതിൽനിന്നും ടൈറ്റാനിയം, സക്കോണിയം മുതലായ സാധനങ്ങളും ഇവിടെത്തന്നെ ഉൽപാദിപ്പിക്കുന്നതിനും സാധിക്കുമായിരുന്നു. ഈ സാധനങ്ങളും ഇവിടെത്തന്നെ ഉൽപാദിപ്പിക്കുന്നതിനു കേന്ദ്രഗവണ്മെൻറുമായി ശ്രമങ്ങളും നടത്തുന്നതുമൂലം സാധിക്കുന്നതാണു്. അങ്ങനെയുള്ള ലോഹമണൽ വിദേശങ്ങളിലേക്കു് കയറ്റി അയയ്ക്കുന്നതുകൊണ്ടു് ഈ ഗവണ്മെൻറിനു് പണം കിട്ടുന്നുണ്ടെന്നുള്ള അലംഭാവം വച്ചുകൊണ്ടിരിക്കാതെ അതിൽനിന്നും ഡെവലപ്പു ചെയ്യാൻ കഴിയുന്ന എല്ലാ വ്യവസായങ്ങളും ഇവിടെത്തന്നെ ആരംഭിക്കുന്നതിനു് മുഖ്യമന്ത്രി ശ്രമിക്കണം. ആ വഴിക്കു ശ്രമിച്ചിരുന്നെങ്കിൽ തീച്ചയായും കേന്ദ്രഗവണ്മെൻറു് ആ അടിസ്ഥാനത്തിൽതന്നെ നമ്മെ സഹായിക്കുമായിരുന്നു. എന്നാൽ അതിനു പകരം ഇന്നു് അതിനെല്ലാം മുടക്കം നേരിട്ട അതു് വെളിയിലേക്കു് പൊയ്ക്കൊണ്ടിരിക്കുകയാണു്. ഈ ലോഹമണൽ ബോംബേ മുതലായ സ്ഥലങ്ങളിലേക്കു് പോകുകയാണു്. ലോഹമണലിൻെറ ആഫ്ടർ പ്രോസസ്സു് ഇവിടെ നടത്തുന്നതിനുള്ള ശ്രമങ്ങളും കേന്ദ്രഗവണ്മെൻറു വഴിക്കു് തക്കസമയത്തു് ചെയ്തിരുന്നുവെങ്കിൽ ആ വഴിക്കു കൂടുതൽ വ്യവസായങ്ങളും ഇവിടെ ആരംഭിക്കുന്നതിനു സാദ്ധ്യതകളും ഉള്ളതാണു്. അങ്ങനെ കൂടുതൽ വ്യവസായ സാദ്ധ്യതകൾക്കു് സൗകര്യം ഉണ്ടാക്കുന്നപക്ഷം ഈ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും, അതുപോലെതന്നെ ദേശീയവരുമാനം വികസിപ്പിക്കുന്നതിനും, ജനങ്ങളുടെ ജീവിതനിലവാരം ഉയത്തുന്നതിനും സാധിക്കുന്നതാണു്. അതിലേക്കു് കൂടുതൽ ധനം സെൻട്രൽ ഗവണ്മെൻറിൽ നിന്നും ആവശ്യപ്പെടുന്നതിനും അതിനു വ്യക്തമായ ചില നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന ഒരു റസല്യൂഷൻ ഇവിടെ അവതരിപ്പിക്കുന്നതിനും മുഖ്യമന്ത്രിയോടഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

11 A. M.

ശ്രീ. എൻ. ജി. ചാക്കോ : സർ, നമ്മുടെ രാജ്യത്തെ സമുദ്ധരിക്കുന്നതിനു ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണു പഞ്ചവത്സരപദ്ധതി. ഈ പഞ്ചവത്സരപദ്ധതി ആസൂത്രണം ചെയ്യപ്പോൾ പ്രധാനമായി അഞ്ചു മാർഗ്ഗങ്ങളിൽകൂടി ഈ രാജ്യത്തു് പുരോഗതി കൈവരുത്തണമെന്നാണു് പ്ലാനിംഗ്കമ്മീഷനും, അതിൻെറ മറ്റു ചുമതലക്കാരും നിശ്ചയിച്ചിട്ടുള്ളതു്. അവയിൽ അതിപ്രധാനമായവ കൃഷി, ഗ്രാമോദ്ധാരണം, ജലസേചനം, വ്യവസായം, ഗതാഗതം, സാമൂഹ്യസേവനം ഇവയാണു്. ഈ മാർഗ്ഗങ്ങളിൽകൂടി പ്രധാനമായി ഈ രാജ്യത്തുള്ള ജനങ്ങൾക്കു് ഐശ്വര്യം കൈവരുത്തണമെന്നാണു്. ഉദ്ദേ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ജി. ചാക്കൊ]

ശിച്ചിട്ടുള്ളതു്. ഒന്നാമത്തെ പഞ്ചവത്സരപദ്ധതി ഈ സാമ്പത്തികവർഷത്തോടുകൂടി അവസാനിക്കുകയാണു്. ആ ഒന്നാമത്തെ പഞ്ചവത്സരപദ്ധതി ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ആസൂത്രണം ചെയ്യുതു് ഒരു പക്ഷെ യുക്തഗതിയിൽ ആയിരുന്നേക്കാം. വേണ്ടത്ര സാവകാശമില്ലാതിരുന്നതിന്റെ ഫലമായിട്ടോ മറ്റോ ഒരു പക്ഷെ നമ്മുടെ രാജ്യത്തിനു് അതുകൊണ്ടുണ്ടാകേണ്ട പൂർണ്ണപ്രയോജനം ഉണ്ടായിട്ടില്ലായിരിക്കാം. എന്നു വരികിലും നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ചു് തിരുവിതാംകൂർ–കൊച്ചിയെ സംബന്ധിച്ചിടത്തോളം ഈ ഒന്നാമതു പഞ്ചവത്സരപദ്ധതിയുടെ കാലഘട്ടത്തിൽ നമ്മുടെ രാജ്യത്തു് ഗണ്യമായ പല പുരോഗതിയും ഉണ്ടായിട്ടുണ്ടെന്നു് ആരും സമ്മതിക്കുമെന്നാണു് എന്റെ വിശ്വാസം. ഈ ഒന്നാമതു് പഞ്ചവൽസരപദ്ധതിയുടെ കാലഘട്ടത്തിൽ നമ്മുടെ രാജ്യത്തു പല വമ്പിച്ച ജലസേചനപദ്ധതികളും മറ്റും ആരംഭിച്ചിട്ടുണ്ടു്. ഗതാഗതസൗകര്യം വളരെ വർദ്ധിച്ചിട്ടുണ്ടു്. മൊത്തത്തിൽ നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളവും, ഭാരതത്തെ സംബന്ധിച്ചിടത്തോളവും, ഇതു വിജയിച്ചു എന്നു പറയുമ്പോൾ ഞാൻ ഈ സഭയുടെ ശ്രദ്ധയെ യുദ്ധകാലപരിതഃസ്ഥിതിയിലേക്കു് ക്ഷണിക്കുകയാണു്. സർ, കാലഘട്ടത്തിൽ നമ്മുടെ രാജ്യത്തു് ഭക്ഷണകാര്യത്തിലും വസ്ത്രത്തിന്റെ സംഗതിയിലും എത്രമാത്രം വിഷമത ഉണ്ടായിരുന്നു എന്നുള്ളതു് നമ്മിൽ ഏവർക്കും നേരിട്ടു അനുഭവപ്പെട്ടിട്ടുള്ളതു സത്യാവസ്ഥയാണു്. എന്നാൽ ആ വിഷമങ്ങളെ സംബന്ധിച്ചിടത്തോളം അതായതു് ഭക്ഷണകാര്യത്തിലും വസ്ത്രത്തിന്റെ കാര്യത്തിലും ഇന്നീ രാജ്യത്തെ നില എന്താണെന്നുള്ളതിനെപ്പറ്റി ഈ സഭയിൽ വിശേഷിച്ചു പ്രസ്താവിക്കേണ്ട ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. ഭക്ഷണകാര്യത്തിലും വസ്ത്രത്തിന്റെ കാര്യത്തിലും ഒന്നാമതു് പഞ്ചവത്സരപദ്ധതിയുടെ കാലത്തുതന്നെ നമുക്കു് സ്വയംപര്യാപ്തതയിൽ എത്തിച്ചേരാൻ സാധിച്ചിട്ടുണ്ടു് എന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണു്. ഇന്നു് നമ്മുടെ രാജ്യത്തുനിന്നും അരിയും വസ്ത്രവും വെളിയിലോട്ടു കയറ്റുമതി ചെയ്യുന്നുണ്ടു എന്നുള്ളതു് നാം ഓർക്കുമ്പോൾ ഈ കാര്യത്തിൽ ഒന്നാം പഞ്ചവൽസരപദ്ധതി എത്രമാത്രം വിജയിച്ചു എന്നുള്ളതിനെപ്പറ്റി കൂടുതലായി തെളിവുകൾ ഒന്നും ഹാജരാക്കേണ്ട ആവശ്യമില്ല.

സർ, ഈ പദ്ധതി ആരംഭിച്ചകാലത്തു് ഇതു വെറും കടലാസു പദ്ധതിയാണെന്നു പറഞ്ഞു. ഗ്രന്ഥത്തിലെ പത്തു പല്ലു തിന്നാത്തതുപോലെ ഈ പദ്ധതികൊണ്ടു് ഈ രാജ്യത്തിനു യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ലെന്നും ഇതു് ഈ രാജ്യത്തു, അമേരിക്കക്കാർക്കു് പണയം വയ്ക്കുന്നതിനുള്ള ഒരു പദ്ധതിയാണെന്നും മറ്റും ആക്ഷേപം അടിക്കടി ഉണ്ടായിട്ടുള്ളതു നമുക്കറിയാൻ കഴിഞ്ഞിട്ടുണ്ടു്. എന്നാൽ അങ്ങിനെയുള്ള ആളുകൾപോലും ഇന്നു സമ്മതിച്ചിട്ടുണ്ടു്, ഈ ഒന്നാമതു് പഞ്ചവൽസരപദ്ധതികൊണ്ടു് ഈ രാജ്യത്തിനു വളരെയൊന്നും ഉണ്ടായില്ലെങ്കിലും കുറെ പുരോഗതി ഉണ്ടായിട്ടുണ്ടെന്നു്. ഇന്നു് ഈ പദ്ധതിയെപ്പറ്റി ആലോചിക്കുമ്പോൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾക്കു് തുക കുറഞ്ഞുപോയി, അതിനു കുറെക്കൂടി പണം വയ്ക്കേണ്ടതായി

LIBRARY ARCHIVES Kerala Legislative Assembly

രുന്നു, ഇങ്ങിനെയുള്ള ചില സാങ്കേതിക വിമർശനങ്ങൾ പറയുകയല്ലാതെ ഈ പദ്ധതിയെ പാടെ ആക്ഷേപിച്ചു കാണുന്നില്ലായെന്നുള്ളതു വളരെ വളരെ സന്തോഷകരമായ ഒരു സംഗതിയാണു്. നമ്മുടെ പഞ്ചവൽസര പദ്ധതി വളരെവളരെ വിജയിച്ചിട്ടുണ്ടു്. അതുകൊണ്ടു് വളരെ പ്രോത്സാഹതി ഉണ്ടായിട്ടുണ്ടു് എന്നുള്ളതിനു മറ്റു രാജ്യങ്ങളിൽനിന്നും ഇവിടെ സന്ദർശിച്ചിട്ടുള്ള കുറെവളരെ സ്നേഹിതന്മാർ അതെല്ലാം ശരിയായി പരിശോധിച്ചതിൽ വളരെ വ്യക്തമായി അഭിപ്രായം പുറപ്പെടുവിച്ചിട്ടുണ്ടു്.

കൊളംബോ പദ്ധതിയനുസരിച്ചുള്ള അതിന്റെ നാലാമതു കൺസൾടേറ്റീവു് കാൺഫറൻസിന്റെ റിപ്പോർട്ടിൽ ഒന്നാമതു പഞ്ചവൽസരപദ്ധതിയെപ്പറ്റി പറയുന്നതു് ഇങ്ങനെയാണു്.

"The Plan has been successful in achieving its principal objective of an increase in production and in the productive capacity of the country. The first Plan laid considerable emphasis on the development of water and power resources of the country and the progress of Irrigation and Power schemes has so far been close to Schedule".

ആ റിപ്പോർട്ടിൽ തുടരുന്നു:

"The national product of India was already 12% higher than the pre-Plan level."

ഇങ്ങിനെ ഒന്നാമതു് പഞ്ചവൽസരപദ്ധതി വിജയിച്ചിരിക്കെ രണ്ടാമത്തെ പഞ്ചവൽസരപദ്ധതി നടപ്പിലാക്കാൻ പോകുന്ന ഒരു കാലഘട്ടമാണിതു്. ഈ രണ്ടാമത്തെ പഞ്ചവൽസരപദ്ധതി ആവിഷ്കരിക്കുന്നതിനു മുമ്പു് വളരെ ഗാഢമായി ആലോചിച്ചു് പല നിർദ്ദേശങ്ങളും നൽകിയിരുന്നു. അതിലേക്കു് താലൂക്കു ലെവലിൽ ഒരു ഡെവലപ്പുമെന്റു കമ്മറിയും ഡിസ്ട്രിക്ടു് ലവലിൽ ഒരു ഡവലപ്പുമെന്റു് കമ്മിറ്റിയും അതിനും ഉപരിയായി ഒരു പ്ലാനിംഗു അഡ്വൈസറി ബോർഡും അങ്ങിനെ പല സംഘടനകളും രൂപീകരിച്ചു. ആ സംഘടനകളുടെ പ്രധാനമായ സഹായസഹകരണത്തോടുകൂടിയാണു് ഈ രണ്ടാമത്തെ പഞ്ചവൽസരപദ്ധതി ആവിഷ്കരിച്ചിട്ടുള്ളതു്. ഒന്നാമത്തെ പഞ്ചവൽസരപദ്ധതിയുടെ കാലത്തു് മൊത്തത്തിൽ രണ്ടായിരത്തിൽ ചിലവാനം കോടി രൂപ ചെലവഴിക്കുന്നതിനു് പ്ലാൻ ചെയ്തിരുന്നതിൽ ഏകദേശം 35 കോടിയോളം രൂപ നമ്മുടെ രാജ്യത്തിനു ലഭിക്കുവാനിടയായിട്ടുണ്ടു്. ഈ രണ്ടാമത്തെ പദ്ധതിയനുസരിച്ചു് സ്റ്റേറ്റിന്റെ ഷെയർ രണ്ടായിരത്തോളം കോടി രൂപയാണു് നീക്കിവെച്ചിരിക്കുന്നതു്. അതിൽ നമുക്കു് 132 കോടി രൂപയുടെ പദ്ധതിയായിരുന്നു—ഉണ്ടായിരുന്നതു്. അതിപ്പോൾ 75 കോടിയായി തീർന്നിരിക്കുകയാണു്. നമ്മുടെ ജനസംഖ്യയനുസരിച്ചു് നമുക്കു ന്യായമായി കിട്ടേണ്ട ഷെയർ നോക്കുമ്പോൾ ഈ ലഭിച്ചിരിക്കുന്ന 75 കോടി രൂപ നമ്മേ സംബന്ധിച്ചിടത്തോളം അല്പം കൂടുതലായിട്ടുള്ളതാണെന്നു് മുഖ്യമന്ത്രി ഇവിടെ പ്രഖ്യാപിച്ചതു് നാം കേട്ടു കഴിഞ്ഞിരിക്കുന്നു.

അതുകൂടാതെ തീരുമാനം ചെയ്യപ്പെടാത്ത പല പദ്ധതികൾക്കും വാട്ടർസപ്ലൈ ഡ്രെയിനേജു് തുടങ്ങിയ മറ്റു ചില കാര്യങ്ങൾക്കുമായി കൂടുതൽ തുക നമുക്കിനിലഭിക്കേണ്ടതുണ്ടു്. അതിനെപ്പറ്റിയുള്ള ആലോ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ജി. ചാക്കോ]

ചനകൾ ഒന്നും പൂത്തിയായിട്ടില്ലെന്ന ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അങ്ങിനെ വരുമ്പോൾ ഏകദേശം നമ്മുടെ ഷെയറായി 90 കോടി രൂപയോളം ഈ അടുത്ത 5 വർഷക്കാലത്തിനുള്ളിൽ നമ്മുടെ രാജ്യത്തിന് ലഭിക്കുമെന്നുള്ളത് വളരെ ആശ്വാസം നൽകുന്ന ഒരു സംഗതിയാണ്. ഈ രാജ്യത്തു ആവിഷ്കരിച്ചിട്ടുള്ള പല പദ്ധതികളും ഉണ്ട്. ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു പല പദ്ധതികളും ആരംഭിച്ചു എന്നു ഞാൻ പറഞ്ഞു, പക്ഷെ അതെല്ലാം കേന്ദ്രീകരിച്ചിരിക്കുന്നതു തിരുവിതാംകൂർ-കൊച്ചിയുടെ തെക്കും വടക്കും ഭാഗത്താണ്. എന്തെങ്കിലും പ്രത്യേക ഉദ്ദേശത്തിന്റെ പേരിലാണ് അങ്ങിനെ ചെയ്തിട്ടുള്ളതെന്നു ഞാൻ പറയുന്നില്ല. എങ്കിലും ഇക്കാര്യത്തിൽ ഈ രാജ്യത്തിന്റെ കലവറയായ, ഖജനാവിനെ പരിപോഷിപ്പിക്കുന്ന—മദ്ധ്യതിരുവിതാംകൂറിനെ അല്പം മറന്നുപോയില്ലേ എന്നു ഞാൻ സംശയിക്കുന്നു. എന്നാൽ അതിനു തെല്ലാശ്വാസം ഈ പദ്ധതിയിൽ കാണുകയുണ്ടായി. അതെന്താണെന്നുവച്ചാൽ ഇവിടെ പ്രസ്താവിച്ചുകേട്ട പമ്പാവാലി പദ്ധതിയാണ്. തിരുവിതാംകൂർ-കൊച്ചി ലവലിൽ നോക്കുമ്പോൾ മദ്ധ്യതിരുവിതാംകൂർക്കാക്കുള്ള ഏക പദ്ധതി ഇതൊന്നുമാത്രമാണെന്നു ഞാൻ പ്രസ്താവിക്കുന്നു. കഴിഞ്ഞ കാൺഗ്രസ് മന്ത്രിസഭ അവശേഷിച്ചു് അതിന്റെ പ്ലാൻ തയ്യാറാക്കുന്നതിനു ആവശ്യമായ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അതു സംബന്ധിച്ചു് മറ്റു നടപടികൾ ഒക്കെ വളരെ ഊർജ്ജിതമായി ഇപ്പോൾ നടന്നുകൊണ്ടിരിക്കയുമാണ് മദ്ധ്യതിരുവിതാംകൂറിലെ ജനങ്ങൾക്കു വളരെയേറെ നന്മയും പുരോഗതിയും നൽകുന്ന ഒന്നാണ് പമ്പാവാലിപദ്ധതി. ആ പദ്ധതിയിൽ രണ്ടു സ്കീമാണുള്ളതു്. ജലസേചനപദ്ധതിയും വൈദ്യുതീകരണപദ്ധതിയും. വൈദ്യുതീകരണപദ്ധതി അംഗീകരിച്ചു എന്നും ജലസേചനപദ്ധതി അംഗീകരിക്കുന്നതു് സംശയത്തിലായിരിക്കുന്നു എന്നും അതിനുവേണ്ടി കേന്ദ്രത്തിൽ നമ്മുടെ ഗവണ്മെന്റ് വളരെ ശക്തിയായി വാദിച്ചിട്ടുണ്ടെന്നും പറഞ്ഞതു് കേൾക്കാനിടയായി. അതു വളരെ ആശ്വാസകരമായ സംഗതിയാണ്. ഈ വൈദ്യുതീകരണപദ്ധതിക്കുവേണ്ടിമാത്രം വലിയ തുക ഈ രണ്ടാം പഞ്ചവത്സരപദ്ധതികാലത്തു നമുക്കു ലഭിക്കുമെന്നുള്ളതു സന്തോഷാർഹമാണ്. ഈ പമ്പാവാലി പദ്ധതിയോടു് അനുബന്ധിച്ചുള്ള ജലസേചനപദ്ധതിയും തള്ളിക്കളയാതിരിക്കത്തക്കവണ്ണം മദ്ധ്യതിരുവിതാംകൂറിലെ ജനങ്ങളുടെ പേരിൽ വളരെ ശക്തിയായി ഈ ഗവണ്മെന്റിനു നിവേദനംനടത്തി ആ പദ്ധതി ഉപേക്ഷിക്കാതിരിക്കത്തക്കവിധത്തിൽ വേണ്ട ഏർപ്പാടുകൾ ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. ഇടിക്കുള ഇടിക്കുള : പമ്പാ വൈദ്യുതീകരണപദ്ധതി മദ്ധ്യതിരുവിതാംകൂർകാക്കു മാത്രമല്ല, തെക്കേഇൻഡ്യക്കു മുഴുവൻ പ്രയോജനപ്രദമാണെന്നു അറിയാമോ?

ശ്രീ. എൻ. ജി. ചാക്കോ : അറിയാം.

ശ്രീ. ഇടിക്കുള ഇടിക്കുള : പമ്പാ ജലസേചനപദ്ധതികൊണ്ടു് മദ്ധ്യതിരുവിതാംകൂർകാക്കു പ്രത്യേകം ഗുണം സിദ്ധിക്കുമെന്നറിയാമോ?

ശ്രീ. എൻ. ജി. ചാക്കോ : മദ്ധ്യതിരുവിതാംകൂർകാക്കു പ്രത്യേകം ഗുണം സിദ്ധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ആർ. മാധവൻ പിള്ള : പമ്പാവാലി സ്കീമിനു് 400 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ടെന്നു മെമ്പർ പറഞ്ഞതു ശരിയല്ല.

ശ്രീ. എൻ. ജി. ചാക്കോ : ഒരു ചോദ്യത്തിനു് അങ്ങനെ ഒരു ഉത്തരമുണ്ടായിരുന്നു. വൈദ്യുതീകരണപദ്ധതിക്കു വേണ്ടിയാണു് 400 ലക്ഷം രൂപ എന്നു പറഞ്ഞതു്.

ശ്രീ. പി. ആർ. മാധവൻ പിള്ള : രണ്ടാം പഞ്ചവത്സരപദ്ധതിയിൽ അതിനു 48 ലക്ഷം രൂപ മാത്രമേ നീക്കിവച്ചിട്ടുള്ളുവെന്നു അറിയാമോ?

ശ്രീ. എൻ. ജി. ചാക്കോ : ഞാൻ ആ കണക്കു കണ്ടില്ല. പമ്പാവാലിപദ്ധതി ശ്രീ. ഇടിക്കുള ഒാമ്പ്രപ്പെട്ടുത്തിയതുപോലെ മദ്ധ്യതിരുവിതാംകൂറിലെ ജനങ്ങളുടെ നന്മയ്ക്കുവേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണു്. അതുകൊണ്ടു് ആ ജലസേചനപദ്ധതി തീർച്ചയായും നടപ്പിൽ വരുത്തേണ്ടതാണു്. ആ പദ്ധതി നടപ്പിലാക്കില്ലെങ്കിൽ ഈ രണ്ടാം പഞ്ചവത്സരപദ്ധതികൊണ്ടു് വല്ല റോഡോ, കക്കൂസോ മറ്റോ ലഭിക്കുമെന്നുള്ളതിൽ കവിഞ്ഞു് മദ്ധ്യതിരുവിതാംകൂർകാർക്കു് മറ്റൊന്നും ലഭിക്കുകയില്ല എന്നു് ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. അതിനാൽ ഈ ജലസേചനപദ്ധതി സംശയാസ്പദമായ ഘട്ടത്തിൽ ഇടയാക്കാതെ അനുകൂലമായ തീരുമാനത്തിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള സർവ്വശക്തികളും ഈ ഗവണ്മെൻറു് ഇതുവരെ പ്രയോഗിച്ചതിനേക്കാൾ കൂടുതൽ ശക്തിയോടുകൂടി പ്രയോഗിക്കുമെന്നും ഈ കാര്യത്തിൽ ഈ സഭയിലെ എല്ലാ സാമാജികന്മാരും മദ്ധ്യതിരുവിതാംകൂറിനോടുള്ള സ്നേഹത്തിൻറെയും പ്രത്യേകതയുടെയും അടിസ്ഥാനത്തിൽ അതിനെ അനുകൂലിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

ഇതുവരെ നമുക്കുണ്ടായിരുന്ന റയിൽവെ ചെങ്കോട്ട മുതൽ തിരുവനന്തപുരംവരെയുള്ളതാണു്. അതിനെക്കാൾ വളരെക്കാലം മുമ്പു് ആരംഭിച്ചിട്ടുള്ളതാണു്. ഈ അടുത്തകാലത്തു ജനകീയഭരണം ,ഉടലെടുത്തശേഷം ആരംഭിച്ചിട്ടുള്ളതാണു് കൊല്ലം—എറണാകുളം റയിൽവേ. റയിൽവെയുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാനം വളരെയേറെ പിന്നിലാണു് നിൽക്കുന്നതെന്നു് ഞാൻ പ്രത്യേകം പറയേണ്ട ആവശ്യമില്ല. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ നമ്മുടെ സംസ്ഥാനഗവണ്മെൻറു് 8 റയിൽവെ കൾക്കാണു് ശുപാർശ ചെയ്തിരിക്കുന്നതു്. അങ്ങനെ ശുപാർശ ചെയ്തിരിക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണു് തിരുവല്ല—പുനലൂർ റൈൽ. തിരുവിതാംകൂറിലെ പ്രധാനപ്പെട്ട, വിഭവസമൃദ്ധവും ഫലദായകവുമായ മൂന്നു താലൂക്കുകളെ, അതായതു് പത്തനാപുരം, പത്തനംതിട്ട, തിരുവല്ലാ എന്നിവയെ സ്പർശിക്കുന്ന ഒരു റൈലാണതു്. അവിടെയുള്ള ജനങ്ങളുടേയും നിയമസഭാസാമാജികന്മാരുടേയും ശക്തിയായ നിവേദനത്തിൻറെ ഫലമായി നമ്മുടെ ഗവണ്മെൻറു് അതും ശുപാർശ ചെയ്തു എന്നുള്ളതു് സന്തോഷകരമാണു്. അതുപോലെതന്നെ മറ്റു റയിൽവേകളും പ്രാധാന്യമുള്ളവയാണു്. അതുകൊണ്ടു് ഈ റയിൽവേയുടെ കാര്യത്തിൽ കൂടുതൽ തുക ഇൻഡ്യാഗവണ്മെൻറു് ഇവിടെ ചെലവു ചെയ്യേണ്ടതാണു്. കേന്ദ്രഗവണ്മെൻറിൻറെ വിഹിതമായി ഒരു രണ്ടാം പിരിയഡിലേക്കു് ശുപ ചെലവാക്കാനുണ്ടെന്നു മുഖ്യമന്ത്രി ഇവിടെ പ്രസ്താവിച്ചു. കേന്ദ്രത്തിൻറെ കീഴിലിരിക്കുന്ന രണ്ടാമിരം കോടി രൂപയിൽ ഗണ്യമായ ഒരുഭാഗം റയിൽവേകൾക്കും മറ്റും വമ്പിച്ച പദ്ധതികൾക്കുമായി നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ജി. ചാക്കോ]

രാജ്യത്തു ചെലവുചെയ്യേണ്ടതു വളരെയേറെ ആവശ്യമാണു്. നമ്മുടെ രാജ്യത്തെ തൊഴിലില്ലായ്മയും പാർപ്പിടത്തിനുള്ള സൗകര്യക്കുറവും പ്രത്യേകം പരിഗണിച്ചു് കേന്ദ്രം നീക്കിവച്ചിട്ടുള്ള തുകയിൽ ന്യായമായ ഒരു ഭാഗം ഇവിടെ ചെലവാക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയും അതിനോടു് ഈ സഭയിലെ അംഗങ്ങളെല്ലാം യോജിക്കുകയും ചെയ്യുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. പഞ്ചവത്സരപദ്ധതിയുടെ രണ്ടാം പഞ്ചവത്സരപദ്ധതിയുടെ കാലഘട്ടത്തിൽത്തന്നെ നടക്കത്തക്കവിധത്തിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതു് ആവശ്യമാണെന്നാണു്. പദ്ധതികൾ ആവിഷ്കരിക്കുന്നതുകൊണ്ടുമാത്രം പ്രയോജനം സിദ്ധിക്കുകയില്ല. അതു് ആ കാലഘട്ടത്തിൽത്തന്നെ പൂർത്തിയാക്കത്തക്കവിധത്തിൽ ഔദ്യോഗികമണ്ഡലം ഒന്നു ക്രമീകരിക്കുന്നതിനു് ഗവണ്മെൻറു മടിക്കുകയില്ലെന്നു വിശ്വസിക്കുന്നു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : സർ, അതിപ്രധാനമായ ഈ പദ്ധതിയെക്കുറിച്ചു് രണ്ടുദിവസമെങ്കിലും ചർച്ചചെയ്യാമെന്നു നിശ്ചയിച്ചതു് ചാരിതാർത്ഥ്യകരമാണു്. പ്ലാനവതരിപ്പിച്ചുകൊണ്ടു് ചീഫ് മിനിസ്റ്റർ വിസ്തരിച്ചു സംസാരിച്ചതു് കേട്ടുകൊണ്ടിരുന്നപ്പോൾ എനിക്കു തോന്നിയതു് മറെറാന്നാണു്. എന്തിനാണദ്ദേഹം ഞങ്ങളോടിതു കയത്തു സംസാരിക്കുന്നതു്? പദ്ധതിയുടെ അടങ്കൽ വർദ്ധിപ്പിച്ചുകിട്ടണമെന്നതിൽ ഞങ്ങളാരെങ്കിലും എതിരാണോ? അദ്ദേഹം വാദിച്ചുറപ്പിച്ചതു് കേട്ടാൽ അങ്ങനെ തോന്നിപ്പോകും. യഥാർത്ഥത്തിലദ്ദേഹം വാദിക്കേണ്ടതു് പ്ലാനിംഗ് കമ്മീഷനെറ മുമ്പിലാണു്. ആ വാദത്തിനു് ഈ സഭയുടെ മുഴുവൻ പിന്തുണയുണ്ടാവും. മുമ്പേതന്നെ ഉണ്ടായിരുന്നു. ഇപ്പോഴും ഉണ്ടു്. മേലിലുണ്ടാകുകയും ചെയ്യും. ഞങ്ങളെ പറഞ്ഞു മാനസാന്തരപ്പെടുത്തേണ്ട കാര്യമൊന്നുമില്ല. അദ്ദേഹത്തിൻെറ ഈ യുക്തിവാദപടുതയെല്ലാം കേന്ദ്രത്തിൽ നിയോഗിച്ചിട്ടും ഫലമില്ലെന്നാണോ മനസ്സിലാക്കേണ്ടതു്? ഇന്നത്തെ വാദം കേട്ടപ്പോൾ അങ്ങനെ തോന്നി. തിരുവിതാംകൂർ–കൊച്ചിയിലെ ജനസംഖ്യയുടെ കാര്യം കേന്ദ്രത്തിനറിയാത്തതാണോ? ഇന്ത്യയിലെന്നല്ല, ലോകം മുഴുവൻ പ്രസിദ്ധമല്ലേ ഇതു്? പ്രായോഗികമായിട്ടുള്ള സവിശേഷതകൾ പ്രത്യേകം പരിഗണിക്കണം പ്ലാനിംഗിൽ എന്നുള്ളതും അദ്ദേഹത്തിനറിയാം. പ്ലാൻ ഫ്രെയിമിൽ റീജിയണൽ ഡെവലപ്പ്മെൻറിനെപ്പറ്റി എടുത്തുപറഞ്ഞിട്ടുണ്ടു്. ആ സ്ഥിതിക്കു് തിരുവിതാംകൂർ–കൊച്ചിയുടെ പേരിൽ പ്രത്യേക പരിഗണന നാമാരും പറയാതെതന്നെ ഉണ്ടാകേണ്ടതായിരുന്നു. ചീഫ് മിനിസ്റ്റർ തിരുത്തുവാദിച്ചിട്ടും അതുണ്ടായില്ലെങ്കിൽ അതിനു് വേറെ കാരണം കാണും. സോഷ്യലിസ്റ്റിക് പാറേൺ വച്ചുകൊണ്ടു് പ്ലാനിംഗിനു രൂപകല്പനചെയ്യുമ്പോൾ അംഗീകരിച്ചിരിക്കേണ്ട ഏതാനും അടിസ്ഥാനകർത്തവ്യങ്ങളുണ്ടു്. കേന്ദ്രഗവണ്മെൻറായാലും ഈ ഗവണ്മെൻറായാലും ആ കർത്തവ്യങ്ങളെ അതുപോലെതന്നെ വകവച്ചിട്ടില്ല. വകവച്ചിരുന്നുവെങ്കിൽ ഇന്നിന്ന കാര്യങ്ങൾക്കായി ഇന്നിന്ന രംഗങ്ങളിൽ ഇന്നിന്ന പരിപാടികൾ നടപ്പാക്കണമെന്നു് ആരും പറയാതെതന്നെ തീരുമാനിക്കാമായിരുന്നു. ഡിസ്പ്രാ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രിറ്റി ഇൻ ഡവലപ്പ്മെൻറ് (വികസനത്തിൽ അസമത്വം) വരുത്തരുതെന്നുള്ള നിർബന്ധം കേന്ദ്രഗവണ്മെൻറിനുണ്ടെങ്കിൽ അത്രയൊന്നും ബഹളം കൂടാതെ തന്നെ ഇവിടെ വ്യവസായവൽക്കരണത്തിനും മറ്റും കേന്ദ്രം പ്രാധാന്യം കൊടുക്കുമായിരുന്നു.

മദിരാശിക്കിപ്പുറം മനുഷ്യരില്ലേ?

സത്യത്തിൽ മദിരാശിക്കിപ്പുറം മനുഷ്യരുണ്ടെന്നുള്ള ബോധം വടക്കേ ഇൻഡ്യയിൽ കിടക്കുന്ന കേന്ദ്രഗവണ്മെൻറിനില്ല. ഇൻഡ്യ മദിരാശിയിൽ വെച്ചവസാനിക്കുന്ന എന്നാ വരുടെ ധാരണ. സോവിയറ്റ് നേതാക്കന്മാർ സഹ്യപർവ്വതത്തിനിപ്പുറം സന്ദർശിക്കാത്തതുതന്നെ ഇതിനു തെളിവാണ്. ഏതായാലും തിരുവിതാംകൂർ-കൊച്ചിയിലെ ജനസംഖ്യയേയും മറ്റും പരിഗണിച്ച് കൂടുതൽ വിദേശനാണ്യമുണ്ടാക്കാവുന്ന പൊരുത്തിയേ കഴിയൂ.

ശ്രീ. കെ. സി. ജോർജ്ജ് : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ട്രഷറി ബഞ്ചിൽ മുഖ്യമന്ത്രിയില്ല; ആഭ്യന്തരമന്ത്രിയില്ല; ആരോഗ്യമന്ത്രിയുമില്ല. പിന്നെയാരോട് പറയാനാണ്? സർ, ഉത്തരവാദപ്പെട്ട മന്ത്രിമാർ സ്ഥലത്തുവരാൻ ബഹുമാനപ്പെട്ട സ്പീക്കർ ആവശ്യപ്പെട്ടാൽകൊള്ളാം.

മി: സ്പീക്കർ : രണ്ടുമന്ത്രിമാർ സ്ഥലത്തുണ്ട്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ചുമരുണ്ടെങ്കിലും പറയട്ടെ. അതെ, പറയുന്നതു കേൾക്കാൻ ഇവിടെ മന്ത്രിമാരില്ലെന്നു മനസ്സിലാക്കിത്തന്നെയാണ് പ്രസംഗമാരംഭിച്ചതു്. മന്ത്രിസഭയിലെ ഒന്നാംകിടക്കാർക്ക് ഇതൊന്നും അത്ര കാര്യമല്ല, ഇവിടെ എന്തെല്ലാമോ നടക്കുന്നു എന്നേ അവർ വച്ചിട്ടുള്ളൂ. വേറെ ജോലിത്തിരക്കാണവർക്ക്. എന്തും തങ്ങൾക്കറിയാമെന്നു് അവർക്കഹന്തയുമുണ്ട്. എന്തു പറയാനാണ്? ഏതായാലും എനിക്കു പറയാനുള്ളതു് പറഞ്ഞേക്കാം. ചുമരുണ്ടെങ്കിലും കേൾക്കട്ടെ.

നോട്ടകുറിച്ചുകൊള്ളാമെന്നു പറയുന്ന ഒരു മന്ത്രി. ഈ പ്ലാനിംഗ് പോലുള്ള കാര്യങ്ങളെക്കുറിച്ചു് പറയുന്നതു മനസ്സിലാക്കാൻ എത്ര പേരുണ്ടു് മന്ത്രിസഭയിൽ? ഭരണയന്ത്രപരിഷ്കാരം തൊട്ടുള്ള സംഗതികളെക്കുറിച്ചു് നല്ല തൻറേടമുള്ളവക്കേ വല്ലതും മനസ്സിലാവൂ. ഖേദിച്ചിട്ടെന്തുകാര്യം? ഞാൻ പദ്ധതിയിലേക്കു തന്നെ കടക്കാം. രണ്ടിനമായിട്ടാണല്ലൊ പദ്ധതി. ഗവൺമെൻറുതന്നെ ചെയ്യിക്കേണ്ടതെല്ലാംകൂടി ഒരിനം. അതിലേക്ക് അത്യുജ്ജിതമായ നിവേദനങ്ങൾ ചെയ്യണമെന്നു പറഞ്ഞു കഴിഞ്ഞു.

രണ്ടാമത്തെയിനം ഇവിടത്തെ ഗവണ്മെൻറ് നടത്തേണ്ട കാര്യങ്ങളാണ്. അവയുടെ നടത്തിപ്പിനെപ്പറ്റി ആദ്യം പറയുവാനുള്ളതു് ഭരണയന്ത്രം അടിമുടി അഴിച്ചുകൂട്ടി ശരിപ്പെടുത്തണമെന്നാണ്. പദ്ധതിയുടെ കർത്താവായ പ്രൊഫസർ മഹാലനോബിസ് തന്നെ ഈ സംഗതി ഊന്നിപ്പറഞ്ഞിട്ടുണ്ട്. രണ്ടുദിവസം മുമ്പ് അദ്ദേഹം ഡൽഹിയിലോ മറ്റോ വച്ചു ചെയ്ത ഒരു പ്രസംഗത്തിൽ സർവ്വീസിനിസ്സ്പെറിവു മെഷീനറി പുനഃസംഘടിപ്പിക്കണമെന്ന് വിശേഷിച്ചു് എടുത്തുപറഞ്ഞിരിക്കുന്നു. ഞാനീ കാര്യം പലതവണ പറഞ്ഞിട്ടുള്ളതാണ്. നിയമസമാധാനങ്ങൾ പാലിക്കാനുള്ള ഒരു ഭരണയന്ത്രമേ ഇവിടെയുള്ളൂ. പഴകിദ്രവിച്ചുവ

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

യാണ് ഇവിടത്തെ സ്റ്റാൻറിംഗ് ഓർഡേഴ്സും റൂളുകളും. ഈ രാജ്യം ഇന്നു കാണുംവിധം പ്ലാൻചെയ്ത സമുദ്ധരിക്കേണ്ടിവരുമെന്ന് സ്വപ്നേ പി വിചാരിക്കാത്തിരുന്ന ഒരു കാലത്തെ നിയമങ്ങളും റൂളുകളും വച്ചു കൊണ്ടെങ്ങനെ ഇന്നത്തെ കാര്യങ്ങൾ നടത്തും? മിക്ക ഡിപ്പാർട്ടുമെൻറ കാര്യങ്ങളും നടപടിക്രമങ്ങളും ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിപ്പ്. ഉള്ള നിയമം കർശനമായും അനുസരിക്കുക എന്നൊരു പാരമ്പര്യം ഗവണ്മെൻറിനില്ല. സെക്രട്ടറിയേറ്റ് തൊട്ട് ഏറ്റവും താഴെ വരുമാനം വരെയുള്ള ഉദ്യോഗസ്ഥന്മാർക്ക് റൂളുകളേയും വകുപ്പുകളേയും സംബന്ധിച്ചൊരു പിടിപാടുമില്ല. പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനെന്ന നിലയിൽ എനിക്കുണ്ടായിട്ടുള്ള അനുഭവങ്ങൾ വച്ചാണ് ഞാനിതു പറയുന്നതു്. ഞാൻ വളരെ വ്യക്തമായി പറയുന്നു; നമ്മുടെ ഗവണ്മെൻറൽ മെഷീനറി ഇന്നത്തെ കാര്യങ്ങൾക്ക് തീരെ കൊള്ളരുതാത്തതാണെന്നു്. ഈ മെഷീനറിയിൽ ഒരു മേജർ ഓപ്പറേഷൻ നടത്തിയാലല്ലാതെ രണ്ടാം പഞ്ചവത്സരപദ്ധതി വിജയിക്കാൻ പോകുന്നില്ല. ഭരണവിഷയകമായി ഒരു പുതിയ കാലാവസ്ഥതന്നെ ഇവിടെയുണ്ടാക്കണം. ഈ പരിഷ്കാരം നടത്താൻ മന്ത്രിമാരെക്കൊണ്ടാവില്ലെന്നെനിക്കറിയാം. അതിനൊക്കെ സമയമുണ്ടോ? കേന്ദ്രത്തിൽനിന്നോ മറ്റാ സിവിൽ സർവീസ് അഡ്മിനിസ്ട്രേഷനിൽ തഴക്കമുള്ള ഏതെങ്കിലും വിദഗ്ദ്ധനെ കൊണ്ടുവന്നു നമ്മുടെ ഈ ഭരണയന്ത്രം ഒന്നഴിച്ചുകുട്ടി ശീഘ്ര പ്രവർത്തനയോഗ്യമാക്കുവാൻ അടിയന്തിരമായി ശ്രദ്ധിക്കണം.

ഇനിയത്തെക്കാര്യം ഭൂനയപരിഷ്കാരമാണു്. വ്യവസായവൽക്കരണത്തിലൂടെ മാത്രമെ പുരോഗതിയുണ്ടാവൂ എന്നു സമ്മതിച്ചാൽ അതിനു കമ്പടിയായി ഭൂനയപരിഷ്കാരം കൂടിയേ കഴിയൂ എന്നു് സിദ്ധമാണു്. പ്ലാനിംഗ് കമ്മീഷൻ അതിനെപ്പറ്റി ഉന്നിപ്പറഞ്ഞിട്ടുണ്ടു്. ചീഫ് മിനിസ്റ്റരാണെങ്കിലതു സമ്മതിക്കുകയും ചെയ്യുന്നു. എന്നിട്ടെന്തുകൊണ്ടതു് നടപ്പാക്കുന്നില്ലാ എന്നാണു് എൻറെ ചോദ്യം. ഇവിടെ പി. എസ്സ്. പി. കാർ കൊണ്ടുവന്ന ബില്ലുകളൊക്കെ കഴിച്ചുമൂടിയമട്ടാണു്. പാസ്സാക്കിക്കഴിഞ്ഞ നിയമങ്ങൾ ഇതിനുമുമ്പു് കൊച്ചിയിലുണ്ടായിരുന്ന അനുകൂല്യങ്ങൾ പോലും വെട്ടിക്കുറച്ചിരിക്കുന്നു. അടിയന്തിരമായി ഭൂ ഉടമയുടെ പരിധിയും പ്രതിഫലനിരക്കും നിർണ്ണയിക്കണമെന്നു പ്ലാനിംഗ് കമ്മീഷൻറെ കീഴിലുള്ള ഒരു സബ്ബ് കമ്മിറ്റി ഇവിടെ തീരുമാനിച്ചതായി പത്രത്തിൽ കണ്ടു. രാധാകമുദ്മുക്കർജിയെ പോലുള്ള മഹാവിദഗ്ദ്ധന്മാരടങ്ങിട്ടുള്ളതാണു് കമ്മിറ്റി. നമ്മുടെ ഈ മന്ത്രിമാരെക്കാൾ വിവരമുണ്ടവർക്കു്. ഒരു കുടുംബത്തിനു് പരമാവധി 4600 ക. വരവാണു് ഭൂമിയിൽ നിന്നു് കിട്ടേണ്ടതായി അവർ നിശ്ചയിച്ചിട്ടുള്ള പരിധി. പ്രതിഫലത്തോതോ, ഭൂമിയുടെ കമ്പോള വിലയുടെ 25 ശതമാനം മാത്രം. ഇവിടെ കോൺഗ്രസ്സിൻറെ കൂറെ വിദഗ്ദ്ധന്മാർ കൂറെ നാൾ മുമ്പൊരു പരിധി നിർണ്ണയിക്കുകയുണ്ടായി. കൊല്ലത്തിൽ 8400 ക. വരവുണ്ടായിരിക്കണമെന്നാണു് അവർ തീരുമാനിച്ചതു്. ചതുരശ്രമൈലിനു് 1500-ൽ പരം ആളുകളുള്ള ഈ സംസ്ഥാനത്തിനെ പരിധി നിർണ്ണയിച്ചാലെന്താവും?

LIBRARY ARCHIVES Kerala Legislative Assembly

വികസനപദ്ധതികളിലേക്ക് കടക്കുമ്പോൾ ശ്രദ്ധിക്കാനുണ്ട്. ഗതാഗതം, ആരോഗ്യരക്ഷ, വിദ്യാഭ്യാസം
12 Noon തൊട്ടുള്ളവയാണല്ലോ രാജ്യത്തിന്റെ എല്ലാഭാഗത്തും ഉണ്ടാ
യിരിക്കേണ്ടത്. വികസനപരിപാടിയിൽപ്പെട്ട ഇനങ്ങളെ
സംബന്ധിച്ച് ഒരു ചോദ്യാവലി തയ്യാറാക്കി പഞ്ചായത്തുകളിലേക്കും
മുനിസിപ്പാലിറ്റികളിലേക്കും അയച്ചുകൊടുത്ത് വിവരം ശേഖരിച്ച്
ഒരു ബ്ലൂപ്രിന്റ് ഉണ്ടാക്കിയിട്ടുണ്ടോ ഗവണ്മെന്റ്? ചോദ്യാവലി
യെന്നു പറയുമ്പോൾ അതിനെ ഒരടിസ്ഥാനരേഖയായിട്ടാണ് ഞാൻ
വീക്ഷിക്കുന്നത്. ഒരു ബ്ലൂപ്രിന്റുണ്ടാക്കാതെ വന്നപോലെ ഒരോ
സ്വാധീനശക്തിയനുസരിച്ച് ഓരോന്നും പ്രയോറിയിൽ കൊള്ളിക്കുക
എന്ന നയം ശാസ്ത്രീയമാണോ? പ്ലാനിംഗ് എന്നു യോജിച്ചതാണോ?

പൊതുമരാമത്തുപണികളെ സംബന്ധിച്ചിടത്തോളം വകുപ്പധ്യ
ക്ഷന്റെ പ്ലാനിംഗിനും ഡിസൈനിംഗിനും ഉത്തരവാദപ്പെട്ട
വിദഗ്ദ്ധനെ ഉടനെ നിശ്ചയിച്ചേ മതിയാകൂ. പദ്ധതിയിൽ കൊള്ളി
ക്കുന്ന പണികൾ അതാതു കൊല്ലങ്ങളിൽ ചെയ്യുന്നതിനുള്ള വണ്ണം കാലേ
ക്കൂട്ടി എസ്റ്റിമേറുണ്ടാക്കി പ്ലാൻ ചെയ്തിട്ടുള്ളവയായിരിക്കണം.
ബഡ്ജറ്റിൽ കൊള്ളിച്ചു പാസ്സാക്കിയതിനുശേഷം ഒരാറുമാസക്കാലം
എസ്റ്റിമേറുണ്ടാക്കുന്നതും അഡ്മിനിസ്ട്രേറ്റീവ് സാങ്ക്ഷൻ കിട്ടാനും
ചെലവാക്കുന്ന പാരമ്പര്യം അവസാനിപ്പിച്ചേ പറ്റൂ. ഇടയ്ക്കു വല്ലവരും
വന്നു കത്തിപ്പൊക്കുന്നതനുസരിച്ചു പുതിയ പുതിയ മരാമത്തുപണികൾ
ബഡ്ജറ്റിൽ തള്ളിക്കയറ്റുന്ന ആ അശാസ്ത്രീയമായ സമ്പ്രദായം ഇനിയെ
ങ്കിലും നിറുത്തണം.

എനിക്കു വളരെ പ്രധാനമായി പറയാനുള്ളതു് വേറെ രണ്ടു് കാര്യങ്ങളാണു്. തൊഴിലാളി താൽപ്പര്യങ്ങൾക്കു് പരിരക്ഷ നൽകുക എന്നുള്ളതു് ഇന്നു ഗവണ്മെന്റിന്റെ പ്രഖ്യാപിത നയമാണു്. സോഷ്യലിസ്റ്റിക്ക് പാറ്റേണിലേയ്ക്കു കുതിക്കുന്നു എന്ന പ്രസ്താവനയിൽ വല്ല ആത്മാർത്ഥതയുമുണ്ടെങ്കിൽ തൊഴിലാളികളെ സംബന്ധിച്ചുള്ള നിയമങ്ങൾ അവർക്കനുകൂലമായ രീതിയിൽ തിരുത്തുകയും നടപ്പാക്കുകയും വേണം. ഭരണഘടനയുടെ സ്പിരിട്ടനുസരിച്ചുവേണം തൊഴിലാളികൾക്കുവേണ്ടി യുള്ള നിയമങ്ങൾ പ്രാവർത്തികമാക്കുവാൻ. ഇവിടെ കണ്ടുവരുന്നതു നേരെമറിച്ചാണു്. മുതലാളിയുടെയും തൊഴിലാളികളുടെയും മൌലികാവകാശങ്ങൾ തമ്മിലേറ്റുമുട്ടിയാൽ ഗവണ്മെന്റിന്റെ മുൻതൂക്കം മുതലാളിയുടെ ഭാഗത്തേക്കാണു്. പോലീസിനെയയച്ചു വിട്ട തൊഴിലാളിയെ മർദ്ദിച്ചു മുതലാളിയുടെ മൌലികാവകാശം രക്ഷിക്കുവാൻ നോക്കിരിക്കുകയാണു ഇവിടത്തെ ഗവണ്മെന്റു്. ഇതിനെത്തന്നെ രാഷ്ട്രീയ പാർശ്വനകളും കാണുന്നുണ്ടു്. കക്ഷിരാഷ്ട്രീയത്തിൽനിന്നും ഉയർന്നുനിന്നുകൊണ്ടു വേണമല്ലോ പ്ലാനിംഗിനു രൂപമിക്കുവാൻ. പ്ലാനിംഗെന്തിനുള്ളതാണു്? പാവപ്പെട്ടവരെ ഉദ്ധരിക്കുവാനുള്ളതല്ലേ? അതോ പ്രമാണികളെ ഉദ്ധരിക്കുവാനുള്ളതോ? രണ്ടിലേതാണെന്നു് വിശദമാക്കണം. തൊഴിലാളികളെ ഉദ്ധരിക്കാനാണു് പ്ലാനിംഗെന്നുണ്ടെങ്കിൽ കണ്ടുശീലിച്ചുവരുന്ന തൊഴിലാളി വിരുദ്ധനയം കഴിവതും ഉപേക്ഷിക്കണം. മുതലാളിയുടെയും തൊഴിലാളിയുടെയും മൌലികാവകാശങ്ങൾ തമ്മിൽ സംഘട്ടനമുണ്ടായാൽ ഭരണഘടനയുടെ സ്പിരിറ്റനുസരിച്ചു ഗവണ്മെന്റു് തൊഴിലാളികളുടെ ഭാഗത്തേക്കു വേണം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് മണ്ടശ്ശേരി]

ചായാനെന്ന് കോടതികൾപോലും വിധിച്ചിരിക്കുന്നു. എന്നിട്ടും ഈ ഗവണ്മെൻറ് മുതലാളിമാരുടെ മുതലികാവകാശം താങ്ങിക്കൊണ്ട് നടക്കുകയാണ്. ഈ ഏർപ്പാട് നിർത്തുമോ എന്നു ഞാൻ ചോദിക്കുന്നു.

മറ്റൊരു പ്രധാനകാര്യം സഹകരണമാണ്. എല്ലാ കാര്യങ്ങൾക്കും ഇപ്പോൾ സഹകരണസംഘങ്ങൾ ഏർപ്പെടുത്താൻ നിശ്ചയിച്ചിരിക്കുകയാണ്. കോടികണക്കിനു രൂപയുടെ കൃഷിക്കും ചെറുകിട വ്യവസായങ്ങൾക്കും മറ്റുമായി നീക്കിവച്ചിട്ടുള്ളത് സഹകരണത്തിലൂടെ വേണം നാട്ടുകാരിലേക്കൊഴുകാൻ. വാസ്തവത്തിലെന്താണിവിടെ നടക്കുന്നത്? ഇൻഡ്യാഗവണ്മെൻറിൻറേയും ഈ ഗവണ്മെൻറിൻറേയും ധനസഹായം കിട്ടുമെന്ന് കണ്ടതോടുകൂടി സകല പിരുമാലികളും സഹകരണത്തിൽ കയറിപ്പറ്റിയിരിക്കുന്നു. ഏതു സംഘത്തിലും താഴോൽ ഇടത്തട്ടുകാരുടെ കയ്യിലാണ്. മരച്ചീനി കിഴങ്ങുകോണം കണ്ടവരല്ലേ ഇവിടെ? കൈത്തൊഴിലിൻറെ ഏതു രംഗത്തു നോക്കിയാലും കൊള്ളക്കാരെക്കൊണ്ട് കിടക്കപ്പൊറുതിയില്ലാതായിട്ടുണ്ട്. ആകെത്താംപിള്ളിയിൽ ആയിരക്കണക്കിനാണ് നെയ്ത്തുകാർ. സംഘങ്ങൾ മൂന്നോ നാലോ ഉണ്ട്. എല്ലാറ്റിൻറേയും താക്കോൽ മാസ്റ്റർ വീവേഴ്സ് എന്നു പറയുന്ന ഗജവിക്രമന്മാരുടെ കയ്യിലാണ്. മീൻപിടിത്തക്കാരുടെ സംഘം നോക്കുക. അവിടെയും ചുക്കാൻ പിടിക്കുന്നതു കച്ചവടക്കാരാണ്. കയർസഹകരണസംഘങ്ങളിലോ? വ്യവസായികളാണ് പ്രവർത്തകകമ്മിറ്റിക്കാർ. ഞാൻ ചോദിക്കട്ടെ, ഗവണ്മെൻറിൽനിന്നും ധനസഹായം ചെയ്യുന്നതു മൂലധനമില്ലാത്ത തൊഴിലാളികൾക്കു മൂലധനമുണ്ടാക്കി കൊടുക്കുന്നതിനാണോ? അതോ സ്വന്തമായി മൂലധനം കയ്യിലുള്ള പ്രമാണികൾക്കു കുറഞ്ഞ പലിശയ്ക്കു മൂലധനമുണ്ടാക്കി കൊടുക്കുന്നതിനാണോ? ഇൻഡ്യാഗവണ്മെൻറിൻറെ വിദഗ്ദ്ധന്മാരും മന്ത്രിമാരും വീണ്ടും വീണ്ടും പറയുന്നതു തൊഴിലാളികൾക്കു മൂലധനമുണ്ടാക്കി കൊടുക്കാനുള്ളതാണ് സഹകരണസംഘമെന്നാണ്. ഈ നിർദ്ദേശത്തിനു കടകവിരുദ്ധമായിട്ടാണ് ഇവിടെ കാര്യങ്ങൾ നടക്കുന്നുള്ളൂ. തട്ടിപ്പും വെട്ടിപ്പും കൊണ്ടു നടക്കുന്നവർക്കല്ലാതെ തൊഴിലാളികൾക്കു സഹകരണസംഘത്തിൻറെ മേഖലയിൽ മുൻകയ്യില്ല, ആളുകൾ നന്നാവുന്നില്ലെങ്കിൽ എന്തുചെയ്യും എന്നു ഗവണ്മെൻറ് ഭാഗത്തുനിന്നും പറയും. ആ പറച്ചിലിനു അർത്ഥമില്ല. പരാതികൾ മാറുകകൂടി വേണം ആളുകൾ നന്നാവാൻ. ഡമോക്രസിയുടെ പേരിൽ കൊള്ളക്കാർക്കും തിരുമാലികൾക്കും സഹകരണസംഘങ്ങൾ കയ്യേറുവാൻ കഴിയുമെന്നൊരന്തരീക്ഷം നിയമസൃഷ്ടിമൂലമായിത്തന്നെ ഇവിടെയുണ്ട്. അതു മാറ്റിയേ പറ്റൂ. യഥാർത്ഥ കൃഷിക്കാർക്കും യഥാർത്ഥ തൊഴിലാളികൾക്കും മാത്രം ഉള്ളതാകണം സഹകരണാടിസ്ഥാനത്തിലുള്ള പ്രവർത്തനം. അതിനുതകുംവിധം നിയമം ഭേദപ്പെടുത്തുകയും സംഘങ്ങളെ നിയന്ത്രിക്കയും ചെയ്യുന്നില്ലെങ്കിൽ അതിൻറെ അർത്ഥം മറ്റൊന്നാണ്. ബഹുജനങ്ങളുടെ പിൻബലം നശിച്ചിട്ടുള്ള ഭരണകക്ഷി സഹകരണസംഘങ്ങളിലൂടെ ധനസഹായം വിതരണം ചെയ്തു ഒരാൾപ്പിടിത്തം നടത്തുകയാണെന്നു ഞാൻ വ്യാഖ്യാനിക്കും.

ഇവിടെ രണ്ടായിരവും എണ്ണായിരവും ഉറപ്പിക്കാവീതം വീടുകെട്ടുന്നതിലേക്ക് ഗവണ്മെൻറിൽ നിന്നും കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളതായി

LIBRARY ARCHIVES Kerala Legislative Assembly

നോട്ടിഫിക്കേഷൻ വന്നു. പദ്ധതിയിൽ വകകൊള്ളിച്ചിട്ടുണ്ട്. അതിനു എത്ര തരക്കാർക്ക് വീടുകൊടുക്കാനുള്ള ഏർപ്പാടാണുള്ളത്. സ്വതേ കഴിവുള്ളവർക്കോ, അതോ അതില്ലാത്തവർക്കോ?

ഇപ്പോൾതന്നെ അപേക്ഷകരും വന്നു കെട്ടിക്കിടക്കുകയാണ്. അധികവും തന്നെത്താൻ വീടുകെട്ടാൻ കഴിവുള്ളവരുടേതാണെന്നറിയുന്നു. പാരമ്പര്യം അനുസരിച്ചാണെങ്കിൽ അവർക്ക് പണം കിട്ടും. അപ്പോൾ ഉദ്ധാരണം ഉദ്ധൃതർക്കാണ് ഉദ്ധാരണീയർക്കല്ല.

പൊതുജനാരോഗ്യത്തെക്കുറിച്ചും അല്പം പറയട്ടെ. ഇവിടെ രോഗം പിടിച്ചതിനുശേഷം ചികിത്സ ചെയ്യാനുള്ള ഏർപ്പാടു മാത്രമാണുള്ളത്. അതിൽതന്നെ മരുന്നും മന്ത്രവും വേണ്ടത്ര ഇല്ലതാനും. അഭിവൃദ്ധിപ്രാപിച്ച രാജ്യങ്ങളിൽ രോഗം പിടിപെടാതിരിക്കുന്നതിനുള്ള സജ്ജീകരണങ്ങൾക്കാണ് പ്രാധാന്യം. പബ്ലിക്ക് ഹെൽത്ത് എന്നു ഞാൻ വിവക്ഷിക്കുന്നത് അതാണ്. പ്ലാനിൽതന്നെ ആ ഭാഗത്തേക്കുള്ള ശ്രദ്ധ കുറവായി കാണുന്നു. കൊതുകുനിവാരണം കൂടിയേ തീരൂ എന്ന് പബ്ലിക്ക് ഹെൽത്ത് ഡയറക്ടർ പറയുമ്പോൾ അതു വേണ്ടെന്നു സെക്രട്ടറിയവർകൾ പറയുന്നു. പൊതുജനാരോഗ്യത്തിൽ ഗവണ്മെൻറിന്റെ ശ്രദ്ധ ഇന്നത്തേതിലുംകൂടുതലുണ്ടായേ കഴിയൂ. ഈ സന്ദർഭത്തിൽ ആയുർവേദോദ്ധാരണത്തെക്കുറിച്ചു രണ്ടു വാക്ക്. ഒരു ഭാഗത്തഷ്ടാംഗഹൃദയവും മറുഭാഗത്തു് അലോപ്പതിയും തമ്മിൽ തൊടാതെ പഠിപ്പിച്ചു ഡിഗ്രി കൊടുക്കാനാണ് ഇപ്പോൾ ഏർപ്പാടു ചെയ്തിട്ടുള്ളതെന്നറിയുന്നു. ആയുർവ്വേദ കോളേജിലെ കാര്യമാണ് ഞാൻ പറയുന്നതു്. ഇതിനുപകരം ആയുർവ്വേദത്തിൽ ഉപരിഗവേഷണം നടത്തി അതിനെ ക്രമേണ ശാസ്ത്രീയമായ അടിസ്ഥാനത്തിൽ പരിപോഷിപ്പിച്ചു അലോപ്പതിയുമായി ഇണക്കി പഠിപ്പിക്കാനേർപ്പാടു ചെയ്യേണ്ടതാണ്.

വിദ്യാഭ്യാസവികസനത്തിനും ധാരാളം വക കൊള്ളിച്ചിട്ടുണ്ട്. പദ്ധതിയിൽ ഇവിടെ എനിക്കുന്നിപ്പറയാനുള്ളതു് വിദ്യാഭ്യാസപരിഷ്കാരത്തെക്കുറിച്ചാണ്. ഹയർ സെക്കൻഡറിസ്കീം പരീക്ഷ പൊതുവിദ്യാഭ്യാസത്തിന്റെ അതിത്തിയായി കണക്കാക്കി ഡിഗ്രികോഴ്സിലുള്ള തള്ളിക്കയറ്റം നിയന്ത്രിക്കേണ്ട കാലം വൈകി. ഹയർ സെക്കൻഡറി സ്കൂളുകളിൽ അദ്ധ്യാപകരായിരുന്നവർക്ക് പിന്നെ ഡിഗ്രികോഴ്സാവശ്യമായിവരുന്നു. അല്ലാത്തവർ പ്രൊഫഷണൽ കോഴ്സുകളിലേക്കു തിരിഞ്ഞുപോകുന്നുള്ളൂ. പദ്ധതിയുടെ കാലാവധിയിൽ അദ്ധ്യാപക പ്രശ്നം പരിഹരിക്കേണ്ടതും അടിയന്തിരകാര്യമാണ്. ഏതു തവണയായി പാവപ്പെട്ട അദ്ധ്യാപകരെ ഇട്ടു് ഞെരുക്കുന്ന പരിപാടി വാക്കിനു സ്ഥിരതയില്ലാത്ത ഭരണകർത്താക്കളായാൽ വിഷമമാണ്. രാഷ്ട്രീയത്തിൽ വാക്കു പാലിക്കുന്നില്ലെന്നു് സിദ്ധാന്തിക്കുന്നവരാണു പൊതുവെ മന്ത്രിമാരെന്നറിയാം. ഈ പാരമ്പര്യം ഇനിയും കൊണ്ടു നടക്കാൻ വയ്യാ. പതിനായിരക്കണക്കിനുള്ള അദ്ധ്യാപകന്മാരോടു നീതികാണിച്ചു അവർക്കും മാനമായി ജീവിക്കാനുള്ള സാദ്ധ്യത പദ്ധതി കൊണ്ടുണ്ടാവണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാലകൃഷ്ണൻ : ആയുർവ്വേദകോളേജിൽ നിലവിലുള്ള ഡിഗ്രി കോഴ്സ് ഉടനെ തുടങ്ങണമെന്നാണോ അങ്ങിപ്രായം?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അല്ല. ഇന്നു പഠിക്കുന്ന വിദ്യാർത്ഥികൾ ഇന്നത്തെ രീതിയിൽ പഠിച്ചു ഡിഗ്രിയെടുത്തുകൊള്ളട്ടെ. മേലിൽ പരിഷ്കരിച്ചൊരു പാഠപദ്ധതി ഏർപ്പെടുത്തണമെന്നേ ഞാൻ പറയുന്നുള്ളൂ.

MR. SPEAKER: Order, order. We will now adjourn and meet again at 2-30. P. M.

The House rose for lunch at 12-30 P. M. and reassembled at 2-30 P. M. with Mr. Speaker in the Chair.

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ജനറൽ ഔട്ട്ലൈനിനെപ്പറ്റി ധാരാളം വാദപ്രതിവാദം നടന്നിട്ടുള്ളതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് ഇനിയും കൂടുതൽ പറയണമെന്നു വിചാരിക്കുന്നില്ല. ഡിസ്ട്രിബ്യൂഷൻ ആഫ് വർക്സ് മുതലായ ചില കാര്യങ്ങളെക്കുറിച്ച് അല്പം ചിലതു പറയണമെന്നു മാത്രമാണ് ഞാൻ ആഗ്രഹിക്കുന്നതു്. 137 കോടി രൂപ മൊത്തത്തിൽ കൊള്ളിച്ചുകൊണ്ടാണ് രണ്ടാം പഞ്ചവത്സരപദ്ധതി വിഭാവന ചെയ്തിട്ടുള്ളതെന്നു കാണാം. പഞ്ചവത്സരപദ്ധതിയിൽ പെടുത്തേണ്ടതായി ഡിസ്ട്രിക്ട് ഡെവലപ്പ്മെൻറ് കമ്മിറ്റികൾ ചില വക്കുകളെല്ലാം സ്വീകാർശ ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ 137 കോടി രൂപയുടെ അടിസ്ഥാനത്തിൽ നാം വിഭാവന ചെയ്തിട്ടുണ്ടെങ്കിൽ പ്ലാനിംഗ് കമ്മിഷൻ ഇതിനു് 75 കോടി രൂപ മാത്രമേ കൊള്ളിച്ചിട്ടുള്ളൂ. ബാക്കിയുള്ള സംഖ്യ വെട്ടിക്കുറച്ചതു് ഏതെല്ലാം വക്കുകൾക്കു് കൊള്ളിച്ചിട്ടുള്ളതായിരുന്നു, ഏതെല്ലാം പ്രദേശങ്ങളെ ബാധിക്കുന്നവയാണ് എന്നും മറ്റുമുള്ള കാര്യം ഇവിടെ ഉന്നയിക്കാൻ ബഹുമാനപ്പെട്ട മെംബറന്മാർക്കും മനസ്സിലായിട്ടില്ലെന്നാണ് എനിക്കു് തോന്നുന്നതു്. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ചില സ്ഥലങ്ങളെ അവഗണിച്ചിട്ടുണ്ടെന്നുള്ളതു് പരമാർത്ഥമാണ്. ഒന്നാമത്തെ പദ്ധതിയിലും അവഗണിച്ചിട്ടുണ്ടായിരുന്നു. ഇപ്പോഴും അതുതന്നെയാണ് സ്ഥിതി. ഈ പദ്ധതികളിൽ നിന്നും ഒരു കാര്യം വ്യക്തമായി കാണാവുന്നതാണ്. അതു് ഈ പദ്ധതികളിൽ പട്ടണപ്രദേശത്തെ വികസനപരിപാടികൾക്കാണ് പ്രാധാന്യം കൊടുത്തിരിക്കുന്നതെന്നുള്ളതാണ്. എനിക്കു് വയ്ക്കുവാനുള്ള നിർദ്ദേശം കഴിഞ്ഞ പ്രാവശ്യത്തേതുപോലെ ഈ പദ്ധതിയിൽ ഗ്രാമപ്രദേശത്തെ അവഗണിക്കരുതെന്നാണ്. ധാരാളം വിദേശികൾ നമ്മുടെ രാജ്യത്തു വരുന്നുണ്ട്. അവരൊക്കെ പട്ടണങ്ങളിലെ പരിഷ്കാരങ്ങളും വികസനപദ്ധതികളും കണ്ടു് ആനന്ദിക്കാറുണ്ടെങ്കിലും, രാജ്യവാസികൾക്ക് ആകമാനം പ്രയോജനമുള്ള വികസനപദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ എന്നു് നാം ആലോചിക്കേണ്ടതാണ്. നേരത്തെതന്നെ ഇവിടെ മുഖ്യമന്ത്രി പ്രസ്താവിക്കുകയുണ്ടായി, ജനസംഖ്യാനുപാതികമായ തോതിലാണ് സെൻട്രൽ ഗവണ്മെൻറ് സ്റ്റേറ്റുകൾക്ക് ഗ്രാൻറ് അനുവദിച്ചു

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ളതെന്ന്. മുഖ്യമന്ത്രിയുടെ അതേ ഭാഷയിൽ പറയുകയാണെങ്കിൽ നമ്മുടെ നാട്ടിലു ള്ള എല്ലാ പ്രദേശങ്ങളിലേയും ആളുകൾക്ക് ഈ പദ്ധതി യുടെ ഗുണം കിട്ടത്തക്കവണ്ണം ഇതിനു് അനുവദിച്ചിട്ടുള്ള സംഖ്യ ജന സംഖ്യാനുപാതികമായി എല്ലാ വ ല്ലേജുകളിലേയ്ക്കും അനുവദ ക്കേണ്ട താണ്. പ്ലാനിംഗിന്റെ ശ്രുപീ രണത്തിൽ പറയുന്നതു് അതിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക എല്ലാ പ്രദേശങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ വി സന പദ്ധതി കൾ ആരംഭിക്കണമെന്നാണ്. എല്ലാ പ്രദേ ശങ്ങൾക്കും എന്നു് സെൻട്രൽ ഗവണ്മെൻറ് പറയുമ്പോൾ ഉദ്ദേശിക്കു ന്നതു് എല്ലാ സ്റ്റേറ്റുകളെ സംബന്ധിച്ചാണു്. എന്നാൽ എല്ലാ പ്രദേശ ങ്ങൾക്കും എന്നു് സ്റ്റേറ്റു കൾ പറയുമ്പോൾ സ്റ്റേറ്റിലെ പഞ്ചായത്തുകളെ സംബന്ധിച്ചാണു്. അങ്ങനെ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിലെ സകല പഞ്ചായത്തുകൾക്കും ഉള്ള പ്രദേശങ്ങൾക്കു് പ്രയോജനം ലഭിക്ക ത്തക്കവിധത്തിലായിരിക്കണം വികസനപദ്ധതികൾ രൂപീകരിക്കേണ്ടതു്. ഒന്നാമത്തെ പദ്ധതിയിൽ ഈ കാര്യത്തിൽ പല തരത്തിലുള്ള കുറവുകളും ഉണ്ടായിട്ടുണ്ടു്. പദ്ധതികളുടെയും പ്ലാനിംഗിന്റെയും യുഗമാണെന്നു് അധികാരത്തിൽ ഇരിക്കുന്നവർ പലപ്പോഴും കൊട്ടി ഘോഷിക്കാറുണ്ടു്. എന്നാൽ അതോടൊക്കൂടി പുരോഗതികളുടെയും പ്രഗതിയുടെയും ഒരു യുഗ മായിട്ടും തീർന്നിട്ടുണ്ടെന്നു് കാണാവുന്നതാണു്. കാരണം ആവലാതിപ്പെ ടാത്ത ആളുകൾക്കു് ഒന്നും കിട്ടുന്നില്ലെന്നും ആവലാതിപ്പെടുന്ന ആളു കൾക്കു് മാത്രമേ ഗവണ്മെൻറിൽ നിന്നും സഹായങ്ങൾ ലഭിക്കുന്നുള്ളു എന്നുമുള്ളതു് എല്ലാവർക്കും അറിയാവുന്ന കാര്യമാണു്. നമ്മുടെ നാട്ടിൽ അങ്ങോളമിങ്ങോളം നോക്കിയാൽ ചില പ്രദേശങ്ങളിൽ മാത്രം വലിയ വികസനപദ്ധതികളും മറ്റു ചില പ്രദേശങ്ങളിൽ യാതൊന്നും ഇല്ലാതെയും കാണാൻ കഴിയുന്നതാണു്. ആദ്യത്തെ പദ്ധതി തീർന്നു്, രണ്ടാമത്തെ പദ്ധതി ആവിഷ്കരിക്കാൻ തുടങ്ങുകയാണു്. ഇത്രയും കാലമായിട്ടും രാജ്യ ത്തിലെ ഗ്രാമങ്ങളിൽ താമസിക്കുന്ന ആളുകൾക്കു് കുടിക്കാൻപോലും വെള്ളം കിട്ടാതിരിക്കുന്ന ഒരവസ്ഥയ്ക്കു് ഇതുവരെ പരിഹാരം ഉണ്ടാക്കി യിട്ടില്ല. പട്ടണപ്രദേശങ്ങളിൽ വലിയ കെട്ടിടങ്ങളും മറ്റും പണി കഴിപ്പിച്ചു് പദ്ധതി അങ്ങനെ വികസിക്കുന്നു എന്നു് അല്ലാതെ ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾക്കു് കുടിക്കുന്നതിനു് വെള്ളമോ, വൈദ്യസഹായമോ ആവശ്യമുള്ളത്ര നടപടിയിട്ടില്ലെന്നു് കാണുന്നതു് ഖേദകരമാണെന്നു മാത്രമേ തൽക്കാലം പറയുന്നുള്ളു. ഞാൻ ഈ കാര്യ ങ്ങളൊക്കെ പ്രത്യേക വ്യക്തികളെ കുറ്റപ്പെടുത്തിക്കൊണ്ടു് പറയുകയല്ല, ഗ്രാമപ്രദേശങ്ങൾക്കു് ആവശ്യമുള്ള പദ്ധതിയൊന്നും ഒന്നാമത്തെ പദ്ധതി യിലുണ്ടായിരുന്നില്ല. മനുഷ്യരുടെ പ്രാഥമികാവശ്യങ്ങളുടെ കൂട്ടത്തിൽ കുടിക്കുവാനുള്ള ജലമാണു് ഏറ്റവും പ്രധാനമായിട്ടുള്ളതു്. അർബൻ ഏരിയായിൽ ജലവിതരണം നടത്തുന്ന കാര്യത്തെപ്പറ്റി ഇവിടെ പറയുക യുണ്ടായി. ഞാൻ ആദ്യം പറഞ്ഞതുപോലെ കുടിക്കുവാൻ വെള്ളം കിട്ടാതെ വിഷമിക്കുന്ന അനേകം ഗ്രാമങ്ങൾ ഈ രാജ്യത്തുണ്ടു്. പൊൻകുന്നം അങ്ങനെയുള്ള ഒരു പ്രദേശമാണു്. എന്റെ നിയോജകമണ്ഡലമായ ആ പ്രദേശത്തു് ആനിൽനാലഞ്ചു മാസത്തേയ്ക്കു് വിലയ്ക്കുപോലും വെള്ളം കിട്ടു വാൻ ദുഷ്കരമാണു്. ഉൾനാടുകളിൽ കുടിക്കുവാൻ വെള്ളമില്ലെന്നു പറയു മ്പോൾ കുടിവെള്ളത്തിനും പണിയിക്കുവാനും ഉള്ളകെട്ടിടങ്ങൾ രണ്ടും മൂന്നും നിലയുള്ളതാക്കിത്തീർക്കുന്നതാണു് ശ്രമിക്കുന്നതു്. അതു ധാർമ്മികമായ ഒരു തെറ്റാണു്. ഒരഭ്യർത്ഥനകൂടി മാത്രമേ എനിക്കു് ഗവണ്മെൻറിന്റെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. നാരായണക്കുറുപ്പ്]

മുമ്പിൽ വയ്ക്കുവാനുള്ള. രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയുടെ അവസാനഘട്ടത്തിലെങ്കിലും നാട്ടിലെ എല്ലാ വില്ലേജുകൾക്കും, വില്ലേജുകളിലെ എല്ലാ പ്രദേശങ്ങൾക്കും പ്രയോജനപ്പെടത്തക്കവണ്ണം വികസനപദ്ധതികൾ പൂർത്തിയാക്കണമെന്ന് ഞാൻ വളരെ താഴ്മയായി അപേക്ഷിക്കുന്നു. അല്ലാതെ പത്രങ്ങളിൽ എന്തെങ്കിലും പദ്ധതികൾ വായിച്ചാൽ മാത്രം പോരാ. ഈ കാര്യത്തെക്കുറിച്ച് പ്രൊഫസർ മുണ്ടശ്ശേരി പറഞ്ഞതിൽ കൂടുതൽ എന്തെങ്കിലും പറയണമെന്ന് വിചാരിക്കുന്നില്ല. നമ്മുടെ രാജ്യത്തിന്റെ നാലു ഭിത്തിക്കുള്ളിൽ ഒരുപോലെ പ്രയോജനപ്പെടത്തക്കവണ്ണം രാഷ്ട്രീയ ചിന്തയ്ക്ക് അതീതമായി ഈ കാര്യത്തിൽ പ്രവർത്തിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. മദ്ധ്യതിരുവിതാംകൂറിന്റെ കിഴക്കുള്ള ചില പ്രദേശങ്ങളിൽ കരം പിരിക്കുകയെന്നുള്ള ഒരു എർപ്പാട് നടക്കുന്നു എന്നല്ലാതെ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാരോ മന്ത്രിമാരോ അവിടെ വന്ന് ജനങ്ങളുടെ ആവശ്യം എന്തെന്ന് അറിയുകയോ അതിനു സന്മനസ്സ് പ്രകടിപ്പിക്കുകയോ ചെയ്തിട്ടില്ല. പട്ടണങ്ങളിലെ കാര്യം പറയുവാൻ ധാരാളം ആളുകൾ ഉണ്ടെങ്കിലും ഗ്രാമങ്ങളിലെ കാര്യം പറയുവാൻ അധികമാരും ഇല്ല.

ശ്രീ. പ്രാക്കുളം ജോസി : കഴിഞ്ഞ കാലത്ത് ബഹുമാനപ്പെട്ട മെംബറുടെ പാർട്ടിയിൽപ്പെട്ട ആളുകൾ മന്ത്രിസഭയിൽ ഉണ്ടായിരുന്നില്ലേ ?

ശ്രീ. കെ. നാരായണക്കുറുപ്പ് : ഉണ്ടായിരുന്നു.

ശ്രീ. പി. ആർ. മാധവൻ പിള്ള : ഒരു മന്ത്രി; അതായത് ബഹുമാനപ്പെട്ട മെംബറിന്റെ പാർട്ടിയിൽപ്പെട്ട മന്ത്രി ആ പ്രദേശം സന്ദർശിക്കുക ഉണ്ടായില്ലേ ?

ശ്രീ. കെ. നാരായണക്കുറുപ്പ് : വന്നിട്ടുണ്ടായിരിക്കാം.

ശ്രീ. പി. ആർ. മാധവൻ പിള്ള : പകലോ, രാത്രിയോ ?

ശ്രീ. കെ. നാരായണക്കുറുപ്പ് : ഞാൻ കണ്ടില്ല. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ ഉപസംഹരിക്കാം. ട്രാൻസ്പോർട്ട് നാഷനലൈസ് ചെയ്യാൻ പോകയാണെന്നു പറയുന്നുണ്ട്. തിരുവനന്തപുരത്ത് പോകുന്ന അവസരത്തിൽ മാത്രമാണ് ഞങ്ങൾക്ക് ഗവണ്മെന്റ് വക ബസ്സിൽ കയറുവാനുള്ള ഭാഗ്യം ഉണ്ടാവുന്നത്. മറ്റ് അവസരങ്ങളിൽ പ്രൈവറ്റ് ബസ്സുകളിലാണ് യാത്ര ചെയ്യുന്നത്. പ്രൈവറ്റ്ബസ്സുകളിൽ യാത്ര ചെയ്യുന്നതിലും സർക്കാർ ബസ്സുകളിൽ യാത്രചെയ്യുന്നതിലും തമ്മിലുള്ള വ്യത്യാസം എന്താണെന്ന് മന്ത്രിമാർക്ക് അറിഞ്ഞുകൂടാ. ഞങ്ങളും കരം കൊടുക്കുന്നവരാണ്. അതുകൊണ്ട് സർക്കാർ ബസ്സുകളിൽ കയറുന്നതിനുള്ള അവകാശം ഞങ്ങൾക്കും ലഭിക്കേണ്ടതാണ്. ഈ കാര്യങ്ങളെല്ലാം മനസ്സിൽ വച്ചുകൊണ്ട് രണ്ടാമത്തെ പഞ്ചവത്സര പദ്ധതിയുടെ ഉള്ളിൽ രാജ്യത്തുള്ള എല്ലാ ആളുകൾക്കും ലഭിക്കത്തക്കവണ്ണം വേണ്ട നടപടികൾ സമാരംഭിക്കണമെന്ന് ഒരിക്കൽക്കൂടി അപേക്ഷിച്ചുകൊണ്ട് ഞാൻ ഉപസംഹരിച്ചുകൊള്ളുന്നു.

ശ്രീ. പി. ആർ. മാധവൻ പിള്ള : റോഡ് ദേശീകരിച്ചില്ലെങ്കിൽ കരം കൊടുക്കുകയില്ലെന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ് : വേണ്ടിവന്നാൽ ഞാൻ അതിനും തയ്യാറാണ്.

ശ്രീ. എൻ. പരമേശ്വരൻ പിള്ള : പ്ലാനിംഗിനെ സംബന്ധിച്ചിടത്തോളം അഭൂതപൂർവ്വമായ ഒരു പ്രതീക്ഷയാണ്, ബഹുമാനപ്പെട്ട മെംബറന്മാർക്ക് ഉള്ളതെന്നു് ഇവിടെ നടക്കുന്ന പ്രസംഗങ്ങളിൽനിന്നു് കാണാൻ കഴിയുന്നതാണ്. ആദ്യ പഞ്ചവത്സരപദ്ധതിയെ അപേക്ഷിച്ചു് വളരെ വ്യക്തമായ പരിപാടികളും ഉൾക്കൊള്ളുന്ന തരത്തിലാണ് രണ്ടാം പഞ്ചവത്സരപദ്ധതി സംവിധാനം ചെയ്തിരിക്കുന്നതു്. ഒന്നാമത്തെ പഞ്ചവത്സരപദ്ധതിയുടെ കാലത്തു് അന്നു് നിലവിലിരുന്ന ചില കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ആ പദ്ധതി ആവിഷ്കരിച്ചതു്. എന്നാൽ രണ്ടാമത്തെ പദ്ധതിയെ സംബന്ധിച്ചിടത്തോളം അന്നു് നിലവിൽ ഇരുന്ന സ്ഥിതിഗതികളും മാറിയതുകൊണ്ടു് വേറൊരു അടിസ്ഥാനത്തിലാണ് ആരംഭിച്ചിരിക്കുന്നതു്. ആദ്യപദ്ധതിയെ സംബന്ധിച്ചു് ഇത്ര വിപുലമായ ഒരു ചർച്ച ഈ സഭാതലത്തിൽ നടന്നിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല, എന്നാൽ രണ്ടാമത്തെ പദ്ധതിയെ സംബന്ധിച്ചിടത്തോളം വളരെ നേരത്തെതന്നെ സ്ഥിതിവിവരക്കണക്കുകളും ശേഖരിച്ചു്. പ്രൊഫസർ മഹലാനോബിസു് തയാറാക്കിയിട്ടുള്ള കരടുപ്ലാൻ, പ്ലാനൽ ആഫ് എക്കണോമിസ്റ്റ് പരിശോധിച്ചിട്ടുള്ളതാണ്. സെൻട്രൽ ഗവണ്മെന്റിന്റെ പ്രതിനിധികളും സ്റ്റേറ്റ് ഗവണ്മെൻറുകളുടെ പ്രതിനിധികളും പ്ലാനിംഗ് കമ്മീഷനിലെ അംഗങ്ങളും രാജ്യത്തെ പ്രാദേശികസ്വയംഭരണസ്ഥാപനങ്ങളുടെ പ്രതിനിധികളും ചർച്ചചെയ്തതിനശേഷമാണ് ഇങ്ങനെ ഒരു പദ്ധതി രൂപീകരിക്കുവാൻ മുമ്പോട്ടുവന്നതു്. അങ്ങനെ തയാറാക്കപ്പെട്ട ഒരു പദ്ധതിയാണ് നമ്മുടെ മുമ്പിൽ വച്ചിരിക്കുന്നതു്. ഒന്നാമത്തെ പദ്ധതിയിൽ ഭാരതത്തിനു രണ്ടായിരത്തി അറുപത്താൻപതു കോടി രൂപ ചെലവാക്കണമെന്ന അടിസ്ഥാനത്തിലാണ് അതു തയാറാക്കിയിരുന്നതു്. എന്നാൽ രണ്ടാമത്തെ പദ്ധതി സ്റ്റേറ്റുകൾക്കും സെൻറിനുംകൂടി നാലായിരത്തി മുന്നൂറുകോടി രൂപയാണ് ഉൾക്കൊള്ളുന്നതു്. ആ അടിസ്ഥാനത്തിലാണ് രണ്ടാമത്തെ പദ്ധതി തയ്യാറാക്കിയിരിക്കുന്നതു്. നമ്മുടെ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം നമുക്കു അലോട്ടു ചെയ്തിട്ടുള്ള തുക എത്രതന്നെ കുറവായിരുന്നാലും, ഇനിയും കൂടുതൽ കിട്ടണമെന്നു നാം എത്രതന്നെ ആഗ്രഹിച്ചാലും നമുക്കു ഇപ്പോൾ ലഭിച്ചിട്ടുള്ള തുക വേണ്ടവിധത്തിൽ വിനിയോഗിക്കുകയും കേന്ദ്രത്തിൽനിന്നും കൂടുതൽ തുക ഇവിടത്തെ പ്രത്യേക പ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തി ലഭിക്കുന്നതിനു എടുക്കണമായ നിവേദനം നടത്തുകയും ചെയ്യുന്നതിനു നാം ശ്രമിക്കേണ്ടതാണ്. ഇവിടെ പ്രസംഗിച്ച ആളുകളും പറയുകയുണ്ടായി സോഷ്യലിസ്റ്റ് മാതൃകയിലുള്ള ഒരു സാമൂഹ്യവ്യവസ്ഥിതി സൃഷ്ടിക്കുവാൻ ഈ പദ്ധതികൾ ഒന്നും പര്യാപ്തമല്ലെന്നു്. എങ്കിൽ അതു് കാൺഗ്രസ്സ് ഗവണ്മെൻറിന്റെ ലക്ഷ്യത്തിനു പറ്റിയതല്ല എന്നു പറയുന്നതിൽ പരമാർത്ഥമുണ്ടെന്നു് കണക്കാക്കാം. പക്ഷെ അതു് ഈ പദ്ധതിയുടെ അവസാനത്തിൽ നോക്കേണ്ട കാര്യമാണ്.

എന്നാൽ വളരെ സൂക്ഷ്മമായ പരിശോധനയുടെ ഫലമായും ഈ രാജ്യത്തിന്റെ ആവശ്യത്തിനനുസരണമായും, മറ്റു പാരമ്പര്യങ്ങളും നോക്കിയിട്ടു ഈ രാജ്യത്തു് സോഷ്യലിസ്റ്റിക് മാതൃകയിലുള്ള സാമൂഹ്യവ്യവ

[ശ്രീ. എൻ. പരമേശ്വരൻ പിള്ള]

സ്ഥിതി വളരുന്നതിനുവേണ്ടിയാണ് ഈ രണ്ടാംപഞ്ചവത്സരപദ്ധതി ആവിഷ്കരിച്ചിരിക്കുന്നതെന്നു നമുക്കു കാണാൻ സാധിക്കും. ഈ സോഷ്യൽസ്റ്റ് പാറ്റേൺ എന്നുള്ളതിന്റെ അർത്ഥം എന്താണെന്നും അതിനെ ഏതുവിധത്തിൽ സമീപിക്കാം എന്നുള്ളതിനെ സംബന്ധിച്ചും നിർമ്മാണാത്മകമായ നിർദ്ദേശങ്ങൾ ഒന്നുംതന്നെ ഇതിനെ വിമർശിച്ച ആളുകളിൽനിന്നും വന്നിട്ടുള്ളതായി കാണുന്നില്ല. ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതിയിൽ ഒരു സോഷ്യലിസ്റ്റ്മാതൃക കെട്ടിപ്പടുക്കുവാൻ സാധിക്കുകയില്ലെന്നു പരാതിപ്പെട്ടവർതന്നെ അതേസംബന്ധിച്ചു ഏതു രീതിയിൽ ആയാൽ കൊള്ളാം, എങ്ങനെ സോഷ്യലിസ്റ്റ്മാതൃക കെട്ടിപ്പടുക്കുവാൻ സാധിക്കും എന്നു പറഞ്ഞുകാണുന്നില്ല. ഞാൻ പറയുന്നു .....

ശ്രീ. സി. സി. അയ്യപ്പൻ: അതെങ്ങനെയാണെന്നു ബഹുമനപ്പെട്ട മെംബർ ഒന്നു പറയുമോ?

ശ്രീ. എൻ. പരമേശ്വരൻ പിള്ള: ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതിയിൽ സോഷ്യലിസ്റ്റ് മാതൃകയിലുള്ള ഒരു വ്യവസ്ഥിതി കെട്ടിപ്പടുക്കുവാൻ രണ്ടാം പഞ്ചവത്സരപദ്ധതി. എങ്ങനെ സഹായകമായിരിക്കും എന്നുള്ളതിനു അല്പം ഒരു വിശദീകരണം നൽകാൻ ശ്രമിക്കാം. സോഷ്യലിസ്റ്റ് മാതൃകയിൽ അടിസ്ഥാനപരമായി ശ്രദ്ധപതിച്ചിരിക്കേണ്ട അടിസ്ഥാനപരമായ കാര്യങ്ങൾമാത്രം ഞാൻ ചൂണ്ടിക്കാണിക്കാം. ഒന്നാമതായി ഇൻക്രീസ്ഡ് പ്രൊഡക്ഷൻ (increased production) അതായത് ദേശീയസമ്പത്തു വർദ്ധിപ്പിക്കണം; രണ്ടാമതായി ഇക്വിറ്റബിൾ ഡിസ്ട്രിബ്യൂഷൻ (equitable distribution) അതായത് നീതിപൂർവ്വകമായ വിതരണം ആവശ്യമാണ്. മൂന്നാമതായി ഈക്വൽ ആപ്പർച്യൂനിറ്റീസ് (equal opportunities) അതായത് എല്ലാവർക്കും വളരാനും വികസിക്കുവാനും ഉള്ള അവസരം ഉണ്ടായിരിക്കണം. സോഷ്യലിസ്റ്റ് മാതൃകയിലുള്ളതായ.....

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഇക്വിറ്റബിൾ ഡിസ്ട്രിബ്യൂഷനുള്ള പ്രത്യേക മാർഗ്ഗമെന്താണെന്നു പറയാമോ?

ശ്രീ. എൻ. പരമേശ്വരൻ പിള്ള: എന്റെ സ്നേഹിതൻ അതു ചോദിച്ചതിൽ എനിക്കു വളരെ സന്തോഷമുണ്ട്. ഈ രാജ്യത്തെ ദേശീയസമ്പത്തു വർദ്ധിപ്പിക്കുകയും അതു നീതിപൂർവ്വകമായി വിതരണം ചെയ്യുകയും ഓരോ വ്യക്തിയ്ക്കും മറ്റുള്ളവരോടൊപ്പം വളരാനും വികസിക്കുവാനും അവസരം ഉണ്ടാവുകയും ചെയ്യുന്ന ഒരു വ്യവസ്ഥിതിയാണു കാൺഗ്രസ്സ് വിഭാവന ചെയ്യുന്ന സാമൂഹ്യവ്യവസ്ഥിതി. ആ ഒരു വ്യവസ്ഥിതിയിലേയ്ക്കാണു നാം നീങ്ങിക്കൊണ്ടിരിക്കുന്നതു്. ഇന്നത്തെ ഗവണ്മെന്റ് പഞ്ചവത്സരപദ്ധതികൊണ്ടുദ്ദേശിക്കുന്നതു ദേശീയസമ്പത്തു വർദ്ധിപ്പിക്കുന്നതിനു മാത്രമാണെന്നു് ഇവിടെ പ്രസ്താവിക്കുന്നതു് കേൾക്കയുണ്ടായി. ദേശീയസമ്പത്തു വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഉല്പാദനം വർദ്ധിപ്പിക്കുക, അതായതു് കാർഷികവും വ്യാവസായികവുമായ ഉൽപ്പാദനം വർദ്ധിപ്പിക്കുക മുഖേന ഈ രാജ്യത്തുള്ള എല്ലാ ആളുകൾക്കും തൊഴിൽ ഉണ്ടാക്കികൊടുക്കുക എന്നുള്ളതാണു്. ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നുള്ളതിനോടൊപ്പം യന്ത്രവൽക്കരണംമൂലമുള്ള ഉൽപ്പാദനം വർദ്ധിപ്പിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതുകൊണ്ട് തൊഴിലില്ലായ്മ പരിഹരിക്കാൻ സാദ്ധ്യമല്ലെന്നുള്ളതു് നാം ഓർക്കണം. ഈ രാജ്യത്തു് എല്ലാ ആളുകൾക്കും തൊഴിലുണ്ടാക്കിക്കൊടുക്കുക എന്നുള്ളതാണു്, ഈ രാജ്യത്തു ദേശീയസമ്പത്തു വർദ്ധിപ്പിക്കുക എന്നുള്ളതുകൊണ്ടു് ഉദ്ദേശിക്കപ്പെടുന്നതു്. ശ്രീ. ദിവാകരൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുകയുണ്ടായി, ദേശീയവരുമാനം വർദ്ധിപ്പിക്കുന്നതിനാണ ഈ പ്ലാൻകൊണ്ടു ഉദ്ദേശിച്ചിരിക്കുന്നതെന്നു്. ഈ പ്ലാൻകൊണ്ടു ഉദ്ദേശിക്കുന്നതു വർഷംതോറും അഞ്ചു ശതമാനംവീതം അങ്ങനെ അഞ്ചു വർഷംകൊണ്ടു 25 ശതമാനം per capita income വർദ്ധിപ്പിക്കുമെന്നുള്ള ഒരു ഉപാധിയാണു്. എന്നാൽ കോൺഗ്രസ്സു് വക്കിംഗ് കമ്മിറ്റിയുടെ തീരുമാനത്തിൽ അതിലും ഉപരിയായി അവർ കൊടുത്തിട്ടുള്ള പരിഗണന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനാണെന്നു് മനസ്സിലാക്കേണ്ടതാണു്. അങ്ങനെ തൊഴിലില്ലായ്മ പരിഹരിച്ചു ഈ അഞ്ചുവർഷംകൊണ്ടു് ഈ രാജ്യത്തുള്ള ഗണ്യമായ ഒരു വിഭാഗം ആളുകൾക്കു് അതായതു് ഏകദേശം ഒരുകോടി ഇരുപതുലക്ഷം ആളുകൾക്കു് തൊഴിൽ കൊടുക്കണമെന്നാണു അവർ പ്രതീക്ഷിക്കുന്നതു്. അതനുസരിച്ചു് ഇവിടെയും നമുക്കു പ്രതീക്ഷിക്കാം. അങ്ങനെ തൊഴിലില്ലായ്മയ്ക്കു സാരമായ പരിഹാരം കാണണമെങ്കിൽ അതുമുഖാന്തരം നമ്മുടെ ദേശീയസമ്പത്തു വർദ്ധിക്കുകയും, ഉൽപ്പാദനം വർദ്ധിക്കുകയും അതിനെ നീതിപൂർവ്വകമായി വിതരണം ചെയ്യുന്നതിനു് സാധിക്കുകയും ചെയ്യുന്നതാണു്. അങ്ങനെ നീതിപൂർവ്വകമായ വിതരണത്തിനുള്ള ഉപാധികൾ എന്റെ സ്നേഹിതൻ പ്രൊഫസർ മുണ്ടശ്ശേരി ചൂണ്ടിക്കാണിച്ചതുപോലെ സഹകരണാടിസ്ഥാനത്തിൽ ഉള്ള വിതരണം ആയിരിക്കണം. ഇന്നു് ഒരു സാമൂഹ്യവിരുദ്ധ മനഃസ്ഥിതി ആകെ ഉണ്ടായിരിക്കുന്നു. ഇന്നു നിലവിലിരിക്കുന്നതു ചൂഷണാത്മകമായ ഒരു സാമൂഹ്യവ്യവസ്ഥിതിയാണു്. അതു മാറണമെങ്കിൽ സഹകരണാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണു വേണ്ടതു്. ഒരു സോഷ്യലിസ്റ്റ്മാതൃകയിലുള്ള വ്യവസ്ഥിതിയിൽ ഉൽപ്പാദനം സമൂഹത്തിന്റെ വകയായിരിക്കണമെന്നാണു് പറയുന്നതു്. സോഷ്യലിസ്റ്റ് വ്യവസ്ഥിതി എന്നും സോഷ്യലിസ്റ്റിക് പാറ്റേൺ ആഫ് സൊസൈറ്റി എന്നും പറയുന്നതിനു് വ്യത്യാസമുണ്ടു്. ഇന്നു സകല വ്യവസായങ്ങളും പബ്ലിക് സെക്ടറിൽ വേണമെന്നു ഒരഭിപ്രായമുണ്ടു്. അതുപോലെതന്നെ പ്രൈവറ്റ്സെക്ടറിനെ നിർമ്മാർജ്ജനം ചെയ്യണമെന്നും പറയുന്നുണ്ടു്. എന്നാൽ ഇന്നാവശ്യമായതു് പ്രൈവറ്റ സെക്ടറിലുള്ള ഉൽപ്പാദനോപാധികൾ സമൂഹത്തിനേറ്റതായിരിക്കണമെന്നാണു്. സഹകരണാധിഷ്ഠിതമായ് സംഘടിതമായ സാമ്പത്തിക പ്രവർത്തനങ്ങൾക്കാണു സോഷ്യലിസ്റ്റ് പാറ്റേൺ ആഫ് സൊസൈറ്റിയിൽ വളരെ ഏറെ പ്രാധാന്യമുള്ളതു്.

ശ്രീ. യു. നീലകണ്ഠൻ: സഹകരണപ്രവർത്തനങ്ങളിൽ എല്ലാവർക്കും അംഗമാകാൻ സാദ്ധ്യമല്ലെന്നറിയാമോ?

ശ്രീ. എൻ. പരമേശ്വരൻ പിള്ള: അറിയാം. സഹകരണാധിഷ്ഠിതമായ പ്രവർത്തനങ്ങൾകൊണ്ടു് നാം ആഗ്രഹിക്കുന്ന തരത്തിലുള്ള ശ്രേയസ്സും സാമ്പത്തികസ്വാവലംബവും നമുക്കു സിദ്ധിക്കണമെന്നുണ്ടെങ്കിൽ അതിൽ ഇന്നു കാണുന്ന പോരായ്മകൾ ദൂരീകരിക്കാൻ നാം ശ്രമിക്കണം.

ഇവിടത്തെ തൊഴിലില്ലായ്മ പരിഹരിക്കേണ്ടതു് നമ്മുടെ ഏറ്റവും പ്രധാനമായ ഒരു ലക്ഷ്യമാണെങ്കിൽ പ്രധാനമായും ഒരു കാർഷികരാജ്യ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. പരമേശ്വരൻ പിള്ള]

മായ ഈ രാജ്യത്തു ചെറുകിട വ്യവസായങ്ങൾക്കു പുരോഗതി ഉണ്ടാകണം. വൻകിട വ്യവസായങ്ങൾകൊണ്ടു് ഇവിടത്തെ തൊഴിലില്ലായ്മ പരിഹരിക്കാം എന്നു വിചാരിക്കേണ്ട. ഭാരതത്തിന്റെ പ്രത്യേകമായ നിലപാടു എന്തെന്നു മനസ്സിലാക്കി All India Rural Credit Survey Committee റിപ്പോർട്ടു തയാറാക്കിയ വിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതു എല്ലാവരും അറിഞ്ഞിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഈ രാജ്യത്തു തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു ചെറുകിട വ്യവസായങ്ങളും കുടിൽവ്യവസായങ്ങളും സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കേണ്ടതും അങ്ങനെ സംഘടിപ്പിക്കുകയാണെങ്കിൽ ചൂഷണത്തിനുള്ള സാദ്ധ്യത കുറയുന്നതുമാണു്. അങ്ങനെ വൻകിട വ്യവസായങ്ങളും ഘനവ്യവസായങ്ങളും പബ്ലിക്കു് സെക്ടറിൽ ഉണ്ടാക്കണമെന്നും പ്രൈവറ്റു സെക്ടറിൽ ഉള്ള മറ്റു സകല വ്യവസായങ്ങളും സഹകരണാടിസ്ഥാനത്തിൽ തുടങ്ങണമെന്നുമാണു പറയുന്നതു്. ആ അഭിപ്രായം ഇൻഡ്യാഗവണ്മെൻറും അംഗീകരിച്ചുകഴിഞ്ഞിട്ടുള്ളതാണു്.

ശ്രീ. പി. ആർ. മാധവൻ പിള്ള : സഹകരണാടിസ്ഥാനത്തിലുള്ള വ്യവസായങ്ങൾ സ്വകാര്യ ഉടമയിലുള്ളതാണെന്നാണോ പറയുന്നതു്?

ശ്രീ. എൻ. പരമേശ്വരൻ പിള്ള : അതെ. വ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ തുടങ്ങുകയാണെങ്കിൽ മുതലാളി, തൊഴിലാളിയെ ചൂഷണം ചെയ്യുന്ന സമ്പ്രദായം നിർമ്മാർജ്ജനം ചെയ്യാൻ സാധിക്കും. ഫാക്ടറികൾതന്നെ സഹകരണാടിസ്ഥാനത്തിൽ തുടങ്ങുന്നപക്ഷം മുതലാളിക്കും തൊഴിലാളികൾക്കും ഒരുപോലെ ഉടമസ്ഥാവകാശം സിദ്ധിക്കുന്നതും എല്ലാവരും സഹകരിച്ചു പ്രവർത്തിക്കുന്നതുമാണു്. മുതലാളിക്കു തൊഴിലാളിയെ ചൂഷണം ചെയ്യാൻ സാദ്ധ്യമാകാതെ ഒരു മുതലാളി–തൊഴിലാളി വഴക്കു് ഇല്ലാതാക്കുവാൻ സാധിക്കും. ഇന്നു് ഈ സഹകരണസംഘങ്ങൾക്കു് വല്ല പോരായ്മയും ഉണ്ടെങ്കിൽ അതിനു കുറ്റക്കാർ മറ്റാരുമല്ല ഈ രാജ്യത്തെ ജനങ്ങൾ മാത്രമാണു്. ഭാരതത്തിൽ ഇന്നു സഹകരണാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾകൊണ്ടു മാത്രമേ നാം വിചാരിക്കുന്ന തരത്തിലുള്ള പുരോഗമനം സാദ്ധ്യമാകൂ. ആ തത്ത്വം പ്ലാനിംഗ് കമ്മിഷനും ഇൻഡ്യാഗവണ്മെൻറും സ്വീകരിച്ചിരിക്കുന്നു. നമ്മുടെ പഞ്ചവത്സരപദ്ധതിയുടെ വിജയത്തിനു സഹകരണാടിസ്ഥാനത്തിലുള്ള പ്രവർത്തനമാണു് ഏറ്റവും ആവശ്യമായിട്ടുള്ളതു്. ഒന്നാമത്തെ പഞ്ചവത്സരപദ്ധതിയിൽ സഹകരണപ്രവർത്തനങ്ങൾക്കായി 8 ലക്ഷം രൂപയാണു ഉൾക്കൊള്ളിച്ചിരുന്നതു്. എന്നാൽ രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയിൽ അതിനുവേണ്ടി 102·85 ലക്ഷം രൂപ കൊള്ളിച്ചിട്ടുണ്ടു്. സഹകരണപ്രസ്ഥാനത്തിന്റെ വളർച്ച എത്രമാത്രം ഉണ്ടെന്നും, കാലോചിതമായി അതു് എത്രമാത്രം പുരോഗമിച്ചിട്ടുണ്ടെന്നും ഉള്ളതിനു ഒരു സൂചനയാണു് ഇതിലുള്ളതു്.

അതിനുംപുറമെ സഹകരണാടിസ്ഥാനത്തിൽ റൂറൽ ക്രെഡിറ്റ് കോവാപ്പറേറ്റീവു് സൊസൈറ്റികൾ, വില്ലേജു് ഇൻഡസ്ട്രീസ് കോവാപ്പറേറ്റീവു് സൊസൈറ്റികൾ, കയർ കോവാപ്പറേറ്റീവു് സൊസൈറ്റികൾ, ഹൗസിംഗ് ആൻഡ് കോളനൈസേഷൻ സൊസൈറ്റികൾ ഇവയുടെ പ്രവർത്തനങ്ങളും ഇതിൽ ആവിഷ്കരിച്ചിട്ടുണ്ടു്. പ്രൈവറ്റ് സെക്ടറ

LIBRARY ARCHIVES Kerala Legislative Assembly

റിൽ സാധാരണയായി വ്യക്തികൾക്കാണ സഹായം ചെയ്യുന്നത്. എന്നാൽ വ്യക്തികൾക്കു നൽകുന്ന ധനസഹായംകൊണ്ട് സമൂഹത്തിനു ഉപ ലബ്ധിക്കുകയില്ല. എന്നാൽ അതു സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുകയാണെങ്കിൽ, എല്ലാവർക്കും ഉപകാരം സിദ്ധിക്കുന്നതാണ്. ഈ രാജ്യത്തെ പ്രശ്നങ്ങളിൽ പ്രധാനമായിട്ടുള്ള പ്രശ്നം സമ്പത്തിന്റെ നീതിപൂർവ്വകമായിട്ടുള്ള വിതരണമാണ്. അതിലേയ്ക്ക് കോവാപ്പറേറീവ് സൊസൈറ്റീസ്,ന്റെ പ്രവർത്തനം ആവശ്യമാണ്. അതുകൊണ്ടിരം കർഷകർക്ക് കൃഷിക്കാവശ്യമായ ധനസഹായം ചെയ്യുന്നതോടൊപ്പം അതേ സമയത്തു് ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് ശരിയായ വില കിട്ടുന്നതിനു സഹായിക്കുകയും വേണം. അങ്ങനെ ശരിയായ ധനസഹായം കിട്ടണമെങ്കിൽ കർഷകർ ഉൾപ്പെട്ട സഹകരണസംഘങ്ങൾ സംഘടിപ്പിച്ചു അവർക്ക് റിസർവ് ബാങ്ക് മുഖാന്തരം പണം ലഭിക്കുന്നതിനുവേണ്ടി പ്രവർത്തിക്കണം. ഈ അടുത്തകാലത്തു ഇംപീരിയൽബാങ്ക് ദേശീകരിച്ചതിനു ശേഷം സഹകരണസംഘങ്ങളെ സ്റ്റേറ്റ്ബാങ്കിന്റെ ഘടകങ്ങളായി അംഗീകരിക്കുകയും, അവയിൽനിന്നും വ്യാവസായിക ലോൺ കൊടുക്കുന്നതിനു് ഏർപ്പാടുകൾ ചെയ്യുകയും ഉണ്ടായിട്ടുണ്ട്. അങ്ങനെ കാർഷികവും വ്യാവസായികവുമായ രംഗങ്ങളിൽ ജനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനു ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. പിന്നെ അപ്രകാരം ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ മാർക്കറ്റ് ചെയ്യുമ്പോൾ ഉൽപ്പാദകനു് ശരിയായ വില കിട്ടുന്നില്ലാ എന്നുള്ളതാണ്. അതിനു മാർക്കറ്റിംഗ് സഹകരണസംഘങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ളതാണ്. രണ്ടാംപഞ്ചവത്സരപദ്ധതിയിൽ പുതിയ മാർക്കറ്റിംഗ് സൊസൈറ്റികൾ ഏർപ്പെടുത്താൻ വ്യവസ്ഥയുണ്ട്. ഒന്നാംപഞ്ചവത്സരപദ്ധതിയിൽ അങ്ങനെ 36 സൊസൈറ്റികൾ ഉണ്ടാകണമെന്ന വ്യവസ്ഥയുണ്ട്. അങ്ങനെ കർഷകർക്കും അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിനും പരമാവധി പ്രതിഫലവും പ്രയോജനവും കിട്ടുന്നതിനു വേണ്ടിയുള്ള ഒരു വ്യവസ്ഥിതിയുണ്ടാകണമെങ്കിൽ തീർച്ചയായും അതു് സഹകരണസംഘങ്ങൾവഴി അതായതു്, റൂറൽ ക്രെഡിറ്റ്-സൊസൈറ്റികൾ വഴിയും ഇൻഡസ്ട്രീസ് കോവാപ്പറേറീവ് സൊസൈറ്റി വഴിയും ലേബർ കോൺട്രാക്ടിംഗ് സൊസൈറ്റി വഴിയും മാത്രമെ സാദ്ധ്യമാകയുള്ളൂ. അതുകൊണ്ട് ആ വിധത്തിലുള്ള സൊസൈറ്റികൾക്ക് ഈ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ വളരെ പ്രധാനമായ ഒരു ഭാഗമാണ് വഹിക്കുവാനുള്ളതു്. ലേബർ ക്ലാസസ് മാത്രമായി സംഘടിപ്പിക്കുന്ന സൊസൈറ്റികൾ മുഖാന്തരം കോൺട്രാക്ടിംഗ് നടത്തുകയാണെങ്കിൽ തീർച്ചയായും അതുമൂലം തൊഴിലാളികൾക്കു വളരെ പ്രയോജനം ഉണ്ടാകുന്നതാണ്. അതിനുള്ള ചുമതല മുഴുവനും തൊഴിലാളികൾക്കു നൽകുന്നതുകൊണ്ട് അവിടെ ചൂഷണത്തിനു ഇടയുണ്ടാകയില്ല. അങ്ങനെ കർഷകരംഗത്തും വ്യവസായരംഗത്തും തൊഴിലാളിരംഗത്തും എല്ലാംതന്നെ സഹകരണാധിഷ്ഠിതമായ പ്രവർത്തനങ്ങൾ നടത്തുകയാണെങ്കിൽ സമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണത്തിനും ചൂഷണരഹിതമായ ഒരു വ്യവസ്ഥിതിക്കും ഇത് ഉപാധി സഹായകമാകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

സർ, ഈ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിട്ടുള്ള പദ്ധതികളെപ്പറ്റി പറയുമ്പോൾ ചീഫ് മിനിസ്റ്റർ കെ. ഡി. പദ്ധതിയെപ്പറ്റി പ്രസ്താവിച്ചുകേട്ടില്ല. ചങ്ങനാശ്ശേരി-ആലപ്പുഴ റോഡും തോട്ടപ്പ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. പരമേശ്വരൻപിള്ള]

കാളനൈസേഷനും പദ്ധതി ശ്രീ. സി. കേശവൻ ചീഫ് മിനിസ്റ്ററായിരുന്ന കാലത്തു ഉൽഘാടനം ചെയ്തിട്ടുള്ളതാണു്. കുട്ടനാടൻ പ്രദേശങ്ങളിൽകൂടി ചങ്ങനാശ്ശേരിയും ആലപ്പുഴയും തമ്മിൽ യോജിപ്പിച്ചു് തീരപ്രദേശങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയാണു കെ. ഡി. സ്കീം. അതിന്റെ ജോലി പുരോഗമിപ്പിക്കേണ്ടതാണു്. ഒന്നാംപഞ്ചവത്സരപദ്ധതി അവസാനിക്കാറായി. ഈ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ അവിടെയുള്ള മേജർ പാലങ്ങൾ ഉൾപ്പെടുമെന്നു ഞാൻ

3 P. M. പ്രതീക്ഷിച്ചിരുന്നു. ആ മേജർ പാലങ്ങളുണ്ടാകാതെ ആ റോഡിന്റെ പ്രയോജനം പൂർണ്ണമായി സിദ്ധിക്കുകയില്ലെന്നുള്ളതിനാൽ അവ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു് സെൻട്രൽ ഗവണ്മെൻറിൽ പ്രേരണചെലുത്തണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

ചെറുകിടവ്യവസായങ്ങളെ സംബന്ധിച്ചു് ഇവിടെ ചൂണ്ടിക്കാണിച്ച ആക്ഷേപത്തിനു് എനിക്കു് ഒരു സമാധാനംകൂടി പറയാനുണ്ടു്. അതു് സാവ്തൃികമാക്കുന്നതിനുള്ള പല അനുകൂലസാഹചര്യങ്ങളും ഇവിടെയുണ്ടു്. ഒന്നാമതു് മൂലധനച്ചെലവു് വലുതായി വേണ്ടിവരുകയില്ല. വൻകിടവ്യവസായങ്ങളിലെപ്പോലെ വൈദേശികസഹായത്തെ ആശ്രയിക്കേണ്ടിവരികയില്ല. വികേന്ദ്രീകരണം സമ്പത്തിസിദ്ധാന്തമായി നാം അംഗീകരിച്ചിരിക്കുന്ന അവസരത്തിൽ ചെറുകിടവ്യവസായത്തിനു് കൂടുതൽ പ്രോത്സാഹനം നൽകേണ്ടതാണു്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് ഈ ചെറുകിടവ്യവസായങ്ങൾക്കേ സാധിക്കുകയുള്ളു. കൃഷിത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കു് ഇടസമയത്തു് തൊഴിൽ കൊടുക്കുന്നതിനും അല്ലാത്ത ആളുകൾക്കു് മുഴുവൻ സമയവും തൊഴിൽ കൊടുക്കുന്നതിനും കുടിൽവ്യവസായങ്ങൾ സഹായമായിരിക്കും. കോവാപ്പറേറീവു് സൊസൈറികൾ രാജ്യവ്യാപകമായി ഉണ്ടാകുമെങ്കിൽ അഭ്യസ്തവിദ്യർക്കും ആ സൊസൈറികളിൽ തൊഴിൽ നൽകാൻ സാധിക്കും. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഒരു വലിയ പ്രശ്നമാണു്. നാം എല്ലാവരും യോജിച്ചു് അതിനനുസരണമായ ഒരു പദ്ധതി കേന്ദ്രഗവണ്മെൻറിന്റെ മുമ്പിൽ വയ്ക്കുകയാണെങ്കിൽ തീർച്ചയായും അതിനാവശ്യമായ ധനസഹായം നമുക്കു് കിട്ടുന്നതാണു്. പാലവും തോട്ടം റോഡും മാത്രമല്ല പഞ്ചവത്സരപദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നും, മനുഷ്യരുടെ തൊഴിലില്ലായ്മ ഇല്ലാതാക്കുന്നതിനുള്ള നിർദ്ദേശങ്ങളും അതിൽ അന്തർഭവിച്ചിട്ടുണ്ടെന്നും അതിനനുസരണമായ സാഹചര്യം സൃഷ്ടിക്കുന്നതിനു് എല്ലാവരും സന്നദ്ധരാകുന്നുമെന്നും ഞാൻ അനുസ്മരിപ്പിക്കുന്നു. ചെറുകിടവ്യവസായങ്ങളിൽ കൂടുതൽ പ്രാധാന്യം കൊടുത്തു് എനിക്കു് എടുത്തുപറയാനുള്ളതു് മരച്ചീനിയിൽനിന്നും സ്റ്റാർച്ചു് ഉണ്ടാക്കുന്ന കാര്യമാണു്. ഗ്ലൂക്കോസു് ഫാക്ടറി ഉണ്ടാക്കുന്നതിനുള്ള നടപടികളും സ്റ്റോറിൽനിന്നും എടുക്കുന്നുണ്ടു്. അതാവശ്യം തന്നെ. സ്ത്രീകളുടേയും പുരുഷന്മാരുടേയും ഇടയിൽ ഒരുപോലെ തൊഴിലില്ലായ്മ ഇല്ലാതാക്കാൻ സഹകരണസംഘങ്ങൾ മരിച്ചീനി സ്റ്റാർച്ചു് ഉൽപ്പാദിപ്പിക്കുന്നതിൽ ഏർപ്പെടുകയാണെങ്കിൽ സാധിക്കുന്നതാണു്. മരച്ചീനികൃഷി ഇവിടെ വളരെയധികം സാധ്യതയുള്ള ഒരു കൃഷിയാണു്. മരച്ചീനിക്കു് വിലകിട്ടാത്തതുകൊണ്ടു് ആ കൃഷിയെ നിരുത്സാഹപ്പെടുത്തുന്നതു് ബുദ്ധിപൂർവ്വകമല്ല. നേരേ

LIBRARY ARCHIVES Kerala Legislative Assembly

മറിച്ച് വ്യാവസായികോൽപ്പന്നങ്ങൾ ഏതു വിധത്തിൽ അതിരു നിന്നും ഉണ്ടാക്കാമെന്നു കണ്ടുപിടിക്കുന്നതിനു് മദ്ധ്യതിരുവിതാംകൂറിൽ എവിടെയെങ്കിലും ഒരു ഗവേഷണകേന്ദ്രം തുടങ്ങുന്നതു് നന്നായിരിക്കും. ചങ്ങനാശ്ശേരിയിലായാൽ കൊള്ളാമെന്നാണു് ഞാൻ പറയുന്നതു്. അങ്ങനെ ഗവേഷണം നടത്തി മരച്ചീനിയിൽനിന്നും കൂടുതൽ വ്യാവസായികോൽപ്പന്നങ്ങൾ ഉണ്ടാക്കുകയും അവ സഹകരണാടിസ്ഥാനത്തിൽ കുടിൽവ്യവസായമെന്ന നിലയിൽ സംഘടിപ്പിക്കയും ചെയ്യേണ്ടതാണു്. ഈ മരച്ചീനി സ്റ്റാർച്ചിനു നല്ല മാർക്കറ്റു് കണ്ടുപിടിച്ചാൽ അതു നമുക്കു് വളരെ ഏറെ പ്രയോജനപ്പെടുന്ന ഒരു കാര്യമായിരിക്കും. ചെറുകിടവ്യവസായങ്ങളിൽ സഹകരണസംഘങ്ങൾ ഏർപ്പെടുകയാണെങ്കിൽ ജനങ്ങളുടെ സഹകരണം അവയ്ക്കുണ്ടാകുമെന്നു് ഞാൻ വിശ്വസിക്കുന്നു. രണ്ടാംപഞ്ചവത്സരപദ്ധതിയിൽ നമ്മുടെ സ്റ്റേറ്റിനു് അനുവദിച്ചിട്ടുള്ള സംഖ്യ അപര്യാപ്തമാണെന്നു ഇവിടെ അഭിപ്രായമുണ്ടായി. 131 കോടിരൂപയുടെ ഒരു പദ്ധതിയാണു് പ്ലാനിംഗ്കമ്മിഷന്റെ മുമ്പിൽവച്ചതെങ്കിലും പല ഉപാധികളെ അടിസ്ഥാനമാക്കി 75 കോടിയിൽ ചുരുക്കാനും രൂപയുടെ ഒരു പദ്ധതിയാണു് അനുവദിച്ചിട്ടുള്ളതു്. അതിനു 30 കോടി രൂപ ഇവിടത്തെ റവന്യൂവിൽ നിന്നും ഉണ്ടാക്കണം. ആ 30 കോടി രൂപ ഈ കാലഘട്ടത്തിൽ ഉണ്ടാക്കുന്നതിനുള്ള പ്രയാസം നാം മനസ്സിലാക്കുമെങ്കിൽ നമുക്കു് സ്റ്റേറ്റു് സെക്ടറിൽ അനുവദിച്ചിട്ടുള്ള തുക വർദ്ധിപ്പിക്കണമെന്നു പറയുന്നതു് ശരിയായിരിക്കുകയില്ല. നേരേമറിച്ചു് സെൻട്രലിൽനിന്നു പല മേഖലകളിലായി ഈ രാജ്യത്തു പബ്ലിക്കു് സെക്ടറിൽ ധാരാളം പണം ചെലവുചെയ്യുന്നുണ്ടെന്നു് ഈ സഭയുടെ ഏകകണ്ഠമായ പ്രേരണാശബ്ദം ഉയർത്തുന്നതാണു് നല്ലതെന്നു ഓർമ്മിക്കുന്നു. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. സി. അയ്യപ്പൻ : സഹകരണസംഘങ്ങളിൽകൂടി ഇതൊക്കെ ചെയ്യാൽ സോഷ്യലിസ്റ്റു പാറ്റേൺ ആയി എന്നല്ലേ മനസ്സിലാക്കേണ്ടതു്.

ശ്രീ. എൻ. പരമേശ്വരൻ പിള്ള : സോഷ്യലിസ്റ്റു പാറ്റേൺ അഥവാ സൊസൈറ്റി എന്ന ലക്ഷ്യത്തിലേയ്ക്കുള്ള പ്രയാണത്തിൽ ഒരുപടി ആയി എന്നു് ഞാൻ വിശ്വസിക്കുന്നു.

ശ്രീ. സി. കൊച്ചുകുഞ്ഞു് : രണ്ടാം പഞ്ചവൽസരപദ്ധതിയുടെ കാര്യത്തെപ്പറ്റിയാണു് ഇതുവരെ ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നതു്. ഈ സമയത്തു് ഇവിടെ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളെപ്പറ്റി സംസാരിക്കുന്ന കൂട്ടത്തിൽ വളരെയേറെ പ്രാധാന്യമുള്ള സംഗതികൾ ചൂണ്ടി കാണിക്കാനുണ്ടു്. എന്റെ ബഹുമാനപ്പെട്ട സുഹൃത്തു് വാഴൂർ മെമ്പർ ഇവിടെ ഗ്രാമീണരുടെ അവശതകൾ, അവരനുഭവിക്കുന്ന കഷ്ടപ്പാടുകൾ എന്നിവയെപ്പറ്റി സംക്ഷിപ്തമായി ചില കാര്യങ്ങൾ പ്രസ്താവിക്കുകയുണ്ടായി. പ്രസ്തുത അഭിപ്രായങ്ങളോടു് യോജിച്ചുകൊണ്ടാണു് ഞാൻ സംസാരിക്കുവാനാഗ്രഹിക്കുന്നതു്. ഒന്നാം പഞ്ചവൽസരപദ്ധതിയിൽകൂടി നമ്മുടെ സംസ്ഥാനത്തു നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾകൊണ്ടു് എത്രയെല്ലാം സ്ഥലങ്ങൾക്കാണു് പ്രത്യേക ഗ്രാന്റുകൾ ലഭിച്ചിട്ടുള്ളതെന്നു ആരും പറയാതെ തന്നെ മനസ്സിലാക്കുന്നതിനുള്ള തെളിവുകൾ ഇന്നു നമ്മുടെ മുമ്പിലുണ്ടു്. ഈ നിയമസഭയിൽ ഞാൻ മെമ്പറായി വന്ന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. കൊച്ചുകുഞ്ഞു]

നാളുമുതൽ പ്രാദേശികമായ ആവശ്യങ്ങളെ പുരസ്കരിച്ചു് അധികാരത്തിലിരുന്ന കാൺഗ്രസ്സു് ഗവണ്മെൻറു മുമ്പാകെയും ഡിപ്പാർട്ടുമെൻറുകളുടെ ആഭിമുഖ്യത്തിലും നിവേദനങ്ങൾ നടത്തിയിട്ടുണ്ടു്. ഈ പ്രവർത്തനങ്ങൾകൊണ്ടു് ഒരു പ്രയോജനവുമുണ്ടായിട്ടില്ലായെന്നാണു് മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതു്. അന്നു് എതെങ്കിലും താലൂക്കിലോ അല്ലെങ്കിൽ നിയോജകമണ്ഡലങ്ങളിലോ ഉള്ള ആവശ്യങ്ങളുടെ പേരിൽ എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതു് മിക്കവാറും പാർട്ടിയുടെ അടിസ്ഥാനത്തിലായിരുന്നു എന്നുള്ളതു് ഞാൻ മറച്ചുവയ്ക്കാൻ ആഗ്രഹിക്കുന്നില്ല. ഇതു് ഈ നിയമസഭയിലെ ഒരു മെംബറായി തുടരാൻ സാധിച്ചിട്ടുള്ള എൻറെ അനുഭവം വച്ചുകൊണ്ടു് പറയുകയാണു ചെയ്യുന്നതു്. അതിനു പരസ്യമായ പല തെളിവുകളും ഉണ്ടു്. വക്കല നിയോജകമണ്ഡലത്തിൻറെ കാര്യം പറയുകയാണെങ്കിൽ മറ്റു ചില നിയോജകമണ്ഡലത്തിൽ ചെയ്തിട്ടുള്ള യാതൊരു പ്രവർത്തനവും അവിടെ നടത്തിയിട്ടില്ലെന്നുള്ളതു് വളരെ വ്യക്തമായ ഒരു പരമാർത്ഥമാണു്. ഇന്നു് അതിൻറെ ഫലമായി അവിടെയുള്ള പ്രാദേശികാവശ്യങ്ങൾപോലും നിർവഹിച്ചിട്ടില്ല. കൂടാതെ ഇവിടെ ബഹുമാനപ്പെട്ട വാഴൂർ മെംബർ പ്രസംഗിച്ചപ്പോൾ ശ്രീ. പ്രാക്കുളം ഭാസി ഒരു ചോദ്യം ചോദിക്കുകയുണ്ടായി. നിങ്ങളുടെ നിയോജകമണ്ഡലത്തിൽ മന്ത്രി വന്നില്ലേ എന്നു്? ഒരു മന്ത്രി ഒരു നിയോജകമണ്ഡലം സന്ദർശിക്കുന്നതു കൊണ്ടു് അല്ലെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കർ തന്നെ ഒരു സ്ഥലം സന്ദർശിക്കുന്നതുകൊണ്ടു് അവിടത്തെ പ്രാദേശികാവശ്യങ്ങൾ നിറവേറുമെന്നു വിശ്വസിക്കുന്നവനല്ല ഞാൻ. അതു പറയുന്നതിനു് ഒരു പ്രത്യേക കാരണമുണ്ടു്. ഈ അടുത്തകാലത്തു തിരുവനന്തപുരം—കോട്ടയം ബസ്സിൽ വടക്കോട്ടു യാത്ര ചെയ്യാനുള്ള അവസരം എനിക്കുണ്ടായി. ആ സന്ദർഭം മഴയുള്ളതായിരുന്നു. ഏതാണ്ടു് ആയൂർ ജംഷൻ കഴിഞ്ഞു് ബഹുമാനപ്പെട്ട സ്പീക്കരുടെ വീട്ടിലേയ്ക്കു പോകുന്ന ആ റോഡു് ചെളിയും വെള്ളവും നിറഞ്ഞു് ഒരു ചക്കടവണ്ടിക്കുപോലും പോകാൻ സാധിക്കാത്തതരത്തിൽ കിടക്കുന്നതായിട്ടുള്ള കാഴ്ച എനിക്കു കാണാൻ കഴിഞ്ഞിട്ടുണ്ടു്. ഇതു ഞാൻ ഇന്നു പ്രത്യേകം പറയാനുള്ള കാരണം എന്തെന്നുവച്ചാൽ ഇന്നു് അങ്ങു് പ്രതിനിധീകരിക്കുന്ന ആ നിയോജകമണ്ഡലത്തെ മുമ്പു് എനിക്കു് പ്രതിനിധീകരിക്കാൻ സാധിച്ചിട്ടുള്ളതുകൊണ്ടാണു്. ചടയമംഗലം നിയോജകമണ്ഡലത്തിലുള്ള പ്രാദേശികാവശ്യങ്ങൾ ഉൾക്കൊള്ളിച്ചുതുകൊണ്ടു് അനേകം നിവേദനങ്ങൾ അന്നും ഇന്നും ഗവണ്മെൻറിൻറെ അടുക്കൽ സമർപ്പിച്ചിട്ടുണ്ടു്. സ്പീക്കർ എന്ന നിലയിലും ഒരു മെംബർ എന്ന നിലയിലും അങ്ങു് വേണ്ടതു ശ്രമിക്കുന്നുണ്ടു്. ഇതുകൊണ്ടൊന്നിനും വേണ്ട പരിഹാരമാർഗ്ഗങ്ങൾ ആരാഞ്ഞു് വേണ്ടതു ചെയ്യുവാൻ മന്ത്രിമാരോ പ്രത്യേകിച്ചു ഗവണ്മെൻറോ ശ്രമിച്ചിട്ടില്ലായെന്നുള്ളതാണു വാസ്തവം. ഈ പരമാർത്ഥം തുറന്നു പറയുന്നതിനു് ഞാൻ മടിക്കുന്നില്ല. മന്ത്രിമാരുടെ അനാസ്ഥകൊണ്ടോ, ശ്രദ്ധയില്ലായ്മകൊണ്ടോ മാത്രമാണു് പ്രവർത്തനങ്ങൾ നടക്കാത്തതെന്നു ഞാൻ പറയുന്നില്ല. മന്ത്രിമാർ എത്രശ്രദ്ധിച്ചാലും താൽപ്പര്യപ്പെട്ടാലും അവരുടെ കീഴിലിരിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു്, ചീഫ് ഇൻജിനീയർ തൊട്ടു് ഇങ്ങേ അറ്റം മേസ്തിരി വരേയുള്ളവർക്കു് മന്ത്രിമാരെപ്പറ്റി ഭയവും ഭക്തിയും ഉണ്ടെങ്കിലേ കാലാകാലങ്ങ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ളിൽ കായ്ങ്ങൾ കൃത്യമായി നടക്കുകയുള്ളൂ. ഇന്നത്തെ ചീഫ് ഇൻജിനീയർക്കോ എക്സിക്യൂട്ടീവ് ഇൻജിനീയർക്കോ അത്രകണ്ട് ഉത്തരവാദിത്വമേ ഉള്ളൂയെന്നാണ് അവരുടെ ഭാവം. നമ്മുടെ രണ്ടാം പഞ്ചവൽസര പദ്ധതിയിൽ വളരെ ഏറെ സംഖ്യകൾ കൊള്ളിക്കുന്നതുകൊണ്ട് രാജ്യത്തുള്ള ആവശ്യങ്ങൾ നിറവേറുമെന്ന ഞാൻ പ്രതീക്ഷിക്കുന്നില്ല. ഓരോ കൊല്ലവും ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്ന സംഖ്യകൾ ലാപ്സായിപ്പോകാതിരിക്കത്തക്കവണ്ണം ഉദ്ദേശിക്കുന്ന പണികൾ നടത്തുന്നതിന് സത്വരനടപടികൾ എടുപ്പിക്കുന്നതിനുള്ള ഭാരവാഹിത്വം ഇവിടത്തെ മന്ത്രിമാർ ഏറ്റെടുക്കണമെന്നാണ് ഞാൻ പറയുന്നത്. മുമ്പ് അങ്ങനെ ഇല്ലെന്നുള്ള അടിസ്ഥാനത്തിലല്ല ഞാനിതു പറയുന്നത്. ഒരവസരത്തിൽ ഞാൻ ട്രാൻസ്പോർട്ട്മന്ത്രിയെ സംബന്ധിച്ച് പറയുകയുണ്ടായി. ഇവിടെ ഇരിക്കുന്ന മന്ത്രിമാരിൽ പൊതുജനങ്ങളുടെ സമ്മതം ആർജിക്കുവാൻ വളരെ വേഗം കഴിയുന്നത് മരാമത്തുമന്ത്രി ശ്രീ. വേലായുധനാണ് എന്ന് ഇതിനു മുമ്പും ഞാൻ ഒരവസരത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. എളുപ്പത്തിൽ ജനസമ്മതം പരിസ്ഥാപിക്കാനുള്ള സൗകര്യം അദ്ദേഹത്തിനുണ്ട്. ആയിരമോ രണ്ടായിരമോ, അയ്യായിരമോ രൂപ ചെലവുചെയ്ത് ഗ്രാമപ്രദേശങ്ങളിൽ കിണറു കഴിക്കുകയോ, ഒരു കുളം കെട്ടുകയോ, കുളം വെട്ടുകയോ ചെയ്താൽ അദ്ദേഹത്തിനു ആ നാട്ടിലെ ജനങ്ങളുടെ മുഴുവനും ജനസമ്മതം നേടാൻ കഴിയും. അദ്ദേഹം അതിനുവേണ്ടി ആത്മാർത്ഥതയോടുകൂടി സത്യസന്ധതയോടുകൂടി പ്രവർത്തിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഇവിടെ രണ്ടാം പഞ്ചവൽസരപദ്ധതിയിൽ, ജനസംഖ്യാടിസ്ഥാനത്തിലാണ് തുക കൊടുത്തിട്ടുള്ളതെന്നു മുഖ്യമന്ത്രി പറയുകയുണ്ടായി. അങ്ങനെ ജനസംഖ്യാനുപാതികമായ കണക്കു വച്ചു കൊണ്ടാണ് തുക അനുവദിച്ചിട്ടുള്ളതെങ്കിൽ, ഓരോ താലൂക്കിലും ഉള്ള ജനസംഖ്യ പ്രത്യേകം എടുത്ത് ആ താലൂക്കിലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ രണ്ടാംപഞ്ചവൽസരപദ്ധതിയിൽ കൊള്ളിച്ചിട്ടുള്ള തുകയെ ആ താലൂക്കിലെ ആവശ്യങ്ങൾക്കു വേണ്ടി ചെലവു ചെയ്യാനുള്ള ഏർപ്പാടു ചെയ്യണമെന്നാണ് എനിക്കു പറയുവാനുള്ളത്.

സർ, വികസനപദ്ധതികൾക്കു നമ്മുടെ ഗവണ്മെൻറ് എത്ര പ്രാധാന്യം ആണ് നൽകിയിട്ടുള്ളതെന്ന്, തിരുവനന്തപുരം ടൗൺ മുതൽ കന്യാകുമാരിവരെയുള്ള റോഡ് ഒന്നു നോക്കിയാൽ കാണാം. അവിടെയുള്ള റോഡു് ടാറിട്ടിട്ടുള്ളതായും വികസനപദ്ധതികൾക്കു മുൻഗണസ്ഥാനം നൽകിയിട്ടുള്ളതായും കാണാൻ കഴിയും. എത്ര രൂപയാണ് അതിലേയ്ക്ക് ചെലവു ചെയ്തിട്ടുള്ളതെന്നും കാണാം. സർ, ഉൾനാടുകളിലെ റോഡുകളെ സംബന്ധിച്ചിടത്തോളം, ഓരോ ആണ്ടിൽ ഓരോ മൈൽ മെറ്റൽ എങ്കിലും ഇടുന്നതിനുള്ള വ്യവസ്ഥ ചെയ്യേണ്ടതായിട്ടാണിരിക്കുന്നത്. ഇക്കായ്ത്തിൽ ഗവണ്മെൻറ് ശ്രദ്ധയെ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു. ആ സ്ഥലങ്ങളിൽ കൂടുതൽ ധനം ചെലവുചെയ്യണമെന്നു പറയുന്നില്ല. എലക്ട്രിസിറ്റി വേണം എന്നു പറയുന്നില്ല. റോഡുകൾ ടാറിടണമെന്നു പറയുന്നില്ല. അത്യാവശ്യമായും ജനങ്ങളുടെ ഉപയോഗത്തിന് ഏറ്റവും ഉപയുക്തമായിട്ടുള്ള വയെ ആസ്പദമാക്കിമാത്രമേ പറയുന്നുള്ളൂ. ശ്രീമാൻ കളത്തിൽ വേലായുധൻ നായർ മന്ത്രിയായിരുന്ന കാലത്തു ചടയമംഗലം നിയോജകമണ്ഡലത്തിലെ ബഹുജനങ്ങളുടെ നിവേദനഫലമായി ആ താലൂക്കിൽ ചില പ്രധാനപ്പെട്ട കായ്

[ശ്രീ. സി. കൊച്ചുകുഞ്ഞു]

ങ്ങളും നടത്തിയിട്ടുള്ളതായി എനിക്കറിയാം. കായ്ങ്ങളും നേരിട്ടു മനസ്സിലാക്കുവാനും നിവേദനങ്ങളും സ്വീകരിക്കുവാനുമായി അദ്ദേഹം ഒരു ദിവസം മുഴുവൻ നിയോജകമണ്ഡലം ചുറ്റി സഞ്ചരിക്കുകയുണ്ടായി. മന്ത്രിമാർ ഉൾനാടുകളിൽ കൂടെക്കൂടെ സഞ്ചരിക്കുകയാണെങ്കിൽ അതുകൊണ്ടു് നാട്ടുകാർക്കു് വളരെ പ്രയോജനങ്ങളും സിദ്ധിക്കാൻ ഇടവരും. എന്തുകൊണ്ടെന്നാൽ അവർക്കു് അവിടെയുള്ള ജനങ്ങളുടെ വൈഷമ്യങ്ങളും നേരിട്ടു കാണുന്നതിനും അതിനു പരിഹാരം നൽകുന്നും കഴിയുമെന്നുള്ളതുകൊണ്ടാണു്. ശ്രീ. വേലായുധൻ നായർ അപ്രകാരം സഞ്ചരിച്ചതിന്റെ ഫലമായിട്ടാണു് അവിടെ പല സംഗതികളും നടത്തുന്നകാര്യത്തിൽ അദ്ദേഹത്തിനു താൽപര്യം തോന്നിയതു്. എന്നാൽ അദ്ദേഹത്തിന്റെ കീഴിൽ അന്നുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാർക്കു് ആ താൽപര്യം തോന്നിയിരുന്നില്ല. അതുകൊണ്ടു് ഇപ്പോഴത്തെ മരാമത്തു മന്ത്രിയോടു എനിക്കു പറയുവാനുള്ളതു് താങ്കളുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരെക്കൊണ്ടു് അവർ ചെയ്യാനുള്ള ജോലികളും കൃത്യമായും ശരിയായും ചെയ്യുന്നതിനുവേണ്ടി നിർദ്ദേശം കൊടുക്കുന്നവിഷയത്തിൽ മന്ത്രി ശ്രദ്ധിക്കേണ്ടതാണു്.

സർ, മൈനർ ഇറിഗേഷൻ സംബന്ധിച്ചായാലും ശരി, നാട്ടിൽ പറഞ്ഞാൽ അവസാനിക്കാത്തരത്തിലുള്ള അടിയന്തിരാവശ്യങ്ങളാണുള്ളതു്. ഒരു പ്ലാൻ നിശ്ചയിച്ചു അതനുസരിച്ചു ക്രമേണ ജോലികളും ചെയ്തുതീർക്കേണ്ടതാണു്. ഒന്നോരണ്ടോ ദിവസംകൊണ്ടോ മാസംകൊണ്ടോ ഇതു തീരുമാനിക്കാൻ സാധ്യതയുള്ള ഒരു കാര്യമല്ല എന്നു എനിക്കറിയാം.

സർ, ചികിത്സാ സൗകര്യത്തെ സംബന്ധിച്ചും ഞങ്ങളുടെ നാട്ടിലെ സ്ഥിതി ഇതു തന്നെ. മദ്ധ്യതിരുവിതാംകൂറിലെ മറ്റു പല ഭാഗങ്ങളിലും വൈദ്യസഹായം ലഭിക്കാതെ വളരെ അധികം സാധുക്കൾ കഷ്ടതയനുഭവിക്കുന്നുണ്ടു്. പെട്ടെന്നു ഒരു രോഗം ഉണ്ടായാൽ വൈദ്യസഹായം ലഭിക്കുന്നതിനു ഒരു ഡിസ്പെൻസറിയൊ, വൈദ്യശാലയൊ, ആശുപത്രിയൊ ഇല്ലാതെ വളരെ ഏറെ സാധുക്കൾ വിഷമം അനുഭവിക്കുന്നുണ്ടു്. ഈ ബുദ്ധിമുട്ടു് അവിടെ സഞ്ചരിക്കുന്ന ആളുകൾക്കു കാണുവാൻ കഴിയും. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ നാട്ടിൻ പുറങ്ങളിൽ സാധുക്കളുടെ വൈദ്യസഹായത്തെ മുൻനിറുത്തി ഡിസ്പെൻസറികളും ആശുപത്രികളും കൂടുതൽ സ്ഥാപിക്കുന്നതിനു വേണ്ട തുക കൂടി ഉൾപ്പെടുത്തണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ചിറയിൻകീഴ് താലൂക്കിലാണെങ്കിൽ അവിടെ കായൽ വാരങ്ങളിൽ താമസിക്കുന്ന സാധുക്കൾ ശുദ്ധജലം ലഭിക്കാതെയും അവിടെയുള്ള തൊഴിലാളികൾ തൊഴിൽ ലഭിക്കാതെയും വളരെ അധികം കഷ്ടത അനുഭവിക്കുന്നുണ്ടു്. ചോദ്യോത്തരസമയത്തു് മന്ത്രിമാർ മറുപടി പറയാറുണ്ടു്, ഓരോ വർഷത്തിലും ധാരാളം കുഴൽക്കിണറുകൾ ചെയ്തിട്ടുണ്ടു്. ഇനിയും കുഴൽക്കിണറുകൾ കുഴിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടു് എന്നു്. അതുകൊണ്ടു് ഈ സ്ഥലത്തെ സാധുക്കൾക്കു കുടിക്കാൻ ശുദ്ധജലം ലഭിക്കുന്നായി ആവശ്യമായ കുഴൽക്കിണറുകൾ സ്ഥാപിക്കുവാൻ വേണ്ട തുക രണ്ടാംപഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നു ഞാൻ മുഖ്യമന്ത്രിയോടു അപേക്ഷിക്കുന്നു. അങ്ങനെ നോക്കുകയാണെങ്കിൽ രാജ്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ തീരം മുതൽ മറ്റെ തീരം വരെ സഞ്ചരിക്കാനാവശ്യമായ റോഡ്, കൃഷിക്കു വെള്ളം കിട്ടാതെ വിഷമിക്കുന്ന കർഷകർക്കു വെള്ളം ലഭിക്കാനുള്ള സൗകര്യം, ശുദ്ധജല വിതരണം മുതലായിട്ടുള്ള പല സംഗതികളും ഇതിൽ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. രാജ്യത്തിന്റെ നന്മയെ ഉദ്ദേശിച്ച് നല്ലകാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുമ്പോൾ ഗ്രാമങ്ങളെ മറക്കരുതെന്നും അവയുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നും അതിനു ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടുണ്ട് പോരാ എന്നും എനിക്കു അഭിപ്രായമുണ്ട്. ഗ്രാമപ്രദേശങ്ങളിലെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു ആവശ്യമുള്ളടത്തോളം തുക രണ്ടാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തി കാര്യക്ഷമമായി ഗ്രാമങ്ങളെ മുന്നോട്ടു കൊണ്ടുവരണം. ഈ അഭിപ്രായങ്ങളോടുകൂടി ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ഇടിക്കുള ഇടിക്കുള: സർ, രണ്ടാം പഞ്ചവത്സരപദ്ധതിയെപ്പറ്റി സംസാരിക്കുമ്പോൾ, ഒന്നാം പഞ്ചവത്സരപദ്ധതിയുടെ കാര്യങ്ങൾ ഓർത്തു പോകുന്നതു സ്വാഭാവികമാണ്. ഒന്നാം പഞ്ചവത്സരപദ്ധതിയിൽ കേന്ദ്രസർക്കാർ സ്വീകരിച്ച നയത്തിൽ നമ്മെ സംബന്ധിച്ചിടത്തോളം കുഴപ്പമായ പരിഗണനയുണ്ടായിട്ടില്ലെന്നു വലിയ പരാതികൾ ഉണ്ടായിട്ടുണ്ട്. ഒന്നാം പഞ്ചവത്സരപദ്ധതി വടക്കെഇൻഡ്യയിലെ സംസ്ഥാനങ്ങൾക്കു അനുകൂലമായിട്ടായിരുന്നു കേന്ദ്രസർക്കാർ നടപ്പിലാക്കിയതെന്ന വസ്തുത വികസനപദ്ധതികളുടെ പട്ടികപരിശോധിച്ചാൽ മനസ്സിലാകുന്നതാണ്.

രണ്ടാം പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനങ്ങൾക്കു 130 കോടി രൂപ പ്രതീക്ഷിച്ചിരുന്നു. ജനസംഖ്യയുടെ അടിസ്ഥാനത്തിൽ, ഈ സംസ്ഥാനത്തിന്റെ സാമ്പത്തികശേഷിയുടെ മാനദണ്ഡത്തിൽ 55 കോടി രൂപമാത്രമേ അനുവദിച്ചിട്ടുള്ളുവെന്നാണ് അറിയുന്നതു. 75 കോടിരൂപ വെട്ടിക്കുറച്ചതു, ഈ രാജ്യത്തിന്റെ പ്രത്യേക പരിഗണനയിന്മേൽ അനുവദിച്ചുകിട്ടേണ്ടതാണെന്നു ശക്തിയായ വാദം നടത്തി അതുകൂടി അനുവദിപ്പിക്കുന്നതിനു കേന്ദ്രത്തോടു അവകാശവാദം നടത്തണമെന്നു മുഖ്യമന്ത്രിയെ അനുസ്മരിപ്പിച്ചുകൊള്ളട്ടെ. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഹൈഡ്രോഇലക്ട്രിക് സ്കീം പരിശോധിക്കുമ്പോൾ, പെരിയാർപദ്ധതി, നേരിയമംഗലം, ഷോലയാർ, പന്നിയാർ എന്നിങ്ങനെ പലപേരുകളും കാണാൻ കഴിയുന്നു. ഇറിഗേഷൻപദ്ധതികളിൽ, പീച്ചി, ചാലക്കുടി, ഭൂതത്താൻകെട്ടു തുടങ്ങിയവയുടെ പേരുകളും കാണുന്നു. ഈ വർഷത്തിൽ തിരുവിതാംകൂർ-കൊച്ചിയിലെ ഏറ്റവും പ്രധാനമായ ഒരു പദ്ധതിയായി പമ്പാനദീതടപദ്ധതിക്കുടി ഉൾപ്പെടുത്തി അതിനുവേണ്ടി നാനൂറലക്ഷം രൂപ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ കൊള്ളിച്ചിരിക്കുന്നതിൽ ഗവണ്മെന്റിനുണ്ടായ സൗമനസ്യത്തെ അഭിനന്ദിച്ചുകൊള്ളുന്നു. വളരെ നേരത്തെ ഈവക പ്രവർത്തനങ്ങൾ നടത്തേണ്ടതായിരുന്നു. കഷ്ടപ്പെട്ടു വേലയെടുക്കുന്ന മദ്ധ്യതിരുവിതാംകൂറിലെ അസംഖ്യം ജനവിഭാഗത്തിന്റെ അപരിത്യാജ്യമായ ഈ നദീതടപദ്ധതി, കൊല്ലം ഡിസ്ട്രിക്ടിലെ വടക്കൻ പ്രദേശങ്ങളിൽ പലസ്ഥലത്തേയും നെൽക്കൃഷിക്കു വളരെ പ്രയോജനപ്പെടുന്നതാണ്. ഇതുകൂടാതെ മദ്ധ്യതിരുവിതാംകൂറിലെ ജലസേചനപദ്ധതികൾക്കായി, ഒമെനർ ഇറിഗേഷൻപണികൾക്കായി, സർക്കാർ 48 ലക്ഷംരൂപ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇടിക്കുള ഇടിക്കുള]

കൊള്ളിച്ചിരിക്കുന്നതായി കാണുന്നു. അതു തീരെ അപര്യാപ്തമാണെന്നാണു എന്റെ വിനീതമായ അഭിപ്രായം. പ്ലാനിംഗ് കമ്മീഷന്റെ അനുമതിലഭിച്ചിട്ടില്ലെന്നുള്ള കാരണത്താൽ തുക ആവശ്യത്തിനു അനുവദിക്കാതിരുന്നാൽ അതു പലരൂപത്തിലും ദൊഷിലില്ലാതെ കഷ്ടപ്പെടുന്ന ആളുകൾക്കു കൂടുതൽ പ്രയാസങ്ങളും ദുരിതങ്ങളും വർദ്ധിപ്പിക്കുകയാണു് ചെയ്യുന്നതെന്നുള്ളകാര്യം സർക്കാരിന്റെശ്രദ്ധയിൽ പെടുത്തുകയും, മേജർ ഇറിഗേഷൻ പദ്ധതികൾക്കു രണ്ടാം പഞ്ചവത്സരപദ്ധതിയിൽ കൂടുതൽ തുക അനുവദിപ്പിക്കുന്നതിനു ആവശ്യമായ സമ്മർദ്ദം കേന്ദ്രഗവണ്മെന്റിൽ ചെലുത്തണമെന്നു് അഭ്യർത്ഥിക്കുകയുംചെയ്യുന്നു. വികസനപദ്ധതികളെ സംബന്ധിച്ചടത്തോളം പറയുമ്പോൾ പല ഗ്രാമപ്രദേശങ്ങളിലും ഇന്നുകാണുന്ന അരക്ഷിതാവസ്ഥ പരിഹരിക്കണമെന്നും അതു രാജ്യത്തിന്റെപൊതുവായ അഭിവൃദ്ധിയെകരുതുന്ന സർക്കാരിനു ഒരിക്കലും മാറ്റിവയ്ക്കാവുന്നതല്ലെന്നും ചൂണ്ടികാണിക്കേണ്ടിയിരിക്കുന്നു. ഗ്രാമപ്രദേശങ്ങളുടെ ആവശ്യങ്ങളെപ്പറ്റി സംസാരിക്കുന്ന കൂട്ടത്തിൽ ഞാൻ റാന്നിയെപ്പറ്റി സംസാരിച്ചുപോയാൽ ബഹുമാനപ്പെട്ട മെംബറന്മാർ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു. 92 ചതുരശ്രമൈൽ വിസ്തൃതിയിൽ, എൺപതിനായിരം ജനങ്ങൾ അധിവസിക്കുന്ന ഒരു സ്ഥലമാണു് റാന്നി കൃഷിക്കുവേണ്ടി 50 ചതുരശ്രമൈൽ വനം കാണും. ആ സ്ഥലത്തു് വളരെയധികം ജനങ്ങൾ തിങ്ങിത്താമസിക്കുന്നുണ്ടു്.

ശ്രീ. ടി. വി. തോമസ്: സർ രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ചർച്ച നടക്കുമ്പോൾ, ഓരോ മെംബറും അവരവരുടെ നിയോജകമണ്ഡലങ്ങളിലെ ആവശ്യങ്ങൾ നിരത്താൻ തുടങ്ങിയാൽ അതു ശരിയാണോ?

മി. സ്പീക്കർ: പ്ലാനിനെപ്പറ്റി പറയുമ്പോൾ പ്രാദേശികമായ കാര്യങ്ങളും പറഞ്ഞു പോകുന്നതാണു്. അതു പാടില്ലെന്നു് പറയാൻ നിവൃത്തിയില്ല. എങ്കിലും പഞ്ചവത്സരപദ്ധതിയെപ്പറ്റി ഇവിടെ പരാമർശിക്കപ്പെടുന്നകാര്യങ്ങൾ, നമുക്കു് അനുകൂലമായവിധത്തിൽ സെൻട്രൽഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടണമെങ്കിൽ, പൊതുവെ കാര്യമാത്രമായ അഭിപ്രായങ്ങൾ മാത്രം ഉണ്ടായാൽ അതു് പത്രങ്ങളിൽ വരുന്നതിനും, പൊതുവെ ഈ സഭയുടെ അഭിപ്രായങ്ങൾ ആരായപ്പെടുന്നതിനും ഇടയാകും. പദ്ധതിയിലെ മേജർ സ്കീമുകളെപ്പറ്റിയും മറ്റും പ്രധാനമായി ഉന്നയിക്കുന്നതിനുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും മാത്രം ചർച്ചകളിൽ ഉണ്ടായിരിക്കാൻ ശ്രദ്ധിക്കുന്നതായിരിക്കും ഉത്തമം.

ശ്രീ. ഇടിക്കുള ഇടിക്കുള: സർ, പമ്പാറിവർ പദ്ധതിയെപ്പറ്റി പറയുമ്പോൾ അതു റാന്നിയിലായതുകൊണ്ടു് റാന്നിയുടെ പേരുകൂടി വന്നുപോകുന്നതാണു്. റാന്നിയിലെനിരവധി അധിവാനിക്കുന്ന ജനവിഭാഗത്തിന്റെ രക്ഷയെ കരുതി, ആ നാട്ടിലെ വികസനപദ്ധതികളെപ്പറ്റി രണ്ടുവാക്കു ഈയവസരത്തിൽ പറയുന്നതു ഒരുതെറ്റായിട്ടു് കരുതാൻ ഇടയില്ലെന്നാണു് എന്റെ വിശ്വാസം. എന്റെ സ്നേഹിതന്മാരിൽ പലർക്കും അറിവുള്ളതാണു്, റാന്നിയുടെ വിവിധഭാഗങ്ങളിൽ, വനപ്രദേശത്തു താമസിക്കുന്ന തോട്ടംതൊഴിലാളികളെപ്പറ്റിയും അവരുടെ ജീവിതപ്രശ്നങ്ങളെപ്പറ്റിയും. ഒന്നേകാൽ ലക്ഷം ജനങ്ങൾ അധിവസിക്കുന്ന റാന്നിയിൽ ഒരേ ഒരു ഡിസ്പെൻസറി മാത്രമാണു് ഇന്നുള്ളതു്. ഡിസ്പെൻസറികളിൽ

LIBRARY ARCHIVES Kerala Legislative Assembly

ടെയും ആയുർവ്വേദാശുപത്രികളുടെയും മറ്റും കാര്യം ശ്രീ. മണ്ടശ്ശേരി ഇവിടെ പറഞ്ഞതിനോടു ഞാനും യോജിക്കുന്നു. ഒരു ഡിസ്പെൻസറികൊണ്ടു് ഇത്രയും അധികം ആളുകളുടെ വൈദ്യസഹായം എങ്ങനെ നിറവേറ്റാനാണു്? ഇതു വകകാര്യങ്ങളിലെല്ലാം ഗ്രാമങ്ങളെസംബന്ധിച്ചിടത്തോളം പ്രത്യേക പരിഗണനവേണമെന്നാണു് എന്റെ അഭിപ്രായം. ഇപ്പോൾ രണ്ടാം പഞ്ചവത്സരപദ്ധതിക്കുവേണ്ടി നമുക്കു്. അനുവദിച്ചിട്ടുള്ളതുകയിരെ അപര്യാപ്തമാണു്. കൂടുതൽ തുക കേന്ദ്രസർക്കാരിനോടു് ആവശ്യപ്പെട്ടു് അനുവദിപ്പിക്കുന്നതിനു് ഈ സ്റ്റേറ്റു് ഒരു പ്രോബ്ലംസ്റ്റേറ്റെന്ന അടിസ്ഥാനത്തിൽ ശക്തിയായ നിവേദനം നടത്തുന്നതിനു് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടു ഞാൻ അപേക്ഷിക്കുന്നു.

ഇലക്ട്രിസിറ്റി ഉൽപ്പാദനത്തിനും പഞ്ചവത്സരപദ്ധതിയിൽ തുക കൊള്ളിച്ചിട്ടുണ്ടു്. റാന്നിയിൽ പഞ്ചായത്തു് അതിർത്തിയിൽ ഇലക്ട്രിസിറ്റി കൊടുത്തിട്ടുണ്ടു്. ഈരാറ്റുപേട്ട പഞ്ചായത്തു് അതിർത്തിയിൽ പത്തു സ്ട്രീറ്റു ലൈറ്റുമാത്രമേ കൊടുത്തിട്ടുള്ളു. ഈ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. ഗ്രാമപ്രദേശങ്ങളിലെ ജനവിഭാഗങ്ങൾക്കു വെളിച്ചം നൽകുന്ന കാര്യം സർക്കാർ അടിയന്തിരമായി പരിഗണിക്കണമെന്നാണു് എന്റെ അപേക്ഷ.

റാന്നിയിലെ ഗതാഗതത്തെപ്പറ്റിയും പാലത്തെപ്പറ്റിയും ഒരു വാക്കുകൂടി പറയുവാനുണ്ടു്. റാന്നിയിൽകൂടി പീരുമേട്ടിലേയ്ക്കു ഷോർട്ടുകട്ടിൽ പോകുന്നതിനു് അതായതു് ആയൂർ,പുനലൂർ, റാന്നിവഴി പീരുമേട്ടിലേയ്ക്കു് പോകുന്നതിനു് കുമ്പഴ ഒരു പാലം പണിത്താൽ വളരെ സൗകര്യമായിരിക്കും. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ റാന്നിപാലത്തിന്റെ പണി ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നതു സന്തോഷകരമാണു്. വളരെക്കാലമായി ആവശ്യപ്പെടുന്നതും, ഒട്ടധികം കുട്ടികൾക്കും, യാത്രക്കാർക്കും, കർഷകർക്കും പമ്പാനദിയുടെ ഇരുകരകളിലുമുള്ള ധാരാളം ഗ്രാമീണർക്കും ഈ പാലത്തിന്റെ പ്രയോജനം അത്യന്താപേക്ഷിതമാണു്. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഈ പാലത്തിന്റെ പണിക്കു പ്രയോർട്ടികൊടുത്തു കഴിയുന്നതും വേഗം ജോലി ആരംഭിക്കുമെന്നു പ്രതീക്ഷിക്കുന്നു.

വടശ്ശേരി–കൈപ്പട്ടൂർ കടവിലെ പാലത്തിന്റെ പണിക്കു മരാമത്തു ഡിപ്പാർട്ട്മെന്റിൽനിന്നും കൊള്ളിച്ചിട്ടുള്ള തുകയ്ക്കു് പുറമെ ആവശ്യമായ തുകകൂടി കൊള്ളിച്ചു പണി നടത്തേണ്ടതാണു്. ബഹുമാനപ്പെട്ട മരാമത്തുമന്ത്രി റാന്നിയിലെ വിവിധഭാഗങ്ങളിൽ ഒരു ജീപ്പിൽ സഞ്ചരിച്ചു കാണുകയുണ്ടായി. നാലഞ്ചുദിവസത്തെയ്ക്കു് തീർച്ചയായും അദ്ദേഹം പരിപൂർണ്ണമായ വിശ്രമം ആഗ്രഹിച്ചിരിക്കും, ദേഹമാസകലം വേദനയോന്നിയിരിക്കും. ഞാനും അദ്ദേഹത്തോടൊത്തുണ്ടായിരുന്നു. മുൻപിരുന്ന മരാമത്തുമന്ത്രിമാരും അവിടത്തെ റോഡുകളുടെ ശോച്യാവസ്ഥയെപ്പറ്റി ടുള്ളവരാണു്. ശ്രീ. ഇലങ്കം അവിടം സന്ദർശിച്ചിട്ടുണ്ടായിരുന്നു. റാന്നിയിൽവിവിധഭാഗങ്ങളിൽ കുന്നുംകുഴിയുമായിട്ടാണു് റോഡുകൾ മിക്കവാറും കിടക്കുന്നതു്. പുതിയ പദ്ധതിയിൽ അവിടത്തെറോഡുകളുടെ ഇതനീയാവസ്ഥ പരിഹരിക്കുന്നതിനു മതിയായ തുകകൂടിക്കൊള്ളിക്കണമെന്നാണു് എന്റെ അഭ്യർത്ഥന. ഒന്നുരണ്ടു കാര്യംകൂടി സൂചിപ്പിച്ചുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇടിക്കുള ഇടിക്കുള]

രണ്ടാം പഞ്ചവത്സരപദ്ധതി, സാധാരണക്കാരുടെ ജീവിതനിലവാരത്തെ ഉയർത്തുന്നതിനുവേണ്ടിയുള്ളതെന്നു പറയുന്നു. അതു സംബന്ധിച്ചു ചില കാര്യങ്ങൾ ലേബർ ഡിപ്പാർട്ടുമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. റബ്ബറിൽ, തോട്ടം തൊഴിലാളികൾ, തേയില, റബ്ബർ മുതലായ തോട്ടങ്ങളിൽ പണിയെടുക്കുന്നവർ, കിഴക്കൻ പ്രദേശങ്ങളിൽ താമസിക്കുന്നുണ്ട്. അവിടത്തെ തൊഴിലാളികൾക്കു മിനിമം വേജസ് അനുവദിച്ചുകൊടുത്തു് അവരുടെ ജീവിതക്ലേശങ്ങൾക്കു പരിഹാരം ഉണ്ടാക്കുന്നതിൽ ഉൗർജിതമായ നടപടികൾ സ്വീകരിക്കേണ്ടതാണു്. അവിടെ പ്രസവ ശമ്പളവേതനം ചോദിച്ചുപോയാൽ ജോലിയിൽനിന്നും പിരിച്ചുവിടുന്നതിനും, കൂലി ചോദിച്ചാൽ കള്ളക്കേസുകൾ ഉണ്ടാക്കി പാവപ്പെട്ട തൊഴിലാളിയെ ചെങ്കനൂരും, പത്തനാപുരത്തും കോടതികളിൽ നടത്തി വിഷമിപ്പിക്കുന്നതിനും തോട്ടം ഉടമകൾ മടിക്കുന്നില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ഈ കാര്യങ്ങളെല്ലാം പാർട്ടിയിൽ പറഞ്ഞാൽപോരെ, തിരഞ്ഞെടുപ്പിനും അടുത്തില്ലല്ലോ ?

ശ്രീ ഇടിക്കുള ഇടിക്കുള : ഇതിനു മറുപടി പറയണമെന്നു വിചാരിക്കുന്നില്ല.

സർ, എന്തായാലും തോട്ടം തൊഴിലാളികളുടെ ഈവക വൈഷമ്യങ്ങൾ പരിഹരിക്കണമെന്നു എനിക്കു പ്രത്യേകം അപേക്ഷയുണ്ട്. മേജർ ഇറിഗേഷൻ സംബന്ധിച്ചും, റോഡുകളുടെ കാര്യത്തിലും കൂടുതൽ തുക അനുവദിക്കുന്നതിനും, അങ്ങനെ ഗ്രാമങ്ങളെ പൊതുവേ നന്നാക്കുന്ന തോടൊപ്പം നമ്മുടെ സംസ്ഥാനം ഐശ്വര്യത്തിൽ നിന്നും ഐശ്വര്യത്തിലേയ്ക്കു ഉയർത്തുന്നതിനും സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ടി. എം. വർഗ്ഗീസ് : സർ, രണ്ടാം പഞ്ചവത്സരപദ്ധതി സംബന്ധിച്ചു കുറേ കാര്യങ്ങളെപ്പറ്റി സംസാരിച്ചാൽകൊള്ളാമെന്നു ആഗ്രഹിക്കുന്നു. പാസ്സാറിവർ പദ്ധതിയെപ്പറ്റിയാണു എനിക്കു പ്രധാനമായി പറയാനുള്ളതു്. നമ്മുടെ ഗവണ്മെൻറു കഴിയുന്നത്ര ശ്രദ്ധ അതിൽ എടുത്തിട്ടും അതിനെ സംബന്ധിച്ചു ഏറ്റവും അത്യാവശ്യമായ ആ ജലസേചന പദ്ധതി വിട്ടുകളഞ്ഞതിരിക്കുന്നതായിട്ടാണു് മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽനിന്നു മനസ്സിലാക്കാൻ സാധിക്കുന്നതു്. അതു വളരെ തെറ്റായ ഒരു നടപടിയാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നു ആ ജലസേചന പദ്ധതിയെക്കുറിച്ചു പര്യാലോചിക്കുന്നതിനുവേണ്ട ശ്രമങ്ങൾ ചെയ്തിട്ടുണ്ടെന്നും, കേന്ദ്രഗവണ്മെൻറിന്റെ ശ്രദ്ധയിൽ ആ കാര്യം പെടുത്തിയിട്ടുണ്ടെന്നും പറയുകയുണ്ടായി.

ഈ അവസരത്തിൽ, ഗവണ്മെൻറിന്റെ ശ്രദ്ധയിൽ ഒരു കാര്യം കൊണ്ടുവരുവാൻ ഞാനാഗ്രഹിക്കുന്നു. നമ്മുടെ ഗവണ്മെൻറിന്റെ ആവശ്യപ്രകാരം പി. ഡബ്ലിയു. ഡി-യിൽ നിന്നു തന്നെ പമ്പാറിവർ പദ്ധതിയെപ്പറ്റി ഒരു സ്കീം ഉണ്ടാക്കിയിട്ടുണ്ടു്. അതു ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നെനിക്കറിഞ്ഞുകൂടാ. ആ പദ്ധതിക്കനുസരിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽക്കൂടി സഞ്ചരിക്കുന്നതിനും, പല സ്ഥലങ്ങളിലും ജലസേചനം നടത്തുന്നതിനും, സൗകര്യം ഉണ്ടാകത്തക്കവിധത്തിൽ വളരെ വിസ്തരിച്ചുള്ള ഒരു പദ്ധതിയാണ് തയാറാക്കിയിരിക്കുന്നതു്. അതു ഇപ്പോൾ പി. ഡബ്ലിയു. ഡി.യുടെ കൈവശത്തിലാണോ, അതോ ഗവണ്മെൻറിന്റെ കൈവശത്തിലാണോ ഇരിക്കുന്നതെന്നറിഞ്ഞുകൂടാ. എന്തായാലും ആ പദ്ധതി ഒന്നുകൂടി പരിശോധിക്കുന്ന കാര്യത്തിൽ, ഗവണ്മെൻറ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ടു്.

SHRI PANAMPILLI GOVINDA MENON: May I give an information? The Multi-purpose Pampa Scheme was included in the draft plan. The Government of India could not find enough funds to sanction the Multi-purpose Scheme; but having regard to the anxiety of this Government that the Pampa Scheme should be taken up for various reasons, the hydro-electric scheme has been sanctioned by the Planning Commission, and the other connected things are being taken up again before the Planning Commission.

ശ്രീ. ടി. എം. വർഗ്ഗീസ്: കൂടുതൽ വിവരങ്ങളറിഞ്ഞതിൽ സന്തോഷമുണ്ടു്. എന്റെ അന്വേഷണത്തിലും, അധികാരികളിൽ നിന്നു ലഭിച്ച അറിവിലും എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞതു്—ഈ പമ്പാ റിവർ സ്കീം നടപ്പിൽ വരുത്തുന്നപക്ഷം, കൊട്ടാരക്കരവരെ ഉള്ള ജലസേചനപദ്ധതി കൂടി അതിൽ ഉൾപ്പെടുത്തിക്കൊള്ളുന്നപക്ഷം, വെള്ളമില്ലാതെ അനവധി നഷ്ടം സഹിച്ചുകൊണ്ടിരിക്കുന്ന വളരെ ഏറെ കൃഷിക്കാർക്കു് ഇതുകൊണ്ടുപകാരം ഉണ്ടാകുന്നപക്ഷം, ഇക്കാര്യത്തിൽ കേന്ദ്രഗവണ്മെൻറിനെ നിർബന്ധിക്കുകയും, ഈ ഗവണ്മെൻറ് കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും ചെയ്യുമെന്നു കാണുന്നതിൽ സന്തോഷമുണ്ടു്.

ഇതു കൂടാതെ, ഓണാട്ടുകര പദ്ധതിയെപ്പറ്റിയും എന്റെ സ്നേഹിതന്മാർ പറഞ്ഞു. ആദ്യം ആ പദ്ധതിയുണ്ടായിരുന്നു എന്നും പിന്നീടു് വിട്ടുകളഞ്ഞു എന്നുമാണു് പറഞ്ഞതു്. അതു നല്ല ഒരു പദ്ധതിയാണു്. എങ്കിലും എന്തുകൊണ്ടു വിട്ടുകളഞ്ഞു? എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞതു് അതിനു ഏകദേശം അമ്പതുലക്ഷം രൂപ ചെലവു വരുമെന്നും, അത്രയും തുക ചെലവു ചെയ്യുന്നതിനെ നീതീകരിക്കത്തക്കവിധത്തിൽ, അതുകൊണ്ടുള്ള ഉപയോഗം ലഭിക്കുന്നതല്ലെന്നും, അധികാരികൾ കരുതിയതുകൊണ്ടാണു് ആ പദ്ധതി വിട്ടുകളഞ്ഞതു് എന്നാണു്. അതു വളരെ കഷ്ടമായിപ്പോയി. ഓണാട്ടുകര വളരെ താഴ്ന്നുകിടക്കുന്ന ഒരു സ്ഥലമാണു്. വെള്ളം കേറി നഷ്ടപ്പെടുക അവിടെ സാധാരണമല്ലെങ്കിലും, ഉണ്ടാകൊണ്ടു വളരെ കൃഷി നഷ്ടംവരുന്നുണ്ടു്. ഇതിനെപ്പറ്റി ഞാൻ പഠിക്കുകയും, ഇതിൽ താൽപ്പര്യമുള്ള ആളുകളുമായി ചോദിക്കുകയും ചെയ്തപ്പോൾ എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞതു്, ഇന്നു് തിരുവനന്തപുരത്തും അങ്ങോട്ടുമിങ്ങോട്ടും തുടങ്ങും പലതരത്തിലുള്ള പദ്ധതികൾ ഏർപ്പെടുത്തുവാൻ ഗവണ്മെൻറ ശ്രദ്ധിച്ചിട്ടുണ്ടെന്നും, എന്നാൽ കൊല്ലവും കോട്ടയവും അവഗണിച്ചുകളഞ്ഞു എന്നുമാണു്. അതു ശരിയല്ല എന്നെനിക്കറിയാം. കൊല്ലത്തും കോട്ടയത്തും ഗവണ്മെൻറിന്റെ ശ്രദ്ധ പതിഞ്ഞിട്ടുണ്ടു്. വേണ്ടത്ര പതിഞ്ഞിട്ടുണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. എം. വർഗ്ഗീസ്]

അഭിപ്രായവ്യത്യാസമുണ്ടാകാം. അതു പരിഹരിക്കുന്നതിനും ഈ പമ്പാനദിയെ സംബന്ധിച്ചു ജലസേചനപദ്ധതി നടപ്പിൽ വരുത്തിയാൽ മതി; പദ്ധതി ആരംഭിച്ചു് അവസാനമാകുമ്പോൾ അതില്ലാതെയായിപ്പോകും എന്ന ഭയം ആർക്കുമില്ലായിരുന്നു. കൊല്ലം ഡിസ്ട്രിക്ടറി വലിയ പദ്ധതിയെന്നു പറയാൻ വേറെയൊന്നുമില്ല. അതുകൊണ്ടു് ഈ പദ്ധതി മാറ്റി പർപ്പസസ്സിന്റെ കൂട്ടത്തിൽ വരുമെന്നറിയുന്നതിൽ സന്തോഷമുണ്ടു്.

പക്ഷപാതപരമായി കാര്യങ്ങൾ ചെയ്യുന്നു എന്നു ഞാൻ പറയുന്നില്ല. 55 കോടി രൂപ കേന്ദ്രഗവണ്മെന്റു് ആദ്യം അനുവദിച്ചു. എങ്കിലും ഗവണ്മെന്റു് വളരെ ബുദ്ധിമുട്ടി. ഇപ്പോൾ അതു 75 കോടി രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ടു്. നമ്മുടെ സംസ്ഥാനത്തിന്റെ കിടപ്പുപോലെ, ആദ്യം വീതികുടി ക്രമേണ പീതി കുറഞ്ഞു കുറഞ്ഞു ഒടുവിൽ ഒരു പോയിന്റിൽ നിൽക്കുന്നതുപോലെയുള്ള ഒരവസ്ഥയാണു കേന്ദ്രഗവണ്മെന്റിനു വരാതിരിക്കത്തക്കവിധത്തിൽ, മന്ത്രിമാർ ഇനിയും ഡെൽഹിയിൽപോകുന്ന അവസരത്തിൽ, വേണ്ടതു ചെയ്യുമെന്നാണെന്റെ വിശ്വാസം. അങ്ങനെ കൂടുതൽ തുക കിട്ടുമ്പോൾ, അതായതു താലൂക്കുകളിലും ഡിവിഷനുകളിലും ഉള്ള ആവശ്യങ്ങളെ പരിഗണിച്ചു വേണ്ടപോലെ പ്രവർത്തിക്കാൻ ഞാൻ ഗവണ്മെന്റിനോടപേക്ഷിക്കുന്നു.

ശ്രീ. ആർ. പ്രകാശം : സർ, രണ്ടാംപഞ്ചവത്സരപദ്ധതിയുടെ സ്വഭാവത്തെപ്പറ്റി ഞാൻ നേരത്തേതന്നെ, ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണു്. ഈ പദ്ധതിയെപ്പറ്റി ഞങ്ങളുടെ വിഭാഗം, എടുക്കുന്ന നിലപാടു് എന്താണെന്നുള്ളതിനെപ്പറ്റി, വളരെ സമഗ്രമായി ശ്രീ. മുണ്ടശ്ശേരി പറയുണ്ടായി. അദ്ദേഹം വിട്ടിട്ടുള്ള ചില കാര്യങ്ങളെ സംബന്ധിച്ചു ചിലതു പറയാമെന്നാണു ഞാൻ വിചാരിക്കുന്നതു്. മുഖ്യമന്ത്രി അവർകൾ ചെയ്ത ദീർഘമായ പ്രസംഗത്തിന്റെ അവസാനഭാഗത്തു അദ്ദേഹം ഞങ്ങളുടെ സഹകരണം അഭ്യർത്ഥിക്കുകയുണ്ടായി. കേന്ദ്രഗവണ്മെന്റു് ഈ പദ്ധതിക്കുവേണ്ടി ആദ്യം 55 കോടി രൂപ അനുവദിച്ചു എങ്കിലും മുഖ്യമന്ത്രിയും മറ്റും ചെയ്ത ശ്രമത്തിന്റെ ഫലമായി അതു് 75 കോടി രൂപയോളം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും, അതുകൊണ്ടു് എല്ലാ വിഭാഗത്തിൽനിന്നും ഉള്ള സഹകരണം ഉണ്ടായാൽ ആ പദ്ധതി വിജയിപ്പിക്കുവാൻ കഴിയുമെന്നും, അതിലേയ്ക്കു് എല്ലാവരും സഹകരിക്കണമെന്നും, അദ്ദേഹം അഭ്യർത്ഥിച്ചു. ഈ അഭ്യർത്ഥനയെ ഞങ്ങൾ സ്വാഗതം ചെയ്യുന്നതോടൊപ്പം, ഞങ്ങളുടെ ഭാഗത്തുനിന്നും ഉള്ള അകമഴിഞ്ഞ സഹകരണം വാഗ്ദാനം ചെയ്കയും ചെയ്യുന്നു. പക്ഷെ, അതോടൊപ്പം എനിക്കു് ഒരു കാര്യംകൂടി പറയാനുണ്ടു്. അതായതു്, മുഖ്യമന്ത്രി അദ്ദേഹത്തിന്റെ വക്കീൽപ്പണിയിൽ പ്രയോഗിക്കുന്നതുപോലെയുള്ള നടപടിക്രമം ചെയ്തുകൊണ്ടു മാത്രമായില്ല. ഈ രാജ്യത്തിന്റെയും ഇവിടത്തെ ജനങ്ങളുടെയും വക്കാലത്തു് എടുത്തുകൊണ്ടു് അദ്ദേഹം ഡൽഹിക്കു പോകുന്നതിൽ തെറ്റില്ല. വക്കീലന്മാർ രണ്ടുതരത്തിൽ വാദങ്ങൾ നടത്താറുണ്ടു്. ഒന്നാമത്തെ രീതി, കേട്ടുകൊണ്ടിരിക്കുന്ന കക്ഷികളെ തൃപ്തിപ്പെടുത്തുവാൻവേണ്ടി വാദിക്കുക എന്നുള്ളതാണു്. വാദം കേമമായിരിക്കും, പക്ഷെ, വിധി വരുന്നതു മറിച്ചായിരിക്കും. രണ്ടാമത്തെ രീതി കക്ഷിക്കു തൃപ്തി വന്നാലും ഇല്ലെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിലും അവക്കനുകൂലമായ വിധി സമ്പാദിക്കത്തക്ക നിലയിൽ വാദിക്കുക യെന്നുള്ളതാണ്. അതുകൊണ്ടു് ഇക്കാര്യത്തിൽ നമ്മുടെ മുഖ്യമന്ത്രി ചെയ്യേ ണ്ടതു്, രണ്ടാമതു പറഞ്ഞതരത്തിലുള്ള വാദഗതി സ്വീകരിക്കുക യെന്നുള്ള തണ്.

ഇതുയും പറഞ്ഞുകൊണ്ടു് ഞാൻ മറ്റു ചില പ്രധാനപ്പെട്ട കാര്യങ്ങ ളിലേയ്ക്കു കടക്കുന്നു. സർ, പദ്ധതിക്കുവേണ്ടി അനുവദിക്കപ്പെട്ടുന്ന ഓരോ രൂപയ്ക്കും പ്രതിനാറണ ഉണ്ടു്. അതിൽ നാലണയെങ്കിലും ഈ നാട്ടി ലുള്ള ജനങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നില്ല എന്നു ശ്രീ. മുണ്ടശ്ശേരി പറയുകയുണ്ടായി. ആ നില മാറ്റി കൊണ്ടുത്തു് എട്ടണയോ, പന്ത്രണ്ട ണയോ എങ്കിലും ജനങ്ങൾക്കു ലഭിക്കത്തക്കവണ്ണം ഇവിടത്തെ സാമാന്യ ജനങ്ങൾക്കു് അനുകൂലമായ വിധത്തിൽ ആയിരിക്കണം ഈ പദ്ധതി പ്രാവ ത്തികമാക്കാനെന്നാണു് എനിക്കു പറയാനുള്ളതു്. എങ്ങനെയാണു് ഇപ്പോൾ അനുവദിച്ചിട്ടുള്ള 75 കോടിരൂപ ഇവിടെ വിതരണം ചെയ്യപ്പെ ടാൻ പോകുന്നതെന്നും, ഏതുവിധത്തിലാണു് അതു ജനങ്ങൾക്കു് പ്രയോജ നപ്പെടേണ്ടതെന്നും ഉള്ളതിനെപ്പറ്റി ഞങ്ങളുടെ പാർട്ടിക്കു് ചില നിർദ്ദേശങ്ങൾ ഉണ്ടു്. അവയിൽ ചിലതു ശ്രീ. മുണ്ടശ്ശേരി പറയുകയു ണ്ടായി. എനിക്കു മറ്റു ചില നിർദ്ദേശങ്ങളാണു് പറയുവാനുള്ളതു്.

ഒന്നാം പഞ്ചവത്സരപദ്ധതിയെപ്പറ്റി വളരെ അധികം കാര്യങ്ങൾ ചെയ്യുന്നതിക്കാൻ സാധിച്ചില്ലെന്നും, ശരിയായ പ്ലാൻ അനുസരിച്ചു വില യിരുത്തുവാൻ കഴിഞ്ഞില്ലെന്നും, ഡ്രാഫ്റ്റ്, പ്ലാനിന്റെ ഒന്നാംഭാഗം, ഏഴാംപേജിൽ നാലും, അഞ്ചും, ആറും, ഏഴും ഖണ്ഡികകളിൽ പറയു ന്നുണ്ടു്. ഒന്നാംപഞ്ചവത്സരപദ്ധതി ഇവിടെ നടപ്പിലാക്കുന്നതിനു വളരെ തകരാറുകൾ വന്നിട്ടുണ്ടെന്നും, ശരിയായൊരു പദ്ധതി ആസൂത്രണം ചെയ്യു വാനും അവ നടപ്പിൽ വരുത്തുവാനുമുള്ള സമയം തീരെ ഉണ്ടായിരുന്നി ല്ലെന്നും, പകുതി സമയം കഴിഞ്ഞതിനുശേഷമാണു പദ്ധതി ആസൂത്രണം ചെയ്തതെന്നും മറ്റും അതിൽ പറയുന്നു. അതിൽ പറയുന്ന ചില കാര്യ ങ്ങൾ ശരിയായിരിക്കാം. എന്നാൽ രണ്ടാംപഞ്ചവത്സരപദ്ധതി ആസൂ ത്രണം ചെയ്യുവാനും മറ്റും വേണ്ടിടത്തോളം സമയം ഉണ്ടായിരുന്നു. അതു കൊണ്ടു് ഒന്നാംപഞ്ചവത്സരപദ്ധതിക്കുണ്ടായ തെറ്റുകൾ ഈ പദ്ധതിയിൽ ത്തിരുത്തേണ്ടതുമായിരുന്നു. അതു ചെയ്തിട്ടുണ്ടോ? അങ്ങനെയുള്ള ഒരു തെറ്റ് തിരുത്തൽമനോഭാവം രണ്ടാം പഞ്ചവത്സരപദ്ധതിയിൽ പ്രദർശിപ്പിച്ചിട്ടുണ്ടോ? ഒന്നാംപഞ്ചവത്സരപദ്ധതി തന്നെ വിജയിക്കണമെങ്കിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കു വിപുലമായ അധികാരാവകാശങ്ങളും മുഖ്യ മായ പങ്കും നൽകണമെന്നു് ഇൻഡ്യാഗവണ്മെൻറ് പ്രസിദ്ധീകരിച്ചിട്ടുള്ള നാഷണൽ പ്ലാനിംഗ് കമ്മീഷൻ രേഖയിൽ പറഞ്ഞിട്ടുണ്ടു്. സർ, ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്തുതന്നെ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റി കൾക്കും നൽകണമെന്നു് ഇൻഡ്യാഗവണ്മെൻറ് പറഞ്ഞ അധികാരാവ കാശങ്ങളും ഇന്ത്യാഗവണ്മെൻറ് രണ്ടാംപഞ്ചവത്സരപദ്ധതിക്കാലത്തെങ്കിലും നൽകാൻ ഭാവമുണ്ടെന്നു പറയുന്നില്ല. ഇതെത്രയോ തെറ്റാണു്. മാത്രമല്ല, ഇന്നു നമ്മുടെ മുമ്പിലുള്ള പ്ലാൻ ഡ്രാഫ്റ്റ് (Plan draft) ഒന്നാം ഭാഗ ത്തിൽ "പ്ലാനിംഗിനോടുള്ള സമീപനരീതി" എന്നു ഒരു ഭാഗമുണ്ടു്. അതിൽ പ്ലാനിംഗ് വിജയിപ്പിക്കാൻ ചെയ്യേണ്ട കാര്യങ്ങളിൽ കൈക്കൊള്ളേണ്ട അടിസ്ഥാനസമീപനരീതി പറയുന്നുണ്ടു്. എന്നാൽ അവയെയൊന്നും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു പ്ലാനിംഗിലുള്ള പങ്കു പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. പ്രകാശം]

[MR. DY. Speaker in the Chair]

കൂടാതെ മറെറാന്നുകൂടിയുണ്ട്. ഇൻഡ്യാഗവണ്മെൻറിൻെറ സെക്കൻറ് പ്ലാൻ ഫ്രെയ്മ് (Plan frame) വിവരിക്കുന്ന രേഖയിൽ, പ്ലാനിംഗ് അഡ്മിനിസ്ട്രേഷൻ ചർച്ച ചെയ്യുന്നിടത്തു് പ്രത്യേകം പറയുന്നുണ്ടു്, ഇന്നത്തെ നിലവിലുള്ള നിയന്ത്രണരീതി അപര്യാപ്തമാണെന്നു്, പ്ലാനിംഗിനു് കൂടുതൽ ബഹുജനപിൻതുണ ആകർഷിക്കണമെന്നു്. സർ, ഇതിലൊരു കാര്യംപോലും നമ്മുടെ കരടുപ്ലാനിൽ കാണുന്നില്ല. പ്രൊഫസർ മഹലനോബിസിനെ പ്ലാനിംഗിൻെറ ഈ സുപ്രധാനമായ വശത്തെക്കുറിച്ചു റിപ്പോർട്ടു സമർപ്പിക്കുവാൻ ഇന്ത്യാഗവണ്മെൻറ് ഈയിടെ ചുമതലപ്പെടുത്തിയിട്ടുണ്ടു്. എനിക്കു് ചൂണ്ടിക്കാണിക്കുവാനുള്ളതു്, പ്ലാനിംഗിൻെറ നിയന്ത്രണം കാര്യക്ഷമമാക്കാനും, പൊതുജനപിൻതുണ നേടാനും പറഞ്ഞ മാർഗ്ഗം മുനിസിപ്പാലിറ്റികളെയും പഞ്ചായത്തുകളെയും വിശ്വാസത്തിലെടുക്കുകയെന്നാണു്. അവയ്ക്കു കൂടുതൽ അധികാരം നൽകണം, പ്ലാനിംഗ് മെഷീനറിയിൽ സ്ഥാനം നൽകണം. ബഹുജനങ്ങളോടു് ഏറ്റവും അടുത്ത സമ്പർക്കം പുലർത്തണം, അവരാൽ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളാണവ.

സർ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലൂടെയാണു് പൊതുജനങ്ങളുടെ സഹകരണം ഈ പദ്ധതിക്കുണ്ടാകേണ്ടതു്. സോഷ്യലിസ്റ്റു് രാജ്യങ്ങളിൽ എർപ്പെടുത്തിയ പ്ലാനുകൾ വിജയകരമായി തീർന്നതു്, ഈ സ്ഥാപനങ്ങളിൽകൂടി അവർ ഈ പ്ലാൻ പ്രവർത്തിപ്പിച്ചതുകൊണ്ടാണു്. സോഷ്യലിസ്റ്റു് രാജ്യമായ റഷ്യയാണു പ്ലാനിംഗിൻെറ ജന്മഭൂമി. ചൈന, കിഴക്കൻ യൂറോപ്പു്, എന്നിവ പ്ലാനിംഗിൽ റഷ്യയുടെ നേട്ടങ്ങൾ പഠിക്കുന്നുണ്ടു്. സോവിയറ്റു് യൂണിയൻ എന്നു പറഞ്ഞാൽ തന്നെ പഞ്ചായത്തുകളുടെ രാജ്യം എന്നാണർത്ഥം എന്നുകൂടി ഓർക്കണം. ഇതിൽനിന്നു് അവിടത്തെ പ്ലാനിംഗിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുള്ള സ്ഥാനം മനസ്സിലാകുമല്ലോ.

സർ, മുനിസിപ്പാലിറ്റികളുടേയും പഞ്ചായത്തുകളുടേയും ഇന്നത്തെ നിലപാടിനെസംബന്ധിച്ചു് നോക്കുമ്പോൾ എന്താണു് നാം കാണുന്നതു്? നമ്മുടെ സംസ്ഥാനത്തെ 500-ൽപരം പഞ്ചായത്തുകളും 27 മുനിസിപ്പാലിറ്റികളും ഇന്നു് പ്രവർത്തനം നടത്തിക്കൊണ്ടിരിക്കയാണു്. പക്ഷെ ഈ സ്ഥാപനങ്ങൾക്കു് അർഹിക്കുന്ന സ്ഥാനം നൽകി അവയ്ക്കു് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം നൽകാതെയാണിരിക്കുന്നതു്. പൊതുജനനന്മക്കുവേണ്ടി രൂപവൽക്കരിച്ചിട്ടുള്ള പഞ്ചായത്തുകളുടെ ഇന്നത്തെ സ്ഥിതി എന്താണു്? അതുപോലെതന്നെ മുനിസിപ്പാലിറ്റികളുടെ ഭരണക്രമവും നിലപാടും എത്രത്തോളം പൊതുജനങ്ങൾക്കു് ഉപകാരപ്രദമാണു് എന്നുകൂടി നാം ചിന്തിക്കേണ്ടതാണു്. 1953-ലാണു് പ്രായപൂർത്തിവോട്ടവകാശമനുസരിച്ചുള്ള മുനിസ്സിപ്പൽ തിരഞ്ഞെടുപ്പു് എർപ്പെടുത്തിയതു്. അടുത്ത മുനിസിപ്പൽ തിരഞ്ഞെടുപ്പു് വരാൻ പോകുകയാണു്. ഞാൻ ചോദിക്കുന്നു—ഈ കഴിഞ്ഞ 3 കൊല്ലത്തിനകം മുനിസിപ്പാലിറ്റികൾക്കു് ഏതെല്ലാം വിധത്തിലുള്ള നന്മകളാണു് ഗവണ്മെൻറിൽനിന്നും ചെയ്തിട്ടുള്ളതെന്നു്. സർ, കഴിഞ്ഞ പരിഷ്കരിച്ചുവിട്ട നിയമസഭയുടെ കാലത്തു് മുനിസിപ്പാലിറ്റികളെ സംബ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഡിച്ചു് ഒരു നക്കൽബിൽ ഇവിടെ അവതരിപ്പിക്കയുണ്ടായി. അതിനു ശേഷം അവയെപ്പറ്റി യാതൊന്നുംതന്നെ ചെയ്യാനുള്ള മനസ്ഥിതി ഗവണ്മെൻറിനു് ഉണ്ടായിട്ടില്ല. മുനിസിപ്പാലിറ്റികളുടേയും പഞ്ചായത്തുകളുടേയും മരണപരമായ സൗകര്യത്തേയും വേണ്ടിയുള്ള ഗവണ്മെൻറിൽനിന്നും ഉണ്ടാകേണ്ട സാമ്പത്തിക സഹായത്തേയും പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കൂടുതൽ അധികാരം നൽകിക്കൊണ്ടുള്ള വ്യവസ്ഥകളേയും മറവു ചിന്തിക്കുകയാണെങ്കിൽ ഗവണ്മെൻറിൽനിന്നും ഉണ്ടാക്കിയിരിക്കുന്ന മുനിസിപ്പാലിറ്റിയും പഞ്ചായത്തും ബില്ലിന്റെ ചട്ടക്കൂടുതന്നെ ഒന്നു മാറേണ്ടിയിരിക്കുന്നു. അതല്ലെങ്കിൽ നാം വിഭാവനം ചെയ്യുന്നതുപോലെയുള്ള പൊതുജനനന്മകരം ലഭ്യമാവുകയില്ലെന്നു് ഞാൻ ഇതേ അവസരത്തിൽ ഗവണ്മെൻറിനെ ഉത്ബോധിപ്പിക്കുകയാണു് ചെയ്യുന്നതു്. സ്വയംഭരണസ്ഥാപനങ്ങൾക്കു് കൂടുതൽ അധികാരം നൽകുന്നതുകൊണ്ടുമാത്രമേ പൊതുജനങ്ങളിൽനിന്നും കരം ഈടാക്കുന്നതിനും ഈടാക്കുന്ന തുകകൊണ്ടു് അവക്കു പ്രയോജനപ്രദമായ നന്മകരം ചെയ്യാനും സാധിക്കുകയുള്ളൂ. ഒന്നാം പഞ്ചവത്സരപദ്ധതിയിൽ സ്വയംഭരണസ്ഥാപനങ്ങൾക്കു് കൂടുതൽ ധനസഹായം ചെയ്യണമെന്നുള്ള നിർദ്ദേശങ്ങളും, അല്ല അങ്ങിനെയുള്ള നിർദ്ദിഷ്ടമായ വ്യവസ്ഥതന്നെ ഉണ്ടായിട്ടുണ്ടു്. എന്നിരുന്നിട്ടും മുനിസിപ്പാലിറ്റികൾക്കു് അവർ ആവശ്യപ്പെട്ട തുകപോലും കൊടുക്കാതെയാണു് ഇരുന്നിട്ടുള്ളതു്. അങ്ങിനെ ഒന്നാം പഞ്ചവത്സരപദ്ധതിയിൽ കൊടുക്കാതിരുന്ന തുക രണ്ടാം പഞ്ചവത്സരപദ്ധതി തുടങ്ങുന്ന അവസരത്തിലെങ്കിലും സ്വയംഭരണസ്ഥാപനങ്ങൾക്കു നൽകണമെന്നുള്ള വ്യവസ്ഥ ഉണ്ടോയെന്നു ചോദിച്ചാൽ അങ്ങിനെയുള്ള കാര്യപ്പാടു് ഈ പ്ലാനിംഗിൽ കാണാൻ സാധിക്കുന്നില്ല. ഇത്തരത്തിലുള്ള ഒരു മനോഭാവം ഗവണ്മെൻറു് വച്ചുപുലർത്തിക്കൊണ്ടിരിക്കുന്നതു് മാറിയില്ലെങ്കിൽ സ്വയംഭരണസ്ഥാപനങ്ങൾ വെറും നാമമാത്രമായി പ്രവർത്തിക്കാനേ സാധിക്കൂ എന്നുള്ളതു് ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. സർ, സഹായധനത്തെ സംബന്ധിച്ചു് സഭയിൽ ആവലാതിപ്പെടുമ്പോളൊക്കെയും വകുപ്പുമന്ത്രി പറയുന്നതു്, സ്വയംഭരണസ്ഥാപനങ്ങൾക്കു് ധനസഹായം ചെയ്യുന്ന കാര്യം ആലോചിക്കാം, ആലോചിക്കാം എന്നു മാത്രമാണു്. പക്ഷെ, നമ്മുടെ ആവശ്യം ഇങ്ങിനെയുള്ള സമാധാനം പറച്ചിലല്ല. പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നിവൃത്തിയുള്ളിടത്തോളം ഗവണ്മെൻറിൽനിന്നും കൂടുതൽ ധനസഹായം ചെയ്യുമെന്നുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ഈ കരടുപദ്ധതിയിൽ പ്രത്യേകം ഒരു ചാപ്റ്റർ എഴുതിച്ചേർക്കേണ്ടതാണു്. സ്വയംഭരണസ്ഥാപനങ്ങൾ സംസ്ഥാനത്തുനിന്നും ഒഴിച്ചുകൂടാൻ പാടില്ലാത്തതും അതേ അവസരത്തിൽ ജനങ്ങൾക്കു വളരെ അത്യാവശ്യം ഉള്ളതുമായ ഒരു ഭരണഘടകമാകുന്നു. ഈ സ്ഥാപനങ്ങളെ സംബന്ധിച്ചു് എന്തിനാണു് സർ, ഞാൻ വളരെ കൂടുതലായി സംസാരിക്കുന്നതു്? എനിക്കു് സ്വയംഭരണസ്ഥാപനങ്ങൾ എന്നാൽ എന്താണെന്നും അവയുടെ പ്രാധാന്യത്തിക്കമായ കാര്യങ്ങൾ എത്രത്തോളം പുരോഗമിപ്പിക്കുമെന്നും നല്ലതുപോലെ അറിയാവുന്നതുകൊണ്ടാണു്. സർ, ചിലർ പറയുമായിരിക്കും ഇവർ തത്വവാദികളാണു്. ശരിയാണു്, ഞാനും കുറേപ്പേർ തത്വവാദികളാണു്. കുറേപ്പേർ അനുഭവവാദികളുമുണ്ടു്. സർ, ഇതിൽ തത്വവും അനുഭവവും പൊരുത്തപ്പെടുത്തിത്തന്നെയാണു്

[ശ്രീ. ആർ. പ്രകാശം]

പറയുന്നതു്. മുന്നു കൊല്ലം ഒരു മുനിസിപ്പാലിറ്റി കൈകാര്യം ചെയ്ത അനുഭവമുണ്ടു്. ഒരോ ഉദാഹരണവും പറഞ്ഞുകൊണ്ടാണു് ഏതിക്കുന്നതു്. അല്ലാതെ അനുഭവത്തിൽ നിന്നും അകന്നുള്ള ആദർശസുന്ദരമായ ലോകത്തു് ജീവിച്ചുകൊണ്ടല്ല സ്വയംഭരണസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിന്റെ മനോഭാവത്തെ വിമർശിക്കുന്നതു്. സർ, ഈ കഴിഞ്ഞ ഒരു ദിവസം അതായതു് 21-ാംതീയതിയാണെന്നു തോന്നുന്നു, വിനോദനികുതി പിരിക്കുന്നതിനെ സംബന്ധിച്ചുള്ള ഹൈക്കോടതിവിധിയുടെ പ്രത്യാഘാതത്തെക്കുറിച്ചു് ബഹുമാനപ്പെട്ട മന്ത്രിയോടു് ഒരു ചോദ്യം ചോദിച്ചപ്പോൾ, അതു് പരിഗണനയിലിരിക്കുന്നു എന്നു മറുപടി പറഞ്ഞു. അതായതു് മുനിസിപ്പാലിറ്റികൾ മുഖാന്തരം വിനോദനികുതി പിരിക്കുന്നതിനെ സംബന്ധിച്ചു് ഹൈക്കോടതിയിൽ ഒരു വിധിയുണ്ടായിട്ടുണ്ടു്. അങ്ങിനെയുള്ള വിധിയുണ്ടായതിനുശേഷം മുനിസിപ്പാലിറ്റികൾക്കു് ഈ വകയിൽ ഭീമമായ നഷ്ടമാണുണ്ടായിക്കൊണ്ടിരിക്കുന്നതു്. ഇങ്ങിനെ ഉണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടത്തിനു പരിഹാരമായി എന്തെങ്കിലും വ്യവസ്ഥകൾ ഏതുയും വേഗം കൊണ്ടുവന്നു നിയമമാക്കേണ്ടതു് വളരെ ആവശ്യമാണെന്നു പല മുനിസിപ്പാലിറ്റികളുടേയും നിവേദനം ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടു്. എന്നിരുന്നിട്ടും ഇതുവരെ ഗവണ്മെൻറിൽനിന്നും ഈ കാര്യത്തിൽ ഇടപെട്ടു് മുനിസിപ്പാലിറ്റികളുടെ വിഷമതയ്ക്കു് പരിഹാരമുണ്ടാക്കാനുള്ള ഒരു മനോഭാവം ഉണ്ടായിട്ടില്ല. ഈ കാര്യം സംബന്ധിച്ചു് ചോദ്യം ചോദിച്ച അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഹൈക്കോടതിവിധിയെ റഫർ ചെയ്യുകയാണുണ്ടായതു്. അതിനുള്ള നിയമം ഈ സെഷനിൽകൊണ്ടുവരാത്തതെന്തുകൊണ്ടാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മുനിസിപ്പാലിറ്റികളിൽ നിന്നും വിനോദനികുതി പിരിച്ചെടുക്കുന്നതു നിയമപരമല്ലെന്ന ഒരു വിധി ഹൈക്കോടതിയിൽനിന്നും ഉണ്ടായിട്ടുണ്ടു്. ഇപ്പോൾ ആ വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ പ്രവർത്തിക്കാൻ സാധിക്കയുള്ളു. എന്നാൽ ഇങ്ങിനെയുള്ള വിനോദനികുതികളും മറ്റും പിരിച്ചെടുക്കുന്നതിനു നിയമപരമായ പ്രാബല്യം ഉണ്ടാക്കുന്നതിനുവേണ്ടി ഒരു പ്രത്യേക ബിൽ ഗവണ്മെൻറിൽനിന്നും തയാറാക്കിയിട്ടുണ്ടു്. ഇതു് ഒരു പ്രത്യേക സമ്മേളനമാണെങ്കിലും തയാറാക്കിയിട്ടുള്ള ബിൽ നാളെത്തന്നെ ഈ സഭയിൽ അവതരിപ്പിക്കാമെന്നു വിചാരിക്കുന്നു. ഞാൻ ഇത്രയും പറഞ്ഞതു ബഹുമാനപ്പെട്ട മെമ്പറിന്റെ സമാധാനത്തിനുവേണ്ടിയാണു്. അദ്ദേഹം ഇതുകൊണ്ടു സമാധാനപ്പെട്ടുമെന്നാണു വിശ്വസിക്കുന്നതു്.

ശ്രീ. ആർ. പ്രകാശം: മുഖ്യമന്ത്രിയുടെ പ്രസ്താവനയിൽ എനിക്കു വളരെ നന്ദിയുണ്ടു്. ഇതുസംബന്ധിച്ചു് ഒരു ബിൽ നാളെ കൊണ്ടുവരുവാൻ പോകുന്നു എന്നു പറഞ്ഞ സ്ഥിതിക്കു നിയമവിരുദ്ധമായി പ്രഖ്യാപിച്ചിരിക്കുന്ന വിനോദനികുതിയെ സംബന്ധിച്ചും മറ്റും എനിക്കു സംസാരിക്കാനുള്ളതു് നാളെ ഞാൻ സംസാരിച്ചുകൊള്ളാം. എന്നാലും ഇങ്ങനെ ഒരു നിലപാടു് വന്നതിന്റെ പൂർണ്ണമായ കാരണം എനിക്കു് മനസ്സിലാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വിനോദനികുതി നിയമവിരുദ്ധമായി വിധിയുണ്ടായതു് ഏതു വകുപ്പനുസരിച്ചാണെന്നുള്ളതു് ഞാൻ നോക്കിയിട്ടില്ല. എങ്കിലും മുനിസിപ്പാലിറ്റികൾ അവരുടെ ബൈലാ ഉണ്ടാക്കുന്നതു സംബന്ധിച്ചു വന്നിട്ടുള്ള പിശകുകൊണ്ടാണെന്നാണു് ഞാൻ അറിയുന്നതു്. അല്ലും പിശകു് മുനിസിപ്പാലിറ്റികൾക്കു പറ്റിയിട്ടുള്ളതാണു്.

ശ്രീ. ടി. വി. തോമസ്: സർ, വിനോദനികുതി പിരിച്ചെടുക്കുന്നതു് നിയമവിരുദ്ധമാണെന്നു ഹൈക്കോടതി വിധിയുണ്ടായതു് മുനിസിപ്പാലിറ്റികളുടെ കുറ്റംകൊണ്ടോ ബുദ്ധിമോശംകൊണ്ടോ അല്ലെന്നുള്ളതു് ഗവണ്മെൻറ് അറിയേണ്ടതാണു്. ഗവണ്മെൻറിൽനിന്നും കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾ അനുസരിച്ചു്, അതായതു് ഗവണ്മെൻറിന്റെ ലാ ഡിപ്പാർട്ടുമെൻറു് കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾ അനുസരിച്ചാണു് മുനിസിപ്പാലിറ്റികൾ പ്രവർത്തിച്ചിട്ടുള്ളതു്. അതുകൊണ്ടു് മുനിസിപ്പാലിറ്റികളെ കുറ്റപ്പെടുത്തുന്നതു ശരിയല്ലെന്നു ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ മുനിസിപ്പാലിറ്റികളെ കുറ്റപ്പെടുത്തി പറയുകയല്ല ചെയ്തതു്. ഹൈക്കോടതിയിൽനിന്നും വിധിയുണ്ടായിട്ടുള്ളതു് ബൈലാ ഉണ്ടാക്കുന്നതു സംബന്ധിച്ചുവന്നിട്ടുള്ള പിശകുകൊണ്ടാണെന്നാണു പറഞ്ഞതു്. അങ്ങിനെ പിശകു് സംഭവിക്കുന്നതു് നിയമപരമായി തെറ്റാണെന്നു ഹൈക്കോടതിക്കു പറയാം. അങ്ങനെ ഹൈക്കോടതി പറഞ്ഞുവന്നെയുള്ളൂ.

ശ്രീ. കെ. കൊച്ചുകുട്ടൻ: സർ, മുനിസിപ്പൽ ആക്ടു് ശരിയായവിധം പരിശോധിച്ചതിൻമേൽ ബൈലാ ഉണ്ടാക്കാമായിരുന്നു. എന്നാൽ നല്ലതുപോലെ പരിശോധിക്കാത്തതുകൊണ്ടാണു് ബൈലാ ഉണ്ടാക്കിയതിൽ തെറ്റു സംഭവിച്ചിട്ടുള്ളതും അതിന്മേൽ ഹൈക്കോടതിവിധിയുണ്ടായിട്ടുള്ളതും.

ശ്രീ. ടി. വി. തോമസ്: ബഹുമാനപ്പെട്ട മന്ത്രി ഇതുസംബന്ധിച്ചു് ശരിയായ വിവരങ്ങൾ ശേഖരിക്കാതെയും അറിയാതെയുമാണു് ഇങ്ങിനെ പറയുന്നതു്. ഏതെങ്കിലും കാരണവശാൽ നിലവിലിരിക്കുന്ന മുനിസിപ്പൽനികുതി വർദ്ധിപ്പിക്കുമ്പോൾ ഡിസ്ട്രിക്ടു് മുനിസിപ്പൽ ആക്ടിന്റെ ഇന്നയിന്ന വകുപ്പുകൾ ഉപയോഗിച്ചു് ബൈലാ ഉണ്ടാക്കണമെന്നു ലാ ഡിപ്പാർട്ടുമെൻറിൽനിന്നും നിർദ്ദേശങ്ങൾ കൊടുത്തിട്ടുള്ളതനുസരിച്ചാണു് ബൈലാ ഉണ്ടാക്കിയിട്ടുള്ളതു്. അങ്ങിനെയാണെങ്കിൽ ബൈലാ ഉണ്ടാക്കിയതല്ല തെറ്റു്, ലാ ഡിപ്പാർട്ടുമെൻറിന്റെ നിർദ്ദേശങ്ങളാണു് തെറ്റിയതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു് ശരിയായിരിക്കാം ലാ ഡിപ്പാർട്ടുമെൻറിൽനിന്നും കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾ വിനോദനികുതി പിരിക്കുന്നതിനെ സംബന്ധിച്ചിടത്തോളവും നിയമപരമാണെന്നു ഹൈക്കോടതിക്കു തോന്നിയിട്ടില്ല. ചിലപ്പോൾ ഹൈക്കോടതിയിലെ വിധി സുപ്രീംകോടതിക്കു് ശരിയാണെന്നു തോന്നുകയില്ല. അതുകൊണ്ടു് ഒരു കോടതിവിധി മറ്റൊരു കോടതിയുടെ ദൃഷ്ടിയിൽ നിയമസാധുതപം ഉണ്ടായി എന്നു വരികയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ് : സർ, ഞാൻ അസന്നിഗ്ദ്ധമായിതന്നെ പറയുകയാണ്, ബൈലായിൽ പിശകു് പറ്റിയിട്ടുള്ളതു ലാ ഡിപ്പാർട്ടുമെന്റിന്റെ ബുദ്ധിമോശംകൊണ്ടാണെന്നു്.

ശ്രീ. ആർ. പ്രകാശം : സർ, ഈ വാദപ്രതിവാദങ്ങളിൽ എന്റെ സമയമാണു അപഹരിക്കുന്നതു്. എനിക്കു അൽപം ചില സംഗതികൾ കൂടി പറയാനുള്ളതു പറഞ്ഞുകൊള്ളട്ടെ. മുനിസിപ്പാലിറ്റികളെ കുറ്റപ്പെടുത്തുന്നതിനാണു് ഗവണ്മെന്റു് താല്പര്യം കാണിക്കുന്നതു്. പക്ഷെ അതല്ല ഇവിടത്തെ പ്രശ്നം. ഹൈക്കോടതിയിൽനിന്നും ഉണ്ടായിട്ടുള്ള വിധിയുടെ അടിസ്ഥാനത്തിൽ സ്വയംഭരണസ്ഥാപനങ്ങൾക്കു് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭീമമായ നഷ്ടത്തിനെ പരിഹരിക്കുന്നതിനുവേണ്ടി ഏതെങ്കിലും ഒരു ബിൽകൊണ്ടുവന്നു നിയമമാക്കുന്നതിൽ കാണിച്ചിട്ടുള്ള അനാസ്ഥയെക്കുറിച്ചാണു് എനിക്കു പരാതിയുള്ളതു്. ഏതായാലും ഇതു സംബന്ധിച്ചു നാളെ ഒരു ബിൽകൊണ്ടുവരാൻപോകുന്നുയെന്നുള്ളതു് ആഹ്ലാദകരംതന്നെ.

സർ, ഇവിടത്തെ പഞ്ചായത്തുകൾക്കുവേണ്ടി പ്ലാനിൽ 130 ലക്ഷം രൂപയാണു കൊള്ളിച്ചിട്ടുള്ളതു്. ഇതുകൂടാതെ, ഇനിയും ചില പരിപാടികൾക്കായി തുക കൊള്ളിക്കുമെന്നും കാണുന്നു. ഈ കാര്യത്തെപ്പറ്റി എന്തെങ്കിലും കൂടുതലായി പറയുന്നതിനുമുമ്പു് എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളതു് മറ്റൊന്നാണു്. ഈ സ്വയംഭരണ സ്ഥാപനങ്ങളോടുള്ള സമീപനം എന്തായിരിക്കണമെന്നു ഗവണ്മെന്റു് ചിന്തിച്ചിട്ടുണ്ടോ? ഇൻഡ്യാഗവണ്മെന്റു് തൊഴിലാളി പ്രശ്നങ്ങൾ പരിഹരിയിൽ ഉൾക്കൊള്ളിക്കാൻ ലേബർ പാനൽ സൃഷ്ടിച്ചിട്ടുണ്ടു്. അതുപോലെ കൃഷിക്കാരുടെ കാര്യത്തിൽ അഗ്രേറിയൻ പാനലും – നിയമിച്ചിട്ടുണ്ടു്. നമ്മുടെ സ്റ്റേറ്റിലും ഒരു ലേബർപാനൽ നിയമിച്ചതായി കാണുന്നു. സർ, തദ്ദേശസ്ഥാപനങ്ങൾക്കു് പ്ലാനിംഗിലുള്ള പങ്കു നിശ്ചയിക്കാൻ ഒരു ലോക്കൽസെൽഫ് ഗവണ്മെന്റു് പാനൽ വേണം. അതിനുവേണ്ടി ഈയിടെ കേന്ദ്രഗവണ്മെന്റു് സിംലായിൽ വിളിച്ചുകൂട്ടിയ ലോക്കൽ സെൽഫ് ഗവണ്മെന്റു് കൗൺസിൽ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ? മന്ത്രി ശ്രീ. കൊച്ചുകുട്ടൻകുടി ആ യോഗത്തിൽ സംബന്ധിച്ചിരുന്നല്ലോ. അതെല്ലാം മുനിസിപ്പൽ തെരഞ്ഞെടുപ്പിനശേഷമാകാം എന്നു കഴിഞ്ഞതവണ പറഞ്ഞു. അതു തൃപ്തികരമല്ല.

സർ, ഈ പ്ലാനിംഗിൽ പഞ്ചായത്തുകളിലുള്ളമൈനർ ഇറിഗേഷൻ തുടങ്ങിയ ജോലികൾക്കും മറ്റും 130 ലക്ഷം രൂപ കൊള്ളിച്ചിരിക്കുകയാണു്. കഴിഞ്ഞ ഒന്നാംപഞ്ചവത്സരപദ്ധതിയിൽ സ്വയംഭരണസ്ഥാപനങ്ങൾക്കുവേണ്ടി കൊള്ളിച്ചിട്ടുണ്ടായിരുന്ന ഏതെല്ലാം പരിപാടികളാണു ഗവണ്മെന്റു് നടത്തിത്തന്നതു് എന്നു ചിന്തിക്കേണ്ടതുണ്ടു്. അതുപോലെ രണ്ടാംപഞ്ചവത്സരപദ്ധതിയിലും ഗ്രാൻറും ലോണുമെല്ലാം നിർല്ലോഭം നൽകുന്നതിനുവേണ്ടി 108 ലക്ഷം രൂപാ കൊള്ളിച്ചിട്ടുണ്ടെന്നും മറ്റും പറയുമ്പോൾ ഞങ്ങൾ അതുകേട്ടു മനപ്പായസം കുടിക്കാൻ പോകുന്നില്ല. ഗ്രാൻറും ലോണും മറ്റും നൽകുന്നതിനു ഒന്നാംപഞ്ചവത്സരപദ്ധതിയിൽ ഗവണ്മെന്റു് കാണിച്ച അനാസ്ഥതന്നെയാണു് രണ്ടാംപഞ്ചവത്സരപദ്ധതിയിലും കാണിക്കാൻ പോകുന്നതെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. സർ, ഒരു ഉദാഹരണം പറയാം. 1953 മാർച്ചിൽ ആറ്റിങ്ങൽ മുനിസി

LIBRARY ARCHIVES Kerala Legislative Assembly

പ്പാലിറ്റിയി നിന്നും ആ ഏരിയായിൽ ശരിയായ ഒരു എൻറർ പ്രൈസിനായി ഒരു 20000 രൂപ ആവശ്യപ്പെട്ടുകൊണ്ടപേക്ഷിച്ചിട്ടും അതു് ഇതുവരെ വന്നിട്ടില്ല. ഇപ്പോൾ 1955 നവംബറിൽ മന്ത്രിമാരെ അനുവദിച്ചിട്ടുള്ള ലെറ്റർ കിട്ടിയതു്. സ്വയംഭരണസ്ഥാപനങ്ങൾക്കു വേണ്ടി ഒന്നരപഞ്ചവത്സരപദ്ധതിയിൽ പെടുത്തിച്ചിട്ടുണ്ടായിരുന്ന തുകയിൽനിന്നുമാണു് ഈ തുക ആവശ്യപ്പെട്ടിട്ടുള്ളതു്.

ലോണുകളും ഗ്രാൻറുകളും നൽകുന്നതിനെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയപക്ഷപാതം വളരെ കാണിക്കുന്നതായി മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ടു്. മറ്റു പല മുനിസിപ്പാലിറ്റികൾക്കും ലോണും ഗ്രാൻറും നിഷേധിച്ചിരിക്കെ കോട്ടയം മുനിസിപ്പാലിറ്റിക്കു് വളരെ ലിബറലായി ഒന്നരലക്ഷം രൂപ ലോൺ അനുവദിച്ചിട്ടുള്ളതായി മനസ്സിലായിട്ടുണ്ടു്. ഞാൻ അവയെ ആക്ഷേപിക്കുവാൻവേണ്ടി പറയുകയല്ല. ആ പണം ശരിയായ വിനിയോഗിച്ചില്ല എന്നാക്ഷേപമുണ്ടു്. പക്ഷെ ആ മുനിസിപ്പാലിറ്റിക്കു് നൽകുകയും മറ്റുള്ളവയ്ക്കു നൽകാതിരിക്കുകയും ചെയ്തതുകൊണ്ടാണു് ഞാൻ ഇവിടെ ഇത്രയും പറയാൻ ഇടവന്നതു്. അതായതു് ഏതു മുനിസിപ്പാലിറ്റിക്കു് കൊടുത്തു ഏതിനു് കൊടുത്തില്ല, എന്നുള്ളതു് ചെക്കു് അപ്പു് ചെയ്തിട്ടില്ല. ഇതാണു് നില. അതുകൊണ്ടു് 108 ലക്ഷം രൂപ-മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും ഗ്രാൻറു് നൽകുന്നായി നീക്കിവച്ചിട്ടുണ്ടെന്നു് പറയുമ്പോൾ ഞങ്ങൾ അതു് വിശ്വസിച്ചുകൊണ്ടു് മനപ്പായസം കുടിക്കുവാൻ സന്നദ്ധരായിട്ടില്ല. സർ, ഞാൻ നേരത്തെ പറഞ്ഞ കാര്യം ഒന്നുകൂടി ആവർത്തിക്കുകയാണു്. മുനിസിപ്പൽ നിയമവും പഞ്ചായത്തു് നിയമവും പുതുക്കാമെന്നു് നേരത്തെ പറഞ്ഞിട്ടുള്ളതു് പുതുക്കി ഒരു ബിൽ അവതരിപ്പിച്ചു് അതു് രണ്ടാമത്തെ പദ്ധതി ആരംഭിക്കുന്നതിനുമുമ്പു് നിയമമാക്കേണ്ടതാണു്. പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം എനിക്കു് വളരെ അധികം പറയുവാനുണ്ടെങ്കിലും ഈ കാര്യമാണു് പ്രധാനമായി ശവ ണ്മെൻറിനെ അറിയിക്കാനുള്ളതു്.

ശ്രീ. പി. എം. മാക്കോസ് : കോട്ടയത്തിൽ നിന്നു് വരുന്ന അസംബ്ലി മെംബർ കമ്മ്യൂണിസ്റ്റാണെന്നു് അറിയാമോ ?

ശ്രീ. ആർ. പ്രകാശം : അണു്. പക്ഷെ ഇവിടെ ഞാൻ പറഞ്ഞതു് ഗ്രൂസ് നേതൃത്വത്തിലുള്ള മുനിസിപ്പാലിറ്റിയെക്കുറിച്ചാണു്.

ഇനി മറ്റൊരു കാര്യത്തിലേയ്ക്കു പ്രവേശിക്കാം. ദേവികുളം പീരുമേടിനെ സംബന്ധിച്ചിടത്തോളം വമ്പിച്ച തുക്കം ഇന്നലെ ഇവിടെ നടന്നല്ലോ. പക്ഷെ ഈ ഭാഗങ്ങൾ കേരളത്തിൽത്തന്നെ നിൽക്കണമെന്നു നമ്മുടെ മിനിസ്റ്റർ, മദ്രാസിലേയ്ക്കു വിട്ടുകൊടുക്കണമെന്നു മിസ്റ്റർ സുബ്രഹ്മണ്യവും പറഞ്ഞതുകൊണ്ടു് ആ പ്രദേശങ്ങളിലെ പ്രകൃതിവിഭവങ്ങളെപ്പറ്റി വർണ്ണിക്കുവാനുണ്ടു്. മുഖ്യമന്ത്രിക്കു് അതു പറയുമ്പോൾ കവിതപോലെ വന്നുപോകുന്നുണ്ടു്. സർ, ഹൈറേഞ്ചിൻറെ ഉള്ളടക്കമെന്താണു് ? അവിടെയാണു് നമ്മുടെ സ്റ്റേറ്റിൻറെ കാതലായ വിഭവസമ്പത്തുൾക്കൊള്ളുന്നതു്. ഇവ മുഴുവൻ വിദേശമൂലധനത്തിൻറെ കൈയിലുമാണു്. അതിനെ സംബന്ധിച്ചു വാദപ്രതിവാദമുണ്ടാകുമ്പോൾ ഭരണഘടനയുടെ വകുപ്പുകളെ പിടിച്ചുകൊണ്ടുള്ള ഞാണിന്മേൽ കളി ഇവിടെ വരുമെന്നെനിക്കറിയാം. നമ്മുടെ സാമ്പത്തികസ്ഥിതിയെ സാരമായി ബാധിക്കുന്ന ഈ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. പ്രകാശം]

തേങ്ങളുടെ മേലുള്ള വിദേശമൂലധനത്തിന്റെ കൈവശാവകാശം അവസാനിപ്പിച്ചേ തീരൂ. മൈസൂരിൽ സബ്സിഡി ദേശവൽക്കരിക്കാൻ ഒരു പ്രമേയം നിയമസഭ പാസ്സാക്കിയല്ലോ. ആ തരത്തിൽ ഈ എസ്റ്റേറ്റുകളെക്കുറിച്ച് നാം ഒരു നിലപാടെടുത്തുകൂടേ? തെക്കുകേരളം വരുന്ന ഈ സന്ദർഭത്തിൽ, പ്രത്യേകിച്ച് സാമ്പത്തികമായി അടിയറച്ചു നിൽക്കുവാൻ സാധ്യമല്ലാതെ വന്നിരിക്കുന്ന ഈ സന്ദർഭത്തിൽ ഈ പ്രശ്നത്തിന്റെ ഗൗരവം നാം ശ്രദ്ധാപൂർവ്വം മനസ്സിലാക്കേണ്ടതുണ്ട്. അതിനു വളരെ ധീരമായ ഒരു നയം മുഖ്യമന്ത്രി കൈക്കൊള്ളേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. നമ്മുടെ രാജ്യത്തിനു ഡോളർ സമ്പാദിച്ചുതരുന്ന ചായത്തോട്ടങ്ങളെ സംബന്ധിച്ചിടത്തോളം, അതായത്, ഈ ചായത്തോട്ടത്തിനു അധികമുള്ള ദേയികളും പീരുമേടിനെ സംബന്ധിച്ചിടത്തോളം, കോടിക്കണക്കിനു ആദായമെടുത്തുവരുന്ന ഈ പ്രദേശത്തെ സംബന്ധിച്ചിടത്തോളം, വിപ്ലവകരമായ ഒരു നയം കൈക്കൊള്ളേണ്ടതു് അത്യാവശ്യമാണ്. ഇതു സംബന്ധിച്ചു കഴിഞ്ഞ സമയം ഞാൻ അവതരിപ്പിച്ച പ്രമേയത്തെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. അതും ഇന്നും ഈ സഭയുടെ മുമ്പിലുണ്ട്. ബഹുമാന്യപ്പെട്ട മെമ്പർ മിസ്റ്റർ ടി. എം. വറുഗീസ്, അദ്ദേഹം ഇപ്പോൾ ഇടയിലില്ലെങ്കിലും, ഒരു കാര്യം പറഞ്ഞതായി ഞാൻ ഓർക്കുന്നു. കൊല്ലവും കോട്ടയവും എല്ലാം വിട്ടു ഇടുക്കിയിൽ പോയി മുഴുവൻ സ്ത്രീകരിച്ചിട്ടുള്ളതു് തിരുവനന്തപുരത്തും തൃശ്ശൂരും ആണെന്നു അദ്ദേഹം പറയുകയുണ്ടായി. ഞാൻ പ്രാദേശികമായ അടിസ്ഥാനത്തിൽ പറയുകയല്ലെങ്കിലും, ചിറയിൻകീഴ് താലൂക്കിനെ സംബന്ധിച്ചിടത്തോളം എനിക്കു പരാതിയുണ്ട്. തിരുവനന്തപുരത്തുള്ള ഡിസ്ട്രിക്ടിലെ റൂറൽ പ്രദേശങ്ങളെ സംബന്ധിടത്തോളം, യാതൊരു പരിഗണനയും ഇതിൽ നൽകിയിട്ടില്ല എന്നു പറയേണ്ടിയിരിക്കുന്നു. കൊട്ടാരക്കരയെയുള്ള ജലസേചനപദ്ധതികളെ സംബന്ധിച്ചു് ഇവിടെ ശ്രീ. ടി. എം. വറുഗീസ്സു് പറയുകയുണ്ടായി. അതുപോലെ തെക്കു പട്ടണം കനാലിന്റെ കാര്യവും പറയുകയുണ്ടായി. പട്ടണം കനാലിനും കൊട്ടാരക്കരയ്ക്കും ഇടയ്ക്കുള്ള സ്ഥലത്തു യാതൊരു വികസനപദ്ധതിയും ഉൾപ്പെടുത്തിയിട്ടില്ല. ചിറയിൻകീഴ്, നെടുമങ്ങാടു്, തിരുവനന്തപുരം എന്നീ പ്രദേശങ്ങൾക്കു് ഇതു ബാധകമാണു് വാമനപുരം അങ്ങനെയാണു്. ഞങ്ങൾ മാത്രമല്ല ഇതു് ഉന്നിപ്പറയുന്നതു്. കോൺഗ്രസ്സു് നേതാക്കന്മാർക്കും ഇതറിയാം. അതിനു 50000 രൂപ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നതായി കാണുന്നു. പക്ഷേ, അതു് ഇൻവെസ്റ്റിഗേഷനിലാണു്. എന്നാൽ, Construction ഈ പ്ലാൻ കാലഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

അടുത്തതായി എനിക്കു പറയാനുള്ളതു് ഈ പ്ലാനിംഗിന്റെ ഫ്രെയിമിൽ ഒരു സ്ഥലത്തു അതായതു്, ജിയോളജിക്കൽ സർവ്വെ ആൻഡ് പ്രോസ്പെക്റ്റിംഗ് എന്നു കൊടുത്തിട്ടുണ്ടു്. അതോടുകൂടി അതിനു 'നോ സ്കീംസ്' എന്നു കാണുന്നു. ഇതു മന്ത്രിസഭ ശ്രദ്ധിച്ചിട്ടില്ലെങ്കിൽ, മുഖ്യമന്ത്രി ശ്രദ്ധിച്ചില്ലെങ്കിൽ, അധികാരികൾ ശ്രദ്ധിച്ചില്ലെങ്കിൽ മറ്റു ചില ആളുകൾ ഇതു ശ്രദ്ധിച്ചിട്ടുണ്ടു്.

വക്കലയിൽ 27 കോടി ടൺ ലിഗ്നൈറ്റ് അടിഞ്ഞു കിടപ്പുണ്ടെന്നു് സായ്പന്മാർ സർവ്വെ ചെയ്തു എഴുതിവച്ചിട്ടുണ്ടു്. അതു് ഇതുവരെ വായിച്ചു് നോക്കിയിട്ടില്ല. ഇതിനെക്കുറിച്ചു് പലരും നിവേദനം നടത്തി

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുണ്ട്. അവിടെ ഇയ്യിടെ ഒരു കിണർ കഴിച്ചപ്പോൾ ലിഗ്നൈറ്റ് അടങ്ങിയ സാധനങ്ങൾ കണ്ടുപിടിച്ചു എന്നും മറ്റും അറിഞ്ഞിട്ടുണ്ട്. അതു കേന്ദ്രമന്ത്രിക്കു് അയച്ചുകൊടുത്തിട്ടുണ്ടെന്നും അദ്ദേഹം അതു് പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്നും ആണു് അറിയുന്നതു്. ഇവിടത്തെ മന്ത്രിസഭ ഇതിനെക്കുറിച്ചു് അന്വേഷിച്ചിട്ടില്ല. അതിനെയുള്ള പരാമർശനമൊന്നും ഇതിൽ കണ്ടില്ല. ഞാൻ പറയുന്നതു് ജിയോളജിക്കൽ സർവ്വേയ്ക്കു് ആവശ്യമുള്ള പദ്ധതി ഇതിൽ ഉൾപ്പെടുത്തുന്നതിനു് ശ്രദ്ധിക്കണമെന്നാണു്. ഈ കാര്യം ഇവിടന്നു് പോയിട്ടു് നമ്മുടെ എം.പി.മാർ ഇവിടത്തെ മുഖ്യമന്ത്രിയെ പ്രത്യേകിച്ചു് അറിയുന്നു. എന്നാൽ എം. പി-മാർ പറഞ്ഞാൽ വകവയ്ക്കുകയില്ലെന്നു് ഒരു മനോഭാവമാണു് മുഖ്യമന്ത്രി പ്രദർശിപ്പിച്ചിരിക്കുന്നതു്. ഇതു് ഒരു നല്ല നിർദ്ദേശമാണു്. നല്ല നിർദ്ദേശമാണെങ്കിൽ എന്തുകൊണ്ടു് അതു് സ്വീകരിച്ചുകൂടാ എന്നു് ഞാൻ ചോദിക്കുന്നു. നമ്മുടെ സാമ്പത്തികസ്ഥിതി അത്രമോശമായിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ഇതുപോലെയുള്ള കാര്യങ്ങളിൽ ശ്രദ്ധിച്ചു് ദേശീയസമ്പത്തു് വർദ്ധിപ്പിക്കുവാൻ ശ്രമിക്കേണ്ടതാണു്.

ഈ പദ്ധതിയിൽ കലയ്ക്കു് വലിയ പ്രോത്സാഹനം നൽകാൻ പോകുന്നുണ്ടെന്നു് പറഞ്ഞു. അതിനു് കുറച്ചു് സാഹിത്യകാരന്മാരെ ചേർത്തു് ഒരു സാഹിത്യ അക്കാഡമി സൃഷ്ടിച്ചാൽ മാത്രം പോരാ. പ്രൊഫസർ മുണ്ടശ്ശേരി എന്നോടു് പറയുകയുണ്ടായി റഷ്യയിൽ ടോൾസ്റ്റോയി, ഗോർക്കി, പുഷ്കിൻ മുതലായ സാഹിത്യകാരന്മാരുടെ സ്മാരകങ്ങൾ നിർമ്മിക്കുകയും മറ്റു പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നതായി അദ്ദേഹം നേരിൽ കണ്ടുവെന്നു്. എന്നാൽ ഇവിടെ ആ മാതിരിയുള്ള യാതൊരു പ്രവർത്തനങ്ങളും ഉണ്ടായിട്ടില്ലെന്നുള്ളതു് ഖേദകരമാണു്. മഹാകവി കുമാരനാശാന്റെ സ്മരണയെ നിലനിറുത്തുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ ജന്മദേശത്തു് ഒരു സ്മാരകം സ്ഥാപിക്കാൻ സമുചിതമായ ഗ്രാന്റു നൽകണമെന്നു നിവേദനം നൽകിയിട്ടുണ്ടു്. ആ പ്രദേശത്തു വിപുലമായ തോതിൽ ആശാൻ ജന്മദിനമഹോത്സവം ആണ്ടുതോറും നടക്കുകയാണു്. അതു സർക്കാർ ശ്രദ്ധിച്ചു വേണ്ടതു ചെയ്യണം. സർക്കാർ കലയെ പ്രോത്സാഹിപ്പിക്കുന്നതിനു നടപടിയെടുക്കണമെന്നു മാത്രമല്ല, കലാകാരന്മാരുടെ സ്മരണയെ നിലനിറുത്തുന്നതിനു വേണ്ട പ്രവർത്തനങ്ങളും കൂടി നടത്തണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് വിരമിച്ചുകൊള്ളുന്നു.

SHRI J. A. BHATT: Sir, we are nearing the end of the First Five Year Plan and we are at framing the Second Five Year Plan. We know fully well that as far as the first Five Year Plan is concerned, we did not have the necessary data and the necessary statistics regarding our resources so that we could plan on a scientific basis. From the draft Plan that has been circulated to us we find that during the First Five Year Plan, Government were carrying on certain works which were started previous to the plan period. They were mainly aimed to improve the food shortage of the State and generate electricity. Only in the middle of the First Five Year Plan, our Government was able to formulate certain power

LIBRARY ARCHIVES Kerala Legislative Assembly

[Shri J. A. Bhatt]

generating plants and take up those things. But today we are able to prepare the Second Five Year Plan on a proper basis, because we have the necessary data and we are able to get the necessary statistics. The abstract that is now circulated to the Members regarding the Second Five Year Plan indicates that what was originally planned by the State Government to the extent of 132 crores, the Planning Commission has curtailed on the basis of our population and brought it to the level of nearly 75.62 crores. We know fully well that on the basis of population alone there was no justification for the Planning Commission to allot even this amount to this State, but because of strong representation regarding the peculiar situation that we are confronting in our State, namely, the unemployment problem, special consideration seemed to have been given. And we further know that certain other works outside the approved State plan will be carried out by the Centre in each State and for such works there is a lump sum provision of 2250 crores for the whole of India. It is the duty of the Members of this Assembly representing the people to see that we get the maximum allotment from the Centre out of the said amount.

When we consider that we have to carry out the plan we should also consider as to what type of atmosphere that is to be created in the State in order that the Plan may be carried out successfully. We have got in our State the proposed land legislation and land reform, which is actually in the making. It was the previous Government who moved these Land Bills and we find that these Bills could be modified to some extent and passed by this Assembly. Land legislation, I wish to mention, is very important, when we want to carry out the Second Five Year Plan. The Plan has to be worked not on the State level alone but on the level of the towns and villages. Unless we get the co-operation from the whole public and unless we are able to create the necessary enthusiasm in the whole population we may not be in a position to carry out this plan. Further land reforms are quite necessary if the irrigation works etc. are to be carried out on the village level and if we want to make the village cultivators feel that this plan is necessary for their own good. So we must create the economic and other conditions necessary to make the cultivators feel that the land which they are cultivating is their own.

LIBRARY ARCHIVES Kerala Legislative Assembly

During the First Five Year Plan period, there was no good understanding between capital and labour. I know sometime back the Chief Minister called a conference of representatives of labour and capital to discuss and find out ways and means by which there can be mutual understanding between labour and capital during the plan period. If we succeed in this attempt it will help in carrying out the Plan successfully.

We have got the unemployment problem in our State. People are highly educated but at the same time unemployed. We know that as far as our own State is concerned we are a deficit State in the matter of food and in spite of multi-purposes schemes, we cannot give proper employment in the agricultural sector alone for our people. That means we have to start industries. So we have to get ready educated people for carrying on the industries that will be started. There are various items in the draft plan about the cottage industries, medium-sized industries and major industries that have been planned. In order that our youngmen should play their part in full, the system of education should be such as to achieve this object. The Secondary Education Commission has submitted their Report. Our Government must try their level best to start such kind of new systems recommended by the Commission in the educational sphere.

As my predecessor Mr. Prakasam pointed out we want to have the local bodies like the Municipalities and Panchayats to carry out the schemes that are planned to be carried out. We know that the Municipalities and Panchayats in our State have no adequate powers to do so. Our Government in that matter also, I think, have formulated Bills which are likely to be introduced in this Assembly soon.

During the First Five Year Plan we were not able to plan things in a proper way. For example we have got the Kuttanad Development Scheme under which the Thottappally spillway construction alone has been completed and the construction of the Thannirmukham Bund remain. The work has not progressed because the Cochin Port Authorities are objecting to it. I would urge before planning to spend so much amount for the benefit of the area, we should consider whether we would be able to carry out the scheme successfully. Such type of work requires proper investigations. For instance, if we had consulted the Cochin Port Authorities before starting the scheme, certainly the scheme could have been modified and the amount spent there would have been well spent.

LIBRARY ARCHIVES Kerala Legislative Assembly

[Shri J. A. Bhatt]

In the present 2nd plan there is an irrigation scheme called the Bhoothathankettu which is going to be constructed to divert the Periyar Waters for the purpose of irrigating 62,000 acres of land and a huge amount of nearly 300 lakhs has been provided. We know that Periyar river water is used for many purposes in the surrounding areas. During the hot season the Periyar river at Alwaye remains dry at certain places and for the pumping stations to pump water they have to dig pits into the sand. Our Government have spent huge amounts to supply drinking water to Ernakulam, the Willingdon Island, the Chellanam area and Mattancherry and in the Second Five Year Plan we have got an ideas to supply water to Vypeen Island also. I am not against the Bhoothathan Anicut. But when we think of a new plan, it is better to investigate the effect it will have on any other existing scheme. If the Bhoothathan Anicut would benefit the 62,000 acres of land and at the same time would ensure sufficient water supply for the existing schemes, I would only welcome it. When our resources are limited, the money spent during the Second Five Year Plan must be spent in the proper way and we must get the benefit of every pie spent.

In the Medical Department under the plan, huge amounts have been allotted to put up new buildings for hospitals under the modern system as well as under the Ayurvedic system. I would suggest that when we plan for Five Years, that is for a long range of time, we must plan in such a way that we spend money on measures to prevent diseases and actually improve the health of the population than spend money for the erection of new hospitals and such other things. One thing more about these hospitals. We have to maintain them and that will require a recurring expenditure from the State revenue. The amount spent under the Five Year Plan must be more for preventive purposes than for curative medicine. We have got in our State diseases like leprosy, filaria, malaria and tuberculosis. These are four important diseases in the State.

Sir, unless and until we improve the condition, especially the economic condition of the people and also provide good drainage and water supply in places where filaria and like diseases are prevalent, we may not achieve effective improvement in the health of the people.

LIBRARY ARCHIVES Kerala Legislative Assembly

Another point I like to mention in this connection is about the provision of Rs. 38 lakhs and odd for being spent towards the development of Ayurveda and hospitals in the State during the Second Five Year Plan period. We all know that Ayurvedic College courses were started four years back and the students who are studying for the Ayurvedic degree are to complete their course in the next year. There are complaints from that college about the utter insufficiency of staff as a result of which the students have not been able to study according to curriculum prepared and approved by the University. I do not want to discuss about it; but I would suggest to Government that when they plan to spend large amount for the development of Ayurveda in all its aspects, they should spend it in such a way as to produce qualified doctors who will be really serviceable to our own country. I would also suggest to Government that a committee may be appointed to go into the present condition of the Ayurveda College and examine the difficulties of the students and the drawbacks of the curriculum. By doing so, we may be able to rectify the mistakes, if any, in that institution. It is a matter of common knowledge that Ayurveda College has been started with a good idea and that being so, the institution may be made useful by spending the amount usefully on it.

Sir, during the discussion of the Second Five Year Plan in this House, Shri T. K. Divakaran stated that Quilon Port is the proper place for establishing a ship building Yard. I am quite agreable to have ship-building Yards started in various ports provided there are natural facilities for them. It is true ours is a State having a long coastal area and we have major and minor ports. When we approach the Centre to instal a Ship-building Yard in our State, it will be proper to request them to instal it at Cochin because that Port provides every facility for it. It is a natural harbour from a very long time, and cargo and passenger steamers touch that port. During the war, even huge ocean going steamers had occasion to anchor there. Under these circumstances from the point of view of harbour facility and convenience, Cochin Port is decisively the best place for establishing a Ship-building Centre.

ശ്രീ. ടി. കെ. ദിവാകരൻ: പോളക്കരയ്ക്കലെ ഏതു ഭാഗമാണ് അടിയുറപ്പിക്കുന്നതിനു മുൻപും ഇതേ അഭിപ്രായപ്പെട്ടിരുന്നതു് കൊല്ലമാണെന്നും, അവിടെ പഴയകാലത്തു് ഉപയോഗിച്ചിരുന്ന പഞ്ഞമാരി പുനരുദ്ധരിക്കണമെന്നും അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

SHRI J. A. BHATT: I am not against installing it in other places. Considering the natural port facilities available at Vizag, a Ship-building Yard has been constructed there and is functioning properly. That is in the East Coast of India. In the same manner, Cochin Port has all natural facilities including the anchorage of high tonnage ships. That is my information.

ശ്രീ. ടി. വി. തോമസ്: ഇപ്പോൾ കൊച്ചി ഹാർബറിന്റെ പ്രവർത്തനംമൂലം അവിടെ വളരെ കൂടുതൽ ജെട്ടികൾ ഉണ്ടാക്കുകയും സിവിൽ വർക്കുകൾ മറ്റു പോർട്ടുകളെ അപേക്ഷിച്ചു കുറയുകയും പ്രപ്പോസലുകൾ തയ്യാറായി അറിയാമോ?

SHRI J. A. BHATT: I agree. Besides, that Port has extensive backwater facilities both in its northern and southern portions and there is wide scope for carrying out ship-building work. I am not against starting that in any of the ports in the State. But when we approach the Planning Commission and acquaint them of the natural facilities available at the Cochin Port for installing a ship-building yard, there is likely to be a chance to start the ship-building centre there. That kind of facility is not at all available in any of the ports other than Cochin and that is the only port available for us in the West Coast.

One more point and I have done. During the First Plan period, we were not in a position to create public enthusiasm on this matter of planning for the idea of the Plan came upon the State a little too suddenly. Now, we have got a chance to discuss the Second Plan. So it is the duty of each and every one of the Members of this Assembly to carry on propaganda and actually instil into the public mind the necessity for their co-operation in the work. By so doing, during the First Plan period itself, we may be able to achieve definite results for solving the unemployment problem and other equally important problems which are to help to increase the economic status of our own country and thereby the people at large.

ശ്രീ. യു. നീലകണ്ഠൻ: സർ, മുഖ്യമന്ത്രി രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ചർച്ചയ്ക്കുവേണ്ടിയുള്ള പ്രമേയം അവതരിപ്പിച്ചുകൊണ്ടു നടത്തിയ പ്രസംഗത്തിൽനിന്നും എനിക്കു കാണാൻ കഴിഞ്ഞതു് അദ്ദേഹം കേന്ദ്രത്തിന്റെ മുമ്പിൽ സഹായനായി നിൽക്കുകയാണെന്നും അതുകൊണ്ടു് ഈ നയമന്ത്രിയുടെ സഹായസഹകരണങ്ങളും നൽകണമെന്നു് അഭ്യർത്ഥിക്കുന്നതായിട്ടുമാണു്. നമ്മുടെ സ്റ്റേറ്റിനെ സംരക്ഷിക്കുന്നതിനുള്ള എതു ശ്രമത്തിലും ഈ നാട്ടിലെ എല്ലാ ജനങ്ങളുടെയും പിൻതുണ ഉണ്ടായിരിക്കുമെന്നു പറയുന്നതിൽ തെറ്റില്ല. അതു ഞാൻ ആവർത്തിക്കാനാ

LIBRARY ARCHIVES Kerala Legislative Assembly

ഗ്രഹിക്കയും ചെയ്യുന്നു. പക്ഷെ രണ്ടാം പഞ്ചവത്സരപദ്ധതിയെ സംബന്ധിച്ച് സംസാരിക്കുമ്പോൾ നമ്മുടെ സ്റ്റേറിനെ കായ്മമയി വകവച്ചിട്ടില്ലെന്നും സ്റ്റേറിന്റെ തൽപ്പര്യംതന്നെ പലരീതിയിലും അപകടത്തിലായിട്ടുണ്ടെന്നും പറയുന്നതു പരമാത്മമായിരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു.

പ്ലാനിംഗ് ആദ്യമായി റഷ്യയിലാണു് തുടങ്ങിയതു്. റഷ്യയിൽ പ്ലാനിംഗ് ഏറ്റവും നല്ല രീതിയിൽ വിജയിക്കുകയും ചെയ്തിട്ടുണ്ടു്. റഷ്യക്കാരുമായി ഉറ്റസമ്പർക്കം പുലർത്തുന്നതിനിലയിൽ, റഷ്യയും ഇൻഡ്യയുമായി പരിപൂർണ്ണ സൗഹൃദം എല്ലാക്കാലത്തും നിലനിൽക്കത്തക്കരീതിയിൽ, ആ രാജ്യത്തെ പ്രധാനമന്ത്രിയെ ഇൻഡ്യൻ പ്രധാനമന്ത്രി സന്ദർശിക്കുന്ന ഒരു കാലഘട്ടത്തിലാണു് നാം രണ്ടാം പഞ്ചവത്സരപദ്ധതിയെപ്പറ്റി ആലോചിക്കുന്നതു്. റഷ്യയിൽ പഞ്ചവത്സരപദ്ധതി വിജയിപ്പിച്ച മാർഗ്ഗങ്ങളല്ല ഇൻഡ്യയിൽ സ്വീകരിച്ചിട്ടുള്ളതു്. പഞ്ചവത്സരപദ്ധതി വിജയിപ്പിക്കാൻ റഷ്യ അംഗീകരിച്ച മാർഗ്ഗം ഉല്പാദനോപകരണങ്ങളുടെ ഉടമാവകാശം സ്റ്റേറിന്റെ ഉടമയിൽ കൊണ്ടുവരികയായിരുന്നു. ഇൻഡ്യയിൽ ആ മാർഗ്ഗം സ്വീകരിക്കാതെ ഒരു പ്രത്യേക സമീപനമാർഗ്ഗമാണു് അംഗീകരിച്ചിരിക്കുന്നതു്. എന്റെ പാർട്ടിയായ കെ. എസ്. പി. യ്ക്കു് ഈ സമീപനം വിജയകരമാണെന്നു് പറയാൻ നിവൃത്തിയില്ല. ഒന്നാമത്തെ പഞ്ചവത്സരപദ്ധതി തിരുവും പരാജയത്തിലാണെന്നു കേന്ദ്ര പ്ലാനിംഗ് കമ്മീഷൻതന്നെ സമ്മതിച്ചിട്ടുണ്ടു്. ഒന്നാമത്തെ പഞ്ചവത്സരപദ്ധതി പരാജയപ്പെട്ടതു് ആദ്യമായതുകൊണ്ടാണെന്നു് വകവച്ചുകൊടുത്താൽതന്നെയും രണ്ടാം പഞ്ചവത്സരപദ്ധതി വിജയിക്കുമെന്നു പോകുന്നു എന്നു് വിചാരിക്കാൻ നിവൃത്തിയില്ല. ഉദാഹരണമായി ഒരു കമ്മ്യൂണിറ്റി പ്രോജക്ടെടുത്തുനോക്കാം. അവിടെ റോഡുവെട്ടു്, രോടവെട്ടു് മുതലായ ചില്ലറ സ്കീമുകളെല്ലാം ഉണ്ടു്. ഏതെങ്കിലും ഒരു സ്ഥലത്തേയ്ക്കു് റോഡുവെട്ടുന്നതിനു് ഏതാനും വസ്തുവുടമസ്ഥന്മാർ സ്ഥലം കൊടുക്കാമെന്നു സമ്മതിച്ചുകഴിഞ്ഞാൽതന്നെയും ഇടയ്ക്കുള്ള ഒന്നോ രണ്ടോ വസ്തുവുടമസ്ഥന്മാർ തർക്കം പുറപ്പെടുവിച്ചാൽ ആ റോഡുവെട്ടു് നടക്കുകയില്ല. ഗവണ്മെൻറിനു് അതു് നിർബന്ധമായി ഏറ്റെടുക്കുന്നതിനുള്ള ഉടമാവകാശം ഇല്ല. അതുപോലെതന്നെ ഒരു സ്ഥലത്തു് ഓവർസീയർ ഫാമിങ്ങ് ഏർപ്പെടുത്തുന്നുയാണെങ്കിൽ ആ കൃഷിസ്ഥലത്തുള്ള ഒന്നോ രണ്ടോപേർ അതിനോടു നിസ്സഹകരിച്ചാൽ അതും നടക്കുകയില്ല. സഹകരണ ഉടമയിൽ താല്പര്യം ഉള്ളിടത്തോളംകാലം ഉദ്യോഗസ്ഥന്മാരുടെ ഇടയിലുള്ള അഴിമതിയും അവസാനിക്കയില്ല. സക്കാർ ആസൂത്രണം ചെയ്യുന്ന പദ്ധതിയനുസരിച്ചു് മുന്നോട്ടു നീങ്ങണമെങ്കിൽ, അതിൽ മനഃപൂർവ്വമുള്ള ആവേശമുണ്ടാകണമെങ്കിൽ, ഉല്പാദനോപകരണങ്ങളുടെ ഉടമാവകാശം വ്യക്തികൾക്കുണ്ടായിരിക്കരുതു്. ഇതംഗീകരിക്കാത്ത ഒരു ഭരണകക്ഷിയാണു് ഇവിടത്തെ പ്ലാനിംഗ് നടത്തിക്കൊണ്ടുപോകുന്നതു്. കോൺഗ്രസ്സു് ഗവണ്മെൻറു് ഒരു പക്ഷെ പ്ലാനിംഗ് വിജയത്തിലേയ്ക്കാണു് കടന്നുപോകുന്നതെന്നു് വിചാരിക്കുന്നുവെങ്കിൽ ഞാനതിൽ ആക്ഷേപമില്ല. എങ്കിലും ഞങ്ങളുടെ ചിന്താഗതി ഞങ്ങൾ പ്രകടിപ്പിക്കാനാഗ്രഹിക്കുന്നു. വണ്ടിയുടെ പുറകിൽ കാളയെ കെട്ടി വണ്ടിയെ മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിച്ചാൽ അതു സാധിക്കുകയില്ല. വണ്ടി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. യു. നീലകണ്ഠൻ]

യുടെ മുമ്പിൽ കാളയെ കെട്ടിയാലേ നിശ്ചയിക്കുന്ന മാർഗ്ഗങ്ങളിൽക്കൂടി എളുപ്പത്തിൽ മുമ്പോട്ട പോകാൻ കഴിയുകയുള്ളൂ. ഈ നിലയിൽ പദ്ധതി പരാജയപ്പെടാനേ ഇടയുള്ളൂ എന്നു പറയുന്നതു ഗവണ്മെൻറ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു. ഇവിടെ പ്രസംഗിച്ച പലരും സെൻട്രൽ ഗവണ്മെൻറിന്റെ പല പ്ലാനുകളും സമർപ്പിച്ചില്ലെന്നു പരാതിപ്പെടുകയുണ്ടായി. ശ്രീ. ചാക്കോ പറയുകയുണ്ടായി, അദ്ദേഹത്തിനുള്ള 400 ലക്ഷം രൂപയുടെ പ്ലാൻ കൊണ്ടുപോകാത്തതുകൊണ്ടാണു് അതു ഉൾപ്പെടുത്താത്തതെന്നു്. സെൻട്രൽ ഗവണ്മെൻറിനുള്ള റിസോഴ്സസ് എന്താണെന്നു നാട്ടുകാർക്കുതന്നെ വലിയ അറിവില്ലാതിരിക്കയാണു്. കേന്ദ്രഗവണ്മെൻറിനു ഇപ്പോൾ പ്ലാൻ ചെയ്തിരിക്കുന്ന പഞ്ചവത്സരപദ്ധതി വിജയകരമായി നടത്തിക്കൊണ്ടുപോകുന്നതിനുള്ള സാമ്പത്തികഭദ്രത ഇല്ലെന്നുള്ളതാണു് പരമാർത്ഥം. പ്ലാനിംഗ് മിനിസ്റ്റർ പലപ്രാവശ്യം ചെയ്തിട്ടുള്ള പ്രസംഗങ്ങളിൽനിന്നും പ്രസ്താവനകളിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു് 2900 കോടി രൂപ സെൻട്രൽ ഗവണ്മെൻറ പ്ലാനിംഗിനു വേണ്ടി ചിലവാക്കാൻ നീക്കിവയ്ക്കുമെന്നാണു്. സെൻട്രൽ ഗവണ്മെൻറിനു ആകെ റവന്യൂ 530 കോടി രൂപയാണെന്നാണു് കാണുന്നതു്. ഇതിൽ പ്രതിവർഷം 330 കോടി രൂപ ചിലവുണ്ടു്. ബാക്കി വരുന്ന 200 കോടി രൂപ മിച്ചംവച്ചാൽ 5 വർഷംകൊണ്ടു് അതു് 1000 കോടിയാകും. 250 കോടി രൂപ വിദേശത്തുനിന്നും സഹായധനമായി കിട്ടുമെന്നു് ഉദ്ദേശിക്കുന്നു. പുതിയ നികുതിയിൽനിന്നും 150 കോടി രൂപ പ്രതീക്ഷിക്കുന്നുണ്ടു്. നോട്ടടിച്ചു് വിതരണംചെയ്യുന്ന ഇനത്തിൽ 1000 കോടി രൂപ ഉണ്ടാകും. 500 കോടി രൂപ കടം എടുക്കുമ്പോൾ ഇത്രയും രൂപയാണു് പഞ്ചവത്സരപദ്ധതിക്കുവേണ്ടി ചിലവുചെയ്യാൻ ഉദ്ദേശിക്കുന്നതെന്നു കണക്കുകൊണ്ടു കാണുന്നു. ഗവണ്മെൻറ നേരത്തെ തന്ന കണക്കുകളും ഇപ്പോൾ തരുന്ന കണക്കുകളും നോക്കുമ്പോൾ പ്ലാനിംഗല്ല, ഇതൊരു പറ്റിപ്പാണെന്നു തോന്നിപ്പോകും. പ്രൈവറ സെക്ടറിൽ ചെലവഴിക്കുന്നതുൾപ്പടെ 10000 കോടി രൂപ ചെലവഴിക്കുമെന്നാണു് ആദ്യം തട്ടിവിട്ടതു്. പണ്ടു് ഭഗീരഥൻ എന്ന രാജാവുപോലും ആകാശഗംഗയെ ഭൂമിയിൽ കൊണ്ടുവന്നു് ഹിമാലയപ്രാന്തങ്ങളും ഇന്നത്തെ ഗംഗയമുനാ സമതലപ്രദേശങ്ങളും ഫലഭൂയിഷ്ടമാക്കിയിട്ടുണ്ടെന്നു ഒരു പഴങ്കഥയിൽ പറഞ്ഞിട്ടുണ്ടു്. ഒന്നോ രണ്ടോ പദ്ധതികളാണു് ഒരു പഞ്ചവത്സരപദ്ധതിയുടെ ആകെത്തുകയെങ്കിൽ ഈ പദ്ധതി വിജയിക്കുമെന്നുപറഞ്ഞാൽ ഞാൻ സമ്മതിച്ചുകൊടുക്കാൻ പോകുന്നില്ല. അവിടെയും ഇവിടെയും ചില ഇറിഗേഷൻ പ്രോജക്ടുകൾ—ഭക്രാനങ്കൽ പദ്ധതിപോലെ ഉണ്ടെന്നു പറഞ്ഞതുകൊണ്ടു് 2060 കോടി രൂപയുടെ പ്ലാൻ വിജയിച്ചെന്നു കണക്കുകൂട്ടുന്നതു് വിഡ്ഢിത്തമാണു്. സാമാന്യജനങ്ങളുടെ ജീവിതനിലവാരം ഉയർത്താനും തൊഴിലില്ലായ്മ പരിഹരിക്കാനും എന്തുമാത്രം കഴിഞ്ഞു എന്നതാണു് വിജയത്തിന്റെ മാനദണ്ഡം.

The Assembly adjourned at 5 P. M. to meet again at 8 A. M. on Saturday, 26th November 1955.

LIBRARY ARCHIVES Kerala Legislative Assembly